# കരയോഗ സൗഹൃദം

സത്യം പരം ധീമഹി Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages 96

വാല്യം - 12 ലക്കം - 6 ഇടവം - 1194 ജൂൺ 2019




കരയോഗ സൗഹൃദം




കരയോഗ സൗഹൃദം
തത്ത്വമസി

# എറണാകുളം കരയോഗം

# 94-ാമത്
# വാർഷിക പൊതുയോഗ നോട്ടീസ്

എറണാകുളം കരയോഗത്തിന്റെ 94 -ാമത് വാർഷിക പൊതുയോഗം 2019 ജൂൺ മാസം 30-ാം തീയതി ഞായറാഴ്ച രാവിലെ 10.00 ന് ടി.ഡി.എം. ഹാളിൽ കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം കരയോഗം നിയമാവലി 11(i), 33, 35 ൽ (ii), (iii), (iv), (v) എന്നീ വകുപ്പുകൾ പ്രകാരം അറിയിക്കുന്നു. പൊതുയോഗത്തിൽ എല്ലാ അംഗങ്ങളുടേയും സാന്നിദ്ധ്യം സാദരം ക്ഷണിച്ചു കൊള്ളുന്നു.

## കാര്യപരിപാടി

1. ഈശ്വരപ്രാർത്ഥന
2. അനുശോചന പ്രമേയം
3. അദ്ധ്യക്ഷ പ്രസംഗം
4. 2018 ജൂൺ മാസം 24-ാം തീയതി കൂടിയ വാർഷിക പൊതുയോഗത്തിന്റെ മിനിറ്റ്സ്
5. 2018-19 ലെ ഭരണ റിപ്പോർട്ട്, നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്ത് അംഗീകരിക്കൽ
6. 2018-19 ലെ ഓഡിറ്റ് ചെയ്ത വരവ് -ചിലവ് കണക്കുകൾ, കടധന സ്റ്റേറ്റ്മെന്റ്, ഓഡിറ്റേഴ്സ് റിപ്പോർട്ട് മുതലായവ ചർച്ച ചെയ്ത് അംഗീകരിക്കൽ
7. 2018-19 ലെ എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റിൻെറ റിപ്പോർട്ട് അവതരിപ്പിക്കൽ
8. 2018-19 ലെ എറണാകുളം കരയോഗം ടെമ്പിൾ ട്രസ്റ്റിൻെറ റിപ്പോർട്ട് അവതരിപ്പിക്കൽ
9. 2019-20 ലേക്കുള്ള ബഡ്ജറ്റ് അംഗീകരിക്കൽ
10. നിയമാവലി 35 (iii) പ്രകാരമുള്ള പ്രമേയങ്ങൾ അവതരിപ്പിക്കൽ
11. 2019-20 വർഷത്തേയ്ക്കുള്ള ഓഡിറ്ററെയും അവരുടെ ഫീസും നിശ്ചയിക്കൽ
12. 2019-20 വർഷത്തേയ്ക്കുള്ള കരയോഗം ട്രസ്റ്റി, വിവിധ ട്രസ്റ്റ്, അപ്പീൽ കമ്മിറ്റി അംഗങ്ങൾ എന്നിവരെ നോമിനേററ് ചെയ്യൽ
13. അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റു കാര്യങ്ങൾ
14. കൃതജ്ഞത

എറണാകുളം കരയോഗം ഭരണസമിതിക്ക് വേണ്ടി

(ഒപ്പ്)

കൊച്ചി - 16 **പി. രാമചന്ദ്രൻ (വേണു)**

12-05-2019 ജനറൽ സെക്രട്ടറി

*നോട്ട് : കരയോഗത്തിൻെറ പൊതുയോഗങ്ങളിൽ അംഗങ്ങൾക്ക് മാത്രമേ പങ്കെടുക്കുവാൻ അനുവാദമുള്ളു. യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾ കരയോഗം ഐഡൻറിറ്റി കാർഡ് നിർബ ന്ധമായും കൊണ്ടു വരേണ്ടതും ആവശ്യമെങ്കിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കരയോഗത്തിലേക്ക് ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് പൊതുയോഗത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.*

# എറണാകുളം കരയോഗം
# ഭരണസമിതി റിപ്പോർട്ട്

എറണാകുളം കരയോഗത്തിന്റെ നിയമാവലി 33 പ്രകാരം 30-06-2019 ൽ ടി.ഡി.എം. ഹാളിൽ കൂടുന്ന 94-ാം വാർഷിക പൊതുയോഗത്തിനു മുമ്പാകെ 1-4-2018 മുതൽ 31-03-2019 വരെയുള്ള കരയോഗ പ്രവർത്തന റിപ്പോർട്ട് ഭരണസമിതി സമർപ്പിക്കുന്നു.

## ഭരണസമിതി 2018-2019

സർവ്വശ്രീ

| | | |
|---|---|---|
| കെ.പി. കൃഷ്ണമേനോൻ | - | (പ്രസിഡണ്ട്) |
| പി. രാമചന്ദ്രൻ (വേണു) | - | (ജനറൽ സെക്രട്ടറി) |
| ആലപ്പാട്ട് മുരളീധരൻ | - | (വൈസ് പ്രസിഡണ്ട്) |
| അഡ്വ.ടി.ശിവദാസൻ നായർ | - | (വൈസ് പ്രസിഡണ്ട്) |
| കെ. ജനാർദ്ദനൻ | - | (സെക്രട്ടറി) |
| അഡ്വ.എ.ബാലഗോപാലൻ | - | (സെക്രട്ടറി) |
| കെ. ടി. മോഹനൻ | - | (ട്രഷറർ) |

### ഭരണസമിതി അംഗങ്ങൾ

പി.ആർ. പ്രഭാകരൻ നായർ, കെ. രാജഗോപാൽ, കെ. സതീഷ്, ശ്രീവല്ലഭൻ നായർ എം., എസ്.ശ്രീകുമാർ, രവീന്ദ്രനാഥ് കെ.എസ്., സജീവ് കുമാർ പാലാഴി, പി.ഗിരിജാവല്ലഭൻ

### സ്ത്രീ സംവരണം

കെ. സുധ കൃഷ്ണകുമാർ, ഭവാനി. കെ,
പ്രൊഫ.സി.സുമംഗലാ ദേവി, ഡോ.എ.പാർവ്വതി

### അദ്ധ്യക്ഷൻ നോമിനേററ് ചെയ്ത അംഗങ്ങൾ

ശശികല എസ്., അനിൽ കെ നായർ

നിയമാവലി വകുപ്പ് 15ഉം, അതിൻെറ ഉപ വകുപ്പുകളും പ്രകാരം 21 അംഗങ്ങളുള്ള ഭരണ സമിതിയാണ് കരയോഗത്തിനു വേണ്ടി ഭരണ കാര്യങ്ങൾ നിർവ്വഹിക്കുന്നത്.

നിയമാവലി 15(ii) പ്രകാരം 2019ൽ കരയോഗം ഭരണസമിതിയിലേക്ക് തിരഞ്ഞെടുപ്പ് ഉണ്ടായിരിക്കുന്നതല്ല.

**ട്രസ്റ്റി :** തോട്ടക്കാട്ട് രാജഗോപാലമേനോൻ, കിഴക്കേ തോട്ടക്കാട്ട്, പ്രസീദ, ടി.ഡി.റോഡ്, കൊച്ചി -682011

### ഭരണസമിതി യോഗങ്ങൾ

2018 – 2019ൽ ഭരണസമിതി 12 സാധാരണയോഗങ്ങളും 3 അസാധാരണയോഗങ്ങളും കൂടുകയുണ്ടായി. എറണാകുളം കരയോഗത്തിന്റെ 2018-2019 ലെ പ്രവർത്തനത്തിനുവേണ്ടി 24 ഉപസമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. ടി ഉപസമിതികളുടെ അഭിപ്രായങ്ങൾ കൂടി സമാഹരിച്ചാണ് എറണാകുളം കരയോഗത്തിൻെറ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നത്. 2018-2019 വർഷത്തിൽ 112 ഉപസമിതി യോഗങ്ങൾ ചേർന്നിട്ടുണ്ട്.

എറണാകുളം കരയോഗത്തിന്റെ 93-ാമത് വാർഷിക പൊതുയോഗം അംഗീകരിച്ച ക്യാപ്പിറ്റൽ ബഡ്ജറ്റ് പ്രകാരം ഗുരുവായൂർ ഗസ്റ്റ്ഹൗസ് നിർമ്മാണം, സൂര്യതാപവൈദ്യുതി ഉൽപ്പാദനം രണ്ടാം ഘട്ടം, പമ്പാഹാൾ നവീകരണം, ഫാമിലി ഹെൽത്ത് ക്ലബ്ബ്, വേസ്റ്റ് മാനേജ്മെന്റ്, വാട്ടർ ട്രീറ്റ്മെന്റ് പദ്ധതികൾ എന്നീ വിവിധ പദ്ധതികളും പരിപാടികളുമാണ് നടപ്പിലാക്കുവാനായി ഭരണസമിതിയെ ചുമതലപ്പെടുത്തിയിരുന്നത്.

എന്നാൽ കരയോഗത്തിന്റെ നവതി സ്മാരക പദ്ധതിയായ ഗുരുവായൂരിലെ രാധേയം ഗസ്റ്റ്ഹൗസിന്റെ നിർമ്മാണത്തിനാണ് ഈ സാമ്പത്തിക വർഷം ഏറ്റവും കൂടുതൽ മുൻഗണന കൊടുത്തത്. ആയതുകൊണ്ട് സൂര്യതാപ വൈദ്യുതി, ഫാമിലി ഹെൽത്ത് ക്ലബ്ബ്, പമ്പ ഹാൾ-നവീകരണം, അതോടനുബന്ധിച്ചുള്ള ലിഫ്റ്റ് നിർമ്മാണം എന്നീ 3 പദ്ധതികൾ വരും വർഷങ്ങളിലേയ്ക്ക് മാറ്റിവയ്ക്കുകയാണുണ്ടായത്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക്

മേൽപ്പറഞ്ഞ 3 പദ്ധതികളും ഭരണ സമിതി മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതാണ്.

## ഗുരുവായൂർ ഗസ്റ്റ് ഹൗസ്

2014 നവംബറിൽ നവതി ആഘോഷങ്ങൾക്കായി തീരുമാനം എടുക്കുമ്പോൾ തന്നെ നവതി സ്മാരക പദ്ധതികളും ആസൂത്രണം ചെയ്തിരുന്നു. 2015 ഡിസംബറിൽ നവതി ആഘോഷങ്ങൾക്ക് ശേഷം ഗുരുവായൂരിൽ നവതി സ്മാരകമായി ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുവാൻ സ്ഥലം വാങ്ങി. ആയതിനായി 2015 മാർച്ച് 1 ന് കൂടിയ പ്രത്യേക പൊതുയോഗം അംഗീകാരം നല്കിയ ടി പദ്ധതിക്ക് ഗുരുവായൂരിലെ തെക്കേ നടയിൽ കാരക്കാട്ട് റോഡിൽ 42.906 സെന്റ് സ്ഥലം 5.3.2016, 29.3.16, 12.4.2016 എന്നീ തീയതികളിലായി കരയോഗത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് സ്വന്തമാക്കി. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൺസൾട്ടന്റ്, സിവിൽ കോൺട്രാക്ടർ തുടങ്ങി വിദഗ്ധരായ ആളുകളെ പത്രപരസ്യം, ടെണ്ടർ, ക്വട്ടേഷൻ തുടങ്ങി എല്ലാവിധ സുതാര്യ രീതികളിലൂടെ കണ്ടെത്തുകയും 2017 ഡിസംബർ 14ന് ഗസ്റ്റ് ഹൗസ് നിർമ്മാണത്തിന്റെ കല്ലിടൽ ചടങ്ങ് നടത്തുകയുമുണ്ടായി.

പൈലിങ്ങ്, കോൺക്രീറ്റ് പണികൾ 2018 മാർച്ച് 20ന് ആരംഭിച്ചെങ്കിലും മൈനിങ്ങ്&ജിയോളജി വകുപ്പിന്റെ അനുവാദം ലഭിച്ച് മണ്ണ് നീക്കം ചെയ്യുവാൻ കഴിഞ്ഞത് 13.8.2018 നാണ്. ജൂൺ മാസം മുതൽ ഈ സാമ്പത്തിക വർഷം അവസാനത്തോടെ 90% സിവിൽ വർക്കുകളും പൂർത്തിയാകുംവിധം, STP, Fire, Aircondition, Interior, Tile, Compound Wall, Electrical & Plumbing തുടങ്ങി എല്ലാ ജോലികളും പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. 2019 ഡിസംബർ 25നാണ് ഉദ്ഘാടനം നടത്തുവാൻ മുൻകൂട്ടി തീരുമാനിച്ചിരുന്നതെങ്കിലും ശ്രീഗുരുവായൂരപ്പന്റെ അനുഗ്രഹത്താൽ എല്ലാ കാര്യങ്ങളും ഭംഗിയായി പൂർത്തിയാക്കുവാൻ കഴിഞ്ഞാൽ അതിനു മുൻപു തന്നെ 'രാധേയം' ഗസ്റ്റ്ഹൗസ് അംഗങ്ങൾക്കായി തുറന്നുകൊടുക്കുവാൻ കഴിയുമെന്ന് ഭരണസമിതി വിശ്വസിക്കുന്നു.

നടപ്പുവർഷം ഈ പദ്ധതിക്കായി 461.66 ലക്ഷം രൂപ ചിലവു വന്നിട്ടുണ്ട്. പണികൾ പൂർത്തിയാക്കുവാൻ 850 ലക്ഷം രൂപ കൂടി ക്യാപ്പിറ്റൽ ബഡ്ജറ്റിൽ വക കൊള്ളിക്കുന്നു. രാധേയം ഗസ്റ്റ് ഹൗസ് നിർമ്മാണത്തിന് സ്ഥലവും കെട്ടിടവും ഉൾപ്പെടെ ആകെ ചിലവ് 1800 ലക്ഷം രൂപയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ ക്യാപ്പിറ്റൽ ബഡ്ജറ്റിൽ കെട്ടിടനിർമ്മാണത്തിനായി 11 കോടി രൂപയാണ് വകയിരുത്തിയതെങ്കിലും ജിഎസ്ടി ഉൾപ്പെടെ ടെണ്ടർ/ക്വട്ടേഷൻ പൂർത്തിയാക്കി വരുമ്പോൾ 2.50കോടി രൂപ അധികം വരുമെന്നാണ് ഭരണസമിതി പ്രതീക്ഷിക്കുന്നത്. ഗസ്റ്റ്ഹൗസ് കെട്ടിടനിർമ്മാണം സംബന്ധിച്ച് ഭരണസമിതിക്ക് പുറമെ പ്രോജക്ട് കമ്മിറ്റി, വിദഗ്ധരടങ്ങുന്ന എഞ്ചിനീയേഴ്സ് ഫോറം, കൂടാതെ സി. എ. വേണുഗോപാൽ സി.ഗോവിന്ദ്, ജസ്റ്റിസ്.ആർ.ഭാസ്ക്കരൻ തുടങ്ങിയവർ ഉൾപ്പെടുന്ന എക്സ്പെർട്ട് അഡ്വൈസറി കമ്മിറ്റിയുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ലഭിക്കുന്നുണ്ടെന്ന് ചാരിതാർത്ഥ്യത്തോടെ രേഖപ്പെടുത്തുന്നു. അവർക്കുള്ള നന്ദി പ്രത്യേകം അറിയിക്കുന്നു.

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

എറണാകുളം കഥകളി ക്ലബ്ബ് കരയോഗം ഏറ്റെടുത്തിട്ട് നാല് വർഷം പിന്നിടുന്നു (2015 ഏപ്രിൽ 18). എല്ലാ മാസവും നാലാമത്തെ ചൊവ്വാഴ്ചയാണ് ടിഡിഎം ഹാളിൽ കഥകളി നടത്തുന്നത്. കേരളത്തിന്റെ അഭിമാനമായ ഈ തനത് പാരമ്പര്യ കലാരൂപത്തിന് കൂടുതൽ പ്രചാരം ലഭിക്കുവാനും പുതുതലമുറയെ ഇതിലേയ്ക്ക് ആകർഷിക്കുവാനും കഴിയണം. കരയോഗം കഥകളി ക്ലബ്ബിന്റെ 60-ാമത് വാർഷികവും, 23-ാമത് കഥകളി പുരസ്ക്കാര സമർപ്പണവും 2018 ഏപ്രിൽ 20ന് ടിഡിഎം ഹാളിൽ നടന്നു. കേരളകലാമണ്ഡലം വൈസ് ചാൻസലർ ഡോ.ടി.കെ.നാരായണൻ പുരസ്ക്കാരങ്ങൾ സമ്മാനിച്ചു. ശ്രീ.കല്ലുവഴി വാസു, (കളഹംസം വേഷം), ശ്രീ. കോട്ടക്കൽ മധു (തൗര്യത്രികം കഥകളി സംഗീതം), ശ്രീ.സദനം രാമകൃഷ്ണൻ (തൗര്യത്രികം ചെണ്ട), ശ്രീ. കലാനിലയം ബാബു (തൗര്യത്രികം മദ്ദളം), ശ്രീ. കലാനിലയം ജനാർദ്ദനൻ (ചുട്ടി), ശ്രീ.അപ്പുണ്ണി തരകൻ (ചമയം) എന്നിവർക്കാണ് അവാർഡ് നൽകിയത്. തുടർന്ന് ബാണയുദ്ധം, സമ്പൂർണ്ണ ബാലിവധം കഥകളിയും അരങ്ങേറി. നടപ്പുവർഷം കഥകളി ക്ലബ്ബിന്റെ ചിലവ് 3,45,859 രൂപയും, വരവ് 2,17,411 രൂപയുമാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 61-ാം വാർഷികവും 24-ാമത് കളഹംസം, തൗര്യത്രികം, ചുട്ടി, ചമയം അവാർഡുകളും, മംഗളപത്ര സമർപ്പണവും 9.2.2019ന് കഥകളിയിൽ മികവു തെളിയിച്ച ശ്രീ.കലാനിലയം ഗോപി (കളഹംസം)-വേഷം, ശ്രീ. പത്തിയൂർ ശങ്കരൻകുട്ടി (തൗര്യത്രികം -കഥകളി സംഗീതം), ശ്രീ. കലാഭാരതി ഉണ്ണിക്കൃഷ്ണൻ (തൗര്യത്രികം-ചെണ്ട), ശ്രീ.കോട്ടക്കൽ രാധാകൃഷ്ണൻ (തൗര്യത്രികം -മദ്ദളം), ശ്രീ.കലാമണ്ഡലം രാജു ജോൺ (ചുട്ടി), ശ്രീ. എരൂർ ശശി

(അണിയറ) എന്നിവർക്ക് മുഖ്യാതിഥി ശ്രീ.പ്രസാദ് കെ.പണിക്കർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ബിപിസിഎൽ, കൊച്ചി റിഫൈനറി സമ്മാനിച്ചു. കഥകളിയിൽ ഡോക്ടറേറ്റ് നേടിയ പത്മശ്രീ ഡോ.കലാമണ്ഡലം ഗോപി ആശാനെ ആദരിച്ചു. കൂടാതെ അന്നേ ദിവസം രാവിലെ 10 മണി മുതൽ 12 നും 18 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കായി സംഘടിപ്പിച്ച കഥകളി ചൊല്ലിയാട്ട മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനദാനം പ്രശസ്ത കഥകളി ആസ്വാദകനും ഗ്രന്ഥകർത്താവുമായ ശ്രീ. രമേശൻ തമ്പുരാൻ നിർവ്വഹിച്ചു. തുടർന്ന് പത്മശ്രീ ഡോ.കലാമണ്ഡലം ഗോപി ആശാനോടൊപ്പം മേൽപറഞ്ഞ കലാകാരൻമാർ പങ്കെടുത്ത നളചരിതം 3-ാം ദിവസം കഥകളിയും അരങ്ങേറി.

## ആയുഷ്യം പോളിക്ലിനിക്

2016 ജനുവരി 31 ന് ആരംഭിച്ച പോളിക്ലിനിക്കിന്റെ പ്രവർത്തനം കരയോഗം മെഡിക്കൽ സെന്ററുമായി സംയോജിപ്പിച്ച് ടിഡിഎം കൃഷ്ണ ഹാളിന്റെ പടിഞ്ഞാറു വശത്ത് വിപുലമായ സൗകര്യ ങ്ങളോടു കൂടി 2018 ഏപ്രിൽ 30 മുതൽ ആയുഷ്യം പോളിക്ലിനിക് എന്ന പേരിൽ ആരംഭിച്ചു. മുൻ പൊതുയോഗ നിർദ്ദേശ പ്രകാരം നടപ്പു വർഷം എറണാകുളം കരയോഗത്തിന് ഒരു മെഡിക്കൽ ഷോപ്പ് തുടങ്ങുവാൻ ഡ്രഗ്ഗ് ലൈസൻസ് ലഭ്യമായിട്ടുണ്ട്. ആയുഷ്യം മെഡിക്കൽസ് എന്ന പേരിൽ ദിവാൻസ് റോഡിന് അഭിമുഖമായി ടിഡിഎം ഹാൾ കോംപ്ലക്സിൽ അടുത്ത വർഷം മെഡിക്കൽ ഷോപ്പ് പ്രവർത്തനം ആരംഭിക്കുന്നതായിരിക്കും.

ഹോമിയോ വിഭാഗത്തിൽ ഡോ.സരിത ഗോവിന്ദ്, ഡോ.കെ.എസ്.പാർവ്വതി എന്നീ ഡോക്ടർമാരും അലോപ്പതി വിഭാഗത്തിൽ ഡോ.പി.വിജയലക്ഷ്മി മേനോൻ MD, DGO, ഡോ. സുന്ദരി മേനോൻ MD (Medicines & Diabetology), Retd. Professor Emeritus ഡോ. കെ.പ്രസന്നകുമാർ M.B.B.S, D.M.R (T&D) എന്നിവരുടെ സേവനവും ലഭ്യമാണ്. ഹോമിയോ മെഡിക്കൽ സെൻററിൽ നടപ്പുവർഷം 7177 രോഗികളാണ് സേവനം ഉപയോഗപ്പെടുത്തിയത്. രജിസ്ട്രേഷൻ, ക്ലിനിക്കൽ ചാർജ് ഉൾപ്പെടെ 11,52,540 രൂപയാണ് വരവായി ലഭിച്ചിട്ടുള്ളത്. സൗജന്യ മരുന്നു വിതരണം, ഡോക്ടർമാർ, മറ്റു ജീവനക്കാർ എന്നിവർക്ക് വേണ്ടിയുള്ള ശമ്പളത്തിനും മറ്റു ചിലവുകൾക്കുമുൾപ്പെടെ നടപ്പുവർഷത്തിൽ മൊത്തം 16,97,863 രൂപ ചിലവ് വന്നിട്ടുണ്ട്.

ആയുഷ്യം പോളിക്ലിനിക്കിൽ, റോട്ടറി ക്ലബ്ബ്, പാർക്കിൻസൺസ് സൊസൈറ്റി ഓഫ് ഇൻഡ്യ എന്നിവരുടെ സഹകരണത്തോടെ എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച രാവിലെ 10 മുതൽ 1 മണി വരെ പാർക്കിൻസൺസ് രോഗികൾക്ക് ചികിത്സാ ക്ലിനിക്ക് നടത്തിവരുന്നു. ക്ലിനിക്കിൽ ന്യൂറോളജിസ്റ്റുമാരായ ഡോ.സുരേഷ് കുമാർ (അമൃത ഹോസ്പിറ്റൽ), ഡോ. ശ്രീറാം പ്രസാദ് (ലൂർദ്ദ് ഹോസ്പിറ്റൽ) എന്നിവരുടെയും സൈക്കോളജിസ്റ്റ് ദിവ്യഅജയിന്റെയും സൗജന്യ സേവനം ലഭ്യമാണ്. പോളിക്ലിനിക്കിൽ സേവനം നൽകുന്ന എല്ലാ ഡോക്ടർമാരോടുമുള്ള നന്ദിയും കടപ്പാടും ഇവിടെ രേഖപ്പെടുത്തുന്നു.

## ജീവകാരുണ്യപ്രവർത്തനങ്ങൾ

എറണാകുളം കരയോഗത്തിൻെറ മുഖമുദ്രയാണ് ജീവകാരുണ്യ - സാമൂഹ്യ പ്രവർത്തനങ്ങൾ. വൃക്ക രോഗികൾക്ക് ഡയാലിസിസിനുള്ള പ്രതിമാസ ധനസഹായം, ക്യാൻസർ, എച്ച്.ഐ.വി. രോഗികൾക്ക് എറണാകുളം ജനറൽ ഹോസ്പിറ്റലിൽ സൗജന്യ മരുന്നു വിതരണം, രോഗികൾക്കുള്ള അന്നദാനം, പെയിൻ & പാലിയേറ്റീവ് കെയറിലെ രോഗികൾക്ക് സൗജന്യ ഭക്ഷ്യോല്പന്ന കിറ്റ് വിതരണം, വിദ്യാഭ്യാസ ധനസഹായം, വിധവ-വാർദ്ധക്യ പെൻഷൻ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഈ വർഷവും നടത്തുവാൻ സാധിച്ചിട്ടുണ്ട്.

വൃക്കരോഗികൾക്ക് നാളിതു വരെ 5117 ഡയാലിസിസിന് സഹായധനമായി 25,13,634 രൂപ നല്കി. നടപ്പു വർഷം 374 ഡയാലിസിസിന് 1,87,000 രൂപ നല്കിയിട്ടുണ്ട്.

കഴിഞ്ഞ 4107 ദിവസങ്ങളായി മുടങ്ങാതെ എറണാകുളം ജനറൽ ഹോസ്പിറ്റലിലെ എച്ച്.ഐ.വി., ക്യാൻസർ രോഗബാധിതർക്ക് ജീവൻ രക്ഷാമരുന്നുകൾ നൽകി വരുന്നു. കൂടാതെ ഗർഭിണികൾക്കും, കുട്ടികൾക്കും, വസ്ത്രങ്ങൾ,പോഷകാഹാരങ്ങൾ എന്നിവയും നടപ്പു വർഷം വിതരണം ചെയ്തു. ആയതിന് 3,67,646 രൂപ ചിലവ് വന്നിട്ടുണ്ട്.

2018 ആഗസ്റ്റ് മാസത്തിൽ പ്രളയകെടുതി അനുഭവിച്ച വിവിധ ക്യാമ്പുകളിലെ ജനങ്ങൾക്ക് വസ്ത്രം, പായ, പുതപ്പ്, ഭക്ഷണം, മരുന്ന് തുടങ്ങി വിവിധ അവശ്യ സാധനങ്ങൾ, വടുതല സെന്റ് പീറ്റേഴ്സ് സ്ക്കൂൾ, പറവൂർ എസ്.എൻ.സ്ക്കൂൾ, എളമക്കര സരസ്വതി വിദ്യാലയ, നോർത്ത് സെന്റ് അഗസ്റ്റിൻ സ്ക്കൂൾ, മണപ്പാട്ടി പറമ്പ് അംഗൻവാടി, ചേരാനല്ലൂർ അൽ ഫറൂക്ക സ്ക്കൂൾ, ഇൻഫാൽക്കോ പാതാളം, എംഇഎസ് സ്ക്കൂൾ പാതാളം, കേന്ദ്രീയ വിദ്യാലയ ഗാന്ധിനഗർ, ഉദയ കോളനി ഗാന്ധിനഗർ, ഗവ. ഹയർസെക്കൻഡറി സ്ക്കൂൾ എളമക്കര,

സെന്റ് ആൽബർട്ട് കോളേജ് എറണാകുളം, ചിൻമയ വിദ്യാലയ എറണാകുളം, കടമക്കുടി ക്യാമ്പ്, എൻഎസ്എസ് കരയോഗം നമ്പർ 812, കൈതാരം, പറവൂർ, എന്നിവിടങ്ങളിൽ എത്തിച്ചു കൊടുത്തു. കൂടാതെ 17 മുതൽ 23 വരെ ആലങ്ങാട്, വൈപ്പിൻ, ചെറായി, മുളന്തുരുത്തി, ചോറ്റാനിക്കര, ചെല്ലാനം എന്നീ ക്യാമ്പുകളിൽ ആവശ്യാനുസരണം 2500 പേർക്ക് ഉച്ചഭക്ഷണം ദിവസവും നൽകുകയുണ്ടായി. ശ്രീ.സുഹാസ് IAS, ആലപ്പുഴ ജില്ലാ കളക്ടർ, ശ്രീ.ബി.എസ്.തിരുമേനി, കോട്ടയം ജില്ലാ കളക്ടർ എന്നിവരുടെ അഭ്യർത്ഥന പ്രകാരം വിവിധ അവശ്യ സാധനങ്ങൾ ക്യാമ്പുകളിൽ എത്തിക്കുകയും ചെയ്തു. നഗരത്തിലെ പ്രാന്തപ്രദേശങ്ങളിലും ക്യാമ്പുകളിലും വീടുകളിലും നേരിട്ടുമെത്തി ചൈത്രത്തിന്റെ വാളന്റിയർമാർ മാസങ്ങളോളം കൗൺസിലിങ് സേവനം നൽകുകയുണ്ടായി.

കേരളത്തിലെ പ്രകൃതിക്ഷോഭത്തിൽ സർവ്വതും നഷ്ടപ്പെട്ട കുടുംബങ്ങളിലെ തീരുമാനിച്ചുറപ്പിച്ചിരുന്ന കല്യാണങ്ങൾ മുടങ്ങിപ്പോകാതെ നടത്തിക്കൊടുത്ത് സഹായിക്കുവാനുള്ള എറണാകുളം കരയോഗത്തിന്റെ പ്രത്യേക വിവാഹസഹായ പദ്ധതി പ്രകാരം ആദ്യത്തെ വിവാഹം 29.8.2018 ന് നെട്ടൂർ കട്ടേയിൽ വീട്ടിൽ കെ.എം.സോമന്റെ മകൾ രുഗ്മ സോമനും വടക്കേക്കരയിൽ കൂനാട്ടു വീട്ടിൽ സി.ആർ. ഭാസ്ക്കരന്റെ മകൻ സുഭാഷ് കെ.ബിയുടെയും വിവാഹം നടത്തുകയും 150 പേർക്കുള്ള വിവാഹ സത്ക്കാരവും വധുവരൻമാർക്ക് 10,000രൂപയും വിവാഹ സമ്മാനങ്ങളും നല്കി.

പൊതുജനങ്ങളിൽ നിന്നും കരയോഗ അംഗങ്ങളിൽ നിന്നും ദുരിതാശ്വാസ ഫണ്ടിലേക്ക് ആകെ ലഭിച്ച 10,58,359രൂപ സംഭാവനയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് 5,55,555 രൂപ നൽകുകയുണ്ടായി. മേൽസൂചിപ്പിച്ച വിവിധ ക്യാമ്പുകളിലേയ്ക്ക് ഗൃഹോപകരണ സാമഗ്രികളും ഭക്ഷ്യോല്പന്നങ്ങളും നല്കിയ വകയിൽ 6,13,113 രൂപയും ചിലവഴിച്ചിട്ടുണ്ട്.

## ആംബുലൻസ് സർവ്വീസ്

കരയോഗത്തിൽ 24 മണിക്കൂറും പ്രവർത്തന സജ്ജമായിട്ടുള്ള രണ്ടു ആംബുലൻസുകളാണുള്ളത്. നടപ്പുവർഷം 40 കരയോഗം അംഗങ്ങൾക്കും, അംഗങ്ങളല്ലാത്ത 718 പേർക്കും ആംബുലൻസിൻെറ സേവനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഈയിനത്തിൽ 8,60,955 രൂപ വരവും ആംബുലൻസ്, മോർച്ചറി, കച്ച, കട്ട്യാവ്, എന്നിവയ്ക്ക് ഉൾപ്പെടെ 9,16,241 രൂപ ചിലവും വന്നിട്ടുണ്ട്. ഇതോടൊപ്പം മൊബൈൽ ബോഡി ഫ്രീസറിൻെറയും സേവനം നൽകി വരുന്നു. ഈയാവശ്യങ്ങൾക്കായി 9387306579, 0484 2361160 Ext:21 എന്നീ നമ്പറുകളുമായി ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു.

## എൻഡോവ്മെൻറ്

എറണാകുളം കരയോഗത്തിൻെറ സാമൂഹ്യ സേവന ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി സമുദായ സ്നേഹികൾ വിവിധ സേവന പ്രവർത്തനങ്ങൾക്കായി എൻഡോവ്മെൻറുകൾ കരയോഗത്തെ ഏൽപ്പിച്ചിട്ടുണ്ട്. നാളിതുവരെ ഈയിനത്തിൽ 502 എൻഡോവ്മെൻറുകൾക്ക് വേണ്ടി 59,20,841 രൂപ ലഭിക്കുകയും ആയത് പ്രത്യേക സ്ഥിരം ഫണ്ടായി നിക്ഷേപിച്ചിട്ടുമുണ്ട്. ഇതിൽ നവരാത്രിക്ക് 238, വിദ്യാഭ്യാസ സ്കോളർഷിപ്പ് 181, മെഡിക്കൽ സഹായം 25, പെൻഷൻ 22, അന്നദാനം 18, കൂടാതെ സപ്താഹം, നാരായണീയം, കഥകളി, ക്രിമേഷൻ, തുഞ്ചൻ ദിനം, ലെപ്പർ എയ്ഡ്, അക്ഷര ശ്ലോകം, പരിസ്ഥിതി അവാർഡ്, ലോഡ്ജിങ്ങ് തുടങ്ങിയവയ്ക്ക് 18 എന്നിങ്ങനെ എൻഡോവ്മെൻറുകളും നിലവിലുണ്ട്. ആദ്യ കാലങ്ങളിൽ നൽകിയിട്ടുള്ള എൻഡോവ് മെൻറുകളുടെ തുക തുലോം കുറവാണ്. എൻഡോവ്മെൻറ് ഏർപ്പെടുത്തിയവർ കാലത്തിനനുസരിച്ച് തുക വർദ്ധിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

## ചൈത്രം, കുടുംബക്ഷേമ കേന്ദ്രം

ജീവകാരുണ്യ പ്രവർത്തനത്തിൻെറ ഭാഗമായി പ്രവർത്തിക്കുന്ന എറണാകുളം കരയോഗം കുടുംബക്ഷേമ കേന്ദ്രം, കഴിഞ്ഞ വർഷം നിരവധി കുടുംബപ്രശ്നങ്ങൾ പരിഗണനയ്ക്ക് എടുത്തു. അവരുമായി നടത്തിയ ചർച്ചകളുടെ ഫലമായി 70 കേസുകൾ രമ്യമായി പരിഹരിക്കുവാൻ കഴിഞ്ഞു. ചൈത്രത്തിൻെറ സേവനം 600 പേർ ഉപയോഗപ്പെടുത്തി. നേരിട്ടും ഫോൺ മുഖേനയും കുടുംബപ്രശ്നങ്ങൾ ചൈത്രം കൈകാര്യം ചെയ്തു. കുട്ടികളുടെ വിദ്യാഭ്യാസം, അമിതമായ ഉത്കണ്ഠ, വിദ്യാഭ്യാസ പഠന പ്രശ്നങ്ങൾ, സാമ്പത്തികം, മറ്റു നൈരാശ്യങ്ങൾ എന്നീ വിവിധ പ്രശ്നങ്ങൾക്ക് ചൈത്രത്തിലുള്ള 20 വോളണ്ടിയർമാർ സേവനം നൽകുന്നു.

പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിൽ ചൈത്രം വോളണ്ടിയേഴ്സ് സൗജന്യസേവനം നല്കുകയും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു.

2018 സെപ്റ്റംബർ 10 ന് ആത്മഹത്യാ പ്രതിരോധ ദിനത്തിൽ ബോധവല്ക്കരണ പ്രചരണ ജാഥ നടത്തി. ചൈത്രത്തിൻെറ പതിനൊന്നാമത് വാർ

ഷികം 2018 ഒക്ടോബർ 22 ന് ശ്രീമതി.വി. കല (കമ്പനി സെക്രട്ടറി, കൊച്ചി ഷിപ്പ്യാർഡ്) ഉൽഘാടനം ചെയ്തു. ചടങ്ങിൽ ഡോ. സി.ജെ.ജോൺ, ശ്രീമതി.ലളിത തോമസ്, (ICDS Project Officer), ശ്രീ.പി.സി.ഉണ്ണിക്കൃഷ്ണൻ (Old Students Forum, SDPY) തുടങ്ങിയവർ സംസാരിച്ചു. നടപ്പുവർഷം ചൈത്രത്തിൻെറ പ്രവർത്തനങ്ങൾക്കായി 2200 രൂപ വരവും 14,667 രൂപ ചിലവും വന്നിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു സാമൂഹ്യ സാംസ്ക്കാരിക കേന്ദ്രങ്ങൾ, പൊതുജനങ്ങൾ സംഘടിക്കുന്ന സ്ഥലങ്ങൾ, ഇവിടെയെല്ലാം ചൈത്രത്തിൻെറ പ്രവർത്തകർ ആത്മഹത്യാ പ്രതിരോധ ബോധവത്ക്കരണം നടത്തിവരുന്നു എല്ലാ ദിവസവും ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെയാണ് ചൈത്രത്തിൻെറ പ്രവർത്തന സമയം.

## വിവിധ പെൻഷനുകൾ

60 വയസ്സ് കഴിഞ്ഞ 141 പേർക്ക് വിധവാ പെൻഷനായി പ്രതിമാസം 300 രൂപ വീതം 4,54,200 രൂപയും, 75 വയസ്സു കഴിഞ്ഞ 44 മുതിർന്ന പൗരൻമാർക്ക് പ്രതിമാസം 300 രൂപ വീതം 1,36,800 രൂപയും കൂടാതെ ഓണക്കോടിയും, വിഷു കൈനീട്ടവും നല്കിയിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വ്യക്തികൾക്കാണ് ഈ പെൻഷൻ നൽകുന്നത്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കരയോഗം അംഗങ്ങൾക്കുള്ള പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം 600 രൂപ വീതം താഴെ പറയുന്ന ഏഴ് പേർക്ക് പെൻഷൻ നൽകി വരുന്നു. ശ്രീ.എം. കൃഷ്ണൻകുട്ടി മേനോൻ (L/2585) എൽ. ഐ. ജി. 629, പനമ്പിള്ളി നഗർ, കൊച്ചി-682036, ശ്രീമതി.ടി. എൻ. ലക്ഷ്മിക്കുട്ടി അമ്മ, (L/1414) നികത്തിൽ ഹൗസ്, പള്ളിയിൽ ലെയിൻ, കൊച്ചി-682016, ശ്രീമതി. എൻ. ശാരദാമ്മ (L/3000), സ്ലം കോളനി, ഗാന്ധിനഗർ, കടവന്ത്ര, കൊച്ചി-682020, അമ്മുക്കുട്ടി അമ്മ (L/1521), കൈലാസ്, പേട്ട, തൃപ്പൂണിത്തുറ, കൊച്ചി-682038, ശ്രീമതി.ജാനകി രാം ദാസ് (L/1562), ചേലാട്ട് ഹൗസ്, പേരണ്ടൂർ, എളമക്കര, കൊച്ചി-682026, ശ്രീമതി. ജി. ഭാനുമതി അമ്മ (L/1259), ചെറപ്പള്ളി പറമ്പിൽ, മൊണാസ്ട്രി റോഡ്, കാരിക്കാമുറി, കൊച്ചി-682011, ശ്രീ.എ.എസ്. ഗോപാലകൃഷ്ണൻ, (L/2446), അർച്ചന, കുമ്പളം പി.ഒ-682506.

## വിദ്യാഭ്യാസ സഹായം

143 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായമായി 2,49,489 രൂപ നടപ്പുവർഷം വിതരണം ചെയ്തിട്ടുണ്ട്. 2018 ലെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ആഗസ്റ്റ് 11 ന് ജസ്റ്റിസ് ബി.കെമാൽ പാഷ നിർവ്വഹിച്ചു. അന്നേ ദിവസം പ്ലസ് വൺ, പ്ലസ് ടു, ഡിഗ്രി, ബി ടെക്, പോസ്റ്റ് ഗ്രാജ്വേഷൻ എന്നീ വിഭാഗങ്ങളിലായി 31 കുട്ടികൾക്ക് 57,000 രൂപയും തുടർ വിദ്യാഭ്യാസത്തിനായി 20 കുട്ടികൾക്ക് 1,07,500 രൂപയും നവരാത്രിയുടെ സമാപന ദിവസമായ 19.10.2018 ൽ 62 കുട്ടികൾക്ക് എൻഡോവ്മെൻ്റ് സ്കോളർഷിപ്പായി 67,250 രൂപയും രുദ്രവിലാസം സ്ക്കൂളിലെ കുട്ടികൾക്ക് 17,739 രൂപയും സഹായ ധനം നൽകുകയുണ്ടായി.

## പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡ് & വനിതാ ഹോസ്റ്റൽ

പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡിൽ 6 അന്തേവാസികളും, വനിതാ ഹോസ്റ്റലിൽ പ്രതിവർഷം ശരാശരി 105 അന്തേവാസികളും 30 അതിഥികളും താമസിക്കുകയുണ്ടായി. മൂന്ന് വാർഡൻമാരുൾപ്പെടെ 13 ജീവനക്കാർ പ്രശാന്തിയിലുണ്ട്. നടപ്പുവർഷം 63,74,685 രൂപ വരവും 45,75,534രൂപ ചിലവുമാണ് ഉണ്ടായിട്ടുള്ളത്. വിഷു, ഹോസ്റ്റൽ ദിനം, വയോജനദിനം, ദീപാവലി, തൃക്കാർത്തിക എന്നീ ആഘോഷങ്ങൾ പ്രശാന്തിയിൽ വിവിധ പരിപാടികളോടെ നടത്തി.

## വിമൺസ് ഫോറം

വിമൺസ് ഫോറം എല്ലാ മാസവും 3-ാമത്തെ ബുധനാഴ്ച അംഗങ്ങളുടെ ഒത്തു ചേരൽ സംഘടിപ്പിച്ചുവരുന്നു. വിവിധ മേഖലകളിലെ പ്രശസ്തർ യോഗ, പാചകം, ആരോഗ്യം, കലാ സാംസ്ക്കാരിക വിഷയങ്ങൾ, സൈബർ സുരക്ഷ, ഗാർഹികസുരക്ഷ മുതലായ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തി. ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീമതി. പി.പി.വത്സലയുടെ നേതൃത്വത്തിൽ എല്ലാ ബുധനാഴ്ചകളിലും വനിതകൾക്കായി ദേവിഭാഗവത ക്ലാസ്സുകളും നടത്തിവരുന്നു. ഈ കൂട്ടായ്മയിൽ എല്ലാ വനിതാ അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ

എല്ലാ ശനിയാഴ്ചകളിലും രാവിലെ 10 മുതൽ 12 വരെ ആചാര്യൻ കെ.ആർ.നമ്പ്യാരുടെ വേദാന്ത പഠനക്ലാസ്സുകൾ നടത്തിവരുന്നു. വേദാന്ത ക്ലാസ്സിന്റെ അഞ്ചാമത് വാർഷികാഘോഷം 2019 ജനുവരി 12ന് ജസ്റ്റിസ് (റിട്ട.) എം.രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ശ്രീ.സി.രാജേന്ദ്രൻ (ഇൻകംടാക്സ് ചീഫ് കമ്മീഷണർ (റിട്ട.), സംബന്ധിച്ചു.

രാമായണമാസാചരണത്തോടനുബന്ധിച്ച് ശ്രീ.എൻ.ടി.കാർത്തികേയൻെറ നേതൃത്വത്തിൽ രാമായണപാരായണയജ്ഞം 2018 ജൂലൈ 29 ന്

നടത്തപ്പെട്ടു.

2018 നവംബർ 6 ന് ദീപാവലി ആഘോഷിച്ചു. 2018 നവംബർ 13 മുതൽ 23 വരെ തപസ്സ്- ധാർമ്മിക ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പരിചയപ്പെടുത്തുന്ന പ്രഭാഷണ പരമ്പര കൊളത്തൂർ അദ്വൈതാശ്രമം മഠാധിപതി സംപൂജ്യ സ്വാമി ചിദാനന്ദപുരിയുടെ നേതൃത്വത്തിൽ ടി.ഡി.എം. ഹാളിൽ നടന്നു. കോയമ്പത്തൂർ ആര്യവൈദ്യഫാർമസി ഡയറക്ടർ പി.ആർ. കൃഷ്ണകുമാർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. പ്രഭാഷണ പരമ്പരയെ അധികരിച്ച് ഉപന്യാസ മത്സരം സംഘടിപ്പിക്കുകയും വിജയികളായ രമാ നായർ, എൻ.പ്രഭാകരപ്രഭു, എസ്.ശ്രീകുമാർ, എം.ദേവിദാസ്, ഡോ.കെ.ജെ.വേണുഗോപാൽ, എം.രാജലക്ഷ്മി എന്നിവർക്ക് ക്യാഷ് അവാർഡും, മെമന്റോയും കരയോഗം സ്ഥാപകദിനത്തിൽ സമ്മാനിക്കുകയും ചെയ്തു.

2018 ഡിസംബർ 14-ാം തീയതി നാരായണീയ ദിനത്തോടനുബന്ധിച്ച് ശ്രീമതി.രാജം ആർ. മേനോന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ ശ്രീമദ് നാരായണീയ പാരായണം നടത്തി.

2018 ഡിസംബർ 22ന് ധനുമാസത്തിലെ മകയിരം നാളിൽ കരയോഗം വിമൺസ് ഫോറത്തിന്റെയും, സ്ത്രീസമാജത്തിന്റെയും ആഭിമുഖ്യത്തിൽ പരമ്പരാഗത രീതിയിൽ തിരുവാതിര ആഘോഷം നടത്തി.

2019 ജനുവരി 8ന് തുഞ്ചൻദിനത്തിൽ രാമായണ പാരായണം നടത്തി. 2019 ഫെബ്രുവരി 17 മുതൽ 24 വരെ ബ്രഹ്മശ്രീ ആയടം കേശവൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ 32-ാമത് ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം ടി.ഡി.എം ഹാളിൽ നടത്തുകയുണ്ടായി.

## സ്ഥാപക ദിനം

93 വർഷങ്ങൾക്കു മുൻപ് ഈ മഹാപ്രസ്ഥാനത്തിന് ആരംഭം കുറിച്ച അഭിവന്ദ്യരായ നമ്മുടെ പൂർവ്വികരെയും ഗുരുജനങ്ങളെയും അനുസ്മരിക്കുവാനും ഓർമ്മ പുതുക്കുവാനും അംഗങ്ങൾക്ക് ഒത്തുകൂടുവാനുമുള്ള അവസരം അംഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി എന്നതിൽ സന്തോഷമുണ്ട്. കഴിഞ്ഞ വർഷത്തെ പോലെ ചില നിയന്ത്രണങ്ങളോടെ അംഗങ്ങൾക്ക് ഭക്ഷണ കൂപ്പൺ നൽകുന്ന രീതി നടപ്പിലാക്കിയപ്പോൾ ഭക്ഷണം പാഴായില്ല എന്നു മാത്രമല്ല അംഗങ്ങളിൽ നിന്നുണ്ടായ കൂടുതൽ സഹകരണവും എടുത്തു പറയേണ്ടതാണ്. അതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## വിഷു ഓണം വിപണന മേള

വിഷു വിപണന മേള 2018 ഏപ്രിൽ 10 മുതൽ 14 വരെ നടത്തി. 2018 ആഗസ്റ്റ് 9-ാം തീയതി മുതൽ 25-ാം തീയതി വരെ ഓണം വിപണന മേളയും നടത്തി. ഈ വർഷം മേളകൾ നടത്തിയത് കരയോഗം മാംഗല്യട്രസ്റ്റിന്റെ കീഴിലാണ്.

## സാംസ്ക്കാരിക വിഭാഗം

2018 ഓഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യ ദിനവും, 2019 ജനുവരി 26 ന് റിപ്പബ്ലിക് ദിനവും ദേശീയ പതാക ഉയർത്തിയും, മധുരപലഹാരങ്ങൾ വിതരണം ചെയ്തും സമുചിതമായി ആഘോഷിച്ചു. കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പുവർഷം 2018 മാർച്ച് 25 മുതൽ ഏപ്രിൽ 3 വരെ ചൈന-ഹോങ്കോങ്ങ്-മക്കാവു യാത്ര സംഘടിപ്പിച്ചു.

എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം ഫിലിം ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രതിമാസ സിനിമാ പ്രദർശനം, ടിഡിഎം ഹാളിൽ നടത്തിവരുന്നു.

കരയോഗം ഫിലിം ക്ലബ്ബിന്റെ ഒന്നാം വാർഷികം- മേജർ രവി ഉദ്ഘാടനം ചെയ്തു. മെയ് മാസം 21,22,23,24 തീയതികളിൽ എറണാകുളം കരയോഗം ഫിലിം ക്ലബ്ബ് കുട്ടികളുടെ ചലച്ചിത്രോത്സവം - പ്ലസ് ടു വരെയുള്ള കുട്ടികൾക്കായി (ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, മലയാളം ചിത്രങ്ങൾ കോർത്തിണക്കി) സംഘടിപ്പിച്ചു. 2018 സെപ്തംബർ 23ന് മെട്രോ ഫിലിം സൊസൈറ്റിയുമായി ചേർന്ന് പുതുതലമുറയിൽപ്പെട്ട ഷോർട്ട് ഫിലിം/ഡോക്യുമെന്ററി ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ചു.

2018 ജൂൺ 5 മുതൽ 9 വരെ ഭഗവത് ഗീത-ധ്യാനയോഗ സംബന്ധിച്ച് ചിൻമയ മിഷൻ ആഗോള മേധാവി സംപൂജ്യ സ്വാമി സ്വരൂപാനന്ദജിയുടെ പ്രഭാഷണ പരമ്പര എറണാകുളം കരയോഗവുമായി സഹകരിച്ച് നടത്തുകയുണ്ടായി. സ്വാമി വിവിക്താനന്ദ, സി. എ. വേണുഗോപാൽ സി.ഗോവിന്ദ്, എം.കെ.കുട്ടപ്പൻ മേനോൻ, ജസ്റ്റിസ് ആർ. ഭാസ്ക്കരൻ, സുരേഷ് മോഹൻ, എ.ഗോപാലകൃഷ്ണൻ, തുടങ്ങിയവർ സന്നിഹിതരായി.

ഐഎസ്ആർഒ ചാരക്കേസിൽ നിന്ന് കുറ്റവിമുക്തനായ നമ്പി നാരായണന് 24.9.18 ന് എറണാകുളം കരയോഗം സ്വീകരണം നല്കുകയും, അദ്ദേഹവുമായി ഒരു സംവാദ പരിപാടി സംഘടിപ്പിക്കുകയും ചെയ്തു.

എറണാകുളം കരയോഗവും കാളിദാസ സാംസ്ക്കാരിക വേദിയും സംയുക്തമായി 2018 സെപ്റ്റംബർ 5-ാം തീയതി എറണാകുളം ടി.ഡി.എം. ഹാളിൽ പ്രളയത്തിൽ ജീവൻ പൊലിഞ്ഞവർക്ക് ആദരാഞ്

ജലി അർപ്പിക്കുവാൻ കൂടിയ യോഗത്തിൽവെച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 5,55,555 രൂപ എം എൽ എ മാർക്ക് കൈമാറുകയുണ്ടായി. പൗരപ്രമുഖരായ പ്രൊഫ.എം.കെ.സാനു, ഹൈബി ഈഡൻ എംഎൽഎ, മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി, കെ.ജെ. മാക്സി എം.എൽ.എ, ജോൺ ഫെർണാണ്ടസ് എം.എൽ.എ, കൊച്ചി മേയർ സൗമിനി ജെയിൻ, ഡോ.കെ.എസ്.രാധാകൃഷ്ണൻ മുൻ പി.എസ്.സി.ചെയർമാൻ കെ. എൽ. മോഹന വർമ്മ, പി.ജി.ബി. മേനോൻ, കൊച്ചി സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ലാൽജി, സി.ജി.രാജഗോപാൽ, കെ.പി.കെ. മേനോൻ, പി.രാമചന്ദ്രൻ (വേണു), കെ.ടി. മോഹനൻ, റോട്ടറി പ്രതിനിധി രാജ്മോഹൻ നായർ തുടങ്ങിയവർ സംബന്ധിച്ചു.

പ്രശസ്ത കവി എസ്. രമേശൻ നായർക്ക് സപ്തതി ആദരം എന്ന ചടങ്ങ് സംഘടിപ്പിക്കുകയും ആദരിക്കുകയും ചെയ്തു. കൂടാതെ അദ്ദേഹത്തിന് കേന്ദ്രസാഹിത്യ അക്കാഡമി അവാർഡ് ലഭിച്ച അവസരത്തിൽ ഫെബ്രുവരി 14ന് 'കൊച്ചിയുടെ സ്നേഹാദരവ്' എന്ന പേരിൽ സ്വീകരണവും നല്കുകയുണ്ടായി. ചടങ്ങിൽ അദ്ദേഹത്തെ ബഹു. മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ പൊന്നാട അണിയിക്കുകയും ഉപഹാരം നല്കുകയും ചെയ്തു. ചടങ്ങിൽ മേയർ ശ്രീമതി.സൗമിനി ജെയിൻ, ഡോ.കെ.എസ്. രാധാകൃഷ്ണൻ, പ്രൊഫ.എം.കെ. സാനു, ഇ.എൻ.നന്ദകുമാർ, കെ.എൽ.മോഹനവർമ്മ എന്നിവർ സംസാരിച്ചു.

എറണാകുളം കരയോഗം, ബാങ്ക് എംപ്ലോയീസ് ആർട്ട്സ് മൂവ്മെൻറ്, എറണാകുളവുമായി (ബീം) സഹകരിച്ച് കേരളത്തിനകത്തും പുറത്തുമുള്ള പ്രശസ്ത കലാകാരൻമാരെ പങ്കെടുപ്പിച്ച് നടപ്പുവർഷം എല്ലാ മാസവും മുടങ്ങാതെ 12 പരിപാടികളാണ് സംഘടിപ്പിച്ചത്. കരയോഗം സാംസ്ക്കാരിക വിഭാഗത്തിൻെറ സഹകരണത്തോടെ നടപ്പുവർഷം നിരവധി പരിപാടികൾ നടത്തുവാൻ ഭരണസമിതിക്ക് സാധിച്ചിട്ടുണ്ട് എന്നു പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

കലാസാംസ്ക്കാരിക വിഭാഗത്തിൻെറ ആഭിമുഖ്യത്തിൽ നൃത്തം, വയലിൻ എന്നിവ കൂടാതെ യോഗ, കരാട്ടെ ക്ലാസ്സുകളും നടത്തിവരുന്നു. ഷിൽനാ ജിപ്സൺ നൃത്തവും, ടി.കെ.സദാനന്ദൻ വയലിനും, കെ.വി. സുനിൽ കരാട്ടേയും, ടി.ജി. തുളസീദാസ് യോഗയും പരിശീലിപ്പിക്കുന്നു. കേരളത്തിൻെറ തനതായ കലകളും, സാംസ്ക്കാരിക പൈതൃകങ്ങളും പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. കരയോഗത്തിൻെറ കലാസാംസ്ക്കാരിക വിഭാഗവുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ, കലാകാരൻമാർ, അധ്യാപകർ തുടങ്ങിയവരോടുള്ള നന്ദി ഇവിടെ പ്രത്യേകം രേഖപ്പെടുത്തുന്നു.

## സെമിനാറുകൾ, ക്ലാസ്സുകൾ

2018 മെയ് 31-ാം തീയതി മാതൃഭൂമി ദിനപത്രവുമായി സഹകരിച്ച് 10,11,12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി 'പ്രൊഫഷണൽ കോഴ്സ് ഗൈഡൻസ് സെമിനാർ ആസ്ക് എക്സ്പെർട്ട്' എന്ന പേരിൽ ഏകദിന പരിപാടി ടിഡിഎം ഹാളിൽ സംഘടിപ്പിച്ചു.

## നവരാത്രിയാഘോഷം

2018 ലെ നവരാത്രിയാഘോഷം ഒക്ടോബർ 10 മുതൽ 19 വരെ വിവിധ കലാപരിപാടികളോടെ വിപുലമായി ആഘോഷിച്ചു. ഇതിന് മുന്നോടിയായി സെപ്റ്റംബർ 9 മുതൽ ഒക്ടോബർ 14 വരെ വിവിധ ദിവസങ്ങളിലായി വിവിധ വേദികളിൽ പുരാണങ്ങൾ, പാരമ്പര്യകലകൾ, സംഗീതം, നൃത്തം, പ്രസംഗം, ചിത്രരചന മുതലായ വിഷയങ്ങളെ അധികരിച്ച് 66 ഇനങ്ങളായി തരം തിരിച്ച് 4 വിഭാഗക്കാർക്കായി 1500 ൽ പരം അപേക്ഷകൾ സ്വീകരിച്ചാണ് മത്സരങ്ങൾ നടത്തപ്പെട്ടത്. നവരാത്രി ആഘോഷ സമാപന ദിവസം 430 ഓളം സമ്മാനങ്ങളാണ് വിജയികൾക്ക് വിതരണം ചെയ്തത്. നവരാത്രി ആഘോഷ മത്സരങ്ങളിലെ വിധികർത്താക്കൾക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## അനുമോദനങ്ങൾ

സമാപന ദിവസം വിദ്യാഭ്യാസരംഗത്ത് പ്രശസ്ത വിജയം നേടിയ ശ്രീലക്ഷ്മി എസ്സ്. മേനോൻ D/o ഡോ.എൻ. സുനിൽകുമാർ മേനോൻ (എൽ/3539) ഐ.സി.എസ്.ഇ. പത്താം ക്ലാസ്സ് പരീക്ഷയിൽ 98.2 ശതമാനം മാർക്ക് നേടി സംസ്ഥാനത്ത് ഒന്നാം റാങ്ക്, സിബിഎസ്ഇ പത്താം ക്ലാസ്സ് 99.8% മാർക്ക് നേടി, അഖിലേന്ത്യ തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ശ്രീലക്ഷ്മി.ജി.. D/o അഡ്വക്കേറ്റ് എസ്സ്. ഗോപിനാഥ് (ബി/020), കേരള സ്റ്റേറ്റ് നടത്തിയ പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയിൽ 94.5% മാർക്ക് കരസ്ഥമാക്കിയ ശിശിര ഉണ്ണി D/o ശ്രീ.പി.ആർ.ഉണ്ണിക്കൃഷ്ണൻ (എൽ/5131), സിബിഎസ് ഇ പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയിൽ 96.4% മാർക്ക് കരസ്ഥമാക്കിയ വിഘ്നേഷ് എം. നായർ S/o ഡോ.എസ്.മഹേഷ് (എൽ/4403), ഇൻഡ്യയിലെ ആദ്യ വനിതാ സൈബർ ക്രൈം ഇൻവെസ്റ്റിഗേറ്റർ എന്ന നിലയിൽ കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയം ഏർപ്പെടുത്തിയ ഫസ്റ്റ് വിമൺ അച്ചീവേഴ്സ് അവാർഡിന് അർഹയായ പാട്ടത്തിൽ ധന്യ മേനോൻ D/o

Late വേണു ഗോപാൽ മാണിക്കത്ത് (എൽ/2562)& പാട്ടത്തിൽ ലക്ഷ്മി വേണുഗോപാൽ. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും MS (Degree in General Surgery) യിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ ഡോ.എ.ജി.ഹരിശങ്കർ (എൽ/4580) S/o പി.ഗിരിജാവല്ലഭൻ (എൽ/0913) & ശ്രീമതി.ഗിരിജ (എൽ/2844), ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും MD (Degree in Radio Diagnosis)യിൽ മൂന്നാം റാങ്ക് നേടിയ കരയോഗാംഗമായ ഡോ.എസ്സ്.മാലിനി (എൽ/5481) W/o ഡോ.എ.ജി. ഹരിശങ്കർ (എൽ/4580), മാസ്റ്റർ ഓഫ് ഡെന്റൽ സർജറിയിൽ ഗോൾഡ് മെഡലോടെ ബിരുദാനന്തരബിരുദം കരസ്ഥമാക്കിയ ഡോ.അഞ്ജന അശോക് D/o വി.മഞ്ജുള എന്നീ കരയോഗാംഗങ്ങളെ/അവരുടെ കുട്ടികളെ അനുമോദിക്കുകയും ഉപഹാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു.

കരയോഗാംഗത്വം 50 വർഷം പൂർത്തിയാക്കിയ അംഗങ്ങളായ ശ്രീ. എൻ.വേണുഗോപാൽ (എൽ/0397), മാധവം, 88, ജവഹർ നഗർ, കടവന്ത്ര–682020 ശ്രീ.എം.കൃഷ്ണകുമാർ (എൽ/0398), അനുഗ്രഹ്, 62/247, ദേവി കോളനി, ദിവാൻസ് റോഡ്, കൊച്ചി–682016, ശ്രീ. കെ.ചന്ദ്രശേഖരമേനോൻ (എൽ/0402), 27/280എ, അഭിജിത്ത്, വടക്കേപ്പാട്ട് വാരിയം കോംപ്ലക്സ്, ഔട്ടറിങ്ങ് റോഡ്, ഗുരുവായൂർ–680101, ശ്രീ. പി. കൃഷ്ണൻകുട്ടി മേനോൻ, (എൽ/0403), പൊന്നയിൽ ശ്രീഹരി, 31/58എ, ശ്രീകുമാരമംഗലം ടെമ്പിൾ റോഡ്, തൃപ്പൂണിത്തുറ –682301, ശ്രീ.കെ.കെ.രാജൻ (എൽ/0405), കാരക്കാട്ട് വീട്, ചിറ്റൂർ റോഡ്, കൊച്ചി–682011 എന്നിവരെ നവരാത്രി ആഘോഷത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ വെച്ച് ആദരിച്ചു.

**കരയോഗസൗഹൃദം/ഓൺലൈൻ:** എറണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങൾ സമൂഹനൻമയ്ക്ക് വേണ്ടിയുള്ളതാണ്. അതോടൊപ്പം തന്നെ ഹൈന്ദവ സമൂഹത്തിന്റെയും പ്രത്യേകിച്ച് നമ്മുടെ സമുദായത്തിന്റെയും ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടാണ് നാം പ്രവർത്തിക്കുന്നത്. സമകാലിക വിഷയങ്ങൾ, ലേഖനങ്ങൾ, സ്ഥിരം പംക്തികൾ, കഥകൾ, കവിതകൾ, എന്നിവ ഉൾപ്പെടുത്തി അടുക്കും ചിട്ടയോടും രൂപഭംഗിയോടും കൂടി എല്ലാ മാസവും കൃത്യമായി കരയോഗ സൗഹൃദം തപാലിൽ അയക്കുന്നുണ്ട് എന്നു പറയാൻ ഏറെ സന്തോഷമുണ്ട്.

കരയോഗസൗഹൃദത്തിന് നടപ്പുവർഷം 5,62,400 രൂപ വരവും, 6,14,309 രൂപ ചിലവുമാണ് വന്നിട്ടുള്ളത്. എല്ലാ മാസവും 10–ാം തീയതി കരയോഗ സൗഹൃദം കൃത്യമായി തപാലിൽ അയയ്ക്കുന്നതു കൂടാതെ ഓൺലൈനിൽ കാണുവാൻ വേണ്ട സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ട്. അംഗങ്ങൾക്ക് സൗഹൃദം ഓൺലൈനിൽ വായിക്കുവാൻ www.ernakulamkarayogam.com എന്ന വെബ്സൈറ്റ്, Ernakulam Karayogam എന്ന Mobile App. എന്നിവ ഉപയോഗിക്കുവാൻ അഭ്യർത്ഥിക്കുന്നു.

## ജ്യോതിഷം / വാസ്തു

ജ്യോതിഷാചാര്യ ശ്രീമതി. വിജയാ മേനോൻ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 1 മണി വരെ ടിഡിഎം ഹാളിൽ ജ്യോതിഷ സംബന്ധമായ ഉപദേശങ്ങൾ നൽകി വരുന്നു. അതുപോലെ വാസ്തു സംബന്ധമായ പ്രശ്നങ്ങൾക്കും റിട്ടയേർഡ് എഞ്ചിനീയർ ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത് (വാസ്തു വിദഗ്ധൻ) കരയോഗത്തിൽ സൗജന്യ ഉപദേശവും പരിഹാരവും നിർദ്ദേശവും നൽകിവരുന്നു. ഇരുവരും കരയോഗസൗഹൃദം മാസികയിൽ സ്ഥിരം പംക്തി കൈകാര്യം ചെയ്യുന്നുണ്ട്.

## പരിസ്ഥിതി അവാർഡ്

എറണാകുളം കരയോഗം പി.എസ്. ഗോപിനാഥൻ നായർ പതിനൊന്നാമത് പരിസ്ഥിതി അവാർഡ് കേരളത്തിലെ ഭൂമി, ജലം, വായു, ശബ്ദ മലിനീകരണം, പരിസ്ഥിതി സംരക്ഷണം, വനസംരക്ഷണം എന്നീ മേഖലകളിൽ നിസ്വാർത്ഥ സേവനം അർപ്പിക്കുന്നവർ, പരിസ്ഥിതി നാശത്തിന് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നവർ തുടങ്ങിയവരിൽ നിന്നും തിരഞ്ഞെടുക്കുന്ന വ്യക്തിക്കോ, സ്ഥാപനത്തിനോ നൽകി വരുന്നു. എല്ലാ വർഷവും ഭൗമദിനത്തിലാണ് 15001 രൂപയും, പ്രശസ്തി പത്രവും, ഫലകവുമടങ്ങുന്ന ഈ അവാർഡ് നൽകുന്നത്. 2018 ഏപ്രിൽ 22 ന് ഭൗമദിനത്തിൽ, എറണാകുളം കരയോഗം - പി എസ് ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ്, അഡ്വ.എ.ഗോപിക്ക് ബഹു. എറണാകുളം ജില്ലാ കളക്ടർ കെ.മുഹമ്മദ് വൈ.സഫീറുള്ള സമ്മാനിച്ചു.

## നിയമ ഉപദേശക സമിതി

പ്രഗല്ഭരായ റിട്ട.ജഡ്ജിമാർ, അഡ്വക്കേറ്റ്മാർ എന്നിവർ അടങ്ങുന്ന കരയോഗത്തിന്റെ നിയമ സഹായ വേദിയാണ് ആവശ്യക്കാർക്ക് സൗജന്യ നിയമോപദേശം നൽകുന്നത്. കരയോഗത്തിന്റെ നിയമകാര്യങ്ങൾ ഈ സമിതിയുമായി ആലോചിച്ചാണ് ഭരണസമിതി നടപ്പാക്കുന്നത്.

## കരയോഗ അംഗത്വം

നിയമാവലി 5, 7(i), 8(i) എന്നീ വകുപ്പുകൾ പ്രകാരം പുതിയ അംഗങ്ങൾക്ക് അംഗത്വം നൽകി വരുന്നു. കഴിഞ്ഞ വർഷം നിലവിൽ ആകെയുണ്ടായിരുന്നത് 4282 ആജീവനാംഗങ്ങളും 40 അസോസിയേറ്റ് അംഗങ്ങളുമടക്കം 4322 അംഗങ്ങളാണ്. നടപ്പുവർഷം നിര്യാണവും മറ്റും മൂലം 66 പേരെ അംഗത്വ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. നടപ്പുവർഷം 21 പേർ പുതിയ അംഗങ്ങളായി ചേർന്നിട്ടുണ്ട്. അസോസിയേറ്റ് അംഗങ്ങളായി ആകെ 40 അംഗങ്ങളാണുള്ളത്. അവരുൾപ്പെടെ 2018-19 നടപ്പുവർഷം ആകെ 4277 അംഗങ്ങൾ നിലവിലുണ്ട്.

## എൽഡർ സിറ്റിസൺസ് ഫോറം

കരയോഗത്തിലെ മുതിർന്ന അംഗങ്ങളുടെ ഒരു കൂട്ടായ്മയാണ് എൽഡർ സിറ്റിസൺസ് ഫോറം. എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 4 മണി മുതൽ 6 മണി വരെ കൂടുന്ന യോഗങ്ങളിൽ സമകാലിക പ്രശ്നങ്ങൾ, നിയമം, ആത്മീയം, ആരോഗ്യം, തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകളും, സംവാദങ്ങളും നടത്തിവരുന്നു. കരയോഗം എൽഡർ സിറ്റിസൺ ഫോറത്തിൻെറ 20-ാമത് വാർഷികാഘോഷം 2018 ജൂലൈ 22 ന് കരയോഗം പ്രസിഡൻറ് കെപികെ മേനോൻ ഉദ്ഘാടനം ചെയ്തു. നടപ്പുവർഷം 50 യോഗങ്ങൾ ചേർന്നു.

## മാംഗല്യം-എറണാകുളം കരയോഗത്തിൻെറ മാട്രിമോണിയൽ ഡേറ്റാ ബാങ്ക്

മാംഗല്യത്തിന്റെ സേവനം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ രജിസ്ട്രേഷൻ ചാർജ്ജ് 2500 രൂപയിൽ നിന്ന് 1000 രൂപയായി കുറച്ചിട്ടുണ്ട്. മാംഗല്യത്തിൽ പേര് രജിസ്റ്റർ ചെയ്യുന്നവർ ആവശ്യമുള്ള സേവനങ്ങൾക്ക് മാത്രം തുക നൽകിയാൽ മതി എന്ന രീതിയും നടപ്പിലാക്കിയിട്ടുണ്ട്. മാംഗല്യത്തിന്റെ സേവനം www.karayogammangalyam.com, www.karayogammangalyam.in, Mobile App: Ernakulam Karayogam എന്നീ വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. നടപ്പുവർഷം 9,38,983 രൂപ വരവും, 3,20,345 രൂപ ചിലവുമാണ് മാംഗല്യത്തിന് വന്നിട്ടുള്ളത്.

## വിവിധ കേസുകൾ

കരയോഗം 2006-ൽ വിൽപന നടത്തിയ ഉദയംപേരൂരിലെ നികത്തിയസ്ഥലം സംബന്ധിച്ച് പാടശേഖര കമ്മിറ്റി സെക്രട്ടറി ശ്രീ. കെ.പി. വർഗ്ഗീസ് ബഹു. കേരളാ ഹൈക്കോടതിയിൽ ഡബ്യ്യു.പി. സി.2170/2008 നമ്പറായി ഒരു കേസ് കരയോഗത്തിനെതിരായി ഫയൽ ചെയ്തിട്ടുണ്ട്. അഡ്വ.ശ്രീ മുരളി പുരുഷോത്തമൻ ആണ് കരയോഗത്തിനുവേണ്ടി ഹാജരാകുന്നത്.

എ.ഡി. കൃഷ്ണനാശാൻ, പി. ജയശങ്കർ എന്നിവർക്കതിരെ എറണാകുളം കരയോഗം കൈക്കൊണ്ട ശിക്ഷാനടപടികളെ ചോദ്യം ചെയ്ത് അവർ ബഹു.കേരള ഹൈക്കോടതിയിൽ നൽകിയ കേസ്സ് RSA.No.1244/2008 ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ടി സെക്കന്റ് അപ്പീൽ ഫയൽ ചെയ്തിരുന്ന അഡ്വക്കേറ്റുമാരായ എ.ഡി. കൃഷ്ണനാശാൻ, പി.ജയശങ്കർ എന്നിവർ ടി കേസ് പരിഗണനയിൽ ഇരിക്കുമ്പോൾ ദിവംഗതരായിട്ടുള്ളതാണ്. കൃഷ്ണനാശാന്റെ മരണശേഷം അദ്ദേഹത്തിന്റെ അവകാശി ടി അപ്പീൽ തുടർന്ന് നടത്തുവാനായി ടിയാനെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാനെ കക്ഷി ചേർക്കുവാൻ ഹർജി നല്കിയിരുന്നതും ഹർജി നിലനില്ക്കുന്നതല്ല എന്ന കരയോഗത്തിന്റെ വാദം അംഗീകരിച്ച് ടി ഹർജി ബഹു.ഹൈക്കോടതി തള്ളി ഉത്തരവായിട്ടുള്ളതുമാണ്. കരയോഗത്തിനു വേണ്ടി കേസ് നടത്തിയിരുന്നത് അഡ്വ. ടി.കെ.എം. ഉണ്ണിത്താൻ ആയിരുന്നു, എന്നാൽ ശാരീരിക അസ്വാസ്ഥ്യം മൂലം കേസ് നടത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് അറിയിച്ചതിനാൽ ആയത് അഡ്വ.സി. ആർ. ശ്യാംകുമാറിനെ ഏല്പ്പിച്ചു.

കരയോഗ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ട കെ.വി. തമ്പി എറണാകുളം കരയോഗത്തിനെതിരെ ബഹുമാനപ്പെട്ട എറണാകുളം മുൻസിഫ് കോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള ഒ.എസ്. 693/14-ാം നമ്പർ കേസ് 19.12.2015 ൽ കരയോഗത്തിന് അനുകൂലമായി ചിലവടക്കം തള്ളി വിധിയായിട്ടുണ്ട്. ടി വിധിക്കെതിരെ കെ.വി.തമ്പി ബഹു എറണാകുളം ജില്ലാ കോടതിയിൽ എ.എസ് 37/2016 ആയി അപ്പീൽ ബോധിപ്പിച്ചുവെങ്കിലും ടിയാൻ അപ്പീൽ തുടർന്നു നടത്താത്തതിനാൽ എറണാകുളം 1-ാം അഡീഷണൽ ജില്ലാകോടതി ടി അപ്പീൽ 3.8.2018 ന് കരയോഗത്തിന്റെ ചിലവ് സഹിതം തള്ളി വിധിച്ചിട്ടുള്ളതുമാണ്.

ബഹുമാനപ്പെട്ട എറണാകുളം മുൻസിഫ് കോടതി മുമ്പാകെ കെ.വി.തമ്പിയുടേതായ ഒ.എസ്.886/14-ാം നമ്പറായ രണ്ടാമത്തെ കേസിലും കോടതിയുടെ അനുകൂലമായ വിധി സമ്പാദിക്കുവാൻ കരയോഗത്തിനു കഴിഞ്ഞിട്ടുണ്ട്. ടി വിധിക്കെതിരായി കെ.വി.തമ്പി ബഹുമാനപ്പെട്ട എറണാകുളം ജില്ലാകോടതിയിൽ നല്കിയ അപ്പീൽ എറണാകുളം 1-ാം അഡീ ഷണൽ സബ്ബ് കോടതിയിലേക്ക് ജില്ലാകോടതി മാറ്റുകയും ടി അപ്പീൽ എ.എസ്

64/2017-ാം നമ്പറായി ഫയലിൽ എടുക്കുകയും ചെയ്തു.തുടർന്ന് ടി അപ്പീൽ ഇരുഭാഗത്തിന്റെയും വാദം കേട്ട് സബ്ബ്കോടതി കരയോഗത്തിന്റെ ചില വ് സഹിതം 13.8.2018ൽ തള്ളുകയും ചെയ്തു. ടി വിധിയ്ക്കെതിരായി കെ.വി.തമ്പി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത RSA 986/18-ാം നമ്പർ സെക്കന്റ് അപ്പീൽ കോടതിയുടെ പരിഗണനയിലാണ്. കരയോഗത്തിനു വേണ്ടി ഈ രണ്ടു കേസുകളും സൗജന്യമായി നടത്തുന്നത് സീനിയർ അഡ്വ. പി.വിശ്വനാഥനാണ്.

കരയോഗത്തിനുവേണ്ടി വിവിധ കോടതികളിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്ന അഡ്വ.പി. വിശ്വനാഥൻ, അഡ്വ.അജിത്ത് വിശ്വനാഥൻ, അഡ്വ. മുരളി പുരുഷോത്തമൻ അഡ്വ.സി.ആർ ശ്യാംകുമാർ എന്നിവരോടൊപ്പം കരയോഗത്തിൻെറ നിയമ ഉപദേശക സമിതിയിലെ എല്ലാ അഭിഭാഷകരോടുമുള്ള കൃതജ്ഞത പ്രത്യേകം രേഖപ്പെടുത്തുന്നു.

2018 ജൂൺ മാസം 24-ന് കൂടിയ വാർഷിക പൊതുയോഗത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്ററായി ശ്രീ. എസ്. വേണുഗോപാൽ& കമ്പനി, 41/3940 ബി, ഫസ്റ്റ് ഫ്ളോർ, ലിൽജി എസ്റ്റേറ്റ്, ഓൾഡ് റയിൽവേ സ്റ്റേഷൻ റോഡ്, കൊച്ചി-682018 യെ നിശ്ചയിച്ചു.

## സാമ്പത്തിക അവലോകനം

എറണാകുളം കരയോഗത്തിൻെറ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുമ്പോൾ സേവന പ്രവർത്തനങ്ങൾ പോലെ തന്നെ കരയോഗത്തിൻെറ സാമ്പത്തിക കാര്യക്ഷമതയും അവലോകനം ചെയ്യേണ്ടതുണ്ട്. കൃത്യമായ വിഭവസമാഹരണവും ചിലവും നീക്കിയിരിപ്പും ആസൂത്രണം ചെയ്തു പോകുന്നതിൽ കരയോഗത്തിൻെറ ഭരണസമിതി വിജയിച്ചിട്ടുണ്ട് എന്നു പറയുന്നതിൽ അഭിമാനമുണ്ട്. എറണാകുളം കരയോഗത്തിൻെറ 2018-2019 ലെ റവന്യൂ ക്യാപ്പിറ്റൽ ബഡ്ജറ്റുകൾ പ്രകാരം തന്നെ കരയോഗത്തിൻെറ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുവാൻ സാധിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ സന്തോഷമുണ്ട്.

നിയമാവലി 34(iii) പ്രകാരം കരയോഗത്തിൻെറ ജീവകാരുണ്യ പ്രവർത്തനങ്ങളായ ആംബുലൻസ്, മോർച്ചറി, കച്ച, കട്ട്യാവ്, ക്രിമേഷൻ എന്നിവയ്ക്ക് 11,03,256 രൂപയും വിദ്യാഭ്യാസ സഹായത്തിന് 2,49,489 രൂപയും ക്യാൻസർ, എച്ച് ഐവി, ഡയാലിസിസ്, എന്നിവയ്ക്ക് 5,62,211 രൂപയും പോളിക്ലിനിക്ക്, അലോപ്പതി, ഹോമിയോ, ചൈത്രം എന്നിവയ്ക്ക് 17,12,530 രൂപയും, അന്നദാനം, പ്രതിമാസ പെൻഷനുകൾ, പാലിയേറ്റിവ് കെയർ എന്നിവയ്ക്ക് 20,56,876 രൂപയും കലാസാംസ്ക്കാരിക വിഭാഗത്തിന് 5,99,577 രൂപയും അദ്ധ്യാത്മിക പ്രവർത്തനങ്ങൾക്ക് 6,33,574 രൂപയും, പരിസ്ഥിതി തുടങ്ങിയ പ്രവർത്തനങ്ങൾക്ക് 20,284 രൂപയുമുൾപ്പെടെ ആകെ നടപ്പ് വർഷം 69,37,797 രൂപയാണ് ചിലവ് വന്നിട്ടുള്ളത്.

കഴിഞ്ഞ സാമ്പത്തിക വർഷം കരയോഗത്തിന്റെ മൊത്ത വരുമാനം 351.71 ലക്ഷം രൂപയാണ്. മറ്റു ചിലവുകൾ കഴിച്ച് തേയ്മാന ചിലവിനു മുൻപുള്ള നീക്കിയിരുപ്പു തുക 102.09 ലക്ഷം രൂപയാണ്. ഇതിൽ നിന്നും 3% റിനോവേഷൻ ഫണ്ടിലേക്ക് മാറ്റി വച്ചിട്ടുണ്ട്. മൊത്തവരുമാനത്തിനു പുറമെ, വിവിധ പദ്ധതികൾക്കും മറ്റുമായി ഈ സാമ്പത്തിക വർഷം 73.89 ലക്ഷം രൂപയാണ് ലഭിച്ചിരിക്കുന്നത്. ഇത് സ്ഥിരം നിക്ഷേപമായി നിലനിർത്തിയിരിക്കയാണ്.

ഗുരുവായൂർ ഗസ്റ്റ് ഹൗസ് പദ്ധതിക്കു വേണ്ടി ബാങ്കിൽ നിന്നും drop line overdraft facility ആയി 230 ലക്ഷം രൂപയും Loan against fixed deposit ആയി 77 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആയതിൽ 31.3.2019 വരെ 43 ലക്ഷത്തോളം രൂപയാണ് ഉപയോഗിച്ചിട്ടുള്ളത്. കരയോഗത്തിന്റെ സാമ്പത്തിക സ്ഥിതി ശക്തമായിത്തന്നെ നില കൊള്ളുന്നു. അംഗങ്ങളുടെ സഹകരണത്തോടെ തുടങ്ങിയ പദ്ധതിയായ ഗുരുവായൂർ ഗസ്റ്റ് ഹൗസ് സമയബന്ധിതമായി പൂർത്തിയാക്കാൻ പറ്റും എന്ന് ഭരണസമിതി ഉറച്ചു വിശ്വസിക്കുന്നു.

അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തികരിക്കാനുള്ള നവതി സ്മാരക ഗുരുവായൂർ ഗസ്റ്റ് ഹൗസ്, സൗരോർജ്ജ താപ പദ്ധതി രണ്ടാം ഘട്ടം, ഓഫീസ് എകിപ്മെൻറ്സ്, കമ്പ്യൂട്ടർ & ഐടി, പമ്പ ഹാൾ നവീകരണം, പുതിയ ലിഫ്റ്റ് നിർമ്മാണം, ഹെൽത്ത് ക്ലബ്ബ്, ജനറേറ്റർ എന്നിവയ്ക്കായി ക്യാപ്പിറ്റൽ ബഡ്ജറ്റിൽ 1,150.00 ലക്ഷം രൂപയും റവന്യു ബഡ്ജറ്റിൽ 393.00 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1,543.00 ലക്ഷം രൂപ പൊതുയോഗത്തിൻെറ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

## എറണാകുളം കരയോഗം ടെമ്പിൾ ട്രസ്റ്റ്

### 1. തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രം

നടപ്പുവർഷം തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രത്തിന്റെ സുഗമമായി പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്. പ്രതിഷ്ഠാദിനം 2018 ഏപ്രിൽ 10ന് ആചാരപൂർവ്വം ആഘോഷിച്ചു. നടപ്പു വർഷം 60,540 രൂപ വരവും 2,42,058 രൂപ ചിലവും വന്നിട്ടുണ്ട്. ടെമ്പിൾ ട്രസ്റ്റ് നിലവിൽ വന്ന ശേഷം അമ്പലത്തിന്റെ ദൈനംദിന നടത്തിപ്പ് തൃക്കടക്കപ്പി

ളളി ശ്രീദുർഗ്ഗഭഗവതി ക്ഷേത്ര ഉപസമിതിയെ ഏല്പിച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിക്കുന്നു. ഈ വർഷം 12 യോഗങ്ങൾ ചേർന്നിട്ടുണ്ട്.

## 2. കരയോഗം വിഘ്നേശ്വര ക്ഷേത്രം

കരയോഗം വിഘ്നേശ്വര ക്ഷേത്രത്തിൽ എല്ലാ ദിവസവും രാവിലെ 6 മണിക്ക് നടതുറന്ന് നിർമ്മാല്യം, അഭിഷേകം, ശർക്കര, മലർ നിവേദ്യം എന്നീ ചടങ്ങുകൾക്കു ശേഷം 11 മണിക്ക് നട അടയ്ക്കുന്നു. വൈകുന്നേരം 4.30ന് നട തുറക്കുന്നു. മേൽശാന്തി ശ്രീ. രാഘവേന്ദ്രഭട്ടാണ്. കരയോഗം വിഘ്നേശ്വര ക്ഷേത്ര പ്രതിഷ്ഠാദിനമായ മെയ് 3 ന് വിശേഷാൽ പൂജയും ഗണപതിഹോമവും, കൂടാതെ ഡിസംബർ 25ന് കരയോഗം സ്ഥാപക ദിനത്തിൽ കലശവും പ്രത്യേക പൂജകളും നടത്തി. ക്ഷേത്രനടത്തിപ്പിലേക്കായി 1,17,209രൂപ വരവും, 1,78,083രൂപ ചിലവും വന്നിട്ടുണ്ട്.

## കരയോഗം മാംഗല്യ ട്രസ്റ്റ്

എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റാണ് ടി.ഡി.എം ഹാളിലെ എല്ലാ കാറ്ററിങ്ങ് സേവനങ്ങളും നൽകി വരുന്നത്. നടപ്പു സാമ്പത്തിക വർഷം 86 വിവാഹങ്ങൾ, 55 വിവാഹനിശ്ചയങ്ങൾ, 17 റിസപ്ഷൻ, 112 പിറന്നാൾ, മീറ്റിങ്ങ്, മാര്യേജ് ഈവ്, തുടങ്ങി ആകെ 270 പരിപാടികൾക്കുള്ള സൽക്കാരങ്ങളാണ് ടിഡിഎം ഹാളിൽ ട്രസ്റ്റിൻെറ ആഭിമുഖ്യത്തിൽ നടത്തിയത്. എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റിൻെറ ഈ വർഷത്തെ മൊത്ത വരുമാനം 4,41,83,696രൂപയാണ്. എറണാകുളം കരയോഗത്തിന് 34,00,000 രൂപ സംഭാവനയായി നൽകിയതിനു ശേഷം ട്രസ്റ്റിലുള്ള, നികുതിക്ക് ശേഷമുള്ള നീക്കിയിരിപ്പു തുക 11,28,772 രൂപയാണ്.

## എറണാകുളം കരയോഗം ചാരിറ്റബിൾ ട്രസ്റ്റ്

എല്ലാ രണ്ടാം ശനിയാഴ്ചയും ട്രസ്റ്റ് യോഗങ്ങൾ കൂടുന്നു. നടപ്പു വർഷം ട്രസ്റ്റിൻെറ 12 സാധാരണ യോഗങ്ങൾ നടന്നു. കഴിഞ്ഞ അദ്ധ്യയന വർഷവും കുട്ടികൾക്ക് പുസ്തകങ്ങൾ, യൂണിഫോം, ഷൂസ്, കുട എന്നിവ പതിവുപോലെ കരയോഗം നൽകുകയുണ്ടായി. സ്വാതന്ത്ര്യദിനം, ശിശുദിനം, ഓണം, വാർഷികം തുടങ്ങിയവ സമുചിതമായി ആഘോഷിച്ചു.

ഈ വർഷം കുട്ടികളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായി. ദിവസവേതന അടിസ്ഥാനത്തിൽ നാല് അദ്ധ്യാപകരെ നിയമിച്ചു.

## ഉപസംഹാരം

പ്രിയ കരയോഗാംഗങ്ങളെ,

എറണാകുളം കരയോഗത്തിന്റെ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് വിവിധ പദ്ധതികളുടെ പുരോഗതിയും നമ്മൾ കഴിഞ്ഞ 94 വർഷമായി ഏറ്റെടുത്ത് നടത്തിക്കൊണ്ടു വരുന്ന സാമൂഹ്യസേവന ജീവകാരുണ്യ ദൈനംദിന പ്രവർത്തനങ്ങളുടെയും തുടർച്ചയായിട്ടുള്ള ഈ വർഷത്തെ പ്രവർത്തനങ്ങളും ഭരണ പ്രവർത്തന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ഭാവി പ്രവർത്തനത്തെ സംബന്ധിച്ചും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതു സംബന്ധിച്ചും കരയോഗത്തിന്റെ പുരോഗതിക്ക് ഉതകുന്ന രീതിയിൽ കൂടുതൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ അംഗങ്ങളിൽ നിന്ന് സ്വാഗതം ചെയ്ത് കൊള്ളുന്നു.

കാലഘട്ടത്തിന്റെ പ്രത്യേക സാഹചര്യത്തിൽ, എറണാകുളം കരയോഗം പ്രതിനിധാനം ചെയ്യുന്ന സമുദായത്തിന്റെ നിലനില്പിനും ഹൈന്ദവ ആചാരങ്ങളും വിശ്വാസങ്ങളും പിന്തുടർന്ന് സനാതന ധർമ്മത്തിനു വേണ്ടി പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു സാഹചര്യത്തിന് മാറ്റം വന്നിട്ടുണ്ടോയെന്ന് വളരെ ഭയാശങ്കയോടെ ചിന്തിക്കേണ്ടിയിരിക്കുന്നു. നായർ കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും അണുകുടുംബങ്ങളിലേയ്ക്ക് ജീവിതശൈലീ മാറ്റം വരികയും നമ്മുടെ കുടുംബത്തിൽ സന്താനങ്ങൾ ഒന്നോ-രണ്ടോ ആയി ചുരുങ്ങുകയും മാതാപിതാക്കളുടെ അധ്വാനത്തിന്റെ ഫലം മുഴുവനുപയോഗിച്ച് മക്കളെ വിദ്യാഭ്യാസവും വലിയ അന്തസ്സുള്ള ഉന്നത ജോലിയും നേടുന്നതിന് വേണ്ടി മാത്രം പഠിപ്പിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ, പഠിച്ചു വളരുന്ന നമ്മുടെ മക്കൾ വിദ്യാഭ്യാസത്തിനും ജോലിക്കുമായി ജൻമദേശവും വിടേണ്ടിവരുന്നു.

അങ്ങിനെ തന്റെ ജീവിതം കരുപ്പിടിപ്പിക്കുന്നതിനിടയിൽ അന്യദേശ സംസ്ക്കാരങ്ങളും ജീവിതശൈലിയും അറിഞ്ഞോ അറിയാതെയോ അവരിലേക്ക് സ്വാംശീകരിക്കപ്പെടുന്നുണ്ട്. ഒരു പക്ഷെ, കേരളത്തിലെ ഒരു കണക്ക് പരിശോധിച്ചാൽ വിദ്യാസമ്പന്നരായ മക്കളുടെ മാതാപിതാക്കൾ വാർദ്ധക്യകാലത്ത് ഒറ്റപ്പെട്ട് കഴിയേണ്ട ഒരു ദയനീയ സ്ഥിതി ഇന്ന് നിലവിലുണ്ട്. ഓരോ ഗൃഹങ്ങളും വൃദ്ധസദനങ്ങളായി മാറിക്കൊണ്ടിരിക്കുന്നു എന്നത് നഗ്നസത്യമാണ്. ഇതിനെല്ലാം ഒറ്റയടിക്ക് മാറ്റം വരുത്തുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നില്ല. ആയതുകൊണ്ട് നമ്മുടെ സംസ്ക്കാരങ്ങളും പാരമ്പര്യവും ആചാരങ്ങളും വിശ്വാസങ്ങളും പുതിയ തലമുറയിലേക്ക് പകർന്നുകൊടുക്കുവാനും പിന്തുടരുവാനും

കഴിഞ്ഞില്ലെങ്കിൽ വരാനിരിക്കുന്ന വിപത്ത് വലുതായിരിക്കും.

കഴിഞ്ഞ ഒരു വർഷം മാത്രം ടിഡിഎം ഹാളിൽ 32 വിവാഹം/ വിവാഹനിശ്ചയങ്ങൾ വിവിധ കാരണങ്ങളാൽ റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു. സാമ്പത്തികമായി കരയോഗത്തിനെ സംബന്ധിച്ച് നഷ്ടമാണെന്നതിലപ്പുറം സാമൂഹ്യപരമായും സംസ്ക്കാരികമായും വിലമതിക്കാനാവാത്ത ദുഃഖമാണ് ഈ റദ്ദാക്കപ്പെട്ട ഭൂരിഭാഗം വിവാഹങ്ങളുടെയും നിശ്ചയങ്ങളുടെയും കാരണങ്ങൾ. സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും അതിരുകൾ കടന്നു പോകുന്നുണ്ടോ എന്ന് സംശയിക്കണം. നമ്മുടെ കുട്ടികളുടെ സ്വഭാവവും ആഗ്രഹങ്ങളും വിചാരങ്ങളും നാം വിലയിരുത്തുന്നുണ്ടോ? അവരെ പൂർണ്ണമായും തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ടോ എവിടെയൊക്കെയോ നാം പരാജയപ്പെടുന്നുണ്ടോ എന്ന് കൂടി രക്ഷകർത്താക്കൾ പുനർവിചിന്തനം നടത്തണം. ഇത്തരം സംഭവങ്ങളിൽ നിങ്ങളെ സഹായിക്കാൻ എറണാകുളം കരയോഗത്തിൽ വിവിധ പദ്ധതികൾ നിലവിലുണ്ട്.

വിവാഹ പൂർവ്വ കൗൺസിലിങ്ങ്, ചൈത്രം പോലുള്ള മാനസികാരോഗ്യ സേവന കേന്ദ്രങ്ങൾ, നിയമോപദേശക സമിതികൾ തുടങ്ങി സാമൂഹ്യപരമായ എല്ലാ ഇടപെടലുകളും എറണാകുളം കരയോഗ ത്തിലുണ്ട്. അവ പ്രയോജനപ്പെടുത്തി സ്നേഹവും സമാധാനവും മാനസികവും ശാരീരികവുമായി ആരോഗ്യമുള്ള കൂട്ടുകുടുംബം കെട്ടിപ്പടുക്കുക യാണ് നമ്മുടെ ആവശ്യം. അതിനായി ഓരോരു ത്തരും പരിശ്രമിക്കണമെന്ന് ആത്മാർത്ഥമായി ഓർമ്മപ്പെടുത്തുന്നു.

കഴിഞ്ഞ വർഷത്തെ ക്യാപ്പിറ്റൽ ബഡ്ജറ്റിൽ സൂര്യതാപ വൈദ്യുതി, ഫാമിലി ഹെൽത്ത് ക്ലബ്ബ്, പമ്പാഹാൾ നവീകരണം, പുതിയ ലിഫ്റ്റ് എന്നിവ താല്ക്കാലികമായി തുടർപദ്ധതിയായി മാറ്റിയിട്ടുണ്ട്. ഈ വർഷം പ്രാമുഖ്യം നൽകിയിട്ടുള്ളത് ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ് പ്രോജക്ടിനാണ്.

പ്രിയ സഹോദരി സഹോദരൻമാരെ, കഴിഞ്ഞ 45 വർഷത്തെ എന്റെ എളിയ പ്രവർത്തന പരിചയവും അതിനെല്ലാമുപരി നിരന്തരമായി കരയോഗാംഗങ്ങളുമായും സമൂഹത്തിലെ ഇതര സമുദായ അംഗങ്ങളുമായും ഇടപഴകുകയും സഹവർത്തിച്ച് പ്രവർത്തിക്കുവാനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. ഇതെല്ലാം ഒരു പക്ഷെ കരയോഗത്തിന്റെ വളർച്ചയ്ക്കുതകുന്ന പൊതുജന സൗഹാർദ്ദവും സഹകരണവും ഉണ്ടാക്കിയെടുക്കുന്നതിനും സൽപ്പേര് നിലനിർത്തുന്നതിനും ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. കക്ഷി രാഷ്ട്രീയഭേദമെന്യെ എല്ലാവരോടും സമ-അടുപ്പം നിലനിർത്തി എന്നാൽ നമ്മുടെ ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും പ്രാമുഖ്യം നല്കിക്കൊണ്ട് അതിനു വേണ്ടി ശക്തിയായി പ്രവർത്തിച്ചുകൊണ്ടുമാണ് ഭരണസമിതി മുന്നോട്ടു പോയിട്ടുള്ളതെന്ന് സവിനയം അറിയിക്കട്ടെ. ശ്രീഎറണാകുളത്തപ്പന്റെയും കരയോഗം ആസ്ഥാനമന്ദിരത്തിലെ ശ്രീ വിഘ്നേശ്വരന്റെയും എല്ലാ അനുഗ്രഹങ്ങളും നമ്മുടെ പ്രവർത്തനങ്ങൾക്ക് കൂടെ ഉണ്ടായിട്ടുണ്ട് എന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നു.

എറണാകുളം കരയോഗത്തിന്റെ 2018-19 ലെ പ്രവർത്തന റിപ്പോർട്ട് നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്ന ഈയവസരത്തിൽ കഴിഞ്ഞ നാളുകളിൽ എറണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ച വിവിധ ഉപസമിതി അംഗങ്ങൾ, ജീവനക്കാർ, പത്ര-ദൃശ്യ മാധ്യമ സുഹൃത്തുക്കൾ, എല്ലാ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, കക്ഷി രാഷ്ട്രീയ ഭേദമന്യെ കരയോഗത്തോട് സഹകരിക്കുന്ന സുഹൃത്തുക്കൾ, വിവിധ സമുദായ സംഘടനകൾ, കരയോഗത്തിന്റെ അഭ്യുദയകാംക്ഷികൾ തുടങ്ങി എല്ലാവരോടുമുള്ള നന്ദി ഈയവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

2018-19 ലെ ഭരണറിപ്പോർട്ട്, വരവു-ചിലവു കണക്കുകൾ, ഓഡിറ്റേഴ്സ് റിപ്പോർട്ട്, 2019-20 ലേക്കുള്ള വിവിധ ബഡ്ജറ്റുകൾ, പുതിയ സാമ്പത്തിക വർഷത്തിൽ നടത്തുവാനുദ്ദേശിക്കുന്ന വിവിധ പദ്ധതികളും നിർദ്ദേശങ്ങളും, അവയ്ക്കാവശ്യമായ ബഡ്ജറ്റുകൾ, ക്യാപ്പിറ്റൽ -റവന്യു ബഡ്ജറ്റ് എല്ലാം തന്നെ 94-ാമത് വാർഷിക പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചുകൊണ്ട്, വൈകുണ്ഠനാഥനായ സാക്ഷാൽ ശ്രീഗുരുവായൂരപ്പൻ നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ
കരയോഗം ഭരണസമിതിക്കു വേണ്ടി
ജനറൽ സെക്രട്ടറി

(ഒപ്പ്) കൊച്ചി
പി.രാമചന്ദ്രൻ (വേണു) 12.5.2019

# 2018 – 2019 ൽ തിരഞ്ഞെടുക്കപ്പെട്ട വിവിധ ഉപസമിതികൾ

**എറണാകുളം കരയോഗത്തിൻെറ വിവിധ ഉപസമിതികളിൽ പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങൾ ആണ്.**

## 1) അപ്പീൽ കമ്മിറ്റി

1) ജസ്റ്റിസ് എം.രാമചന്ദ്രൻ (കൺവീനർ)
2) വി.പി. മധുസൂദനൻ
3) കെ.രാമചന്ദ്രൻ നായർ

## 2) പരാതി പരിഹാരസെൽ

1) അഡ്വ.മുരളിപുരുഷോത്തമൻ (കൺവീനർ)
2) അഡ്വ.എ.രാജഗോപാൽ
3) ഡോ.കെ.പി.പി.നമ്പ്യാർ

## 3) നിയമ ഉപദേശക സമിതി

1) അഡ്വ.ശ്യാം കുമാർ സി.ആർ (കൺവീനർ)
2) അഡ്വ.എ.ബാലഗോപാലൻ
3) അഡ്വ.എം.ആർ.രാജേന്ദ്രൻ നായർ
4) അഡ്വ.കെ.രാമചന്ദ്രൻ (റിട്ട.ജഡ്ജ്)
5) അഡ്വ.ടി.ശിവദാസൻ നായർ
6) അഡ്വ.പി.സുരേഷ് മേനോൻ
7) ഡോ.അഡ്വ.എം.രാജേന്ദ്രകുമാർ
8) അഡ്വ.മുരളിപുരുഷോത്തമൻ
9) അഡ്വ.എസ്. മാധവൻ നായർ
10) അഡ്വ.ജി.ഉണ്ണിക്കൃഷ്ണൻ

## 4) ചൈത്രം

1) ഡോ.പി.വിജയലക്ഷ്മി മേനോൻ (കൺവീനർ)
2) മാലിനി ആർ.മേനോൻ
3) കെ.ഭവാനി
4) എം.ബാലചന്ദ്രൻ
5) കെ.ആർ.വേണുഗോപാൽ
6) ബാബു രാജീവ്.സി

## 5) പ്രോജക്ട് കമ്മിറ്റി

1) കെ.സതീഷ് (കൺവീനർ)
2) ആലപ്പാട്ട് മുരളീധരൻ
3) കെ.ജനാർദ്ദനൻ
4) ശ്രീകുമാരൻ ടി.പി.
5) അനിൽ കെ.നായർ
6) കെ.ബാലചന്ദ്രൻ
7) അഡ്വ.മുരളിപുരുഷോത്തമൻ

## 6) പ്രശാന്തി ഹോസ്റ്റൽ & ഹോം ഫോർ ദ് ഏജ്ഡ്

1) സുധ കൃഷ്ണകുമാർ (കൺവീനർ)
2) ശശികല നെടുങ്ങാടി
3) രാധ.പി.
4) ഭവാനി. കെ
5) പ്രൊഫ.സി.സുമംഗലാ ദേവി
6) ഡോ.എ.പാർവ്വതി

## 7) ജീവകാരുണ്യ/സാമൂഹ്യ പ്രവർത്തനങ്ങൾ

1) ആലപ്പാട്ട് മുരളീധരൻ (കൺവീനർ)
3) ഡോ.എ.പാർവ്വതി
4) പ്രൊഫ.സി.സുമംഗലാ ദേവി
5) കെ.ജനാർദ്ദനൻ
6) കെ.ആർ.വേണുഗോപാൽ
7) അഡ്വ.ടി.ശിവദാസൻ നായർ
8) കെ.വി.രാമചന്ദ്രൻ
9) ചന്ദ്രൻ ടി.എൻ
10) ശ്രീകുമാർ. എസ്
11) ശാന്ത രാമൻകുട്ടി
12) കെ.പ്രസന്നകുമാർ
13) അഡ്വ.എ.ബാലഗോപാലൻ

## 8) കരയോഗസൗഹൃദം കമ്മിറ്റി & എഡിറ്റോറിയൽ ബോർഡ്

1) ശ്രീവല്ലഭൻ നായർ എം. (എഡിറ്റർ)
2) കെ.പി.കൃഷ്ണമേനോൻ
3) പി.രാമചന്ദ്രൻ (വേണു)
4) കെ.ടി.മോഹനൻ
5) എ.മുരളീധരൻ
6) കെ.പ്രസന്നകുമാർ
7) പ്രൊഫ.സി.സുമംഗലാ ദേവി
8) സുധ കൃഷ്ണകുമാർ
9) പത്മജ മേനോൻ.എൻ.

## 9) എറണാകുളം കരയോഗം കഥകളി ക്ലബ്

1) ശശികല നെടുങ്ങാടി (കൺവീനർ)
2) എസ്.ശരത്കുമാർ
3) ഗിരിജാവല്ലഭൻ പി.
4) ഡോ.എ.കെ.സഭാപതി (പ്രത്യേക ക്ഷണിതാവ്)
5) രാധാകൃഷ്ണൻ.കെ (പ്രത്യേക ക്ഷണിതാവ്)
6) രഞ്ജിനി സുരേഷ് (പ്രത്യേക ക്ഷണിതാവ്)
7) ലക്ഷ്മി ദീപക്

## 10) ഹെൽത്ത് കമ്മിറ്റി

1) ഡോ.എ.പാർവ്വതി (കൺവീനർ)
2) കെ.ശാന്തകുമാരി

3) ഡോ.കെ.പ്രസന്നകുമാർ
4) ഡോ.സുന്ദരി മേനോൻ
5) ഡോ.സുജിത് ഹർഷൻ
6) ഡോ.പി.വിജയലക്ഷ്മി മേനോൻ
7) എം.ബാലചന്ദ്രൻ
8) പി.ആർ.പ്രഭാകരൻ നായർ
9) ഇ.വിജയകുമാർ
10) ശശികുമാർ മേനോൻ
11) ഡോ.മനോജ്.ജി

### 11) സാംസ്കാരിക കമ്മിറ്റി

1) കെ.എസ്.രവീന്ദ്രനാഥ് (കൺവീനർ)
2) കെ.ഭവാനി
3) പത്മജ മേനോൻ.എൻ
4) ചിത്ര ഗിരീഷ്
5) ശ്രീകുമാർ എസ്
6) ശശികല നെടുങ്ങാടി
7) പ്രൊഫ.സി.സുമംഗലാ ദേവി
8) സുധ കൃഷ്ണകുമാർ
9) സുധ ബി.മേനോൻ

### 12) എൽഡർ സിറ്റിസൺസ് ഫോറം

1) എസ്. ശ്രീകുമാർ (കൺവീനർ)
2) പ്രൊഫ.സി.സുമംഗലാ ദേവി
3) ടി.കെ.ശ്രീകുമാരൻ നായർ
4) എം.രാജലക്ഷ്മി
5) പി.ആർ.ബാലകൃഷ്ണൻ
6) സരസ്വതി വേണുഗോപാൽ
7) ശ്രീവല്ലഭൻ നായർ എം.
8) പി.ഗിരിജാവല്ലഭൻ

### 13) തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രം

1) പി.ഗിരിജാവല്ലഭൻ (കൺവീനർ)
2) കെ.ജനാർദ്ദനൻ
3) അഡ്വ.രാജഗോപാൽ.എ.
4) ശാന്ത രാമൻകുട്ടി
5) ശ്രീകുമാർ.എസ്
6) കെ.സതീഷ്
7) പി.ആർ.പ്രഭാകരൻ നായർ
8) ചന്ദ്രൻ.ടി.എൻ.

### 14) നവരാത്രി /സപ്താഹം കമ്മിറ്റി

1) കെ. ആർ.വേണുഗോപാൽ (കൺവീനർ)
2) സി.മുരളീധരൻ
3) എൻ.പത്മജ മേനോൻ
4) ഡി.കെ.നായർ
5) എം.രാജലക്ഷ്മി
6) പി.ഗൗരി
7) സിന്ധു കൃഷ്ണകുമാർ
8) പ്രസന്നകുമാർ.കെ
9) നന്ദകുമാർ.ടി
10) ഭരണസമിതി അംഗങ്ങൾ

### 15) സ്റ്റാഫ് വെൽഫെയർ & ഗ്രീവൻസ് കമ്മിറ്റി

1) പി.രാമചന്ദ്രൻ (വേണു)(കൺവീനർ)
2) കെ.പി.കൃഷ്ണമേനോൻ
3) അഡ്വ.ടി.ശിവദാസൻ നായർ
4) കെ.ടി.മോഹനൻ
6) മാലിനി മേനോൻ
7) സുധ കൃഷ്ണകുമാർ
8) പ്രൊഫ.സി.സുമംഗലാ ദേവി

### 16) കുടുംബക്ഷേമ കേന്ദ്രം

1) മാലിനി ആർ. മേനോൻ (കൺവീനർ)
2) രാധാലക്ഷ്മി മോഹൻ
3) അഡ്വ.ശ്യാം കുമാർ.സി.ആർ
4) ഡോ.പി.വിജയലക്ഷ്മി മേനോൻ
5) കെ.വി.രാമചന്ദ്രൻ
6) എം.ബാലചന്ദ്രൻ

### 17) സാമ്പത്തിക ഉപദേശക സമിതി

1) മോഹനൻ കെ. ടി (കൺവീനർ)
2) അഡ്വ.ടി.ശിവദാസൻ നായർ
3) അനിൽ കെ.നായർ
4) ജി.രവിമോൻ
5) കെ.ആർ.വേണുഗോപാൽ
6) ആർ.സുരേഷ്കുമാർ
7) രാമനാഥൻ മേനോൻ(പ്രത്യേക ക്ഷണിതാവ്)

### 18) വിമൻസ് ഫോറം

1) രാധാലക്ഷ്മി മോഹൻ (കൺവീനർ)
2) സുധാ കൃഷ്ണകുമാർ
3) കെ.മായാദേവി
4) ചിത്ര ഗിരീഷ്
5) കല്പകവല്ലി അമ്മ
6) പാർവ്വതി നായർ
7) എൻ.ടി.സരളകുമാരി
8) പ്രസന്ന കുറുപ്പ്
9) പ്രൊഫ.സി.സുമംഗലാ ദേവി
10) ശശികല നെടുങ്ങാടി
11) സിന്ധു കൃഷ്ണകുമാർ
12) ശ്രീലത ചന്ദ്രൻ
13) സുമതി.കെ.ജി.
14) വത്സല പി.പി.

### 19) പരിസ്ഥിതി അവാർഡ് കമ്മിറ്റി

1) കെ. വി. രാമചന്ദ്രൻ (കൺവീനർ)
2) അഡ്വ.ടി.ശിവദാസൻ നായർ
3) ശ്രീകുമാർ.എസ്.
4) ഡോ.ജി.മധു
5) ശ്രീകുമാർ മുഖത്തല
6) ജയതിലകൻ എസ്സ്
7) സെക്രട്ടറി/പ്രസിഡൻറ് പ്രസ്സ് ക്ലബ്ബ്
8) കെ.എസ്.രവീന്ദ്രനാഥ്
9) രാധാലക്ഷ്മി മോഹൻ
10) കെ.രാജഗോപാൽ
11) ശ്രീകുമാരൻ.ടി.പി.

### 20) അംഗത്വ പരിശോധന കമ്മിറ്റി

1) പി. ആർ. പ്രഭാകരൻ നായർ (കൺവീനർ)
2) ഗംഗാധരൻ ടി
3) ഗിരിജാവല്ലഭൻ പി

### 21) എഞ്ചിനീയേഴ്സ് ഫോറം

1) എൻ.വേണുഗോപാലൻ (കൺവീനർ)
2) ഡി.രജിത്ത്
3) കെ.ബാലചന്ദ്രൻ
4) ഡോ.കെ.ഹരിഹരൻ
5) ശിവദാസ് ആർ.മേനോൻ
6) ശ്രീകുമാരൻ.ടി.പി.

### 22) ഗുരുവായൂർ പ്രോജക്റ്റ് അഡൈ്വസറി കമ്മിറ്റി

1) ജസ്റ്റിസ്.ആർ.ഭാസ്ക്കരൻ
2) വേണുഗോപാൽ സി ഗോവിന്ദ്

### 23) ഐ.ടി. കമ്മിറ്റി

1) കെ.പി.കൃഷ്ണമേനോൻ (പ്രസിഡന്റ്)
2) പി.രാമചന്ദ്രൻ (വേണു)(മാനേജിങ്ങ് ട്രസ്റ്റി)
3) കെ.ടി.മോഹനൻ (ട്രഷറർ)
4) കൃഷ്ണകുമാർ.കെ

ചക്രവാകത്തിനോടു സമാനമായ ഹിന്ദുസ്ഥാനി രാഗമായ ആഹിർഭൈരവ് ബിന്ദുമാലിനി രാഗത്തോടും സമാനത പുലർത്തുന്നു. എപ്പോൾ പാടിയാലും ശോഭനീയമായ ഒരു രാഗം കൂടിയാണിത്. മൂന്നു സ്ഥായികളിലും സഞ്ചാരമുള്ള ത്രിസ്ഥായി രാഗമാണ്.

'എന്ത മുദ്ദോ' എന്ന ത്യാഗരാജകൃതിയിൽ കൂടി പ്രചാരം നേടിയ രാഗമാണിതെന്നും പറയാവുന്നതാണ്. 'നീലത്താമര' എന്ന ചലച്ചിത്രത്തിൽ ഈ കൃതി ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | |
|---|---|---|---|---|
| 1. എന്ത മുദ്ദോ | - | ആദി | - | ത്യാഗരാജസ്വാമി |
| 2. മെരുഗു ചെക്കുല | - | ആദി | - | അന്നമാചാര്യ |
| 3. കാണി നിലം വേണ്ടും | - | ആദി | - | സുബ്രഹ്മണ്യ ഭാരതീയർ |
| 4. ഭാമ ശിഖാമണി | - | ആദി | - | മധുരൈ. ജി. എസ്. മണി |
| 5. തതര താനി തോം (തില്ലാന) | - | ആദി | - | ചിത്രവീണ രവികിരൺ |
| 6. ധീം തജം ജണം തജം (തില്ലാന) | - | ആദി | - | ലാൽഗുഡി. ജി. ജയരാമൻ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. സാമരസ രഞ്ജനി | - | ലിവിംഗ് ടുഗെതർ |
| 2. എന്ന കുറൈയോ | - | മന്തിര പുന്നഗൈ (തമിഴ്) |

## ഭക്തിഗാനങ്ങൾ

| | | |
|---|---|---|
| 1. അത്താഴപ്പൂജ | - | നിർമാല്യ പൂജ |
| 2. ഉള്ളിനുള്ളിൽ | - | കർപ്പൂര ജ്യോതി |
| 3. വിളിച്ചാലും ഞങ്ങൾ | - | ശൈലം |

## വേദാന്ത പഠനക്ലാസ്സ്


**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ് എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**

## നായർ സ്ത്രീ സമാജത്തിലെ 2019 ജൂൺ മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 18.06.2019 (ചൊവ്വാഴ്ച) | വാർഷിക പൊതുയോഗം ടി.ഡി.എം. ഹാളിൽ | 3.00 p.m. |


വാസ്തു

# ചെറിയ വലിയ കാര്യങ്ങൾ



**ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)**

വീടു പണിക്കു മുമ്പ് എപ്പോഴും പ്ലോട്ട് ശരിയാക്കണം. രണ്ട് ഏക്കർ സ്ഥലത്ത് എറണാകുളത്ത് എല്ലാവരും അറിയുന്ന പൊതു സമ്മതനായ ഒരാളുടെ രണ്ടേക്കർ വിസ്തൃതിയുള്ള സ്ഥലത്ത് നില്ക്കുന്ന വീട്ടിൽ പോകേണ്ടി വന്നു. ഒരു കാലത്ത് ആന ഉണ്ടായിരുന്നതാണ്. ഇപ്പോൾ കാര്യങ്ങൾ വളരെ കഷ്ടപ്പാടിലാണ്. വീട് പരിശോധിച്ചതിൽ യാതൊരു കുഴപ്പവുമില്ല. എന്നാൽ വീട് നില്ക്കുന്നത് പറമ്പിന്റെ വടക്കു കിഴക്കു മാറിയാണ്. ഒരിക്കലും വടക്കു കിഴക്ക് ഭാഗത്ത് വീടു പണിതു താമസിക്കുന്നത് നല്ലതല്ല.




9 മുതൽ 12 കൊല്ലം കഴിയുമ്പോൾ Existing Energy കഴിയുന്നതും പ്രശ്നങ്ങൾ തുടങ്ങുന്നതും ആയിരിക്കും. വീടു പണിയുമ്പോൾ എവിടെ ആയാലും 3 സെന്റ് ആയാലും കിഴക്കും വടക്കും കൂടുതൽ സ്ഥലം വിട്ട് പണിയണം.

ഇതിനോടൊന്നിച്ച് കൊടുത്തിരിക്കുന്ന പ്ലാൻ നോക്കുക. പറമ്പിന്റെ തെക്കു പടിഞ്ഞാറ് , പടിഞ്ഞാറോട്ട് തള്ളിയാണ് ഇരിക്കുന്നത്. അതിനു പുറമെ 90 സെ.മി. താഴ്ന്നും ഇരിക്കുന്നു. ഒരിക്കലും തെക്കു പടിഞ്ഞാറ് താഴ്ന്നും തള്ളിയും ഇരിക്കരുത്.

പറമ്പിന്റെ വടക്കു വശത്തെ സ്ഥലത്തിന്റെ വീതിയിൽ നിന്ന് കുറച്ച് തെക്കുവശത്ത് 24 സെ. മി ഉയരത്തിൽ കുട്ടി മതിൽ പണിയണം. അതുപോലെ കിഴക്കിൽ നിന്നും കുറച്ചു പടിഞ്ഞാറും മതിൽ കെട്ടണം.

തെക്കും തെക്കു പടിഞ്ഞാറെ മൂലയും താഴ്ന്നിരിക്കുന്നതുകൊണ്ട് അവിടെയും കുട്ടി മതിൽ കെട്ടിയിരിക്കണം.

പ്രധാന വാതിൽ തെക്കു പടിഞ്ഞാറിൽ നിന്ന് പടിഞ്ഞാറ് മദ്ധ്യത്തിലേക്ക് മാറ്റണം. കിഴക്കു മദ്ധ്യത്തിലെ '$G_1$' ഗേറ്റ് വടക്കോട്ട് മാറ്റണം '$G_2$'.

പ്ലാൻ നോക്കുക

ഏതെങ്കിലും പ്ലോട്ടിന്റെ തെക്ക് അഥവാ പടിഞ്ഞാറ് പുഴ ഉണ്ടെങ്കിൽ വളരെ ശ്രദ്ധിക്കണം.

തെക്ക് പടിഞ്ഞാറ് പുഴയുള്ള ഒരു വീട്ടിൽ തെക്കുവശത്തും പടിഞ്ഞാറു വശത്തും നടപ്പാത ഉണ്ടാക്കി അതിന്റെ രണ്ടു ഭാഗത്തും 18 സെ.മി. ഉയരത്തിൽ കുട്ടി മതിൽ കെട്ടിയ ശേഷം പണി തുടങ്ങിയിരുന്നു. 75% പണി കഴിഞ്ഞപ്പോൾ ഗാർഡൻ ഉണ്ടാക്കുന്ന ആൾ അതെല്ലാം മാറ്റി എല്ലാ വെള്ളവും പുഴയിലേക്ക് വരാൻ പാകത്തിന് പുല്ല് ഇട്ടതോടെ പണി നിലച്ചു. 6 മാസമായി എല്ലാം പുറകോട്ടു തന്നെ. ഇന്നു രാവിലെ വീണ്ടും പോയി എല്ലാം പൊളിച്ച് പഴയപോലെ ആക്കുവാൻ പറയേണ്ടി വന്നു.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

തുടർച്ച



# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

**ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)**

## പഞ്ചാബ്

### 1) സിക്കുമതവും ഗുരുക്കന്മാരും

കബീറിന്റെ സമകാലികനായിരുന്ന ഗുരുനാനാക്ക് സിക്ക്മതസ്ഥാപകൻ എന്ന നിലക്ക് അന്നു തന്നെ പ്രസിദ്ധനായിരുന്നു. കാശിയിലേതുപോലെ പഞ്ചാബിൽ ഹിന്ദു ആചാരങ്ങൾക്കോ വേദശാസ്ത്രങ്ങൾക്കോ വേണ്ടത്ര പ്രാധാന്യമുണ്ടായിരുന്നില്ല. ഇസ്ലാം ഭരണത്തിനു കീഴിലായിരുന്നതിനാൽ ഇവിടെ മുസൽമാൻമാരായ പീറുകളും ഫക്കീറുകളും സമൂഹത്തിൽ സ്വാധീനം ചെലുത്തിപ്പോന്നു ഖത്രിജാതിയിൽ ജനിച്ച നാനാക്കിനു ലഭിച്ച വിദ്യാഭ്യാസവും സംസ്കാരവും കബീർ ദർശനങ്ങളിൽ നിന്നു വിഭിന്നമായിരുന്നു. സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ഹിന്ദുക്കളോടും മുസൽമാൻമാരോടും ഒരുപോലെ ഇടപഴകാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ഭാരതത്തിന്റെ സീമകൾക്കപ്പുറത്ത് ചില വിദേശ രാജ്യങ്ങളിൽ പര്യടനം നടത്താനും കഴിഞ്ഞു. വ്യത്യസ്തമായ ഉൾക്കാഴ്ചയും, വ്യക്തമായ കാഴ്ചപ്പാടും വികസിച്ചതോടെ നാനാക്ക് സ്വതന്ത്രമായ ദർശനങ്ങളെ ആവിഷ്കരിച്ചു. ഇതിന്റെ അനന്തരഫലത്താൽ സിക്ക്മതം സ്ഥാപിതമായി. വളരെപ്പെട്ടെന്നു തന്നെ പുതിയ മതം ജനങ്ങളെ സ്വാധീനിച്ചു. ക്ഷമാശീലത്തിനും സഹിഷ്ണുതക്കും മുൻതൂക്കം നൽകിക്കൊണ്ടു മുന്നോട്ടു നീങ്ങിയ ഗുരുക്കന്മാർ പിന്നീട് ക്ഷേത്രധർമ്മത്തെ അവലംബിക്കയും ചെയ്തു.

### 2) ഗുരുനാനാക്ക്

എ.ഡി. 1469 ൽ ലാഹോറിനടുത്ത് തൽവണ്ടി ഗ്രാമത്തിലാണ് സിക്കുമത സ്ഥാപകനായ ഗുരുനാനാക്ക് ജനിച്ചത്. ഖത്രി ജാതിയിൽപ്പെട്ട കാലൂചന്ദും തൃപ്തയുമായിരുന്നു മാതാപിതാക്കൾ. ജ്യേഷ്ഠസഹോദരി നാനകി നാനാക്കിനു സ്നേഹിതയും വഴികാട്ടിയുമായി. നാനാക്കിന് ചെറുപ്പത്തിൽത്തന്നെ മുസൽമാൻമാരായ സജ്ജനങ്ങളുമായി ഇടപെടാൻ അവസരം ലഭിച്ചു. പഞ്ചാബി, ഹിന്ദി, സംസ്കൃതം, പാർസി തുടങ്ങിയ ഭാഷകളിൽ അദ്ദേഹം പ്രാവീണ്യം നേടി. ലൗകികകാര്യങ്ങളിലോ വീട്ടുകാര്യങ്ങളിലോ അദ്ദേഹത്തിനു യാതൊരു താൽപര്യവുമുണ്ടായില്ല. ഏകാന്തധ്യാനത്തിലും സത്സംഗത്തിലും മാത്രം ശ്രദ്ധചെലുത്തി. പിതാവിന്റെ നിർബന്ധം മൂലം പഞ്ചാബിലെ ഒരു പാണ്ടികശാലയിൽ കുറച്ചുനാൾ ജോലിചെയ്തു. സുലഖനീദേവി എന്ന കന്യകയെ വിവാഹം കഴിക്കുകയും ശ്രീചന്ദ്, ലക്ഷ്മീചന്ദ് എന്ന രണ്ടു പുത്രന്മാർക്കു ജന്മം നൽകുകയും ചെയ്തു. കുറച്ചുകാലത്തിനുശേഷം ജോലിയും കുടുംബവുമുപേക്ഷിച്ച് തീർത്ഥാടനത്തിനിറങ്ങി. ഉത്തരഭാരതം, കശ്മീർ, ദില്ലി, ഹരിദ്വാർ, കാശി, പുരി, ഭൂട്ടാൻ, സിലോൺ മുതലായ ഓട്ടേറെ സ്ഥലങ്ങളിൽ യാത്ര ചെയ്തു. അഫ്ഗാനിസ്ഥാനിലെ കാബൂളിലും അറേബ്യയിലെ മക്ക, മദീന തുടങ്ങിയ രാജ്യങ്ങളിലും അദ്ദേഹം പര്യടനം ചെയ്തതായി ഐതിഹ്യങ്ങളുണ്ട്. യാത്രാസൗകര്യങ്ങൾ തുലോം കുറവായിരുന്ന ഒരു കാലഘട്ടത്തിൽ ഒരാൾക്ക് ഇത്രത്തോളം വിപുലമായ യാത്രകളിലേർപ്പെടുക സാദ്ധ്യമാവുമോ

എന്ന കാര്യം ഈ ഐതിഹ്യങ്ങളുടെ വിശ്വാസ്യതക്ക് വിരുദ്ധമാണ്.യാത്രക്കിടയിലൊരുനാൾ നാനാക്ക് എംനാബാദ് നഗരിയിലെത്തി. ബാബർ കൊള്ളയടിച്ചു നാശമോശം വരുത്തിയതോടെ എംനാബാദ് പഠാണികളുടെ സങ്കേതമായി മാറിയിരുന്നു. നഗരിയിൽ അവശേഷിച്ച ജനങ്ങൾ നാനാക്കിൽ ആശ്വാസം കണ്ടെത്തി. ഒരിക്കൽ ബാബറുമായുണ്ടായ അഭിമുഖവേളയിൽ നാനാക്ക് ഒരു പ്രവചനം നടത്തി. ഭാരതത്തിൽ വൈകാതെ മുഗൾ സാമ്രാജ്യം സ്ഥാപിതമാകും എന്നായിരുന്നു ആ പ്രവചനം. തുടർന്ന് വീണ്ടും തീർത്ഥാടനത്തിൽ മുഴുകി. സിക്കുമതത്തിന്റെ മൂലമന്ത്രമായ വാഹിഗുരുസ്മരൺ പ്രചരിപ്പിച്ച നാനക്കിന് അനുദിനം ശിഷ്യഗണങ്ങൾ ഏറിയേറി വന്നു. നാനാക്കിന്റെ അനുയായികൾ സിക്കുകാർ എന്നറിയപ്പെട്ടു. അന്ത്യകാലം മുഴുവൻ അദ്ദേഹം കർതാർപൂർ എന്ന ഗ്രാമത്തിൽ കഴിച്ചുകൂട്ടി. ദാനമായി ലഭിച്ച ഭൂമിയിൽ കൃഷി ചെയ്യാൻ അനുയായികളെ പ്രേരിപ്പിച്ചു. കൃഷി ചെയ്തുണ്ടാക്കിയ ധാന്യം കൊണ്ട് നിത്യവും അനേകം പേർക്കു ഭോജനം നൽകി. പ്രാതസന്ധ്യയിലും സായം സന്ധ്യയിലും സങ്കീർത്തനങ്ങളാലപിക്കാൻ അനുയായികളെ നിയോഗിച്ചു. പ്രിയശിഷ്യനായ ലഹണാ എന്ന യുവാവിനെ അംഗദ് എന്നു നാമകരണം ചെയ്തു. എ.ഡി. 1538 ൽ അംഗദിനെ പിൻഗാമിയായി അവരോധിച്ചതിനുശേഷം ഗുരുനാനക്ക് സമാധിയായി.

## 3) ഗുരുഅംഗദ്

ഗുരുനാനാക്കിന്റെ പ്രിയശിഷ്യനായിരുന്നു ലഹണാ. എ.ഡി. 1561 ലാണ് ലഹണാ ഭൂജാതനായത്. പിതാവിന്റെ പേര് ഫേരൂ എന്നും മാതാവിന്റ പേര് ദയാകുമാരി എന്നുമായിരുന്നു. ബാല്യകാലം മുതൽക്കേ ഭക്തിമാർഗത്തിലൂടെ ചരിച്ച ലഹണാ കൗമാരം കടക്കുംമുമ്പ് ഖീബീ എന്ന കന്യകയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ദാതു, ദാസു എന്നീ പുത്രന്മാരും അമരു എന്നൊരു പുത്രിയും ഉണ്ടായി. മുഗളന്മാർ ഗ്രാമത്തെ ആക്രമിച്ചു കീഴടക്കിയപ്പോൾ ലഹണാ കുടുംബത്തെയും കൂട്ടി അമൃത്സറിലേക്കു താമസം മാറ്റി. ദേവീഭക്തനായിരുന്ന ലഹണാ സിക്കുമതദർശനങ്ങളിൽ ആകൃഷ്ടനായി. കർതാർപൂറിൽ ചെന്ന് ഗുരുനാനാക്കിനെ നേരിട്ടു കണ്ടു. ഈ സമാഗമം അദ്ദേഹത്തിന്റെ ജീവിതത്തിലെ വഴിത്തിരിവായി. അലസനായ പുത്രനെക്കാളും സുഖലോലുപരായ ശിഷ്യന്മാരെക്കാളും ആത്മാർത്ഥത പ്രകടിപ്പിച്ച ലഹണായെ നാനാക്ക് സർവ്വാത്മനാ ശിഷ്യനായി സ്വീകരിച്ചു. പരിശ്രമശാലിയായിരുന്ന ലഹണാ ഗുരുവിന്റെ പ്രീതിപാത്രമായി. നാനാക് ശിഷ്യനെ അംഗദ് എന്നു നാമകരണം ചെയ്യുകയും തന്റെ പിൻഗാമിയായി അവരോധിക്കയും ചെയ്തു. നാനാക്കിന്റെ സമാധിയെ തുടർന്ന് സിക്കുമതാധിപനായ അംഗദ് ഗുരുവിന്റെ പാത പിന്തുടർന്നു. വളരെ വേഗം അദ്ദേഹം അനുയായി കളുടെ സ്നേഹാദരങ്ങൾ പിടിച്ചുപറ്റി. അദ്ദേഹത്തിന്റെ പ്രവർത്തനത്താൽ സിക്കുമതം പൂർവ്വാധികം പ്രചാരം നേടി.ബാബറിന്റെ പുത്രനായ ഹുമയൂൺ ഷെർഷായിൽ നിന്നു പരാജയമേറ്റുവാങ്ങിയ സന്ദർഭം! യുദ്ധഭൂമിയിൽ നിന്നു ജീവൻ രക്ഷിച്ച് ഹൂമയൂൺ ഗരു അംഗദിന്റെ ആശ്രമത്തിലെത്തി. ധ്യാനത്തിലിരുന്നിരുന്ന അംഗദ് ശരണാഗതനെ കണ്ടില്ല. ക്രുദ്ധനായ ഹുമയൂൺ ഗുരുവിന്റെ പ്രവർത്തിയെ അപലപിച്ചു. അതിനോടകം ധ്യാനമുണർന്ന ഗുരു ഹുമയൂണിനെ ആശ്വസിപ്പിക്കയും വിജയമുണ്ടാവട്ടെ എന്നനുഗ്രഹിക്കയും ചെയ്തു. ഗുരുവിന്റെ അനുഗ്രഹം യാഥാർത്ഥ്യമായപ്പോൾ ഹുമയൂൺ വീണ്ടും സിക്ക് ആസ്ഥാനത്തെത്തി. പക്ഷെ ഗുരുവിന്റെ സമാധിവാർത്തയാണ് അദ്ദേഹത്തിനു കേൾക്കാനായത്. മനംനൊന്ത ഹുമയൂൺ മടങ്ങി.ഗുരുനാനക്കിന്റെ രചനകൾ സംഗ്രഹിച്ച് ഗ്രന്ഥരൂപത്തിലാക്കിയത് ഗുരു അംഗദ് ആണ്. ഇതിനായി അദ്ദേഹം 'ഗുരുമുഖി' എന്നൊരു ലിപി ആവിഷ്കരിച്ചു. സ്വന്തമായി ചില കൃതികൾ രചിക്കാനും ഗുരു അംഗദ് ശ്രദ്ധവെച്ചു. ഇരുകൂട്ടരുടെയും രചനകൾ സിക്കുകാരുടെ മതഗ്രന്ഥമായ ഗ്രന്ഥ്സാഹബിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുരുക്കന്മാരുടെ ജീവചരിത്രവും ഈ ഗ്രന്ഥത്തിൽ ക്കാണാം. ശിഷ്യനായ അമർദാസിനെ പിൻഗാമിയായി അവരോധിച്ചതിനുശേഷം എ.ഡി. 1609-ൽ ഗുരു അംഗദ് സമാധിയായി.

## 4) ഗുരു അമർദാസ്

സിക്ക് ഗുരുപരമ്പരയിലെ മൂന്നാമനാണ് ഗുരു അമർദാസ്. എ.ഡി. 1536-ൽ അമൃതസറിനടുത്തൊരു ഗ്രാമത്തിലെ കർഷകനായ തേജ്ഭാൻ ഖത്രിയുടെയും മനസാദേവിയുടെയും പുത്രനായി അമർദാസ് ജനിച്ചു. ഇദ്ദേഹത്തിന്റെ അനന്തരവൻ ഗുരു അംഗദിന്റെ പുത്രി അമരുവിനെ വിവാഹം കഴിച്ചു. അമരുവിന്റെ നാവിൽ നിന്നും ഗുരുനാനാക്കിന്റെ 'ബാണി' കൾ കേൾക്കാനിടയായത് അമർദാസിൽ പരിവർത്തനമുണ്ടാക്കി. അത്രയും കാലം വിഷ്ണുഭക്തനായിരുന്ന അദ്ദേഹം ഗുരു അംഗദിനെ ഗുരുവായി വരിച്ച് സിക്കുമതം സ്വീകരിച്ചു. ഗുരുവിനെ സേവിക്കുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെത്തി. ഗുരു അംഗദ് അമർദാസിൽ തന്റെ പിൻഗാമിയെ കണ്ടു. ഗുരുപുത്രനായ ദാതുവിന് പിതാവിന്റെ തീ

രുമാനം അശേഷം രുചിച്ചില്ല. അയാൾ അമർദാസിനെ ആക്രമിച്ചു. മനംനൊന്ത അമർദാസ് സ്വന്തം നാട്ടിലേക്ക് മടങ്ങിപ്പോയെങ്കിലും സിക്കുകാരുടെ അപേക്ഷയെ മാനിച്ച് ഗുരുസന്നിധിയിലേക്കു മടങ്ങി. അതിനിടെ ചില ബ്രാഹ്മണർ അമർദാസിനെതിരെ രംഗത്തു വന്നു. ഹിന്ദുമതത്തെ അപമാനിച്ചു എന്നായിരുന്നു അവരുടെ ആരോപണം. അക്ബർ ചക്രവർത്തി അമർദാസിനെ കൊട്ടാരത്തിലേക്കു വിളിപ്പിച്ചു. വാർദ്ധക്യസഹജമായ അവശതകൾ മൂലം ഗുരു തന്റെ ശിഷ്യനും ജാമാതാവുമായ ജേഠയെ കൊട്ടാരത്തിലേക്കു പറഞ്ഞയച്ചു. ചക്രവർത്തിയെ സത്യാവസ്ഥ ബോദ്ധ്യപ്പെടുത്താൻ ജേഠക്കു കഴിഞ്ഞു. 'ഗുരുവിനോട് ഹരിദ്വാരിലേക്കു ചെല്ലാൻ പറയൂ', എന്നായിരുന്നു ചക്രവർത്തി യുടെ കൽപ്പന ! വാർദ്ധക്യത്തെ വകവെക്കാതെ ഹരിദ്വാരിലെത്തിയ അമർദാസ് ഹിന്ദുക്കൾക്കിടയിൽ സിക്ക് ധർമ്മങ്ങൾ പ്രചരിപ്പിച്ചു.

ജേഠായുടെ ഭക്തിയും യോഗ്യതയുംകണ്ടു സംപ്രീതനായ അമർദാസ് സിക്കുമതാചാര പ്രകാരം നാണയവും നാളികേരവും ദാനമായി നൽകി ജേഠായെ ഗുരുപരമ്പരയിൽ വാഴിച്ചു. സിക്കുമത പ്രചരണാർത്ഥം അദ്ദേഹം അനേകം കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഇദ്ദേഹത്തിന്റെ രചനകളും ഗ്രന്ഥ്സാഹബിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.എ.ഡി. 1631–ൽ ഗുരു അമർദാസ് സമാധിയായി.

## 5. ഗുരുരാംദാസ്

ഗുരു അമർദാസിന്റെ സമാധിയെ തുടർന്ന് ജേഠാ സിക്കുകാരുടെ ഗുരുസ്ഥാനമലങ്കരിച്ചു. ഗുരു രാംദാസ് എന്ന പേരിൽ അദ്ദേഹം അറിയപ്പെട്ടു. എ.ഡി. 1591–ൽ ഒരു ഖത്രി കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. പിതാവിന്റെ പേര് ഹരിദാസ് എന്നും മാതാവിന്റെ പേര് ദയാകുമാരി എന്നും ആയിരുന്നു.ചെറുപ്പം മുതൽക്കുതന്നെ ജേഠാ സജ്ജനസേവയിലും സത്സംഗത്തിലും താൽപര്യം പ്രകടിപ്പിച്ചു. ജേഠായുടെ വിനയവും ഭക്തിയും കണ്ടു സംപ്രീതനയായ അമർദാസ് തന്റെ പുത്രിയെ ജേഠായ്ക്കു വിവാഹം ചെയ്തു കൊടുത്തു. എന്നെന്നും സിക്കുകാരുടെ ഗുരുസ്ഥാനം ജേഠായുടെ പരമ്പരയിൽ നിക്ഷിപ്തമായിരിക്കട്ടെ എന്ന വരവും നൽകി.ഗുരു രാംദാസിനു മൂന്നു പുത്രൻമാരുണ്ടായി. മൂത്തവർ രണ്ടുപേരും പിതാവിന്റെ രീതികളെ എതിർത്തപ്പോൾ ഇളയവനായ അർജ്ജുൻ പിതാവിന്റെ ആജ്ഞാനുവർത്തിയായി കഴിഞ്ഞുകൂടി. സംപ്രീതനായ ഗുരുരാംദാസ് അർജ്ജുനിൽ തന്റെ പിൻഗാമിയെ കണ്ടെത്തി. മൂത്തപുത്രനായ പൃഥീചന്ദിന് പിതാവിന്റെ തീരുമാനം അശേഷം രുചിച്ചില്ല. ഗുരുവിന്റെ ആജ്ഞപ്രകാരം രാംദാസ് 'സന്തോഷ്നഗർ' എന്നൊരു തടാകമുണ്ടാക്കി. ഈ തടാകം പിൽക്കാലത്ത് 'അമൃത്സർ' എന്നറിയപ്പെട്ടു. ഗുരുരാംദാസിന്റെ രചനകൾ ഗുരുഗ്രന്ഥ് സാഹബിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എ.ഡി. 1638–ൽ ഗുരു രാംദാസ് സ്വർഗാരോഹണം ചെയ്തു.

## 5. ഗുരു അർജ്ജൻ ദേവ്

എ.ഡി. 1680 –ൽ സിക്ക് ഗുരു പരമ്പരയിലെ നാലാമാനായ ഗുരു രാംദാസിന്റെ പുത്രനായാണ് അർജ്ജൻദേവ് ജനിച്ചത്. ഗുരു അമർദാസ് ഇദ്ദേഹത്തിന്റെ മാതാമഹനായിരുന്നു. ഗുരുപദത്തിൽ പ്രതിഷ്ഠിതനായ ഇദ്ദേഹത്തിന് ധാരാളം ശത്രുക്കളുണ്ടായി. ജ്യേഷ്ഠസഹോദരന്മാരായ പൃഥീചന്ദും മഹാദേവുമായിരുന്നു അവരിൽ പ്രമുഖർ. അർജ്ജൻദേവ് അനുയായികൾക്കൊപ്പം മതപ്രചരണത്തിൽ മുഴുകിയിരിക്കെ സഹോദരന്മാർ അദ്ദേഹത്തെ എങ്ങിനെ കുരുക്കിൽപ്പെടുത്താം എന്നോർത്തു തല പുകച്ചു. അവർ അക്ബർ ചക്രവർത്തിയുടെ മന്ത്രിയായ ബീർബലിന്റെ സഹായം തേടി. എന്നാൽ അർജ്ജൻ ദേവിനെ അപായപ്പെടുത്താനിടകിട്ടും മുമ്പുതന്നെ ബീർബൽ ദിവംഗതനായി. അതിനിടെ അക്ബറിന്റെ മറ്റൊരു ദിവാനായിരുന്ന ചന്ദുഷാ തന്റെ പുത്രിക്കു വേണ്ടി അർജ്ജൻ ദേവിന്റെ പുത്രനായ ഹർഗോവിന്ദിനെ തേടി ചെന്നു. ഹർഗോവിന്ദ് വിവാഹത്തിനു വിസമ്മതിച്ചു. കുപിതനായ ചന്ദുഷാ പൃഥീചന്ദുമായി ചേർന്ന് അർജ്ജൻ ദേവിനെതിരെ ഗൂഢാലോചന നടത്തി. അവർ ജഹാംഗീർ ചക്രവർത്തിയുടെ കാതിൽ ഏഷണികളോതിക്കൊടുത്തു. ചക്രവർത്തി അർജ്ജൻ ദേവിനെ വിളിപ്പിച്ചു. 'രണ്ടുലക്ഷം രൂപ പിഴയൊടുക്കുക! അല്ലെങ്കിൽ ഗ്രന്ഥ് സാഹബിലെ ചില ഭാഗങ്ങൾ എടുത്തു കളയുക!' ചക്രവർത്തി കൽപ്പിച്ചു. അർജ്ജൻ ദേവ് രണ്ടിനും വിസമ്മതിച്ചു. തുടർന്ന് അദ്ദേഹം തടവിലായി. രാജകല്പ്പനയനുസരിച്ച് പടയാളികൾ അദ്ദേഹത്തെ പലവിധത്തിലും പീഡിപ്പിച്ചു. എന്നിട്ടും തന്റെ നിലപാടിൽത്തന്നെ അദ്ദേഹം ഉറച്ചു നിന്നു. ഒടുവിൽ രാജാവിന്റെ സമ്മതപ്രകാരം അഞ്ചു സിക്കുകാരുമൊത്ത് റാവിനദിയിൽ സ്നാനം ചെയ്യാൻ അനുമതി ലഭിച്ചു. രാജകിങ്കരന്മാരുടെ കാവലിൽ റാവിനദിയിലിറങ്ങിയ ഗുരു അർജ്ജൻദേവ് പുത്രനായ ഹർഗോവിന്ദിനെ പിൻഗാമിയായി അവരോധിച്ചതിനു ശേഷം നദിയിൽ പ്രാണത്യാഗം ചെയ്തു. എ.ഡി. 1663 ലാണ് ഗുരു അർജ്ജൻദേവ് രക്തസാക്ഷിത്വം വഹിച്ചത്.

അമൃത്സറിലെ സുവർണ്ണക്ഷേത്രം സ്ഥാപിച്ചത് ഗുരു അർജ്ജൻദേവാണ്. അദ്ദേഹത്തിന്റെ സമാധി

യെ തുടർന്ന് ഹർഗോവിന്ദ്, ഹർറായ്, ഹർകൃഷൻ, തേജ് ബഹാദുർ, ഗോബിന്ദ് സിങ്ങ് എന്നിവർ യഥാക്രമം സിക്ക് ഗുരുസ്ഥാനം വഹിച്ചു.

## 6. ഗ്രന്ഥ് സാഹബ്

സിക്കുകാരുടെ പുണ്യഗ്രന്ഥമായ 'ഗ്രന്ഥ് സാഹബ്' അത്യുൽകൃഷ്ടശ്രേണിയിലുള്ള ഒരു സാഹിത്യ സംഗ്രഹമാണ്. ഗുരുനാനാക് മുതൽ സിക്ക് ഗുരുപരമ്പരയെ അലങ്കരിക്കുന്ന എല്ലാ ദിവ്യന്മാരുടെയും രചനകൾ ഈ ഗ്രന്ഥത്തിലുൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ നാംദേവ്, രയിദാസ്, കബീർ തുടങ്ങിയ മറ്റനേകം ഋഷികവികളുടെ രചനകളും ഗ്രന്ഥ്സാഹബിന്റെ താളുകളെ ധന്യമാക്കുന്നു.. എ.ഡി. 1589 ൽ ഗുരു അംഗദ് ആവിഷ്ക്കരിച്ച 'ഗുരുമുഖി' ലിപിയാണ് ഈ ഗ്രന്ഥത്തിന്റെ ശൈലി. 'സബദു'കളും 'സാഖി' കളും 'ജപുജി' വൃത്തത്തിൽ രചിച്ചിരിക്കുന്നു.

ഇന്ത്യയിലെ വിവിധ ജനസമൂഹങ്ങളിൽ സിക്ക് സമൂഹത്തിന് സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഗുരുഗ്രന്ഥ്സാഹബ് അമൂല്യമായ തത്വങ്ങളെ വിശദീകരിക്കുന്ന ഒരു മതഗ്രന്ഥമാണ്. സിക്കുകാരുടെ ആരാധനാലയങ്ങൾ 'ഗുരുദ്വാര' എന്ന പേരിൽ അറിയപ്പെടുന്നു. സിക്കുമതത്തിൽ വിഗ്രഹാരാധനക്ക് സ്ഥാനമില്ല. ഏകേശ്വരവാദികളായ സിക്കുകാർക്ക് അവരുടെ ആദിഗ്രന്ഥം തന്നെയാണ് ഗുരുഗ്രന്ഥ്സാഹബ്.

## ഭക്തിസമ്പ്രദായങ്ങൾ

ആത്മീയനവോത്ഥാനത്തിന്റെ ഭാഗമെന്നോണം നിരവധി ഭക്തിസമ്പ്രദായങ്ങൾ ആവിഷ്കരിക്കപ്പെട്ടു എന്ന് ഇതിനോടകം മനസ്സിലായിക്കാണുമല്ലോ. മാർഗങ്ങൾ വിഭിന്നമായിരുന്നെങ്കിലും ഭക്തിധാരകളുടെ ലക്ഷ്യം ഒന്നുതന്നെയായിരുന്നു. 'സമ്പ്രദായം' എന്ന പദത്തിനു ബദലായി 'മതം' എന്ന പദവും ഉപയോഗിച്ചിരുന്നു. ഈ പ്രയോഗം ചിലപ്പോഴൊക്കെ ചില തെറ്റിദ്ധാരണകൾക്കു വഴിവെക്കുകയും ചെയ്തു. എങ്കിലും ഭക്തിപ്രസ്ഥാനങ്ങൾ (വിവിധ മതങ്ങൾ) പൊതുവെ സമൂഹത്തിന്റെ ചിന്തകളെ സ്വാധീനിക്കയും മെച്ചപ്പെട്ട ഉൾക്കാഴ്ചകൾ സൃഷ്ടിക്കയും ചെയ്തു. ഇത്തരുണത്തിൽ പ്രധാനപ്പെട്ട ചില ഭക്തിധാരകളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതുണ്ട്.

## 1) സഖീ സമ്പ്രദായം

ആദ്യകാലത്ത്, പ്രബലമായ നിംബാർക്ക സമ്പ്രദായത്തിന്റെ ഒരു ശാഖ എന്ന നിലക്കു മാത്രം അംഗീകാരമുണ്ടായിരുന്ന ഒരു ഭക്തിസമ്പ്രദായം! വ്രജഭൂമിയിലും പരിസരങ്ങളിലുമായി വിരിഞ്ഞ് പിന്നീട് സ്വതന്ത്രമായ പ്രസക്തിയുണ്ടാക്കിയെടുത്തപ്പോൾ അതു ചരിത്രമായി. സഖീസമ്പ്രദായമെന്നറിയപ്പെട്ട ഈ ഭക്തിധാരയുടെ മുഖ്യപ്രണേതാവ് സ്വാമി ഹരിദാസായിരുന്നു . അതിനാൽ ഇത് ഹരിദാസീ സമ്പ്രദായം എന്നും അറിയപ്പെട്ടു.

ജയ്പൂരിലെ രാജാജയസിംഹന്റെ ഭരണകാലം! മധുരയും വൃന്ദാവനവും അന്ന് ജയ്പൂരിന്റെ ഭാഗങ്ങളായിരുന്നു. വൃന്ദാവനത്തിലെ സന്യാസിമാരെക്കുറിച്ച് രാജാജയസിംഹന്റെ മുമ്പാകെ പരാതികൾ കുന്നുകൂടി.പീതാംബർജി എന്ന ആചാര്യനോട് രാജാവ് നീരസപ്പെട്ടു. ആചാര്യ രസികദാസിനും അനുയായികൾക്കും അദ്ദേഹം വിലക്കു കൽപിച്ചു. 'നിജമത് സിദ്ധാന്ത്' എന്ന ഗ്രന്ഥത്തിൽ സഖീസമ്പ്രദായത്തെക്കുറിച്ചു വിശദമായ പരാമർശങ്ങളുണ്ട്.

## സ്വാമി ഹരിദാസ്

നിജ്മത് സിദ്ധാന്ത് എന്ന ഗ്രന്ഥം സ്വാമി ഹരിദാസിന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്നു. വൃന്ദാവനത്തിന്റെ പരിസരപ്രദേശമായ രാജ്പൂർ എന്ന ഗ്രാമത്തിൽ എ.ഡി. 1512 ൽ ഹരിദാസ് ജനിച്ചു എന്ന് ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. സനാഢ്യ ജാതിയിൽപ്പെട്ട ഗംഗാധറും ചിത്രയുമായിരുന്നു മാതാപിതാക്കൾ. ഗുരു ആശുധീറിൽ നിന്ന് സ്വാമി ഹരിദാസ്ജി ദീക്ഷ സ്വീകരിച്ചു. ഇതേ ഗ്രന്ഥത്തിൽ ഹരിദാസ്ജിയുടെ ജീവചരിത്രം മറ്റൊരു രീതിയിലും രേഖപ്പെടുത്തിക്കാണാം. അതനുസരിച്ച് അദ്ദേഹം ആശുധീർജിയുടെ പുത്രനാണ് ! ശിഷ്യനുമാണ്! പഞ്ചാബിൽ നിന്നു കുടിയേറിയ സാരസ്വത ബ്രാഹ്മണ കുടുംബത്തിലെ അംഗമാണ് ഹരിദാസ്ജി എന്നും ഈ ഗ്രന്ഥം പറയുന്നു. അദ്ദേഹത്തിന്റെ സഹോദരങ്ങളെക്കുറിച്ചും ഗ്രന്ഥം പരാമർശിക്കുന്നുണ്ട്.

'വൃന്ദാവനത്തിലും പരിസരത്തുമുള്ള വിവിധ വൈഷ്ണവ സമ്പ്രദായക്കാർ തങ്ങളുടേതായ വൈദികപ്രമാണങ്ങളുമായി മുഖം കാട്ടുക' എന്ന് രാജകൽപ്പനയുണ്ടായ സന്ദർഭം!. പലർക്കും തങ്ങളുടേതായ പ്രാമാണിക രേഖകൾ ഉണ്ടായിരുന്നില്ല. ചൈതന്യസമ്പ്രദായത്തിലെ പണ്ഡിറ്റ് ബലദേവ് വിദ്യാഭൂഷൺ 'ഗോവിന്ദഭാഷ്യം' എന്ന പ്രമാണഗ്രന്ഥവുമായി രാജാവിനെ മുഖം കാട്ടി. ചൈതന്യ സമ്പ്രദായത്തിന് രാജാവിന്റെ അംഗീകാരം ലഭിച്ചു. രാധാവല്ലഭ സമ്പ്രദായക്കാർ ഏറെ ബുദ്ധിമുട്ടി. ഹരിദാസിസമ്പ്രദായക്കാർ എളുപ്പവഴി തേടി. തങ്ങൾ നിംബാർക്ക സമുദായത്തിന്റെ ഒരു ശാഖയാണെ

ന്ന് അവർ രാജാവിനെ ബോധിപ്പിച്ചു. രാജാവിന്റെ അംഗീകാരം ലഭിച്ചുവെങ്കിലും ഹരിദാസികൾക്കിടയിൽ ഇത് ഭിന്നാഭിപ്രായങ്ങൾക്ക് കാരണമായി. ഹരിദാസി സമ്പ്രദായത്തിലെ ശ്രേഷ്ഠകവിയായ ഭഗവത് രസിക് എന്ന പണ്ഡിതൻ പിൽക്കാലത്ത് രേഖകൾ നിരത്തിക്കൊണ്ട് തങ്ങൾ സ്വതന്ത്രമായ ഒരു ഭക്തിമാർക്ഷത്തിന്റെ വക്താക്കളാണെന്ന് കാര്യകാരണ സഹിതം, വ്യക്തമാക്കി. രേഖകളിൽ കണ്ട വസ്തുതകൾ പൊതുവെ അംഗീകരിക്കപ്പെടുകയും ചെയ്തു.

ബിഹാരിനിദാസ്, വ്യാസ്ജി തുടങ്ങിയ മഹാത്മാക്കൾ സ്വാമി ഹരിദാസിന്റെ സമകാലികരായിരുന്നു. കൗമാരത്തിൽ വിവാഹിതനായെങ്കിലും അദ്ദേഹത്തിന്റെ ദാമ്പത്യജീവിതത്തിന് ആയുസ്സു കുറവായിരുന്നു. പത്നിയുടെ അകാലചരമം അദ്ദേഹത്തെ വൈരാഗിയാക്കിത്തീർത്തു. ലൗകിക ജീവിതം വെടിഞ്ഞ് ഹരിദാസ്ജി വൃന്ദാവനത്തിൽ അഭയം തേടി. ഇവിടെവെച്ച് സ്വപിതാവായ ആശുധീറിൽ നിന്നു ദീക്ഷ സ്വീകരിക്കുകയും വൃന്ദാവനത്തിലെ നിധിവൻ എന്ന മലർവാടികയിൽ ഉപാസനയിലിരിക്കുകയും ചെയ്തു. ധ്യാനാവസ്ഥയിലിരിക്കെ അദ്ദേഹത്തിന് ബാംകേബിഹാരിരൂപത്തിലുള്ള കൃഷ്ണന്റെ ദർശനം ലഭിച്ചു. (ഈ സ്ഥാനത്ത് ഇന്നും ഒരു ക്ഷേത്രം കാണാം- സ്വാമി ഹരിദാസിന്റെ പിൻമുറക്കാരാണ് ഇവിടുത്തെ പൂജാദികർമ്മങ്ങൾ നിറവേറ്റുന്നത്).

ഗുരുനാനാക്കിന്റെ സഹയാത്രികനായ മർദാന എന്ന സംഗീതജ്ഞനിൽ നിന്നും സംഗീതശാസ്ത്രം വശമാക്കിയ ഹരിദാസ്ജി സംഗീതകലയിൽ അതുല്യനായിത്തീർന്നു. കിന്നരി, സിതാർ തുടങ്ങിയ തന്ത്രിവാദ്യങ്ങളും മൃദംഗം, ദഫ് തുടങ്ങിയ താളവാദ്യങ്ങളും അനായാസം കൈകാര്യം ചെയ്യാനുള്ള വൈഭവം സ്വായത്തമാക്കി. രാഗങ്ങളുടെ മർമ്മം കണ്ടെത്തിയ വിദ്വാനായിരുന്നു അദ്ദേഹം. കേദാർ, ഗൗരി, മൽഹാർ, ബസന്ത് തുടങ്ങിയ രാഗങ്ങളോട് പ്രത്യേക ആഭിമുഖ്യമുണ്ടായിരുന്നു. സ്വാമിഹരിദാസിന്റെ സംഗീതസിദ്ധിയെക്കുറിച്ചു കേട്ടറിഞ്ഞ അക്ബർ ചക്രവർത്തി പ്രിയമിത്രവും മുഗൾദർബാറിലെ ആസ്ഥാനഗായകനുമായ താൻസേൻനെ വൃന്ദാവനത്തിലേക്കയച്ചു. താൻസേൻ അവിടെ തങ്ങുകയും സ്വാമി ഹരിദാസിന്റെ ശിക്ഷണത്തിൽ സംഗീതത്തിന്റെ സങ്കീർണ്ണമായ പാഠങ്ങൾ അഭ്യസിക്കയും ചെയ്തു. സ്വാമി ഹരിദാസിന്റേതായി 'സാധാരൺ സിദ്ധാന്ത് കേ പദ്', 'കേളീമാൽ' എന്നീ രണ്ടു രചനകൾ മാത്രമേ വീണ്ടെടുക്കപ്പെട്ടിട്ടുള്ളൂ. മധുരഭക്തിയെ കേന്ദ്രീകരിച്ചുള്ള വിഷ്ണുപദങ്ങളും പ്രബന്ധങ്ങളും ഛന്ദശാസ്ത്രമനുസരിച്ച് രചിക്കപ്പെട്ടവയാണ്. സ്വാമി ഹരിദാസ് 67-ാം വയസ്സിൽ സമാധിയായെന്ന് ചിലർ കരുതുന്നു. എന്നാൽ 95-ാം വയസിലാണ് അദ്ദേഹം കൃഷ്ണപാദം പൂകിയതെന്നത്രേ മറ്റു ചില ഗവേഷകരുടെ വിശ്വാസം.

രാധാകൃഷ്ണന്മാരുടെ നിസ്വാർത്ഥ പ്രണയത്തെ വിശകലനം ചെയ്ത് മധുരഭക്തിയിലൂടെ സാമൂഹ്യസമത്വത്തിനുവേണ്ടി നിലകൊള്ളുക എന്നതായിരുന്നു സഖീ സമ്പ്രദായത്തിന്റെ ലക്ഷ്യം. ഇന്ത്യൻ തപാൽ വകുപ്പ് സ്വാമി ഹരിദാസിനെ ആദരിച്ചുകൊണ്ട് ഒരു സ്റ്റാമ്പ് പുറത്തിറക്കിയിട്ടുണ്ട്. എ.ഡി. 1948 മുതൽ മുംബൈയിൽ വർഷം തോറും സ്വാമി ഹരിദാസ് സംഗീതസമ്മേളനം നടന്നുവരുന്നുണ്ട്. സ്വാമി ഹരിദാസിന്റെ സഹോദരനായ ജഗന്നാഥ് ഗോസ്വാമി, അനന്തരവനായ വിഠൽബിപുൽ, ബിഹാരിൻദാസ്, നാഗരീദാസ്, സർസദാസ്, നരഹരിദാസ്, രസികദാസ്, ബനീഠനീജി, പീതാംബരദാസ്, മഹന്ത് കിഷോർദാസ്, രൂപ് സഖീജി, ലളിത്മോഹിനീദാസ്, ഭഗവത്രസിക്, ശീതൾദാസ്, സഹചരിശരൺ, ഗോസ്വാമി ബൈൻദാസ്, തുടങ്ങിയവർ സഖീസമ്പ്രദായത്തിന്റെ പ്രചാരകരായിരുന്നു. ഇവരിൽ മഹന്ത്കിശോരി ദാസിന്റെ രചനയാണ് 'നിജമത്സിദ്ധാന്ത്' എന്ന ഗ്രന്ഥം. സഖീ സമ്പ്രദായത്തിന്റെ സാഹിത്യസംഭാവനകൾ ഇന്ത്യൻ സാഹിത്യലോകത്തിന് വൻമുതൽക്കൂട്ടാണ്.

*ശ്രീമതി. ശ്രീകുമാരി രാമചന്ദ്രന്റെ 'ഭാരതത്തിലെ ഋഷി കവികൾ' എന്ന ലേഖന പരമ്പര പുസ്തക രൂപത്തിൽ മാതൃഭൂമി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.*


## വിശേഷ ദിവസങ്ങൾ

2019 ജൂൺ13 മുതൽ ജൂലായ് 15 വരെ

| | |
|---|---|
| ജൂൺ | 18 അയ്യങ്കാളി ചരമദിനം |
| | 21 ദേശീയ യോഗ ദിനം |
| | 30 കരയോഗം വാർഷിക പൊതുയോഗം |
| ജൂലായ് | 15 ചമ്പക്കുളം വള്ളംകളി |

ക്ഷേത്രങ്ങളിലൂടെ

# ശ്രീ ലോകനാർകാവ് ക്ഷേത്രം



ഇന്ദിരാഭായി (ഫോൺ: 80785 52892)



ഭക്തരോടൊപ്പം ഒരു സ്ത്രീയുടെ രൂപത്തിൽ എത്തി ദേശത്തിനും ദേശവാസികൾക്കും അനുഗ്രഹം ചൊരിഞ്ഞുകൊണ്ട് ശ്രീ മഹാമായ കുടിക്കൊള്ളുന്ന ഒരു ക്ഷേത്രമാണ് ശ്രീലോകനാർകാവ് ക്ഷേത്രം. ചരിത്രപരമായി വളരെ പ്രാധാന്യമുള്ള പല ക്ഷേത്രങ്ങളും നമുക്കുണ്ട്. ലോകനാർ കാവ്ക്ഷേത്രം ചരിത്രപരമായും സാംസ്കാരിക പരമായും കലാപരമായും ചരിത്രത്തിലിടം നേടിയ ക്ഷേത്രമാണ്. മഹാഭാരത കഥയിലൂടെ ഭീമസേനന് ഹിഡുംബിയിൽ ജനിച്ച മകനായ ഘടോൽകചന്റെ നാടാണ് കടത്തനാട് എന്നും വിശ്വസിക്കുന്നു. കേരളത്തിലേക്കു കുടിയേറിയ ബ്രാഹ്മണരുടെ ഉപാസനാമൂർത്തിയായിരുന്ന ദേവി കടത്തനാടിന്റെ രക്ഷാധികാരിയായും കുലദേവതയായും അമ്മയായും ലോകനാർകാവ് ക്ഷേത്രത്തിൽ കുടിക്കൊള്ളുന്നു. സംഗീതകുലപതിയായിരുന്ന ചെമ്പൈവൈദ്യനാഥ ഭാഗവതരുടെ ജന്മഗ്രഹം ലോകനാർ കാവിനടുത്തായിരുന്നു.അദ്ദേഹത്തിന്റെ കുടുംബം പിന്നീട് പാലക്കാട്ടേയ്ക്ക് താമസം മാറ്റി. അദ്ദേഹം തന്റെ ജന്മനാട്ടിലെ ദേവീസവിധത്തിൽ (ലോകനാർ കാവിൽ) എല്ലാ വർഷവും ഉത്സവകാലത്ത് പതിവായി സംഗീതാരാധനയ്ക്ക് എത്തുകയും ചെയ്തിരുന്നു. വടക്കൻ കേരളത്തിലുടലെടുത്ത വീരാരാധനപരമായ നാടോടിപ്പാട്ടുകളെന്നറിയപ്പെടുന്ന വടക്കൻ പാട്ടുകളിലെ വീരനായകന്മാരുമായി ബന്ധപ്പെട്ട ക്ഷേത്രമാണ് ലോകനാർകാവ്. ശൈവവൈഷ്ണവശാക്തേയസങ്കല്പങ്ങളുടെ സമന്വയമായ ഒരു അപൂർവ്വ ക്ഷേത്രമാണ് ശ്രീലോകനാർകാവ് ക്ഷേത്രം.

കോഴിക്കോടു ജില്ലയിൽ വടകരയ്ക്കടുത്ത് മേമുണ്ടയെന്ന സ്ഥലത്താണ് ലോകനാർ കാവ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. മൂന്നു ക്ഷേത്രങ്ങളടങ്ങുന്ന ഒരു സമുച്ചയമാണ് ലോകനാർ കാവ്. പ്രധാന ക്ഷേത്രം ഭഗവതി ക്ഷേത്രമാണ്. ഭഗവതി ക്ഷേത്രത്തിനു വടക്കു വശത്തായി ശിവക്ഷേത്രവും അതിനടുത്തായി വിഷ്ണുക്ഷേത്രവും സ്ഥിതി ചെയ്യുന്നു. പരമശിവൻ, മഹാവിഷ്ണു, ദുർഗ്ഗാദേവി എന്നീ മൂന്നു ശക്തികളും അടുത്തടുത്തായി കാണപ്പെടുന്നത് വളരെ അപൂർവ്വമാണ്. ശൈവരും വൈഷ്ണവരും ശാക്തേയരും ഒത്തൊരുമിച്ചു കഴിയട്ടെയെന്നും ഇത് നാടിന്റെ ഐക്യത്തിനും ഐശ്വര്യത്തിനും ഗുണം ചെയ്യും എന്ന സദുദ്ദേശമായിരിക്കാം മൂന്നു ക്ഷേത്രങ്ങളും ഒരുമിച്ചു സ്ഥാപിച്ചിരിക്കുന്നതിനു പിന്നിൽ എന്നു വിശ്വസിക്കാം. നാടിന്റെ ഐശ്വര്യവും ഐക്യവും കാംക്ഷിച്ച് ശങ്കരാചാര്യ സ്വാമികളെപ്പോലെയുള്ള സന്യാസിശ്രേഷ്ഠന്മാരുടെ ഉപദേശപ്രകാരം നാടുവാഴി വിഷ്ണുക്ഷേത്രം ഇങ്ങനെയൊരു ക്ഷേത്രസമുച്ചയമാക്കിയതാകാം എന്നും അഭിപ്രായമുണ്ട്. ഇന്ന് ഭഗവതിക്കാണ് ഇവിടെ കൂടുതൽ പ്രശസ്തിയും പ്രാധാന്യവും കല്പിച്ചു കാണുന്നത്. കടത്തനാടു രാജാക്കന്മാരുടെ കുലദേവതയാണ് ലോകനാർക്കാവിലമ്മ. 1500 ലേറെ വർഷങ്ങളുടെ പഴക്കമുള്ള ക്ഷേത്രമാണിത്. ലോകനാർക്കാവിന്റെ സ്ഥാപകരായ പൂർവ്വികരുടെ ഓർമ്മയ്ക്കായി പ്രധാന ക്ഷേത്രകവാടത്തിനു വലതുവശത്തായി ഒരു പീഠം സ്ഥാപിച്ചിട്ടുണ്ട്. ഈ പീഠത്തിനെ വണങ്ങി അനുവാദം വാങ്ങിയശേഷമേ ക്ഷേത്രത്തിലേക്കു കടക്കുവാൻ പാടുള്ളൂ എന്നാണ് ഐതിഹ്യം.

ഉത്തരേന്ത്യയിൽ നിന്നും ദക്ഷിണേന്ത്യയുടെ പല ഭാഗങ്ങളിലും ബ്രാഹ്മണക്ഷത്രിയ വിഭാഗങ്ങളുൾപ്പടെയുള്ള ആളുകൾ കുടിയേറി പാർത്തിരുന്നു. 'ലൊഹാന' എന്ന ഒരു ജനവിഭാഗം അവരുടെ ഉപാസനാമൂർത്തിയായ ദേവിയോടൊപ്പം ദക്ഷിണ

കേരളത്തിലെ കൊല്ലത്ത് ലോകമലേശ്വരം എന്ന സ്ഥലത്തു വന്നു വസിച്ചിരുന്നു. വ്യാപാരികളായിരുന്നു ഇവർ. മുഖ്യമായും രത്നവ്യാപാരത്തിലേർപ്പെട്ടിരുന്ന അവരെ പരിഷ്ക്കാരികൾ സംസ്കാരസമ്പന്നർ എന്നീ അർത്ഥത്തിൽ നഗരക്കാർ എന്നും നാഗരികർ എന്നും വിളിച്ചിരുന്നു. അക്കാലത്ത് കൊല്ലം ഒരു തുറമുഖവും വ്യാപാരകേന്ദ്രവുമായിരുന്നു. പിന്നീട് ഈ വ്യാപാരികൾ കൊടുങ്ങല്ലൂരിൽ വന്നു താമസമാക്കി. കൊടുങ്ങല്ലൂരിൽ അവർ വസിച്ചിരുന്ന സ്ഥലം അവരുടെ വാസത്തോടെ ലോകമലേശ്വരം എന്നറിയപ്പെട്ടു. ലോകമലേശ്വരത്തു നിന്നും അവർ വടക്കേ മലബാറിലെ വടകരയ്ക്കടുത്ത് പുതിയ പട്ടണത്ത് താമസമാക്കി. ഓരോ സ്ഥലത്തേക്കു പോകുമ്പോഴും അവർ അവരുടെ ഉപാസനാമൂർത്തിയേയും കൂടെ കൊണ്ടുപോകുമായിരുന്നു. വ്യാപാരികൾ വടകരയിലെ പുതിയ പട്ടണത്തു താമസമാക്കിയതോടുകൂടി പുതിയ പട്ടണം എന്ന സ്ഥലം പുതുപ്പണം എന്നറിയപ്പെട്ടു. പുതുപ്പണനിവാസികളും യാഥാസ്ഥിതികരുമായ ആളുകൾക്ക് നാഗരികരുടെ വാസം അത്ര തൃപ്തികരമായില്ല. യാഥാസ്ഥിതികരായ അവരേക്കാൾ ഉയർന്ന സാമൂഹ്യ സാമ്പത്തിക സ്ഥിതിയുള്ള നാഗരികരോട് അവർക്ക് അസൂയ വർദ്ധിച്ചു. അവരുടെ ജന്മിത്വവാഴ്ചയ്ക്ക് ഭംഗം വന്നാലോ എന്നവർ ചിന്തിച്ചു. ജാതിവ്യവസ്ഥകളിൽ ഉദാരസമീപനം സ്വീകരിച്ചിരുന്ന നാഗരികരിൽ ഒരാളെ പുതുപ്പണത്തുള്ള യാഥാസ്ഥികരിൽ ആരോ സ്വഭാവദൂഷ്യം ആരോപിക്കുകയും നിരപരാധിയായ അയാൾ അവരുടെ കുലദേവതയെ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ട് പുഴയിൽ ചാടി ആത്മഹത്യ ചെയ്യുകയും ചെയ്തു. നിരപരാധിയും സത്യസന്ധനുമായിരുന്ന ആ നാഗരികൻ ഒരു പാത്രം നിറയെ സ്വർണ്ണനാണയം നിറച്ച് അത് മൂടിക്കെട്ടി കയ്യിൽ പിടിച്ചുകൊണ്ട് ഈ പണം പുഴയിൽ നിന്നും പൊന്തി വന്നാലേ പുതുപ്പണം പൊങ്ങുകയുള്ളൂ എന്ന് ശപിച്ചിട്ടാണ് പുഴയിൽ ചാടിയത്. അക്കാലത്ത് അനീതിക്കെതിരെ സാധാരണക്കാരായ ആളുകൾക്ക് ഒന്നും ചെയ്യാൻ സാധിക്കുമായിരുന്നില്ല. നിരപരാധിയായ ആ നാഗരികനിൽ കുറ്റം ആരോപിച്ച ആൾ ഭ്രാന്തനായി മരിക്കുകയും ചെയ്തു എന്നാണ് ഐതിഹ്യം.

ഈ സംഭവത്തിനു ശേഷം നാഗരികർ പുതുപ്പണം എന്ന സ്ഥലത്തു വസിക്കുവാൻ ഇഷ്ടപ്പെട്ടില്ല. അവർ അവരുടെ കുലദേവതയോടൊപ്പം അവിടെ നിന്നും പോയി. മേമുണ്ടയിലെ ഓലാമ്പലം എന്ന സ്ഥലത്തെത്തി. ഓലാമ്പലം അക്കാലത്തു നാട്ടുകൂട്ടം കൂടുന്ന സ്ഥലമായിരുന്നു. അന്നത്തെ കാരണവർസഭയായ നാട്ടുകൂട്ടത്തിൽ പങ്കെടുത്ത അവർ അവരുടെ കുലദേവതയെ പ്രതിഷ്ഠിക്കാനുള്ള അനുവാദത്തിനായി അഭ്യർത്ഥിക്കുകയും ചെയ്തു. നാട്ടുകൂട്ടത്തിന്റെ തീരുമാനപ്രകാരം നാഗരികർക്ക് അവരുടെ കുലദേവതയെ അവിടെ ഒരു സ്ഥലത്ത് പ്രതിഷ്ഠിക്കുവാനുള്ള അനുവാദം ലഭിച്ചു. നാട്ടുകൂട്ടത്തിന്റെ യോഗം കഴിഞ്ഞ് യോഗത്തിൽ പങ്കെടുത്തിരുന്ന ഒരു വൃദ്ധൻ നാഗരികരോടായി നിങ്ങളുടെ കൂടെ ഒരു സ്ത്രീ ഉണ്ടായിരുന്നല്ലോ അവരെവിടെ എന്നന്വേഷിച്ചു. അപ്പോഴേക്കും അവർ നടന്ന് ലോകനാർകാവിന്റെ പരിസരത്തെത്തിയിരുന്നു. ഈ സമയം സമീപ പ്രദേശത്തുള്ള കൊടക്കാട് മലയിലെത്തിയാൽ കുലദേവതയെ പ്രതിഷ്ഠിച്ചാരാധിക്കുന്നതിനുള്ള സ്ഥലം ദേവി കാട്ടിത്തരും എന്നൊരു അരുളപ്പാടുണ്ടാവുകയും ചെയ്തു. അവർ പ്രകൃതിരമണീയമായ കൊടക്കാടു മലയിലെത്തി ഈ മലയുടെ ഒരു ഭാഗമാണ് പയങ്കുറ്റി മല. ഈ മലയിൽ വച്ച് ഭഗവതി അവർക്കു ദർശനം നൽകി. പരദേവതയുടെ വിശ്വരൂപം ദർശിച്ച അവർ അമ്മയെ പ്രതിഷ്ഠിച്ചാരാധിക്കുന്നതിനുള്ള സ്ഥലം കാട്ടിത്തരേണമേ എന്നു പ്രാർത്ഥിച്ചു. ഒരു ശരം തൊടുത്തോളൂ ശരം ചെന്നു തറയ്ക്കുന്ന സ്ഥലത്തു ഞാൻ ഇരുന്നോളാം എന്നു ദേവി അരുളി ചെയ്തു. ദേവിയുടെ അരുളപ്പാടനുസരിച്ച് അവരുടെ സംഘത്തിലെ പ്രധാനിയായ ആൾ ഒരു ശരം തൊടുത്തു. പേരറിയാത്ത ഒരു മരത്തിൽ ആ ശരം ചെന്നു തറച്ചു. ആ മരത്തിനു മുന്നിൽ അവർ നമസ്കരിച്ചു. അങ്ങനെ ദേവി മണിത്തൂണിൽ വാസമുറപ്പിച്ചു. ലോകമലേശ്വരത്തു നിന്നും നാഗരികർ കൊണ്ടു വന്ന ദേവിയെ ഒന്നു കുറയെ അഞ്ഞൂറു നാഗരികരും അവരിലെ പത്തു കാരണവന്മാരും തദ്ദേശവാസികളായ മൂവായിരം നായന്മാരും ചേർന്ന് ലോകനാർ കാവിൽ ദേവിയെ പ്രതിഷ്ഠിച്ചു. ഒന്നു കുറയെ അഞ്ഞൂറ് എന്നത് പുതുപ്പണത്തു വച്ച് ആത്മഹത്യ ചെയ്ത ആളെയാണ് സൂചിപ്പിക്കുന്നത്. നാഗരികർ കൊടുങ്ങല്ലൂരിൽ വസിച്ചിരുന്ന ലോകമലേശ്വരം എന്ന സ്ഥലനാമം തന്നെ അവർ ഇവിടെയും നൽകിയതിനാലാണ് ലോകനാർകാവ് എന്ന പേരു വന്നത് എന്നാണ് വിശ്വസിക്കുന്നത്. ലോകരും മലയും ആറും കാവും ഒത്തുചേർന്ന് ലോകമലയാർകാവ് എന്നായി എന്നും പിന്നീട് ലോകമലയർകാവ് ലോകനാർ കാവായി അറിയപ്പെട്ടു എന്നും വിശ്വസിക്കുന്നു.

ലോകനാർ കാവിലെ ദേവീക്ഷേത്രത്തിനു മുന്നിൽ നിന്നും പടികളിറങ്ങി താഴേയ്ക്ക് നടന്നാൽ ശിവക്ഷേത്രത്തിലെത്താം. ശിവക്ഷേത്രത്തിൽ പരമ

ശിവന് ലിംഗപ്രതിഷ്ഠയാണ്. സർവ്വ ചരാചരങ്ങളുടെയും രക്ഷകനും സർവ്വവ്യാപിയുമായ സൂര്യദേവനെ ഉപദേവതാസ്ഥാനത്തു പ്രതിഷ്ഠിച്ചിരിക്കുന്നു. ശിവക്ഷേത്രത്തിനടുത്തു തന്നെ വിഷ്ണു ക്ഷേത്രവും കാണാം. ഇവിടെ മഹാവിഷ്ണുവിന്റെ ശംഖുചക്രഗദാപത്മധാരിയായ വിഗ്രഹമാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. വിഷ്ണുക്ഷേത്രത്തിലെ നാലമ്പലത്തിനകത്ത് വടക്കു വശത്തുള്ള തിണ്ണയിലാണ് ദേവി ആദ്യം വന്ന് ഇരുന്നത് എന്നാണ് വിശ്വസിക്കുന്നത്. ഈ സ്ഥാനം പ്രത്യേക പ്രാധാന്യത്തോടെ സംരക്ഷിച്ചിട്ടുണ്ട്. വള്ളിക്കാവുകളും വൃക്ഷക്കൂട്ടങ്ങളും നിറഞ്ഞ പ്രദേശത്തായിരുന്നു വിഷ്ണുക്ഷേത്രം സ്ഥിതി ചെയ്തിരുന്നത്. നാഗരികർ വിഷ്ണുക്ഷേത്രത്തിനു ചുറ്റുമുള്ള പ്രദേശങ്ങൾ വാങ്ങി അവിടെ താമസിച്ച് ദേവി സന്റെ സാന്നിദ്ധ്യം അറിയിച്ച മരത്തിനു ചുറ്റുമായി ക്ഷേത്രം നിർമ്മിച്ചു. ക്ഷേത്രപ്പണികൾ പൂർത്തിയാകുന്നതു വരെ വിഷ്ണുക്ഷേത്രത്തിനു സമീപം പാട്ടുപുര പണിത് കുലദേവതയെ നാഗരികർ അവിടെ കുടിയിരുത്തി. ക്ഷേത്രം പണി തീർത്ത് ആചാരാനുഷ്ഠാനപ്രകാരം ദേവിയെ പ്രതിഷ്ഠിച്ച നാഗരികർ ക്ഷേത്രകാര്യങ്ങളും പൂജാദി കാര്യങ്ങളും നടത്തിയിരുന്നു. പിന്നീട് വ്യാപാരം വിപുലപ്പെട്ടപ്പോൾ ക്ഷേത്രകാര്യങ്ങൾ നടത്താൻ സാധിക്കാതെ വരികയും ക്ഷേത്രം മൂസ്സതിനെ ഏല്പിക്കുകയും ചെയ്തു. പ്രായാധിക്യം കാരണം മൂസ്സതിനു ക്ഷേത്രഭരണം സാധിക്കാതെ വന്നപ്പോൾ നാഗരികരുടെ സമ്മതത്തോടെ ക്ഷേത്രഭരണച്ചുമതല രാജകുടുംബത്തിലെ ഒരംഗത്തെ ഏല്പിച്ചു. ലോകനാർ കാവ് ദേവീക്ഷേത്രത്തിൽ സർവ്വാഭീഷ്ട വരദായിനിയായ അമ്മ മണിത്തൂൺ പ്രതിഷ്ഠയിൽ കുടി കൊള്ളുന്നു. ഉപദേവനായി ഗണപതിയുമുണ്ട്. ക്ഷേത്രാങ്കണത്തിലേക്കു കടന്നാൽ ഉയർന്ന ദീപസ്തംഭവും അതിനു സമീപം അതിമനോഹരമായ ശില്പഭംഗിയുള്ള ഒരു ആനക്കുട്ടിയുടെ ശില്പവും കാണാം. സ്ത്രീ രൂപത്തിലെത്തി മണിത്തൂണിൽ കുടികൊള്ളുന്ന അമ്മ ദേശവാസികൾക്ക കാവിലമ്മയാണ്. 'കാവിലമ്മേ കാക്കണേ' എന്നുച്ചരിക്കാത്തവർ ഈ ദേശത്തുണ്ടാവില്ല. നാലമ്പലത്തിനു പുറത്ത് വടക്കു പടിഞ്ഞാറെ മൂലയിൽ ഭൂതത്തെവരെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഭഗവതിയുടെ കാവൽക്കാരനായ ഭൂതത്തേവരെ മേൽക്കൂരയില്ലാത്ത ശ്രീകോവിലിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. കളഞ്ഞുപോയ വസ്തുക്കൾ കണ്ടു കിട്ടുന്നതിനും നഷ്ടപ്പെട്ട ഓർമ്മശക്തി വീണ്ടെടുക്കുവാനും ഓർമ്മശക്തി വർദ്ധിപ്പിക്കാനും ഭൂതത്തേവരെ പ്രാർത്ഥിക്കുന്നതിലൂടെ സാധിക്കും എന്നാണ് വിശ്വാസം. ഭൂതത്തേവർക്ക് അടനിവേദ്യമാണ് പ്രധാന വഴിപാട്. ലോകനാർക്കാവിലെ ചില താന്ത്രികചടങ്ങുകൾ ദുർഗ്ഗാദേവിയുടെയും ചില പൂജകൾ ഭദ്രകാളിയുടേതുമാണ്. പണ്ട് ഒരു സത്യപരീക്ഷണ കേന്ദ്രം കൂടിയായിരുന്നു ലോകനാർകാവ്. ഈ ക്ഷേത്രത്തിലെ വഴിപാടുകളുടെ ലിസ്റ്റിൽ ഇന്നും സത്യം ചൊല്ലൽ ഉൾപ്പെടുന്നുണ്ട്.

ആദ്യകാലത്ത് നാട്ടുകാരായ ഭക്തജനങ്ങൾ അവർക്കുണ്ടായ അനുഭവങ്ങളും വിശ്വാസങ്ങളും മൂലം ദേവിയെ ആരാധിച്ചു പോന്നു. ഒരു നാൾ തുഞ്ചത്തെഴുത്തച്ഛൻ ക്ഷേത്രത്തിലെത്തി. ആളുകൾ ക്ഷേത്രത്തിൽ ഏതു ദേവീപ്രതിഷ്ഠയാണെന്നു അദ്ദേഹത്തോടു ചോദിച്ചു. കോലാച്ചിയാണ് എന്നദ്ദേഹം മറുപടി നൽകി. കോലാച്ചി എന്നാൽ ഗോപാല സ്ത്രീ, വിഷ്ണു മായ, ദുർഗ്ഗാദേവി എന്നാണ്. അന്നു മുതൽ ദുർഗ്ഗാപൂജകൾ നടത്തി തുടങ്ങി എന്നാണ് വിശ്വസിക്കുന്നത്. എല്ലാ വർഷവും വൃശ്ചികം 16 ാം തീയതി ലോകനാർകാവിൽ വിളക്കുത്സവം നടക്കുന്നു. വിളക്കുത്സവ ദിവസം കോടക്കാടു മലയിൽ പതിനൊന്ന് വെടികൾ മുഴക്കി കുലദേവതയെ പ്രാർത്ഥിക്കുന്ന ചടങ്ങ് ഇന്നും നടക്കുന്നു. കുടക്കാട് മലയിൽ ദേവി പ്രത്യക്ഷപ്പെട്ടതിന്റെയും ക്ഷേത്ര നിർമ്മിതിക്കനുയോജ്യമായ സ്ഥലം തേടി അസ്ത്രം എയ്തതിന്റെയും സ്മരണയെ നാലു പാടുമുള്ളവരെ അറിയിക്കുന്നതാണ് 16 ാം വിളക്ക്. പുതുപ്പണത്തു വച്ച് ആത്മഹത്യ ചെയ്ത നിരപരാധിയായ നാഗരികന്റെ ഓർമ്മക്കായി ലോകനാർക്കാവിൽ പിടിവിളക്ക് എഴുന്നള്ളിക്കാറുണ്ട്. വൃശ്ചികമാസത്തിലെ എഴുന്നള്ളത്തിനും ഉച്ചാൽ വിളക്കിനും പൂരോത്സവം കഴിഞ്ഞുള്ള എഴുന്നള്ളത്തിനും പിടിവിളക്കെഴുന്നള്ളിക്കുന്നു. ഒരു ആൾരൂപത്തോടുകൂടിയ വിളക്കാണ് പിടി വിളക്ക്. സത്യത്തിന്റെ മഹത്വം അനശ്വരമാണ് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നാഗരികന്റെ നിരപരാധിത്വത്തിന്റെ അടയാളമായി ദേവീ സവിധത്തിൽ പിടിവിളക്കു തെളിയുന്നു. മീനമാസത്തിൽ പൂരം നാളിൽ ആറാട്ടായാണ് ഇവിടെ ഉത്സവം. മൂന്നു ക്ഷേത്രങ്ങളിലും ഒരേ സമയത്താണ് ഉത്സവവും എഴുന്നള്ളത്തും നടക്കുന്നത്. നവരാത്രിയും ഇവിടെ വളരെ വിശേഷമാണ്. ദേവിക്ക് മണിത്തൂണിലുള്ള ദാരുവിഗ്രഹത്തിൽ ചാന്താട്ടം നടത്താറുണ്ട്. ചാന്താട്ട സമയത്ത് ഭക്തർക്ക് മണിത്തൂൺ നേരിട്ടു കാണാവുന്നതാണ്. ലോകനാർക്കാവിലെ ആറാട്ടിന് പൂരക്കളി നടക്കാറുണ്ട്. നട അടച്ചശേഷമാണ് കളി നടക്കുന്നത് എന്നത് ഒരു പ്രത്യേകതയാണ്. പൂരമാല ചൊല്ലുമ്പോൾ ദേവിയും കളിയിൽ പങ്കെ

ടുക്കുന്നു എന്നാണ് വിശ്വാസം. മകരസംക്രമത്തിനാണ് ഉച്ചാൽ വിളക്ക് നടത്തുന്നത്. കളരിപ്പയറ്റിനോടു സാമ്യമുള്ള കളിയാണ് പൂരക്കളി. വൃശ്ചിക മാസത്തിലെ മണ്ഡല ഉത്സവവും മീനപ്പൂരവുമാണ് ലോകനാർക്കാവിലെ പ്രധാന ഉത്സവങ്ങൾ. ആറാട്ടു നാളിൽ എഴുന്നള്ളത്തു കഴിഞ്ഞ് വിഷ്ണുക്ഷേത്രത്തിന്റെ ചുറ്റമ്പലം പ്രദക്ഷിണം വച്ചതിനുശേഷമാണ് ദേവി തിരിച്ചെഴുന്നള്ളുന്നത്. ദേവി ആദ്യം ഇരുന്ന സ്ഥലം മറന്നുപോകാതിരിക്കുന്നതിനാണ് വിഷ്ണുക്ഷേത്രത്തിലേക്കെഴുന്നള്ളുന്നത് എന്നാണ് ഐതിഹ്യം. വിഷ്ണുമായയായി സങ്കല്പിച്ചിരിക്കുന്ന ദേവി സഹോദരനെ സന്ദർശിക്കുന്നതായിരിക്കാം ഈ എഴുന്നള്ളത്ത് എന്നും വിശ്വസിക്കുന്നുണ്ട്. സാധാരണ ദേവീക്ഷേത്രങ്ങളിലെ വഴിപാടുകളെല്ലാം ഇവിടെയും നടത്തപ്പെടുന്നു. രക്തപുഷ്പാഞ്ജലിയും കടുംപായസവും ദേവിയുടെ പ്രധാന വഴിപാടുകളാണ്.

കേരളത്തിൽ ജീവിച്ചിരുന്ന വീരനായകനായിരുന്ന തച്ചോളിഒതേനനെപ്പറ്റി കേൽക്കാത്തവരുണ്ടാവില്ല. പുതുപ്പണത്തു വാഴുന്നവർ എന്നറിയപ്പെട്ടിരുന്ന നായർപ്രഭുവിന്റെ മകനായ ഒതേനൻ കടത്തനാടിന്റെ അഭിമാനമായിരുന്നു. ഒതേനൻ നാട്ടിലെ എല്ലാ കാര്യങ്ങളിലും ഇടപെടുന്ന ആളും സഹായമഭ്യർത്ഥിക്കുന്നവരെ അങ്ങേയറ്റം സഹായിക്കുന്ന ആളുമായിരുന്നു. കളരിപ്പയറ്റിന്റെ അത്ഭുതസിദ്ധികൾ സ്വന്തമാക്കിയ ഒതേനൻ മന്ത്രവാദത്തിലും അഗ്രഗണ്യനായിരുന്നു. തച്ചോളി മാണിക്കോത്ത് ഒതേനക്കുറുപ്പ് എന്ന ഒതേനൻ 32 വയസ്സിനുള്ളിൽ 64 അങ്കങ്ങൾ ജയിച്ച പടക്കുറുപ്പായിരുന്നു. അക്രമികളെ അടിച്ചമർത്തുകയും ബലഹീനരെ സർവ്വശക്തിയും ഉപയോഗിച്ച് സഹായിക്കുകയും ചെയ്യുന്ന ആളായിരുന്നു ഒതേനൻ. ലോകനാർക്കാവിലമ്മയുടെ നടയിൽ ഭജനം ഇരുന്ന ശേഷം മാത്രമേ ഒതേനൻ അങ്കത്തിനു പോയിരുന്നുള്ളൂ. ഒരിക്കൽ ഒരു നാട്ടുപ്രമാണിയുടെ കുടിയാനെ ശിക്ഷിച്ചതിന് ഒതേനനേയും സഹായിയേയും പ്രമാണി കൽത്തുറങ്കിലടച്ച് മൂന്നാം നാൾ തൂക്കിലേറ്റാൻ തീരുമാനിച്ചു. ഒതേനൻ കാവിലമ്മയെ വിളിച്ചു പ്രാർത്ഥിച്ചു. അക്കാലത്ത് ലോകനാർക്കാവിൽ രണ്ട് ആനകളുണ്ടായിരുന്നു. ഈ ആനകൾ ഓടിപ്പോയി കല്ലറ കുത്തി തുറന്ന് ഒതേനേയും സഹായിയേയും ലോകനാർകാവിലെത്തിച്ചു. പ്രമാണിയും കൂട്ടരും പിന്നാലെയെത്തി ഒതേനനെ വിട്ടു തരണം എന്നാവശ്യപ്പെട്ടു. തരില്ല എന്ന മറുപടി കേട്ട് പ്രമാണി ദേവിയെ അസഭ്യം പറഞ്ഞു. എന്റെ നടയിൽ നിന്നു പൊയ്ക്കോളൂ അതാണ് നല്ലത് എന്നു പറഞ്ഞ് വെളിച്ചപ്പാട് ശൂലമെടുത്ത് നടയിൽ കുത്തി. അസഭ്യം പറഞ്ഞ പ്രമാണി മൂർഛിച്ചു വീഴുകയും ചോര ശർദ്ദിച്ച് മരിക്കുകയും ചെയ്തു. ഭക്തിയും സത്യവും നിത്യമാണ് . സ്ഥാനമാനങ്ങൾക്കും പ്രതാപത്തിനും ദേവി ഒരു പ്രാധാന്യവും കല്പിക്കുന്നില്ല, സത്യത്തിനും നീതിക്കുമാണ് പ്രാധാന്യം എന്ന സന്ദേശമാണ് വടക്കൻ പാട്ടിലെ ഈ കഥയിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നത്. തച്ചോളിപ്പാട്ടുകൾ എന്ന വടക്കൻ പാട്ടുകളിലെ സ്ഥലനാമങ്ങളെല്ലാം യഥാർത്ഥങ്ങളും അവയിലെ നായകൻ ഒതേനനുമാണ്. തച്ചോളി മേപ്പയിൽ തറവാട്ടിൽ ഒതേനനും ജ്യേഷ്ഠൻ കോമക്കുറുപ്പിനും ക്ഷേത്രമുണ്ട്. 64 ാം അങ്കം ജയിച്ച് മടങ്ങുമ്പോൾ തന്റെ മറന്നു വച്ച ആയുധമെടുക്കുവാൻ ചെന്ന ഒതേനനെ മതിലൂർ ഗുരുക്കളുടെ ശിഷ്യൻ മായൻ കുട്ടി മറഞ്ഞിരുന്നു വെടി വെച്ചു. വെടിയേറ്റിട്ടും ഒതേനൻ കാവിലമ്മയെ തൊഴുതശേഷമേ വീട്ടിലേക്കു മടങ്ങിയുള്ളു. വീട്ടിലെത്തി മരിക്കുകയും ചെയ്തു.

ഒതേനസ്മാരകക്ഷേത്രത്തിൽ കുംഭമാസം 10, 11 തീയതികളിൽ തിറയാട്ടം നടക്കുന്നു. ലോകനാർകാവിൽ നിന്നും കൊളുത്തിയ ദീപം തച്ചോളി മാണിക്കോത്തേക്ക് എഴുന്നള്ളിച്ച് ഭദ്രദീപം കൊളുത്തിയ ശേഷമാണ് ഒതേനസ്മാരക ക്ഷേത്രത്തിൽ ഇന്നും തിറയാട്ടം ആരംഭിക്കുന്നത്.

ധാരാളം വൃക്ഷലതാദികൾ നിറഞ്ഞു നില്ക്കുന്ന വിസ്തൃതമായ ക്ഷേത്രപരിസരങ്ങളും ഭംഗിയായി സംരക്ഷിച്ചിരിക്കുന്ന അതിവിശാലമായ ക്ഷേത്രക്കുളവും ക്ഷേത്ര നിർമ്മിതിയിലെ പഴയകാല ശില്പഭംഗിയും വടക്കൻ പാട്ടിലെ വീരകഥകളും നിറഞ്ഞു നില്ക്കുന്ന ഈ ക്ഷേത്രത്തിലെ ദേവിയുടെ തിരുനടയിൽ തൊഴുതു നില്ക്കുമ്പോൾ ഉണ്ടാകുന്ന മാനസികശക്തി, ഒരു ധൈര്യം അത് ഒരനുഭവം തന്നെയാണ്.

നിരപരാധിക്കഭയവും അപരാധിക്ക് ശിക്ഷയും വിധിക്കുന്ന അമ്മ അമ്മയുടെ ഭക്തരെ സത്യത്തിന്റെയും നീതിയുടെയും മാർഗ്ഗം വെടിയെരുതെന്നരുളിച്ചെയ്ത് നേർവഴികാട്ടികൊണ്ട് ലോകനാർകാവിൽ പരിലസിക്കുന്നു. ആദിപരാശക്തിയായ ലോകാംബികയുടെ അനുഗ്രഹത്തിനായി ലോകനാർക്കാവിലമ്മയുടെ തൃപ്പാദങ്ങളിൽ പ്രണമിക്കുന്നു. അമ്മേ മഹാമായേ അനുഗ്രഹിക്കേണമേ.



# മഹാഭാരതം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

ചിത്രാംഗദന്റേയും വിചിത്രവീര്യന്റേയും മരണശേഷം സന്തതികളില്ലാതെ വന്നപ്പോൾ സത്യവതി ഭീഷ്മരുടെ അനുവാദപ്രകാരം അംബികയേയും അംബാലികയേയും വരുത്തി വ്യാസനിൽ അവർക്ക് സന്താനലബ്ധി ഉണ്ടാകേണ്ട ആവശ്യകത പറഞ്ഞു. അത്ര സമ്മതമവർക്കില്ലായിരുന്നു. എന്തായാലും അവരിൽ രണ്ടു പുത്രന്മാർ ജനിച്ചു. പിന്നെ വീണ്ടും രണ്ടു വർഷത്തിനുശേഷം കുറേക്കൂടി ആരോഗ്യവാനായ ഒരു പുത്രൻ വേണമെന്നു സത്യവതിക്കു തോന്നി വീണ്ടും വ്യാസനെ സമീപിച്ചു. അംബിക ദാസിയെ ഇതിനായി നിയോഗിച്ചു. ഈ ദാസിയിലുണ്ടായ പുത്രനാണ് വിദുരർ. ഇവിടെ വിദുരരുടെ ജന്മരഹസ്യം ജനമേജയന്റെ ചോദ്യത്തിനുത്തരമായി വൈശമ്പായനിലൂടെ വ്യാസൻ നൽകുന്ന വിവരണം പ്രസ്താവ്യമാണ്. യമധർമ്മരാജാവ് മാണ്ഡവമുനിയുടെ ശാപം മൂലമാണ് മനുഷ്യനായി ജനിച്ചത്. ആ കഥ ഇങ്ങനെയാണ്. മാണ്ഡവ്യൻ എന്ന മുനി ഭക്തനും പണ്ഡിതനുമായിരുന്നു. ഒരിക്കൽ രാജാവിന്റെ ഭടന്മാർ കള്ളന്മാരെ തുരത്തുന്നതിനിടയിൽ കള്ളന്മാർ അദ്ദേഹത്തിന്റെ ആശ്രമം വഴി ഓടി. ഭടന്മാർ ഇവിടെ വന്നപ്പോൾ കണ്ടത് തപസിലിരിക്കുന്ന മാണ്ഡവ്യനേയാണ്. കള്ളന്മാരുടെ വിവരം തിരക്കിയ ഭടന്മാരുടെ ചോദ്യത്തിന് മറുപടി കിട്ടിയില്ല. കള്ളന്മാർ അവിടെയിട്ടിട്ടുപോയ മോഷണമുതലും കള്ളന്മാരും കൂട്ടത്തിൽ മുനിയേയും പിടിച്ചു രാജസന്നിധിയിലെത്തിച്ചു. രാജാവ് എല്ലാവരേയും ശൂലത്തിൽ കയറ്റി കൊല്ലാൻ ആജ്ഞാപിച്ചു. കള്ളന്മാർ മരിച്ചു. നാളുകളേറെയായിട്ടും മുനി മരിച്ചില്ല. ഇദ്ദേഹം വലിയ തപസിയാണെന്നു തിരിച്ചറിഞ്ഞ രാജാവ് മുനിയെ മോചിപ്പിച്ചു. ആണിയിൽ കിടന്നതുകൊണ്ട് ആണിമാണ്ഡവ്യനെന്നു പേരു ലഭിച്ചു.

'ആണിമാണ്ഡവ ഇതി ച തതോ ലോകേഷു ഗീയതേ'

അതുകൊണ്ട് ആണിമാണ്ഡവ്യനെന്നറിയപ്പെട്ടു.

കിളിപ്പാട്ടിൽ പറയുന്നത്

ശൂലവുമിളകാഞ്ഞിട്ടറുത്തു മുറിച്ചിതു

ഭൂലോകമുനിയേയുമയച്ചു മുനീന്ദ്രനും

ആണിമാണ്ഡവ്യനെന്നു നാമവുമുണ്ടായ്‌വന്നു

ജ്ഞാനിയാം മുനി പിന്നെ പ്രാപിച്ചു കാലധർമ്മം.

ഇങ്ങനെ സംഭവിക്കാനുള്ള കാരണം അന്വേഷിച്ചു. ചെറുപ്പത്തിൽ ചെയ്ത ഒരു കർമ്മഫലം ഇപ്പോളനുഭവിക്കേണ്ടിവന്നതാണ് എന്നറിഞ്ഞ മുനി യമനെ ശപിച്ചു. അദ്ദേഹം പറഞ്ഞ മറുപടിയായി വൈശമ്പായൻ മഹാഭാരതത്തിൽ വിവരിക്കുന്ന തത്ത്വമാണ് ഇന്നും നമ്മുടെ കുട്ടികൾ ചെയ്യുന്ന കുറ്റത്തേക്കുറിച്ചുള്ള നിയമങ്ങളുടെ അടിസ്ഥാനമെന്നു തോന്നുന്നു.

ആണിമാണ്ഡവ്യൻ പറഞ്ഞു,

അല്പേ*f* പരാധേ *f* പി മഹാൻ മമ ദന്ധസ്ത്വയാ കൃതഃ

ശൂദ്രയോനാവതോ ധർമ്മ മാനുഷഃ സംഭവിഷ്യസി

മര്യാദാം സ്ഥാപയാമ്യധ്യ ലോകേ ധർമ്മഫലോദയാം

ആ ചതുർദശകാദ് വർഷന്ന ഭവിഷ്യതി പാതകം

പരതഃ കുർവതാമേവം ദോഷ ഏവ ഭവിഷ്യതി

നിങ്ങൾ ഒരു ചെറിയ കുറ്റത്തിനാണ് എനിക്ക് ഒരു വലിയ ശിക്ഷ തന്നത്. അതുകൊണ്ട് ഹേ ധർമ്മരാജാവേ താങ്കൾ ഒരു ശൂദ്രസ്ത്രീയിൽ ജനിക്കട്ടെ. ഞാനിന്ന് ഭൂമിയിൽ എല്ലാവർക്കും വേണ്ടി ഒരു നിയമത്തെ ഉണ്ടാക്കുകയാണ് ചെയ്യുന്നത്. 14 വയസിൽ താഴെ മാത്രം പ്രായമുള്ള ഒരു കുട്ടിയുടെ പ്രവർത്തിയുടെ അടിസ്ഥാനത്തിൽ ഒരാളെ ശിക്ഷിക്കാനും പാപിയാക്കാനും പറ്റില്ല. അതിനു മുകളിൽ പ്രായമുണ്ടെങ്കിൽ മാത്രമേ ആ പ്രവർത്തി പാപമാകൂ. ജൂവനൈൽ ജസ്റ്റിസ് എന്ന നിയമം ഇവിടെയാണ് തുടങ്ങുന്നത്. കിളിപ്പാട്ടിൽ

എങ്കിലൊന്നറിയണം ദ്വാദശ വയസ്സോളം
സംക്രീഡാരതന്മാരാം ബാലന്മാർ ചെയ്യും കർമ്മം
ഒന്നിനും ഫലം പിന്നെയില്ലല്ലോ ബുദ്ധി പൂർവ്വമൊന്ന
റിഞ്ഞല്ലായ്കയാൽ സൂക്ഷ്മ ധർമ്മജ്ഞനല്ല

എന്നാണ്.

മൂന്നുപേരും ധൃതരാഷ്ട്രരും പാണ്ഡുവും വിദുരരും വിദ്യയിലും ആയുധകലയിലും പ്രാവീണ്യം നേടി. രാജ്യം ഐശ്വര്യപൂർണ്ണമായി. അവിടെ

നാഭവാൻ ദസ്യവഃ കേചിന്നാധർമ്മരുചയോ ജനാഃ

പ്രദേശോഷപി രാഷ്ട്രാണാം കൃതം യുഗമ വർത്തതാ

അവിടെ കള്ളന്മാരില്ല. പാപികളായി ആരുമില്ല. സത്യയുഗത്തിന്റെ പിറവിയാണോ അവിടമെന്നു തോന്നും. ഹസ്തിനപുരം ഇന്ദ്രന്റെ ഇന്ദ്രപുരിയാണോ എന്നു തോന്നത്തക്ക വിധം ഭംഗിയേറിയതായിരുന്നു. ഭീഷ്മരുടെ ഭരണത്തിൽ പ്രജകൾക്ക് പ്രതീക്ഷ നൽകുന്നതായിരുന്നു. മൂന്നു കുട്ടികളേയും സ്വന്തം തനയന്മാരായി കരുതി ഭീഷ്മർ വളർത്തി. പാണ്ഡു അമ്പെയ്ത്തിലും ധൃതരാഷ്ട്രർ ശാരീരിക ക്ഷമതയിലും അഗ്രഗണ്യരായിരുന്നു. എന്നാൽ മതബോധത്തിലും ധർമ്മത്തിലും അറിവിലും ധാർമ്മികാവബോധത്തിലും വിദുരരെ തോൽപ്പിക്കാൻ മൂന്നു ലോകത്തിലും ആരുമില്ലെന്നാണ് പറയപ്പെടുന്നത്.

രാജ്യം പുരോഗതിയിലേക്കു നീങ്ങി. ഭീഷ്മർ വിദുരരുമായി ആലോചിച്ച് ധൃതരഷ്ട്രരുടേയും പാണ്ഡുവിന്റേയും വിവാഹം നടത്താൻ തീരുമാനിച്ചു. ഗാന്ധാരരാജാവിന്റെ പുത്രിയായ ഗാന്ധാരിക്ക് 100 പുത്രന്മാരുണ്ടാകുമെന്ന് വരം ലഭിച്ചിട്ടുണ്ടെന്നു മനസിലാക്കിയ ഭീഷ്മർ അവിടേക്കാളെ അയച്ചു. ഗാന്ധാരരാജാവിന് ആദ്യം ധൃതരാഷ്ട്രർ കുരുടനായതുകൊണ്ട് മടി തോന്നിയെങ്കിലും കുരുവംശ മഹിമയോർത്ത് ഗാന്ധാരിയെ ധൃതരാഷ്ട്രർക്കു കൊടുക്കാൻ തീരുമാനിക്കുകയാണുണ്ടായത്. അന്ധനായ ഭർത്താവിനൊപ്പം കണ്ണു മൂടിക്കെട്ടി ഗാന്ധാരി ഹസ്തിനപുരത്തെത്തി. അവരുടെ പെരുമാറ്റം സർവ്വരേയും ആകർഷിച്ചു. ശ്രീകൃഷ്ണന്റെ അച്ഛന്റെ സഹോദരിപുത്രി പൃഥ (കുന്തി) യെ പാണ്ഡുവിനു വിവാഹമാലോചിച്ചു.,വിവാഹം കഴിച്ചു.

പാണ്ഡുവും കുന്തിയും ദേവേന്ദ്രദമ്പതികളേപ്പോലെ ശോഭിച്ചിരുന്നുവെന്നാണ് വൈശമ്പായൻ പറയുന്നത്.

പിന്നീട് ഭീഷ്മരുടെ ആഗ്രഹപ്രകാരം പാണ്ഡു മാദ്രി രാജാവിന്റെ പുത്രി മാദ്രിയെ വിവാഹം ചെയ്തു. പാണ്ഡു കുന്തിയും മാദ്രിയുമൊത്ത് സുഖമായി കഴിഞ്ഞു. അയൽ രാജ്യങ്ങളെയെല്ലാം കീഴ്പ്പെടുത്തി. പാണ്ഡുവിന്റെ മനസ് സ്നേഹസമ്പന്നമായിരുന്നു. സ്വത്തുക്കൾ സത്യവതിക്കും വിദുരർക്കും കൊടുത്തു. ഭീഷ്മരും പാണ്ഡുവിന്റെ വിജയത്തിൽ സന്തുഷ്ടനായിരുന്നു.

ദേവക എന്ന രാജാവിന് ശൂദ്രസ്ത്രീയിൽ സുന്ദരിയായ ഒരു മകളുണ്ടായി. ഭീഷ്മരുടെ ആഗ്രഹപ്രകാരം വിദുരർ അവരെ വിവാഹം കഴിച്ചു.

പാണ്ഡു ഭാര്യമാരോടുകൂടി വനത്തിൽ നടക്കുമ്പോൾ ഇണ ചേർന്ന് രമിച്ചു കൊണ്ടിരുന്ന കലമാനിനെ അമ്പെയ്തു കൊന്നു. കിന്ദരനെന്ന മഹർഷി വേഷം മാറിയതായിരുന്നു ആ കലമാൻ. മരണവേളയിൽ ആ മഹർഷി പാണ്ഡുവിനെ നീ എന്നെ അമ്പെയ്തു വീഴ്ത്തി. ഇതുപോലെ തന്നെ കാമവികാരത്തോടുകൂടി സ്ത്രീകളെ തൊട്ടാൽ നീയും അപ്പോൾ മരിക്കും എന്ന് ശപിച്ചു. അങ്ങനെ പാണ്ഡുവിന് സ്ത്രീകളുമായി അടുത്തിടപഴകാൻ സാധിക്കാതെയായി. ദുഃഖിതനായ പാണ്ഡു എല്ലാവരേയും വിവരം ധരിപ്പിച്ചു. ദുഃഖിതനായി കാട്ടിൽ പോയി തപസ്സനുഷ്ഠിക്കാൻ തീരുമാനിച്ചു.

ആ സമയം ഗാന്ധാരി ഗർഭവതിയായിരുന്നു. വൈശമ്പായൻ പറയുന്നത് വ്യാസൻ വിശന്നു വന്നപ്പോൾ അദ്ദേഹത്തെ സൽക്കരിച്ചുവെന്നും ഗാന്ധാരിക്ക് ഭർത്താവിനേപ്പോലെ നൂറു പുത്രന്മാരുണ്ടാകുമെന്ന് അനുഗ്രഹിച്ചുവെന്നുമാണ്.

കുന്തിക്കും മാദ്രിക്കും കുട്ടികളുണ്ടാകാൻ സാധിക്കുകയില്ലെന്നു മനസിലാക്കിയ പാണ്ഡുവും കുന്തിയുംകൂടി ആലോചിച്ചു. അന്നത്തെ മഹദ്ഗ്രന്ഥങ്ങളിൽ പലതരം സന്താനലബ്ധിയെക്കുറിച്ചു പ്രതിപാദിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കി.

ആദ്യത്തേത് സ്വന്തം രക്തത്തിൽ സ്വന്തം ഭാര്യക്ക് ജനിച്ച കുട്ടി. രണ്ടാമത്തേത് പ്രണിത അതായത് സ്വന്തം ഭാര്യയിൽ പ്രമുഖകർക്കാർക്കെങ്കിലും ജനിച്ച കുട്ടി. അടുത്തതായി പരികൃത, സ്വന്തം ഭാര്യയിൽ പ്രത്യേകതാൽപ്പര്യപ്രകാരം ജനിച്ച കുട്ടി. നാലാമതായി പൗനർഭവ, ഭർത്താവിന്റെ മരണശേഷം ഒരു സ്ത്രീക്കുണ്ടാകുന്ന സന്താനം. അടുത്തതായി കാനിൻ, ദാസിയിലുണ്ടാകുന്ന കുട്ടി. പിന്നീട് കുണ്ഡ, നാലുപേരുമായി ബന്ധപ്പെട്ടുണ്ടാകുന്ന കുട്ടി. ഏഴാമത്തേത് ദത്ത്, മറ്റൊരാളിൽ ദത്ത് എടുക്കുന്ന കുട്ടി. എട്ടാമത് കൃത, മറ്റൊരാളിൽനിന്നും വാങ്ങിക്കുന്ന കുട്ടി. ഒമ്പതാമത് ഉപകൃത, നന്ദിപൂർവ്വം ഒരു കുട്ടി വരിക. സ്വയം ഉപാഗത, സ്വയം വന്ന കുട്ടി. ഗർഭത്തോടു കൂടി സ്വീകരിക്കുന്ന വധുവിൽ ജനിച്ച കുട്ടി. ഹീന യോനി ധ്രിത, താഴ്ന്ന ജാതിയിലുണ്ടായത്. ഇങ്ങനെ പല വിധത്തിലാണ് കുട്ടികൾ അന്ന് സ്വ

യത്തമാകുക എന്നു പാണ്ഡു പറഞ്ഞു,

അപത്യം ധർമ്മഫലദം ശ്രേഷ്ഠം വിന്ദന്തി മാനവാഃ

ആത്മശുക്രാദപി പൃഥേ മനുഃ സ്വായംഭുവോ *f* ബ്രവീത്

ഹേ പ്രീത, മനു തന്നെ പറഞ്ഞിട്ടുണ്ട് അവരവർക്കു കുട്ടികളുണ്ടായില്ലെങ്കിൽ മറ്റുള്ളവരിൽനിന്നും സ്വീകരിക്കാം.

ഇങ്ങനെ പല കഥകളും അവർ സംസാരിച്ചു. ഒടുവിൽ കുന്തി തനിക്കു ദുർവ്വാസാവിൽ നിന്നും ലഭിച്ച വരത്തേക്കുറിച്ചു പറഞ്ഞു. കുന്തിയുടെ ചെറുപ്രായത്തിൽ ദുർവ്വാസാവു മഹർഷി ഇഷ്ടപ്പെട്ട ആളെ മനസിൽ ധ്യാനിച്ചാൽ അവർ എത്തുമെന്നും പുത്രന്മാരുണ്ടാകുമെന്നുള്ള വരം കൊടുത്തിരുന്നു. കുന്തി ഈ വരം ഫലിക്കുമോയെന്നു പരീക്ഷിക്കാൻ സൂര്യഭഗവാനെ സ്മരിക്കുകയും സൂര്യൻ പ്രത്യക്ഷപ്പെടുകയും കുന്തിക്കു ഗർഭമുണ്ടാകുകയും ചെയ്തു. ഈ കുഞ്ഞിനെ പ്രസവിച്ചയുടൻ തന്നെ നദിയിലൊഴുക്കി. ഈ കുട്ടിയെ സൂതനായ അധിരഥനും ഭാര്യയുംകൂടി എടുത്തു വളർത്തി. കർണ്ണാഭരണങ്ങളും മറ്റുമായി പിറന്നതുകൊണ്ട് ഇവർ ഈ കുട്ടിക്ക് വാസുസേന എന്നു നാമകരണം ചെയ്തു. ആരോഗ്യവാനായ ഈ കുഞ്ഞ് ആയുധകലയിൽ പ്രാവീണ്യം നേടി. സൂര്യനെ തപസ്സു ചെയ്തു. ഇന്ദ്രൻ ഒരു ബ്രഹ്മണന്റെ വേഷത്തിൽ വാസുസേനയെ സമീപിച്ച് കയ്യിലുള്ള ആഭരണങ്ങൾ ചോദിച്ചു. ദാനശിവനായ വാസുസേനൻ അതു പറിച്ചുകൊടുക്കുമ്പോൾ ഇന്ദ്രൻ സന്തുഷ്ടനായി വാസുസേനന് ആയുധം നൽകി അനുഗ്രഹിച്ചു.

പ്രാട്നാമ തസ്യ കഥിതം വസുഷേണ ഇതി ക്ഷിതൗ

കർണ്ണോ വൈകർത്തനശ്ചൈവ കർമണാ തേന സോ*f*ഭവതസൂര്യപുത്രൻ വാസുസേനൻ എന്ന പേരിലറിയപ്പെട്ടു. പക്ഷെ കർണ്ണാഭരണങ്ങൾ മുറിച്ചതുകൊണ്ട് കർണ്ണൻ (മുറിക്കുന്നവൻ) എന്നു പിന്നീടറിയപ്പെട്ടു.

സന്തുഷ്ടനായ പാണ്ഡു, ആദ്യം നീതിമാനും ധർമ്മിഷ്ഠനും ആയ ഒരു കുട്ടി വേണമെന്നാഗ്രഹം പ്രകടിപ്പിച്ചു. ധർമ്മ രാജാവിനെ ക്ഷണിക്കുവാനായി അനുവാദവും കൊടുത്തു. അങ്ങനെ കേട്ട നക്ഷത്രത്തിൽ മദ്ധ്യാഹ്നത്തിൽ അഭിജിത്ത് മുഹുർത്തിൽ സർവ്വ ലക്ഷണങ്ങളോടു കൂടിയ പുത്രൻ ജനിച്ചു. ഇവൻ ധർമ്മിഷ്ടനും സത്യസന്ധനും ശക്തനും ആയിരിക്കുമെന്നുള്ള അശരീരിയും കേട്ടു.

ഇതറിഞ്ഞ ഗാന്ധാരിക്കു ദുഃഖമുണ്ടായി.രണ്ടു വർഷമായി ഗർഭലക്ഷണങ്ങളുണ്ടായിട്ടും താൻ പ്രസവിച്ചില്ലല്ലോയെന്ന സങ്കടത്താൽ അവർ വയറിൽ ശക്തിയായി അമർത്തി. അവർ പൂർണ്ണവളർച്ചയാകാത്ത മാംസപിണ്ഡത്തെ പ്രസവിച്ചു. ആ സമയത്ത് അവിടെ എത്തിയ വ്യാസൻ ഗാന്ധാരിയോട് വിവരങ്ങൾ അന്വേഷിച്ചു. ഗാന്ധാരി പറഞ്ഞു,

ജ്യേഷ്ഠം കുന്തീസുതംജാതം ശ്രുത്വാ രവിസമപ്രഭം

ദുഃഖേനപരമേണേദമുദരം ഘാതിതം മയാ

കുന്തിക്ക് സൂര്യനേപ്പോലെ സുന്ദരനായ ഒരു മകനുണ്ടായെന്നറിഞ്ഞപ്പോൾ ഞാനെന്റെ വയറിൽ ആഞ്ഞടിച്ചു. താങ്കൾ പറഞ്ഞിരുന്നു എനിക്ക് 100 പുത്രന്മാരുണ്ടാകുമെന്ന്. എന്നാലിപ്പോൾ ഒരു മാംസക്കഷണമാണ് 100 പുത്രന്മാർക്കു പകരമുണ്ടായത്. അപ്പോൾ വ്യാസൻ പറഞ്ഞു, എന്റെ വാക്കുകൾ പാഴാകുകയില്ല. മാംസപിണ്ഡത്തെ 100 കഷണങ്ങളായി മുറിച്ചു. 100 ഭരണികൾ നെയ്യ് നിറച്ചു കൊണ്ടുവരികയെന്നും മാംസക്കഷണങ്ങളെ തണുത്ത വെള്ളത്തിൽ കഴുകി ഭരണിയിലടച്ച് സൂക്ഷിക്കണമെന്നും പറഞ്ഞു. അങ്ങനെ 100 ഭരണിയും മാംസക്കഷണത്തിലെ മുഴ 101 ാമത്തെ ഭരണിയിലും ആക്കി. ഒരു വർഷത്തിനുശേഷം മാത്രമേ ഭരണി തുറക്കാവൂ എന്നും പറഞ്ഞു. പിന്നീട് വ്യാസൻ അവിടെനിന്നും തപസിനായി ഹിമാലയത്തിലേക്കു പോയി.

ഒരു വർഷം പൂർത്തിയായ ദിവസം ഒരു നെയ്ക്കുടം സ്വയമേ പിളർന്ന് ഒരു കുട്ടി പിറന്നു. അങ്ങനെ ഗാന്ധാരിക്കു ദുര്യോധനൻ പിറന്നു. ഈ സമയം കഴുത കരയുന്നതും മറ്റുമായുള്ള അപശബ്ദങ്ങളുണ്ടായതിൽ എല്ലാവർക്കും ദുഃഖവും ഭയവും തോന്നി. പല പണ്ഡിതന്മാരും ഈ കുഞ്ഞിനെ അവിടെനിന്നും മാറ്റണമെന്നുവരെ ധൃതരാഷ്ട്രരെ ഉപദേശിച്ചു. ഒരു മാസത്തിനകം 100 പുത്രന്മാരും ഒരു പുത്രിയും പിറന്നു. ഗാന്ധാരിയുടെ ഗർഭകാലത്ത് ധൃതരാഷ്ട്രരെ പരിചരിച്ച ശൂദ്രയുവതിയിൽ ഉത്തമനായ ഒരു പുത്രൻ (യുയുത്സു) കൂടി ധൃതരാഷ്ട്രർക്കുണ്ടായി.

കുന്തിക്ക് യുധിഷ്ടിരൻ ജനിച്ച് രണ്ടു വർഷം കഴിഞ്ഞപ്പോൾ ശക്തനായ ഒരു മകനെ വേണമെന്നാഗ്രഹിച്ച പാണ്ഡു കുന്തിയോട് മാരുതിയെ സ്മരിക്കാനാവശ്യപ്പെട്ടു. അങ്ങനെ ഭീമൻ ജനിച്ചു ഭീമനും ദുര്യേധനനും ഒരേ ദിവസമാണ് ജനിച്ചത്. ഭീമനെക്കുറിച്ച് പറയുന്നത് ഭീമൻ കുഞ്ഞായിരിക്കുമ്പോൾ പാറയിൽ വീണപ്പോൾ പാറ പൊടിഞ്ഞുപോയിയെന്നാണ്. ഭീമന്റെ ജനനശേഷം വീണ്ടും ഇന്ദ്രനു സമാനനായ ഒരു പുത്രനേക്കൂടി വേണമെന്ന് പാണ്ഡു കുന്തിയോടു പറഞ്ഞു അങ്ങനെ ദേവേന്ദ്രപുത്രനായി അർജ്ജുനൻ ജനിച്ചു. ഈ കുട്ടി,

ഏഷ യുദ്ധേ മഹാദേവം തോഷയിഷ്യതി ശങ്കരം

അസ്ത്രം പാശുപതേ നാമ തസ്മാത് തുഷ്യാ ദവാപ്സ്യതി

അവൻ മഹാദേവനുമായി യുദ്ധം ചെയ്യുകയും അദ്ദേഹത്തിൽനിന്ന് പാശുപതാസ്ത്രം കൈവരിക്കുകയും ചെയ്തു. കുന്തിക്കു പുത്രന്മാരുണ്ടായപ്പോൾ മാദ്രിയും തന്റെ ആഗ്രഹം പറഞ്ഞു. കുന്തി മാദ്രിയോട് ഏതു ദേവന്റെ പുത്രന്മാരാണ് വേണ്ടത് എന്ന ചോദ്യത്തിന് അശ്വനീസഹോദരന്മാരുടെ കാര്യമാണ് പറഞ്ഞത്. അങ്ങനെ സൗന്ദര്യധാമങ്ങളായ നകുലനും സഹദേവനും ജനിച്ചു. അവർ ജനിച്ചപ്പോൾ,

സത്ത്വരൂപഗുണോപേതൗ ഭവതോ$f$ത്യശ്വിനാവിതി

ഭസതസ്തേജസാത്യർധം രൂപദ്യവിണസമ്പദാ

ഈ ധാർമ്മികരായ കുട്ടികൾ അശ്വിനിസഹോദരന്മാരേക്കാൾ ഊർജ്ജസ്വലന്മാരാണെന്നും അവരുടെ ഊർജ്ജവും സൗന്ദര്യവും എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിക്കും എന്നൊരശരീരി കേട്ടു.

പാണ്ഡു പുത്രന്മാരുടെ പ്രഭാവത്തിൽ ലയിച്ചുകഴിഞ്ഞുവരവേ ഒരു ദിവസം അദ്ദേഹം മാദ്രിയുമായി കാട്ടിൽ പോയി. മാദ്രിയുടെ സൗന്ദര്യത്തിൽ മതിമറന്ന പാണ്ഡു മാദ്രിയെ പുണർന്നു. മാൻവേഷധാരിയായ മുനിയുടെ വാക്കുകൾ അർത്ഥവത്തായി. തൽക്ഷണം തന്നെ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. വിവരമറിഞ്ഞ് എത്തിയ കുന്തി മാദ്രിയോടു കയർത്തുവെങ്കിലും പാണ്ഡുവിനോടുകൂടി മരിക്കുവാൻ തനിക്കാണവകാശമെന്നും പറഞ്ഞു. പക്ഷെ മാദ്രി അനുവദിച്ചില്ല. അഞ്ചുപേരേയും ഒരുപോലെ വളർത്തുവാൻ കുന്തിക്കു മാത്രമേ കഴിയൂ എന്നു മാദ്രി പറഞ്ഞു.

തസ്മാൻമേ സുതയോഃ കുന്തി വർത്തിതവ്യം സ്വപുത്രവത്

മാം ച കാമയമാനോ$f$യം രാജാ പ്രേതവശം ഗതഃ

അല്ലയോ കുന്തീ, താങ്കൾക്ക് എന്റെ പുത്രന്മാരേയും നിങ്ങളുടെ പുത്രന്മാരേയും വളർത്താൻ കഴിയും. എന്നെ കാംക്ഷിച്ച ഭർത്താവ് ഇന്ന് യമലോകത്തേക്കു പോയി.

വൈശമ്പായൻ പറയുന്നു,

രാജ്യഃ ശരീരേണ സഹ മാമപിദം കലേവരം

ദഗ്ധവ്യം സുപ്രതിച്ഛന്നമേതദാര്യേ പ്രിയം കുരു

അതുകൊണ്ട് എന്റെ ശരീരം രാജാവിന്റെ ശരീരത്തോടുകൂടി ദഹിപ്പിക്കണം. തടയരുത്. എനിക്കനുയോജ്യമായതു ചെയ്യാൻ എന്നെ അനുവദിക്കണം. ഇതു പറഞ്ഞതിനുശേഷം മാദ്രി രാജാവിന്റെ പട്ടടയിലേക്കു പോയി. പാണ്ഡുവിന്റെ മരണത്തിൽ ദുഃഖിതരായ മുനിമാർ കുന്തിയേയും കൂട്ടി ഹസ്തിനപുരം രാജധാനിയിലേക്കു പോയി. മഹർഷിവര്യന്മാരേയും മറ്റും കണ്ട ജനങ്ങൾ തടിച്ചുകൂടി.

സ്വിസട്ഘാഃ ക്ഷത്രസട്ഘാശ്ച യാനസട്ഘ സമാസ്ഥിതാഃ

ബ്രാഹ്മണൗഃ സഹ നിർജഗ്മുബ്രാഹ്മണാനാം ച യോഷിതഃ

ആയിരക്കണക്കിനു വാഹനങ്ങളിലും മറ്റുമായി ആയിരക്കണക്കിനു ക്ഷത്രിയരും ബ്രാഹ്മണരും തങ്ങളുടെ ഭാര്യമാരോടൊപ്പം എത്തി. ഭീഷ്മരും വിദുരരും ഗാന്ധാരിയും എല്ലാവരുമുണ്ടായിരുന്നു. ദുര്യോധനാദികളും ഉണ്ടായിരുന്നു. എല്ലാവരും ഋഷിമാരെ വന്ദിച്ചു. ഭീഷ്മർ അവരുടെ കാൽ കഴുകി പൂജിച്ചിരുത്തി സംഭാഷണമാരംഭിച്ചു. ഏറ്റവും മുതിർന്ന മുനിവര്യൻ പറഞ്ഞു,

യഃ സ കൗരവ്യ ദായാദഃ പാണ്ഡുർനാമ നരാധിപഃ

കാമഭോഗാൻ പരിത്യജ്യശതശൃുട്ഗംമിതോ ഗതഃ

കുരുവംശത്തിലെ രാജാവായ പാണ്ഡു സാർവ്വലൗകികസുഖങ്ങളെല്ലാം ത്യജിച്ച് വനത്തിൽ താമസിക്കുകയാണ്. അദ്ദേഹം ബ്രഹ്മചര്യം കാത്തുസൂക്ഷിക്കേണ്ടിവന്നു. പക്ഷെ ചില സാഹചര്യങ്ങളിൽ യമധർമ്മൻ, മാരുതി, ദേവേന്ദ്രൻ, അശ്വനികുമാരന്മാർ ഇവരുടേയും മക്കൾ കുന്തിക്കും മാദ്രിക്കും ജനിച്ചുവെന്നും ഈ സദ്പുത്രന്മാരെല്ലാവരും ഐശ്വര്യസമ്പൂർണ്ണരാണ്. അവസാനം കർമ്മഫലമായി പാണ്ഡു പിതൃലോകത്തേക്ക് യാത്രയായി. അദ്ദേഹത്തിന്റെ ഭാര്യ മാദ്രിയും ആ പട്ടടയിൽതന്നെ ജീവത്യാഗം ചെയ്തു. കുന്തിയേയും മക്കളേയും വേണ്ടവിധത്തിൽ സ്വീകരിക്കണമെന്നും അവർ പറഞ്ഞു. പാണ്ഡുവിനും മാദ്രിക്കും മരണാനന്തരക്രിയകൾ വേണ്ടുംവിധം ചെയ്യാനായി ധൃതരാഷ്ട്രർ വിദുരരോടു പറഞ്ഞു. ശവസംസ്കാര ക്രിയകളും തുടർന്നുള്ള ചടങ്ങുകളും എല്ലാം ഭംഗിയായി നടന്നു. എല്ലാവരും ധൈര്യശാലികളായ പാണ്ഡുപുത്രന്മാരെ സമാധാനപ്പെടുത്താൻ ശ്രമിച്ചു.

യഥൈവ പാണ്ഡവാ ഭൂമൗ സുഷുപുഃ സഹ ബാന്ധവൈഃ

തഥൈവ നാഗരാ രാജൻ ശിശ്യരേ ബ്രാഹ്മണാദയഃ

തദ്രതാനന്ദമസ്വസ്ഥമാകുമാരമഹൃഷ്ഠവത്

ബഭൂവ പാണ്ഡമൈവഃ സാർധം നഗരം ദ്വാദശാക്ഷപാഃ

പാണ്ഡവർ അവരുടെ സുഹൃത്തുക്കളോടും ബന്ധുക്കളോടും കൂടി തറയിൽ കിടന്നുറങ്ങി. ഇതു

കണ്ട ബ്രാഹ്മണരും മറ്റു പൗരന്മാരും അവരുടെ കിടക്കകൾ ഉപേക്ഷിച്ചു. ചെറുപ്പക്കാരും വൃദ്ധരും പാണ്ഡുപുത്രന്മാരോടു കൂടി ദുഃഖം ആചരിക്കുകയും 12 ദിവസം ദുഃഖാചരണം നടത്തുകയും ചെയ്തു. എല്ലാ കർമ്മങ്ങളും കഴിഞ്ഞു. ദുഃഖിതരായ ബന്ധുജനങ്ങളെ കണ്ട വ്യാസൻ മാതാവായ സത്യവതിയോടു പറഞ്ഞു,

അതിക്രാന്തസുഖാഃ കാലാഃ പര്യുപസ്ഥിതദാരുണാഃ

ശ്വഃ ശ്വഃ പാപിഷ്ഠദിവസാഃ പൃഥിവീ ഗതയൗവനാ

സന്തോഷത്തിന്റെ ദിനങ്ങൾ മറഞ്ഞു. ദുഃഖത്തിന്റെ നാളുകൾ വന്നു. പാപം ദിവസം തോറും കൂടിക്കൂടി വരുന്നു. ലോകത്തിന് അതിന്റെ യൗവ്വനകാലവും നഷ്ടപ്പെട്ടു.

കാലക്രമത്തിൽ കുരുവംശരുടെ പ്രവർത്തിമൂലം ലോകം നശിക്കും. അതുകൊണ്ട് വനത്തിൽ പോയി തപസ്സു ചെയ്യുന്നതാണ് നല്ലതെന്നും അമ്മയുടെ വംശനാശം കാണാൻ നിൽക്കണ്ടയെന്നും മറ്റും വ്യാസൻ പറഞ്ഞപ്പോൾ സത്യവതി തന്റെ മരുമക്കളോട് വിവരം പറയാൻ പോയി. അംബികയോടു തങ്ങളുടെ ചെറുമക്കൾ ചെയ്യാൻ പോകുന്ന ക്രൂരതയും പറഞ്ഞു. അംബാലിക സങ്കടത്തോടെ അവർക്കിനി ആരുമില്ലെന്നും മറ്റും പറഞ്ഞു കരഞ്ഞു. അവസാനം മൂവരും വ്യാസനുമൊരുമിച്ച് വനത്തിൽ പോയി തപസ്സു ചെയ്തു കാലം കഴിച്ചു. ഓരോരുത്തരും ചരമം പ്രാപിച്ചു. ഇവരെ ശുശ്രൂഷിക്കുവാൻ വ്യാസനുണ്ടായിരുന്നു. ഈ അന്ത്യത്തോടുകൂടി രാജമാതാക്കൾ സത്യവതിയും അംബികയും അംബാലികയും കാലയവനികക്കുള്ളിൽ മറഞ്ഞു. ഇതുവരെ പറഞ്ഞതിൽ ഒരു ചിന്തനീയ വസ്തുതയെന്നു പറയുന്നത് ആണിമാണ്ഡവ്യന്റെ 14 വയസിനു താഴെയുള്ളവരുടെ കുറ്റകൃത്യങ്ങളേക്കുറിച്ചുള്ള നിയമം ഉദ്ദാലകമുനിയുടെ മകൻ ശ്വേതകേതുവിന്റെ മുൻപിൽവെച്ച് വയസായ ബ്രാഹ്മണൻ ശ്വേതകേതുവിന്റെ അമ്മയെ തനിക്കു പുത്രഭാഗ്യത്തിനായി വേണമെന്നു ശഠിച്ചപ്പോൾ കോപാകുലനായ ശ്വേതകേതു ഏതു പുരുഷനും ഏതൊരു സ്ത്രീയേയും ഇഷ്ടംപോലെ പിടിച്ചുകൊണ്ടു പോകാമെന്നുള്ള നിയമം നിർത്തുന്നുവെന്നും സ്ത്രീയുടെ സമ്മതം കൂടാതെ പിടിച്ചുകൊണ്ടു പോകുന്ന കാട്ടാളനിയമം താൻ നിർത്തുന്നുവെന്നും സ്ത്രീയുടെ സമ്മതംകൂടാതെ അവളെ ബലമായി പ്രാപിക്കുന്ന പുരുഷൻ നരകത്തിൽ പോകുമെന്നും ഭർത്തൃവഞ്ചന ചെയ്യുന്നതും നരകത്തിലേക്കു നയിക്കുമെന്നും പറഞ്ഞു. കൂടാതെ തന്റെ ഈ നിയമം അലിഖിതമായി തീരട്ടെയെന്നും ശ്വേതകേതു പറഞ്ഞു.

ഋഷിപുത്രോ $f$ ഥ തം ധർമ്മം ശ്വേതകേതുർനചക്ഷമേ

ചകാര ചൈവ മര്യാദാഭിമാം സ്ത്രീപുംസയോർഭുവി

ശ്വേതകേതു ഇത്തരത്തിലുള്ള നിയമത്തെ അംഗീകരിച്ചില്ല. കൂടാതെ സ്ത്രീകൾക്കും പുരുഷന്മാർക്കും നിയമവും ഉണ്ടാക്കി. ഇന്നു നാം കാണുന്ന 14 വയസിനു താഴെയുള്ള കുട്ടികളുടെ ക്രൂരകൃത്യങ്ങളുടെ ഇളവ്, സ്ത്രീകൾക്കുള്ള ആനുകൂല്യം കുടുംബബന്ധങ്ങളുടെ അന്തസ്സ് ,ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്നിങ്ങനെ സാംസ്കാരിക ചിന്തക്കുതകുന്ന ഉത്തരങ്ങൾ നൽകുന്ന ഒരു അദ്ധ്യായമായാണ് മഹാഭാരതത്തിലെ ഈ അദ്ധ്യായത്തെ കാണുന്നത്.

**എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം**
**2019 ജൂൺ/ജൂലൈ മാസത്തെ പരിപാടികൾ**

| തീയതി | മനോരഞ്ജിനി/ അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 13.6.19 | | എം. ശ്രീവല്ലഭൻ നായർ | നവോത്ഥാനം | 1021 |
| 20.6.19 | ടി.എൻ. ടി നായർ | പി.വി. മാധവൻ പിള്ള | നമ്മുടെ ജീവിത മൂല്യങ്ങൾ | 1022 |
| 27.06.19 | ലക്ഷ്മിദേവി. പി. നായർ | എം. രാജലക്ഷ്മി | ശിക്ഷാവിധി പുരാണങ്ങളിലൂടെ | 1023 |
| 04.07.19 | | സി. രാമചന്ദ്രൻ | മനസ്സും വപുസ്സും രണ്ടാം ഭാഗം | 1024 |

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോൺ : 9895981809

**ശ്ലോകം : 35**

നാദബ്രഹ്മമയം സുരാരിഹൃദ
യോൽക്കമ്പപ്രദം മേദുരാം -
ഭോദദ്ധ്വാനസമം സമാധിനിരത
ശ്രോത്രാമൃതസ്യന്ദകം

ശ്രീദ ശ്രീധര പാഞ്ചജന്യജനിതം മന്ത്രാരവം താവകം

ഖേദം സർവ്വമകറ്റി മംഗലമെനിക്കേകട്ടെ സർവ്വോത്തമം

**പദാർത്ഥം :**

നാദബ്രഹ്മമയം = ബ്രഹ്മത്തിന്റെ നാദാവസ്ഥയായ
സുരാരിഹൃദയ = അസുരന്മാരുടെ മനസ്സിൽ
ഉൽക്കമ്പപ്രദം = ഭയങ്കര വിറയൽ ഉണ്ടാക്കുന്ന
മേദുര = വലിയ
അംഭോദ = മേഘത്തിന്റെ
ധ്വാനസമം = ഇടിവെട്ടിന്റെ ശബ്ദത്തിനു സമമായ
സമാധി നിരത = സമാധിയിൽ ലയിച്ചവരുടെ
ശ്രോത്രാമൃതസ്യന്ദകം = ചെവികളിൽ അമൃത് ഒഴിക്കുന്ന
ശ്രീദ ശ്രീധര = ധനം തരുന്ന മഹാവിഷ്ണുവിന്റെ
പാഞ്ചജന്യജനിതം = പാഞ്ചജന്യശംഖിൽ ജനിച്ച
മന്ത്രം താവകം = അവിടുത്തെ മന്ത്രം
ഖേദം = വിഷമം
സർവമകറ്റി = എല്ലാം മാറ്റി
മംഗലം = നന്മ
എനിക്കേകട്ടെ = എനിക്കു തരട്ടേ
സർവ്വോത്തമം = എല്ലാത്തിലും ഉത്തമമായ

**ശ്ലോകാർത്ഥം :-**

സമ്പത്ത് കൊടുക്കുന്ന ശ്രീധര, പാഞ്ചജന്യത്തിൽ ജനിച്ച, അസുരന്മാരുടെ മനസ്സിൽ ഭയത്തിന്റെ ഭയങ്കരമായ വിറയൽ ഉണ്ടാക്കുന്ന , വലിയ മേഘത്തിന്റെ ഇടിവെട്ടിനു സമമായ, സമാധിയിൽ ലയിച്ചവരുടെ ചെവിക്ക് അമൃതപ്രവാഹമായ , അവിടുത്തെ മന്ത്രം, എല്ലാ വിഷമങ്ങളും നീക്കി ഏറ്റവും ഉത്തമമായ നന്മ എനിക്ക് തരട്ടെ.

**വ്യാഖ്യാ : -**

പ്രണവമന്ത്രത്തെ ഇവിടെ വിവരിക്കുന്നു. പ്രണവം മംഗളധ്വനിയാണ്. ബ്രഹ്മം നാദരൂപമാണ്. അത് കാലാതീതവുമായതിനാൽ, പരിണാമാത്മക പരിണാമവിധേയമായ പ്രപഞ്ചവും നാദമയം തന്നെ. നാദമായിരുന്നത്. പലതായി പഞ്ചഭൂതങ്ങളായി , പഞ്ചീകരണം നടന്ന് പതിനാലു ലോകങ്ങളായ പ്രപഞ്ചമായി മാറുന്നു. കേവലമായ നാദരൂപബ്രഹ്മം, സാധാരണക്കാരന് വേദ്യമല്ലാതായി തീരുന്നു. നാദബ്രഹ്മത്തിൽ നിന്നു തന്നെയുണ്ടായ മായയാൽ അത് മറക്കപ്പെടുന്നു. എന്നാൽ സമാധിയിൽ ലയിച്ചവർക്ക് , പ്രാപഞ്ചിക വ്യവഹാരത്തിൽ നിന്ന് പുറത്തിറങ്ങിയവർക്ക്, വീണ്ടും ആ നാദം കേൾക്കാം. അതു സൃഷ്ടി മാത്രമല്ല, സ്ഥിതി സംഹാരാത്മകവുമാണ്. ആ ഓങ്കാരം പാഞ്ചജന്യത്തിൽ നിന്ന് ജനിക്കുമ്പോൾ അത് വലിയ കാർമേഘങ്ങളുണ്ടാക്കുന്ന ഇടിവെട്ടിന്റെ ശബ്ദംപോലെ അസുരന്മാരുടെ മനസ്സിൽ ഭയത്തിന്റെ പ്രകമ്പനങ്ങളുണ്ടാക്കുന്നു. എല്ലാവർക്കും സമ്പത്ത് പ്രദാനം ചെയ്യുന്നവനും , സദാ ശ്രീയെ മാറിൽ ധരിക്കുന്നവനുമായ വിഷ്ണോ, അവിടുത്തെ ആ മന്ത്രാരവം, എല്ലാ ദു:ഖങ്ങളുമകറ്റി എനിക്ക് ഏറ്റവും ശ്രേഷ്ഠമായ, ഉത്തമമായ, വിശേഷമായ മംഗളം തരട്ടെ.


**എറണാകുളം കരയോഗം സംഘടിപ്പിക്കുന്ന ജയ്പൂർ, ഉദയ്പൂർ, ജോധ്പൂർ യാത്ര**

**2019 ഒക്ടോബർ 19 മുതൽ 25 വരെ**

**പ്രീമിയം ടൂർ - 6 രാത്രി, 7 പകൽ,**

**4 സ്റ്റാർ സൗകര്യം,**

**ബുഫെ ലഞ്ച് & ഡിന്നർ,**

**Two & fro Flights**

For More details

**Contact: A.Muraleedharan**
**9447060693**

# പാതഞ്ജല യോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ: 9447077203)

ദുഃഖ ദൗർമനസ്യ അംഗമേജയത്വ ശ്വാസ പ്രശ്വാസാ വിക്ഷേപസഹഭുവ :

വിക്ഷേപത്തോടു കൂടി ഉണ്ടാകുന്നവയാണ് ദുഃഖം, ദൗർമനസ്യം, അംഗമേജയത്വം, ശ്വാസപ്രശ്വാസം എന്നിവ. ഒമ്പത് വിഘ്നങ്ങളെപ്പറ്റി കഴിഞ്ഞ സൂത്രത്തിൽ പറഞ്ഞു. അവയൊക്കെ ചിത്തത്തിന്റെ വിക്ഷേപങ്ങളാണ്. അവയുടെ കൂടെ വരുന്നവയാണ് ഈ സൂത്രത്തിൽ പറഞ്ഞവ. ദുഃഖത്തെപ്പറ്റി സാംഖ്യ ദർശനത്തിൽ ധാരാളം വരുന്നുണ്ട്. 'ദുഃഖത്രയാഭിഘാതാത് ജിജ്ഞാസാ' (മൂന്നു തരം ദുഃഖങ്ങളുടെ അടിയേൽക്കുന്ന മനുഷ്യന് അറിയാനുള്ള ആഗ്രഹം ജനിക്കുന്നു) ഏതിൽ? 'തദഭിഘാതകേ ഹേതൌ' (ഈ ആഘാതങ്ങളെ തടുക്കാൻ ഉള്ള മാർഗ്ഗം കണ്ടെത്താനാണ് ഈ ജിജ്ഞാസ) ഇവിടെ അടിയുടെ തടയ്ക്കുള്ള പരിശ്രമത്തെയാണ് ദുഃഖമെന്ന് വ്യാസൻ പറയുന്നത്. മൂന്നു തരം ദുഃഖങ്ങളുണ്ട് - ആധ്യാത്മികം, ആധിഭൗതികം, ആധിദൈവികം.

ആധ്യാത്മികമെന്നാൽ ശരീരത്തിനും മനസ്സിനുമുണ്ടാകുന്ന ദുഃഖമാണ്. ആത്മികമെന്നാൽ വ്യക്തിക്ക് എന്നേ അർത്ഥമുള്ളൂ. ഉള്ളിലിരിക്കുന്ന ചൈതന്യം എന്ന അർത്ഥത്തിലുള്ള ആത്മാവല്ല. ശരീരത്തിന് സ്വാഭാവികമായി (നൈസർഗികമായി) വരുന്ന ചില ദുഃഖങ്ങളാണ് ദാഹം. വിശപ്പ് മുതലായവ. ശുദ്ധമായ വെള്ളം ഭക്ഷണം ഇവകൊണ്ട് ഇതു മാറിക്കിട്ടും. അശുദ്ധമായാൽ അവ രോഗകാരണവുമാവും. വാതം, പിത്തം, കഫം എന്നീ ത്രിദോഷങ്ങളാലുണ്ടാകുന്നവയാണ് മറ്റൊരു തരം. വയറിളക്കം, പനി മുതലായ അനേകം രോഗങ്ങൾ ഇങ്ങിനെ ഉണ്ടാകും. എല്ലാം ദുഃഖം തന്നെ. കാമം, ക്രോധം മുതലായ വികാരങ്ങൾ കൊണ്ട് മനസ്സിനു അസ്വാസ്ഥ്യമുണ്ടാകും. ദുഃഖമുണ്ടാകും. ഇങ്ങിനെ ശരീരത്തിലെ നൈസർഗികങ്ങളായ ദുഃഖങ്ങൾ, ത്രിദോഷജന്യ ദുഃഖങ്ങൾ, മാനസിക ദുഃഖങ്ങൾ ഇവ ആദ്ധ്യാത്മിക ദുഃഖങ്ങളാണ്. ഇവയെല്ലാം നമ്മുടെ ഉള്ളിൽ നിന്നുണ്ടാകുന്നവയാണ്.

ആധിഭൗതിക ദുഃഖങ്ങൾ പുറത്തു നിന്നുള്ളവയാണ്. മറ്റു ജന്തുക്കൾ, വൃക്ഷങ്ങൾ മുതലായവയിൽ നിന്നുള്ള ദുഃഖങ്ങൾ വീട്, മതിൽ മുതലായവയൊക്കെ നാം ഉണ്ടാക്കുന്നത് ഈ ദുഃഖങ്ങളെ തടയിടാനാണ്.

മഴ കൂടുതലാവുക, കുറയുക, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം മുതലായ പ്രകൃതികോപം കൊണ്ടുണ്ടാകുന്ന ദുഃഖങ്ങൾ ആധിദൈവികമാണ്. ദേവന്മാർ പ്രകൃതിയുടെ പ്രതിപുരുഷന്മാർ തന്നെ.

ഈ ദുഃഖങ്ങളെ മാറ്റാനുള്ള പരിശ്രമവും ദുഃഖം തന്നെ. ദുഷ്ടം ഖം ദുഃഖം. ഖം ആകാശമെന്നർത്ഥമുണ്ട്. ഇവിടെ ഹൃദയാകാശം, അതു ദുഷിച്ചാൽ ദുഃഖം. പുറത്തേതിനെ ആശ്രയിച്ചല്ല, പേമാരി വന്നാൽ നമുക്ക് ദുഃഖം. കുട്ടികൾക്ക് സ്കൂളവധിയുടെ സന്തോഷം.

കാര്യങ്ങൾ വേണ്ടപോലെ നടക്കാതെ വരുമ്പോൾ തടസ്സങ്ങൾ വന്നു ചേരുമ്പോൾ മനസ്സു ക്ഷോഭിക്കും. മനസ്സു കെടും. ഈ ദുസ്ഥിതിയാണ് ദൗർമനസ്യം. ഇതിന്റെ എതിർവാക്കാണ് സൗമനസ്യം. മനസ്സ് ശാന്തമായൊഴുകും. അര ഗ്ലാസ് ചായ കണ്ടാൽ പകുതി നിറഞ്ഞു എന്നു ചിലർ പറയും. ദുർമനസ്സുള്ളവൻ പകുതി കാലിയാണെന്നു പറയും. മാവ് മാങ്ങയാണ്ടാവുന്നതിൽ സന്തോഷിക്കണം. തേങ്ങയുണ്ടാവണമെന്നാഗ്രഹിക്കരുത്. ദുർമനസ്സുകളാണങ്ങിനെയാഗ്രഹിക്കുന്നത്.

ശരീരത്തിലുണ്ടാകുന്ന വിറയലാണ് അംഗമേജയത്വം. ഏജനമെന്നാൽ കമ്പനം. അംഗങ്ങൾ, അവയവങ്ങൾ, ഏജനം ചെയ്യുന്നത്, വിറക്കുന്നത് അംഗമേജയത്വം. വിറ മാത്രമല്ല, വികാര വിക്ഷോഭമുണ്ടാവുമ്പോൾ ശരീരം കോച്ചുന്നതും പിരിമുറുക്കമുണ്ടാവുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതും നടക്കുമ്പോൾ കൈകൊണ്ട് ആംഗ്യം കാട്ടുന്നതുമൊക്കെ ഇതിൽ പെടും.

വായുവിനെ ഉള്ളിലേക്കെടുക്കുന്നത് ശ്വാസം. പുറത്തു വിടുന്നത് പ്രസ്ശ്വാസം. ഇതിന്റെ താളം നഷ്ടപ്പെടുന്നതാണിവിടെ പ്രശ്നം. മനസ്സിന്റെ അവസ്ഥ കാട്ടിത്തരുന്ന ബാഹ്യലക്ഷണമാണ് ശ്വാസപ്രശ്വാസങ്ങൾ.

ഇവിടെ നാല് ദോഷങ്ങൾ പറഞ്ഞു. വിക്ഷേപമുള്ള ചിത്തത്തിലാണിതു പ്രവർത്തിക്കുക. രജസ്സിന്റെ സ്വാധീനമാണ് വിക്ഷേപമുണ്ടാക്കുന്നത്. മനസ്സിന്റെ കലക്കം തന്നെ അത്. സമാധിക്കുള്ള തടസ്സങ്ങൾ ആയ ഒമ്പത് എണ്ണമാണ് കഴിഞ്ഞ സൂത്രത്തിൽ ചിത്ത വിക്ഷേപങ്ങളായി പറഞ്ഞത്. ആ ഒമ്പതിൽ ഓരോന്നിന്റെയും കൂടെ ദുഃഖമോ, ദൗർമനസ്യമോ, വിറയലോ, ശ്വാസതടസ്സമോ വരാം. ഉദാഹരണത്തിന്, വ്യാധിയുടെ കൂടെ ഇതു നാലും സംഭവിക്കാം.

ശ്രദ്ധയും ഭക്തിയും ഇല്ലാത്തവനാണ് ചിത്തവിക്ഷേപമുണ്ടാവുക. ശ്രദ്ധ വിശ്വാസം തന്നെ. അതിൽ നിന്ന് ഭയരാഹിത്യമുണ്ടാവും. ഭക്തി ഈശ്വരപ്രണിധാനം തന്നെ. അന്തര്യാമിയായ ഈശ്വരനെ അനുസരിക്കുക. ഇന്ന് ബാഹ്യ വസ്തു ഉപസേവനമാണ് നടക്കുന്നത്. പുറത്തുള്ള വസ്തുവിനെ ആശ്രയിച്ചുള്ള സുഖദുഃഖങ്ങൾ.

# 14-ാം ചരമവാർഷികം

## 29.06.2019



# ജസ്റ്റിസ് ജാനകിയമ്മ

**കേരള ഹൈക്കോടതി ജഡ്ജിയായി 8 വർഷവും എറണാകുളം കരയോഗം പ്രസിഡണ്ടായി (ആദ്യ വനിതാ പ്രസിഡണ്ട്) 6 വർഷവും സേവനം അനുഷ്ഠിച്ച ജസ്റ്റിസ് പി. ജാനകി അമ്മ കാലയവനികക്കുള്ളിൽ മറഞ്ഞിട്ട് 14 വർഷം തികയുകയാണ് ജൂൺ 29 ന്. ജീവിതകാലം മുഴുവനും ജനോപകാരപ്രദമായ പ്രവർത്തനങ്ങളിൽ മുഴുകി കഴിഞ്ഞിരുന്ന ജസ്റ്റിസ് ജാനകി അമ്മ പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസിന്റെ സജീവ പ്രവർത്തകയുമായിരുന്നു. ആരാധകരുടേയും, സ്നേഹിതരുടേയും, കുടുംബാംഗങ്ങളുടേയും സ്നേഹനിർഭരമായ സ്മരാഞ്ജലികൾ.**

## 2-ാം ചരമവാർഷികം

**10. 06 .2019**



**പി. വിജയലക്ഷ്മി**
**ശ്രീ ശക്തി**
**ആലപ്പാട്ട് ക്രോസ് റോഡ്**
**രവിപുരം, കൊച്ചി 682016**


## 10-ാം ചരമവാർഷികം

**25. 06 .2019**



**വി.കെ. സരോജിനി അമ്മ**
**കുന്നംപ്പിള്ളി ഹൗസ്**
**കുന്നംപ്പിള്ളി ലെയ്ൻ**
**നെറ്റേപ്പാടം റോഡ്, എറണാകുളം സൗത്ത്**


## 2019 മെയ് മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**വി.പി.ഗോപാലകൃഷ്ണൻ**
L/2573, വയലിൽ,
കുരിശുപള്ളിക്രോസ്സ് റോഡ്
രവിപുരം, കൊച്ചി - 682016



**ബി. രവീന്ദ്രൻ**
L/5330, മൈത്രി, 33/1983,
നെരിച്ചാത്തറ, പേരണ്ടൂർ റോഡ്,
എളമക്കര - 682026



**വിശ്വനാഥ മേനോൻ വടക്കൂട്ട്**
L/0208, മാധവമംഗലം
വാഴപ്പിള്ളി, മുടവൂർ. പി.ഒ
മൂവാറ്റുപുഴ - 686661




**കെ.കെ. മേനോൻ**
L/0713, വെസ്റ്റ് ആലപ്പാട്ട് ഹൗസ്
ആലപ്പാട്ട് റോഡ്, രവിപുരം
കൊച്ചി - 682016



**രാധാകൃഷ്ണൻ പുല്ലൂറ്റ്**
L/2099, പാടത്ത്,
293 പനമ്പിള്ളി അവന്യൂ
പനമ്പിള്ളി നഗർ, കൊച്ചി-36



**സുരേഷ്കുമാർ. വി**
L/1819, ഡിബിആർഎ-ബി-19
ഭാനുപ്രിയ, കണ്ണമ്പിള്ളി റോഡ്
പച്ചാളം - 682012



**കരുണാകര ഗോവിന്ദമേനോൻ**
L/5737, 6 ബി, കണ്ണാർകാട്ട്
കൊണ്ടോമിനിയം, ടോക്-എച്ച്
റോഡ്, വൈറ്റില, കൊച്ചി-682019

# മസ്തിഷ്ക പരിണാമത്തിന്റെ വഴികളിലൂടെ

സി. രാമചന്ദ്രൻ

മനസ്സ് മനുഷ്യനു മാത്രമുള്ളതാണോ? ജന്തുക്കൾക്കും അതില്ലേ? സസ്യങ്ങൾക്കും അത് കാണാതിരിക്കുമോ? ഇത്യാദി ചോദ്യങ്ങളെല്ലാം പണ്ടെന്നപോലെ ഇന്നും ഉയരുന്നുണ്ട് കാരണം ഇതിനെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള പ്രതികരണശേഷി ഉണ്ട് എന്നുള്ളതുകൊണ്ടാണ്. മനസ്സും ചിന്തയുമില്ലെങ്കിൽ പിന്നെ ഇതെങ്ങനെ സംഭവിക്കുമെന്നാണ് ചോദ്യം. നാം മനസ്സിലാക്കാനുള്ളത് മനുഷ്യനൊഴിച്ചുള്ള ജൈവജാതികൾക്കെല്ലാം നൈസർഗിക വാസനകളാണുള്ളത്. അതുകൊണ്ടാണ് അവയൊന്നും പരിഷ്ക്കരിക്കപ്പെടാത്തത്. ഉത്പത്തിയിൽ അത് എപ്രകാരമായിരുന്നുവോ, അതേപടി ഇന്നും തുടരുന്നു. അതിനപവാദം മനുഷ്യൻ തന്നെ പരിശീലനം നൽകുന്ന വളർത്തുമൃഗങ്ങളാണ്. അതിനെയും പരിശീലിപ്പിക്കുവാനല്ലാതെ പഠിപ്പിക്കുവാൻ കഴിയുകയില്ല. കാരണം ഭാഷ എന്ന ഒന്ന് അതിനില്ല.

മനുഷ്യൻ മരക്കൊമ്പുകളിലും ഗുഹകളിലും വസിച്ചിരുന്ന കാലത്തും കുരുവികളും തേനീച്ചകളും രമ്യഹർമ്യങ്ങളുണ്ടാക്കിയിരുന്നു. എന്നാൽ അവ ഇന്നും അതുപോലെ തുടരുമ്പോൾ മനുഷ്യന്റെ ഇന്നത്തെ ജീവിതത്തിന് സമാനതകളില്ല. അത് മസ്തിഷ്ക്കത്തിന്റേയും മനസ്സിന്റേയും ഒറ്റയ്ക്കും കൂട്ടായുമുള്ള പ്രവർത്തനഫലമാണ്. അത് അറിവ് ഭാഷകളിലൂടെ തലമുറകൾ കടന്ന് വളരുന്നതിലൂടെയാണ് . തലച്ചോറ് ഉൾപ്പെടെയുള്ള മനുഷ്യ ശരീരം ദ്രവ്യജൈവ കോശങ്ങളുടെ സമുച്ചയമാണ്. മനസ്സ് എന്നത് അതിൽ നിന്നുണ്ടാകുന്നതും ഇതിനെയെല്ലാം കുറിച്ചുണ്ടാകുന്നതുമായ ബോധമാണ്. മരണശേഷം ശരീരത്തിലുൾപ്പെട്ട ദ്രവ്യങ്ങൾ വിഘടിച്ച് അതിന്റെ ഉറവിടമായ പ്രപഞ്ചത്തിലേക്കു തിരികെ പോകുന്നു. മനുഷ്യാ നീ ദ്രവ്യമാകുന്നു. പ്രപഞ്ചത്തിൽ നിന്നുണ്ടാകുന്നു. പ്രപഞ്ചത്തിലേക്കു തിരിച്ചു പോകുന്നു എന്നും പറയാം. എന്നാൽ തിരിച്ചു പോകാത്ത ഒന്നുണ്ട്. അത് അലയുന്ന ആത്മാവല്ല, അടിയുന്ന അറിവാണ്. തലമുറകൾ കടന്നുവന്ന് തലമുറകളിലേക്കു പോകുന്ന അറിവ്. ഇതാണ് ഈ പ്രപഞ്ചത്തിൽ , ഈ ലോകത്തിൽ, മനുഷ്യനെ അനന്യനാക്കുന്നത്. മനുഷ്യൻ പ്രപഞ്ചത്തിൽ നിന്നു വേറിട്ട എന്തോ ആണ് എന്ന മിഥ്യാധാരണയുണ്ടാകാനും ഇത് കാരണമായി.

എന്നാൽ മനുഷ്യൻ മറ്റു ജന്തുക്കളെപ്പോലെ സഹസ്രകോടി കോശങ്ങൾ സംഘടിച്ചുണ്ടാക്കുന്ന ഒരു നിർമ്മിതി മാത്രമല്ല, ഭാവിയെ സ്വന്തം കൈകളിൽ അമ്മാനമാടുന്ന ഒരു പ്രതിഭാസം കൂടിയാണ്. ഡാർവിൻ രചിച്ച ജൈവജാതികളുടെ പരിണാമനാടകത്തിന്റെ ഭൂമിയിലെ അവതരണത്തിന്റെ പാരമ്യത്തിലാണ് മനുഷ്യമസ്തിഷ്കത്തിന്റെ രംഗപ്രവേശം. ജീവിതത്തിന്റെ അർത്ഥവും അർത്ഥമില്ലായ്മയും കണ്ടെത്തുവാൻ ശ്രമിക്കുന്നത് മനുഷ്യനാണ് ; മനുഷ്യൻ മാത്രമാണ്.

ശരീരഘടനാ ശാസ്ത്രപരമായി മനുഷ്യൻ ആൾക്കുരങ്ങുതന്നെയാണ്. രണ്ടും സഹസ്രകോടി കോശങ്ങൾ തിങ്ങിനിറഞ്ഞ കോളനികൾ. എന്നിരുന്നാൽത്തന്നെ മനുഷ്യക്കുരങ്ങും മനുഷ്യനും എവിടെയാണ് വഴിപിരിയുന്നത്. ആൾക്കുരങ്ങുകൾ വനത്തിൽ സമാധാനത്തോടെ ജീവിച്ചു മരിക്കുന്നു. അവിടെ കഥ തീരുന്നു. മനുഷ്യനോ? അവൻ ഭാഷ സൃഷ്ടിക്കുന്നു, എഴുതുന്നു. അറിവിനായി ഉഴറുന്നു. അക്കങ്ങളിലേക്കും ഗണിതത്തിലേക്കും വളരുന്നു. സ്വന്തം ഉള്ളറകളെക്കുറിച്ചന്വേഷിക്കുന്നു. നരവംശ ശാസ്ത്രവും ദൈവവംശ ശാസ്ത്രവും സൃഷ്ടിക്കുന്നു, നരവംശ ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് ദൈവവംശ ശാസ്ത്രം തടയിടുന്നു എന്നതും ഒരു വസ്തുതയാണ്.

മസ്തിഷ്കത്തിന്റെ ലഘുചിത്രം മുമ്പു നൽകുകയുണ്ടായിട്ടുണ്ട്. ഏകദേശം പതിനായിരം കോടി നാഡീകോശങ്ങൾ കൊണ്ടാണ് അതിന്റെ നിർമ്മാണം. ഘടകങ്ങളും ഉപഘടകങ്ങളുമായി കെട്ടുപിണയുന്ന അതിന്റെ സാങ്കേതികപദവിവരണങ്ങൾ നമുക്കിപ്പോഴാവശ്യമില്ല.

ഒരിടത്ത് സ്ഥിരമായി നിൽക്കുന്ന സസ്യങ്ങൾക്ക് നാഡീവ്യവസ്ഥയുടെയോ മസ്തിഷ്കത്തിന്റെയോ ആവശ്യമില്ല. എന്നാൽ ജന്തുക്കളുടെ സ്ഥിതി അതല്ല – അവയ്ക്ക് ഭക്ഷണം തേടിക്കൊണ്ടോടി നടക്കണം. മറ്റു ജന്തുക്കളുടെ ഭക്ഷണമാകാതെ നോക്കണം, അപകടങ്ങളിൽ നിന്നുമോടി രക്ഷതേടണം. നാഡീവ്യൂഹത്തിന്റെ വികാസം ജന്തുക്കളുടെ പരിണാമപരമായ ആവശ്യമായിരുന്നു. ജന്തുക്കളുടെ നാഡീവ്യൂഹത്തിന്റെ പ്രവർത്തനങ്ങളിൽ പൊതുവെ സാദൃശ്യങ്ങളു

ണ്ട്. അതിന്റെ സങ്കീർണ്ണത ഏറ്റവും കൂടുതൽ ഉള്ളത് സസ്തനികളിലാണ്. മനുഷ്യനിൽ അത് അതിന്റെ പാരമ്യത്തിലെത്തി നിൽക്കുന്നു.

നട്ടെല്ലില്ലാത്ത ജീവികളിൽ വികസിച്ച ബുദ്ധി കേന്ദ്രമുള്ളത് കണവ, നീരാളി തുടങ്ങിയ ജലജീവികളിലാണ്. എങ്കിലും ഇതിന് നട്ടെല്ലികളുടെ തലച്ചോറുമായി ഘടനയിൽ സാദൃശ്യമില്ല . തലച്ചോറിന്റെ പരിഷ്ക്കരണം പ്രകടമാകുന്നത് നട്ടെല്ലുള്ള ജന്തുക്കളിലാണ്. നട്ടെല്ലുള്ള ജന്തുക്കളിൽ ഏറ്റവും പഴക്കമുള്ളത് താടിയെല്ലില്ലാത്ത എഗ്നാത്ത എന്ന മത്സ്യമാണ്. ഇവയ്ക്ക് 50 കോടി വർഷത്തെ പഴക്കമുണ്ട്. നട്ടെല്ലികളുടെ ഉയർന്ന രൂപമായ സസ്തനികൾക്ക് 20 കോടി വർഷത്തെ പഴക്കമേയുള്ളൂ. മനുഷ്യ പരിണാമത്തിന്റെ ആദ്യ മാതൃകയായ ആസ്ത്രലോപിത്തക്കസ് എന്ന പൂർവികന് 40 ലക്ഷം വർഷങ്ങളുടെ ചരിത്രമേയുള്ളു. എന്നാൽ മനുഷ്യന്റെ തലച്ചോറിന്റെ മൊത്തം പരിണാമ ചരിത്രം 50 കോടി വർഷങ്ങളുടേതാണ്. മനുഷ്യേതര പൂർവ്വ ജൈവജാതികളിൽ നിന്നുത്ഭവിക്കുന്നതാണ്.

നട്ടെല്ലുള്ള ജീവികളിൽത്തന്നെയുള്ള ബലമുള്ള അസ്ഥി മത്സ്യങ്ങളുടെയും തരുണാസ്ഥി മത്സ്യങ്ങളുടെയും മസ്തിഷ്കഘടനയിൽ വ്യത്യാസമുണ്ട്. സ്രാവുകൾക്ക് ഗന്ധം തിരിച്ചറിയാം. ഉഭയജീവികളിലേക്കു വരുമ്പോൾ സെറിബ്രൽ അർദ്ധഗോളങ്ങളുടെ വലുപ്പമാണ് പ്രധാനമാറ്റം. അടുത്തഘട്ടം വികസിക്കുന്നത് ഉരഗങ്ങളിലാണ്. ഉരഗങ്ങൾക്ക് 12 ക്രേനിയൽ നാഡികളുള്ളപ്പോൾ പരിണാമശ്രേണിയിൽ അതുവരെയുള്ള ജന്തുക്കൾക്ക് പരമാവധി പത്തേയുള്ളൂ.

സസ്തനികളിലേക്കു വരുമ്പോൾ മസ്തിഷ്കത്തിൽ വീണ്ടും പ്രകടമായ മാറ്റങ്ങളുണ്ടാകുന്നു. സെറിബ്രൽ അർദ്ധ ഗോളങ്ങൾ വലുതായതാണ് പ്രധാനം. എന്നാൽ അർദ്ധഗോളങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോർപ്പസ് കലോസം എന്ന ഭാഗം ഉയർന്ന സസ്തനികളിലേയുള്ളു; മുട്ടയിടുന്ന സസ്തനികളും സഞ്ചി മൃഗങ്ങളിലും ഈ ഭാഗമില്ല.

സസ്തനികളുടെ സെറിബെല്ലം വലുതാണ്. ശരീരഭാരവും മസ്തിഷ്കത്തിന്റെ ഭാരവും തമ്മിലുള്ള അനുപാതത്തിനനുസരിച്ചാണ് മസ്തിഷ്കത്തിന്റെ കഴിവും പ്രാപ്തിയും. ശരീരഭാരത്തിന്റെ അനുപാതമെടുത്താൽ ഏറ്റവും വലിയ തലച്ചോറ് മനുഷ്യനാണ്. താരതമ്യം താഴെ പട്ടികയിൽ നൽകുന്നു. ,


| ജീവി | ശരീരഭാരം | തലച്ചോറിന്റെഭാരം | ശതമാനം |
|---|---|---|---|
| നീലത്തിമിംഗലം | 60000 കിലോ | 6 കിലോ | 0.01 |
| ആന (Asian) | 6000 കിലോ | 6 കിലോ | 0.1 |
| സിംഹം | 200 കിലോ | 200 ഗ്രാം | 0.1 |
| മനുഷ്യൻ | 70 കിലോ | 1.3 കിലോ | 1.9 |
| എലി | 200 ഗ്രാം | 3 ഗ്രാം | 1.5 |

മറ്റ് സസ്തനികളുടെ മസ്തിഷ്ക ഘടന തന്നെയാണ് മനുഷ്യനും. മനുഷ്യന്റെ മുൻഗാമിയായിരുന്ന ഹോമോ ഇറക്ടസ്സിന്റെ ഭാരം മനുഷ്യന്റേതിനു തുല്യമായിരുന്നെങ്കിലും തലച്ചോറിന്റെ ഭാരം പകുതിയേയുള്ളു. മനുഷ്യപരിണാമത്തിലും മസ്തിഷ്ക പരിണാമത്തിലും പ്രധാന പങ്കുവഹിച്ച ഉപകരണ നിർമ്മാണവും ഭാഷാ വികാസവുമെല്ലാം പരസ്പര സഹായകമായിരുന്നു. ശരീരം ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ വലിയൊരളവ് തലച്ചോറാണ് വിനിയോഗിക്കുന്നത്. ഓക്സിജന്റെ 20 ശതമാനവും ഗ്ലൂക്കോസിന്റെ 25 ശതമാനവും.

***മസ്തിഷ്കത്തിനു നമസ്കാരം.***

## എറണാകുളം കരയോഗം
## നവരാത്രി ആഘോഷ മത്സരങ്ങൾ

**ഈ വർഷത്തെ നവരാത്രി ആഘോഷത്തോടനുബന്ധിച്ചുള്ള പുരാണ സാഹിത്യ കലാ, നൃത്ത, സംഗീത മത്സരങ്ങൾ 2019 ജൂലൈ 14-ാം -ാം തീയതി മുതൽ സെപ്റ്റംബർ 22-ാം തീയതി വരെ നടത്തപ്പെടുന്നതാണ്. അപേക്ഷാഫോറം ജൂലൈ 1-ാം തീയതി മുതൽ വിതരണം ചെയ്യപ്പെടുന്നു. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന ദിവസം ജൂലൈ 12 ആയിരിക്കും. അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾക്ക് കൂടുതൽ തുക ഈടാക്കുന്നതാണ്. സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 8-ാം തീയതി വരെ നടക്കുന്ന നവരാത്രി ആഘോഷപരിപാടികളുടെ സമാപനദിവസം വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യുന്നതായിരിക്കും.**



# DISCOVER UK
## യാത്രാവിവരണം

പ്രൊഫ. സുമംഗലാദേവി (ഫോൺ : 9447785214)

മാഡംടുസ്സാഡ്സിൽ നിന്നിറങ്ങി ഞങ്ങൾ പോയത് ബ്രിട്ടീഷ് മ്യൂസിയത്തിലേക്കാണ്. 1753 ൽ ആരംഭിച്ച ബ്രിട്ടീഷ് മ്യൂസിയം ഇന്ന് ലോകത്തിലെ തന്നെ ഏറ്റവും വലിയ പ്രദർശനാലയമാണ്. സർ ഹാൻസ് സ്ലോവൻ (Sir Hans sloane) എന്ന ഐറിഷ് ശാസ്ത്രജ്ഞൻ ശേഖരിച്ച 71000 ഓളം വിശിഷ്ട വസ്തുക്കൾ അദ്ദേഹത്തിന്റെ ഒസ്യത്ത് പ്രകാരം രാജ്യത്തിന് വേണ്ടി സമർപ്പിക്കുകയുണ്ടായി. ഈ വിലയേറിയ ശേഖരത്തിന് അദ്ദേഹം വിലയിട്ടത് ഇരുപതിനായിരം പൗണ്ടു മാത്രമാണ്. അന്നത്തെ സ്ഥിതിയിൽ പോലും ഏതാണ്ട് ഒരു ലക്ഷം പൗണ്ടിനടുത്ത് വില മതിക്കുന്ന വസ്തുക്കളാണത്രെ ആ മഹാനുഭാവൻ ജനങ്ങൾക്കായി വിട്ടു കൊടുത്തത്. തനിക്കും തന്റെ മക്കൾക്കും വേണ്ടി എല്ലാം കൂട്ടി വയ്ക്കുന്ന തൃണസമാനരായ മനുഷ്യർക്ക് സർ ഹാൻസ് സ്ലോവൻ അപ്രാപ്യമായ ഒരു മാതൃകയാകുന്നു. അദ്ദേഹത്തിന്റെ പ്രതിമ മൂന്നു നൂറ്റാണ്ടിനിപ്പുറം സന്ദർശകരെ ബ്രിട്ടീഷ് മ്യൂസിയത്തിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് തല ഉയർത്തി നില്ക്കുന്നു.

ഒരു മനുഷ്യസ്നേഹി 71000 പ്രദർശന വസ്തുക്കൾകൊണ്ട് ആരംഭിച്ച ബ്രിട്ടീഷ് മ്യൂസിയം ഇന്ന് എട്ടു ദശലക്ഷം പ്രദർശന വസ്തുക്കൾ സന്ദർശകർക്കു മുന്നിൽ നിരത്തി വച്ചിരിക്കുന്നു. ഈജിപ്തിൽ നിന്നുള്ള പുരാവസ്തുക്കൾ പ്രദർശിപ്പിക്കുന്ന ഗ്യാലറിയിലേക്കാണ് ഞങ്ങൾ ആദ്യം പോയത്. അവിടെത്തന്നെ ഏതാണ്ട് ഒരു ലക്ഷം പ്രദർശന വസ്തുക്കളുണ്ട്, കൃസ്തുവിനു മുമ്പ് 10000 – മാണ്ട് മുതൽ, കൃസ്തുവിന് ശേഷം 800– ാം ആണ്ടുവരെയുള്ള വസ്തുക്കളാണത്രെ ഇവിടുത്തെ പ്രദർശനം. ശിലാലിഖിതങ്ങൾ, ചുവർ ചിത്രങ്ങൾ, പ്രതിമകൾ എന്നിവ കൂടാതെ കേടു വരാതെ സൂക്ഷിച്ചിരിക്കുന്ന മൃതശരീരങ്ങളായ മമ്മികളും പ്രദർശന വസ്തുക്കളിലുണ്ട്. മനുഷ്യരെ മാത്രമല്ല, പരിശുദ്ധം എന്ന് അവർ കരുതുന്ന മൃഗങ്ങളായ കാള, പൂച്ച, മുതല, കഴുകൻ തുടങ്ങിയ മൃഗങ്ങളുടെയും മമ്മികൾ സൃഷ്ടിക്കാറുണ്ടത്രെ ഈജിപ്തുകാർ. ഈജിപിത് കൂടാതെ നൈൽ നദീതടത്തിലെ മറ്റു രാജ്യങ്ങളായ സുഡാൻ, നുബിയ, എത്യോപ്യ എന്ന പ്രദേശങ്ങളിലെ പുരാവസ്തുക്കളും ഈ ഗ്യാലറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

തുടർന്ന്, ഞങ്ങൾ ഏഷ്യയിൽ നിന്നുള്ള പുരാവസ്തുക്കൾ പ്രദർശിപ്പിച്ചിട്ടുള്ള ഗ്യാലറി സന്ദർശിച്ചു. പ്രതിമകൾ, പാത്രങ്ങൾ, ചിത്രങ്ങൾ തുടങ്ങി ഏഷ്യയിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള വസ്തുക്കൾ തെല്ലൊരു ഗൃഹാതുരതയോടെ ഞങ്ങൾ കണ്ടു നടന്നു. ബൗദ്ധപ്രതിമകളും, നടരാജ വിഗ്രഹവും, ചൈനീസ് ജേഡിൽ നിർമ്മിച്ചിരിക്കുന്ന ഡ്രാഗൺ പ്രതിമയും മറ്റും കണ്ടു വരുമ്പോൾ താമരയിലിരിക്കുന്ന ബുദ്ധപ്രതിമയും കാണാനിടയായി. ജപ്പാൻകാരുടെ ഫ്ളവർവാസുകൾക്കെന്താ ഭംഗി!!

ഒരു രാജ്യത്തിന്റെ സംസ്കാരം മാത്രമല്ല, ലോകത്തിലെ മുഴുവൻ സംസ്കാരങ്ങൾക്കും പ്രാധാന്യവും, ആദരവും നൽകി ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു. ഒരു സംസ്കാരവും ആരുടെയും കുത്തകയല്ലെന്നും, ലോകത്തിലെ സകല നാഗരികതകളും മാനവികത എന്ന ഒരൊറ്റ സംസ്കാരത്തിന്റെ സന്താനങ്ങളാണെന്നും നിശബ്ദമായി ഓർമ്മിപ്പിച്ചുകൊണ്ട് മ്യൂസിയത്തിലെ പുരാവസ്തുക്കൾ നമ്മളോട് ചരിത്രപരമായ സംവാദത്തിൽ ഏർപ്പെടുന്ന പ്രതീതി.

നൂറിലധികം മുറികളിലായി 70 ഗ്യാലറികൾ ബ്രിട്ടീഷ് മ്യൂസിയത്തിലുണ്ട്. അതിൽ രണ്ടെണ്ണം മാത്രമാണ് ഞങ്ങൾക്ക് കണ്ടു തീർക്കാൻ സാധിച്ചത്. ചിലതിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തി എന്നു മാത്രം. പ്രായം വളരെ മോശം സഹയാത്രികനാണെന്ന് ശരീരം ഇടയ്ക്കിടെയ്ക്ക് ഓർമ്മിപ്പിക്കുന്നുണ്ടായിരുന്നു. പോരെങ്കിൽ സമയപരിമിതിയും. ദിവസങ്ങൾ എടുത്ത് കാണേണ്ട മ്യൂസിയം മണിക്കൂറുകൾകൊണ്ട് കണ്ടു എന്നു വരുത്തി. അന്നത്തെ സന്ദർശനം മതിയാക്കി.

ഏപ്രിൽ 4, ലണ്ടനിലെ ഞങ്ങളുടെ അവസാന സന്ദർശന ദിനം. പൂർവ്വാധികം ഊർജ്ജസ്വലരായി എല്ലാവരും കൃത്യം 9 മണിക്കു തന്നെ വാഹനത്തിനരികിൽ എത്തി. മേഘാവൃതമായ ആകാശം, തണുപ്പും കൂടുന്നോ എന്നു തോന്നി. ഒന്നും

പ്രശ്നമാക്കാതെ ഞങ്ങൾ യാത്ര ആരംഭിച്ചു.

ആദ്യലക്ഷ്യം ബ്രിട്ടീഷ് വാർമ്യൂസിയം സന്ദർശിക്കുകയാണ്. ബ്രിട്ടീഷ് നാഷണൽ മ്യൂസിയം ഓർഗനൈസേഷന്റെ കീഴിൽ 5 വാർ മ്യൂസിയങ്ങളാണുള്ളത്. അതിൽ മൂന്നും ലണ്ടനിൽ തന്നെ. അതിലൊന്നായ ഇംപീരിയൽ വാർ മ്യൂസിയത്തിലാണ് ഞങ്ങൾ എത്തിയിരിക്കുന്നത്. ഒന്നും, രണ്ടും ലോകമഹായുദ്ധങ്ങളിൽ ഉപയോഗിച്ച ആയുധങ്ങൾ മുതൽ നൂതനയുദ്ധമുറയിലുപയോഗിക്കുന്നവയുടെ വരെയുള്ള വിശദ വിവരങ്ങൾ അടുക്കോടും ചിട്ടയോടും പ്രദർശിപ്പിച്ചിരിക്കുന്നു. യുദ്ധത്തിൽ പങ്കെടുത്ത വീരനായകന്മാരുടെ അപദാനങ്ങളെ വർണ്ണിച്ചും, അവരുടെ ത്യാഗോജ്വല ജീവിതകഥകൾ തെല്ലഭിമാനത്തോടെ വിവരിച്ചും ഉള്ള ചെറുലേഖനങ്ങൾ, അവരുടെ ചിത്രങ്ങൾ : ഒക്കെയും മൺമറഞ്ഞ ആ വീരയോദ്ധാക്കൾക്കുള്ള സ്മരണാഞ്ജലികൾ തന്നെ എല്ലാത്തരം പട്ടാള വാഹനങ്ങളും അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. യുദ്ധത്തിന്റെ കെടുതികളെക്കുറിച്ചുള്ള ഭീതിജനകമായ ഓർമ്മകൾ ഉണർത്തും വിധമുള്ള നിരവധി സങ്കേതങ്ങൾ അവിടെ പ്രദർശന ഗ്യാലറികളിൽ നിരത്തിയിരിക്കുന്നു. യുദ്ധം ലോകവിനാശകാരിയാണെന്ന സത്യം ഉൾക്കൊള്ളാൻ; ആ പാഠം പഠിക്കാൻ; ഈ പ്രദർശനം ഉപകരിച്ചിരുന്നെങ്കിൽ.!!

പുറത്തിറങ്ങിയപ്പോഴേക്ക് കാലാവസ്ഥയും അനുകൂലമായി തുടങ്ങി. ഞങ്ങളെ ബുദ്ധിമുട്ടിക്കേണ്ട എന്ന് പ്രകൃതിയും കരുണയോടെ തീരുമാനിച്ചു എന്നു തോന്നുന്നു.

പേര് അന്വർത്ഥമാക്കുന്ന 'London Eye' തൈംസ് നദിയുടെ തെക്കുഭാഗത്ത് ജൂബിലി ഗാർഡനിൽ, ലണ്ടൻ സഹസ്രാബ്ദ ആഘോഷങ്ങളോടനുബന്ധിച്ച് ബ്രിട്ടീഷ് എയർവേയ്സ് മുതൽ മുടക്കി പണിതതാണ്, ഭീമാകാരമായ ഈ യന്ത്രത്തൊട്ടി 443 അടി പൊക്കം, 394 അടി വ്യാസം. അതിൽ ഇരുപതു പേർക്കു വരെ സുഖമായി കയറി ഇരിക്കാവുന്ന ഗ്ലാസ്സു മുറികൾ. ഈ ഭീമാകാരൻ ചക്രം കറങ്ങി നമ്മെ ഏകദേശം 444 അടി ഉയരത്തിൽ വരെ കൊണ്ടു പോകും. പക്ഷേ ഈ ഗ്ലാസ്സ് മുറികളിലിരിക്കുന്ന നമുക്ക് ഇത് ചലിക്കുന്നു എന്ന തോന്നലുപോലും ഉണ്ടാകുന്നില്ല. വളരെ സാവധാനമാണ് കറക്കം. വളരെ സുരക്ഷിതം എന്ന വിശ്വാസത്തോടെ തന്നെ ഏതാണ്ട് 25 കി.മീറ്റർ ചുറ്റളവിലുള്ള കാഴ്ചകൾ നമുക്ക് കണ്ട് ആസ്വദിക്കാം. ബിഗ്ബെൻ ഘടികാരം, പാർലമെന്റ് ഹൗസ്, ബക്കിംഗ് ഹാം പാലസ്, സെന്റ്പോൾ കത്തീഡ്രൽ, ടവർ ബ്രിഡ്ജ്, ലണ്ടൻ ടവർ എന്നു വേണ്ട ലണ്ടനിലെ മിക്ക കാഴ്ചകളും കണ്ടാസ്വദിക്കാൻ 'London Eye' നമ്മുടെ കണ്ണുകളായി സഹായിക്കും. അക്ഷരാർത്ഥത്തിൽ ലണ്ടൻ നഗരത്തിന്റെ ഒരു വിഹഗവീക്ഷണം.

ഇംഗ്ലണ്ടിന്റെ അതുല്യപൈതൃകം ആണ് തൈംസ് നദി. അവർ വാത്സല്യത്തോടെ അതിനെ 'Old Father Themes' എന്നാണത്രെ വിളിക്കുന്നത്. മധ്യദക്ഷിണ ഇംഗ്ലണ്ടിലെ പ്രകൃതി രമണീയമായ കോട്ട്സ്വോൾഡ് മലനിരകളിൽ നിന്ന് നാലരുവികളായാണ് ഇത് ഉത്ഭവിക്കുന്നത്. ലണ്ടന്റെ ഹൃദയഭാഗത്തൂടെ ഒഴുകുന്ന, അരയന്നങ്ങൾ നീന്തിക്കളിക്കുന്ന ആ മനോഹരമായ തൈംസ് നദിയിലൂടെ ഡബിൾ ഡക്കർ ബോട്ടിൽ ഒരു യാത്ര. ഞങ്ങൾ ഏറെ പേരും രണ്ടാം നിലയിൽ തന്നെ സ്ഥാനമുറപ്പിച്ചു. ലണ്ടന്റെ ആഢ്യത്വവും, ആഡംബരവും വിളിച്ചോതുന്ന ബിഗ്ബെൻ, പാർലമെന്റ് ഹൗസ്, ടവർ ബ്രിഡ്ജ് തുടങ്ങിയവ കണ്ട് പ്രകൃതി ഭംഗി ആവോളം ആസ്വദിച്ച് തിരികെ എത്താം. സുഖദമായ ഒരനുഭവം.

ഈ ടവ്വർ ബ്രിഡ്ജ് 1894 ൽ പണി തീർത്തതാണ്. തൈംസ് നദിയുടെ കുറുകെയുള്ള ഈ പാലം സന്ദർശകരെ ഏറെ ആകർഷിക്കും. തൈംസ് നദിക്ക് കുറുകെയുള്ള ഈ പാലം വരെയാണ് ബോട്ടു യാത്ര. ഇതിന്റെ ഇരട്ടഗോപുരങ്ങൾക്കിടയിലൂടെ വലിയ കപ്പലുകൾക്ക് കടന്നു പോകാനായി 76 മീറ്റർ വിസ്താരം ഉണ്ടാക്കാനാവും വിധം ഇതിന്റെ പാളികൾ ഉയർത്താനാവും. കപ്പലുകൾ ഒന്നും വരാതിരുന്നതിനാൽ പാളികൾ ഉയർത്തുന്നത് കാണാനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായില്ല.

ഞങ്ങൾ കാത്തു കാത്തിരുന്ന അപൂർവ്വ നിമിഷങ്ങളായിരുന്നു അടുത്തതായി ഞങ്ങളെ തേടി എത്തിയത്. ലണ്ടൻ ടവറിലേക്കുള്ള യാത്ര. തൈംസ് നദിക്കരയിൽ തന്നെയാണ് ലണ്ടൻ ടവർ. ലണ്ടൻ നഗരത്തിന്റെ തെക്കുകിഴക്കായി 20 ഗോപുരങ്ങൾ ചേർന്ന വൻഗോപുര സമുച്ചയമാണ് ലണ്ടൻ ടവർ. 12 ഏക്കർ സ്ഥലത്ത് തലയെടുപ്പോടെ നിലകൊള്ളുന്ന ഈ കൊട്ടാരം 1070 കാലത്താണ് ബ്രിട്ടീഷ് ഭരണാധികാരിയായിരുന്ന വില്യം പണി കഴിച്ചത്. അന്ന് White Tower എന്നായിരുന്നു പേര്. വർഷങ്ങൾക്കുശേഷം ഹെന്റി എട്ടാമനാണത്രെ അതിനെ അതിപ്രൗഢ കെൻസിംഗ് ടൺ കൊട്ടാരമാക്കി മാറ്റിയത്. അദ്ദേഹത്തിന്റെ പുത്രി എലിസബത്ത് രാജ്ഞിയും പിന്നീടുള്ള പ്രഭുക്കന്മാരും ഒക്കെ ഈ കൊട്ടാരം വസതിയായി തന്നെ ഉപയോഗിച്ചു. ഇംഗ്ലണ്ടിലെ ചരിത്രപ്രാധാന്യമുള്ള ഏറ്റവും വലിയ രാജകൊട്ടാരമാണിത്. 16,17 നൂറ്റാണ്ടുകളിൽ ഇത് ജയിലായും ഉപയോഗിച്ചിരുന്നു. ഇന്ന് ബ്രിട്ടീഷ് രാജ്ഞിയുടെ രാജകീയകൊട്ടാരം (Royal Palace)

എന്നാണിത് അറിയപ്പെടുന്നത്. 900 വർഷത്തിലധികം പഴക്കമുള്ള ഈ കൊട്ടാരത്തെ യുനസ്കോ, വേൾഡ് ഹെറിറ്റേജ് സൈറ്റ് ആയും അംഗീകരിച്ചിട്ടുണ്ട്.

നമ്മളെ സംബന്ധിച്ചിടത്തോളം ഗൃഹാതുരത്വം ഉണർത്തുന്ന ഒരു വസ്തു ഇതിനോടൊത്തുണ്ട്. നമ്മുടേതെന്ന് നാം വിശ്വസിക്കുന്ന കോഹിനൂർ രത്നം ലണ്ടൻടവറിലെ ജൂവൽ ഹൗസിലാണ് സൂക്ഷിച്ചിരിക്കുന്നത്. കോഹിന്നൂർ എന്ന പേർഷ്യൻ പദത്തിന്റെ അർത്ഥം പ്രകാശത്തിന്റെ മല (Mountain of light) എന്നാണ്. 105.6 കാരറ്റ് തൂക്കമുള്ള ഈ രത്നത്തിന് കോഹിനൂർ എന്ന പേരു നൽകിയത് പേർഷ്യൻ ചക്രവർത്തിയായിരുന്ന നാദിർഷാ ആണ് എന്ന് കരുതപ്പെടുന്നു. ആന്ധ്രയിലെ കൊല്ലൂർ എന്ന സ്ഥലത്തു നിന്ന് ഖനനം ചെയ്തെടുത്ത ഈ രത്നത്തിന്റെ യഥാർത്ഥ അവകാശികൾ ആന്ധ്രയിലെ ഗുണ്ടൂർ എന്ന സ്ഥലത്തുണ്ടായിരുന്ന കക്കാട്ടിയ രാജവംശക്കാരാണത്രെ. ഇന്ത്യയിലെ ഹിന്ദു, മുസ്ലീം, മുഗൾ രാജാക്കന്മാരുടെയും, പേർഷ്യൻ, അഫ്ഗാൻ രാജാക്കന്മാരുടെയും കൈകളിലൂടെ കടന്ന് വീണ്ടും ഇന്ത്യയിലെ സിക്ക് രാജാവായ രൺജിത് സിംഗിന്റെ കയ്യിലെത്തിയത് 1813 ലാണ്. ആക്രമണകാരികളെ തുരത്താൻ സഹായിച്ചതിന് നന്ദിസൂചകമായി അദ്ദേഹം അത് ഈസ്റ്റ് ഇന്ത്യ കമ്പിനിക്ക് സമ്മാനിച്ചു പോലും. 1894 ൽ അത് ബ്രിട്ടീഷ് രാജ്ഞിയുടെ കിരീടത്തിലെത്തി.

കോഹിനൂർ കാണാനുള്ള ഞങ്ങളുടെ യാത്ര ലോകപ്രസിദ്ധമായ സ്വർണ്ണകിരീടങ്ങളുടെ വൻശേഖരം തന്നെ കാണാൻ അവസരം ഒരുക്കി. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തോടെ മിന്നിത്തിളങ്ങുന്ന ആ കിരീടങ്ങളുടെ നടുവിൽ രാജ്ഞിയായി നമ്മുടെ കോഹിനൂർ വിരാജിക്കുന്നു.

1849 ൽ ഇന്ത്യ വിട്ടു പോയ കോഹിനൂറിനെ തിരികെ കൊണ്ടു വരാനായി 1953 മുതൽ നിയമയുദ്ധം നടക്കുകയായിരുന്നല്ലോ. നയതന്ത്രബന്ധത്തിലൂടെയും ശ്രമങ്ങൾ നടന്നിരുന്നു. പക്ഷേ നമ്മൾ കോഹിനൂർ കണ്ട് തിരിച്ചെത്തിയ ശേഷം 2019 ഏപ്രിൽ 29 നാണ് കോഹിനൂർ ഇന്ത്യക്കാർ സ്നേഹപൂർവ്വം ബ്രിട്ടീഷുകാർക്ക് സമ്മാനിച്ചതാണെന്നും, അവർ മോഷ്ടിച്ചതോ, പിടിച്ചു പറിച്ചതോ അല്ല എന്നും,അതിനാൽ ഇന്ത്യയ്ക്ക് ഉടമസ്ഥാവകാശം ഇല്ലെന്നും നമ്മുടെ സുപ്രീം കോടതി കണ്ടെത്തിയത്. അതോടെ ആ നിയമയുദ്ധത്തിന് തിരശ്ശീല വീണു. അങ്ങനെ പ്രകാശഗോപുരമായ 105.6 കാരറ്റ് ഭാരമുള്ള കോഹിനൂർ ബ്രിട്ടീഷ്കാർക്ക് സ്വന്തമായി.

അല്ലെങ്കിലും ഭൗതികമായ പ്രകാശം പരത്തുന്ന ഒരു വൈരക്കല്ലല്ലോ ഭാരതസംസ്കാരം അതിലുമെത്രയോ പ്രോജ്ജ്വലമായ ആത്മീയപ്രകാശം മനസ്സിൽ വയ്ക്കുന്ന ഭാരതത്തിനല്ലാതെ ലോകത്തിലെ ഏറ്റവും വില കൂടിയ വൈരം, വൈരമറ്റ് സമ്മാനമായി നൽകാൻ ആർക്ക് കഴിയും ?

(തുടരും)

## എറണാകുളം കരയോഗം
## ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2019 മെയ് മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. എ. മോഹനൻ, ബാലൻ & കമ്പനി, കാരിക്കാമുറി ക്രോസ് റോഡ്, എറണാകുളം | 15,000/- |
| 2. ഡോ. പ്രവീൺകുമാർ. പി, പാലാഴി, യശോറാം ശ്രേയസ്സ് അപ്പാർട്ട്മെന്റ് G/B വെണ്ണല, പി. ഒ, കൊച്ചി | 10,001/- |
| 3. ഡോ. പി. കെ. അശോകൻ, അനഘ, പൊറ്റങ്ങാടി രാഘവൻ റോഡ്,കോഴിക്കോട് | 10,000/- |
| 4. ശ്രീമതി. ശാന്തി മേനോൻ, ദ്വാരക എൻക്ലേവ്, ചിറ്റൂർ റോഡ്, കൊച്ചി | 10,000/- |
| 5. ശ്രീമതി. വിജയലക്ഷ്മി പി. കുമാർ, 5ബി, വുഡ്ഫോർഡ് അപ്പാർട്ട്മെന്റ് യുവജനസമാജം റോഡ്, കൊച്ചുകടവന്ത്ര, കൊച്ചി | 10,000/- |
| 6. ശ്രീമതി. ശ്രീജ. വി. സാഗർ, ലക്ഷ്മി, എസ്.എൻ. ആർ.എ 46, ഇല്ലിക്കപ്പടി എരൂർ തൃപ്പൂണിത്തുറ | 5,460/- |
| 7. ശ്രീമതി. കമലം മേനോൻ, മായപ്പുറത്ത് ഹൗസ്, നന്ദകുമാർ ലെയ്ൻ, കാരിക്കാമുറി ക്രോസ്റോഡ്, കൊച്ചി -11 | 5,000/- |
| 8. ശ്രീ. ഡി.കെ.എം കർത്ത, 415, വെസ്റ്റ് സെൻട്രൽ അവന്യു, മിസ്സൗള, MT-59801-6813, യുഎസ്എ | 5,000/- |
| 9. ശ്രീ. രാംദാസ്. ഇ, ആതിര, കുന്നുംപുറം, കാക്കനാട് | 5,000/- |
| 10. ശ്രീ. സോമനാഥ കുറുപ്പ്. സി, അനശ്വര, സിറ്റിസൺ റോഡ്, കൊച്ചി - 682018 | 5,000/- |

# മുതിർന്ന പൗരന്മാരുടെയും, രക്ഷിതാക്കളുടെയും ക്ഷേമവും സംരക്ഷണവും

**എം. ആർ. രാജേന്ദ്രൻ നായർ. സീനിയർ അഡ്വക്കേറ്റ്**

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമത്തിനും സംരക്ഷണത്തിനുമായി സ്വതന്ത്ര ഭാരതത്തിന് ഷഷ്ട്യബ്ദപൂർത്തിയായ വേളയിൽ കർശനമായ ഒരു നിയമം നിർമ്മിക്കേണ്ടിവന്നു എന്നത് നമുക്ക് അഭിമാനകരമായ കാര്യമൊന്നുമല്ല. നമ്മുടെ കുടുംബ ബന്ധങ്ങളിലെ ശൈഥില്യവും സമൂഹത്തിലാകെ വ്യാപിച്ച മൂല്യബോധമില്ലായ്മയും മാതാപിതാക്കളെ നടതള്ളുന്ന നൂതന പ്രവണതയ്ക്ക് ഇടവരുത്തി. ഉപയോഗിക്കുക വലിച്ചെറിയുക എന്ന ഉപഭോക്തൃ സംസ്കാരം അഥവാ സംസ്കാരം ഇല്ലായ്മ മുതിർന്ന പൗരന്മാർക്കും രക്ഷിതാക്കൾക്കും ഒറ്റപ്പെടലും അവഗണനയും സമ്മാനിച്ചു. അദ്ധ്വാനശേഷി ഇല്ലാത്ത ചുരുക്കം ചിലർക്കെങ്കിലും ആഹാരത്തിനും വസ്ത്രത്തിനും അന്യരുടെ മുമ്പിൽ കൈനീട്ടേണ്ടതായും അന്തിയുറങ്ങാൻ തെരുവിലാശ്രയം തേടേണ്ടതായും വന്നിട്ടുണ്ട്. ഇതിനെല്ലാം ഒരു സമഗ്ര പരിഹാരമെന്ന നിലയിൽ കേന്ദ്ര സർക്കാർ കൊണ്ടു വന്ന നിയമമാണ് പ്രതിപാദ്യ വിഷയം.

മനുഷ്യാവകാശത്തിന്റെ അവിഭാജ്യഘടകമായ, ഭരണഘടന അനുച്ഛേദം 21 പ്രകാരം എല്ലാ വ്യക്തികൾക്കും നൽകിയിട്ടുള്ളതായ അന്തസ്സായി ജീവിക്കാനുള്ള മൗലികാവകാശം ഉറപ്പുവരുത്താനാണ് മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും, ക്ഷേമത്തിനും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങൾക്കും മറ്റും കൂടുതൽ ഫലപ്രദമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഭാരത സർക്കാർ നിർമ്മിച്ച നിയമമാണ് 2007 ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമുള്ള നിയമം. Maintenance and welfare of parents and senior citizens Act 2007. ഈ നിയമത്തിന് 29-12-2007-ാം തീയതി രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു. 31-12-2007-ാം തീയതിയിലെ ഗസറ്റ് ഓഫ് ഇന്ത്യയിൽ ഈ നിയമം പ്രസിദ്ധീകരിച്ചു.

**ഈ നിയമത്തിന്റെ വിപുലമായ ഉദ്ദേശ ലക്ഷ്യങ്ങൾ ഉദാത്തമാണ്.**

സ്വയം സംരക്ഷിക്കാൻ പ്രാപ്തിയില്ലാത്ത മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും വേണ്ടി അവരുടെ മക്കളിൽ നിന്നും ബന്ധുക്കളിൽ നിന്നും സംരക്ഷണം ഉറപ്പു വരുത്തുന്നതിനുള്ള നിയമമാണ് ഇത്. മക്കളോ /ബന്ധുക്കളോ ഇത്തരം ആളുകളെ സംരക്ഷിക്കാത്ത പക്ഷം അവർക്ക് ട്രൈബ്യൂണലിൽ അപേക്ഷ ബോധിപ്പിക്കുവാനും മക്കളിൽ/ ബന്ധുക്കളിൽ നിന്നും പ്രതിമാസ നിരക്കിൽ ഒരു തുക സമയാസമയങ്ങളിൽ ലഭ്യമാക്കുവാനും ഈ നിയമപ്രകാരം സാധ്യമാകുന്നു.

മക്കൾ എന്നതിൽ മകനും മകളും പൗത്രനും പൗത്രിയും ഉൾപ്പെടുന്ന പ്രായപൂർത്തിയായവരാണ്. മാതാവ് / പിതാവ് : എന്നാൽ ജീവശാസ്ത്രപരമായോ ദത്തെടുപ്പു വഴിയോ ആയ അച്ഛനോ അമ്മയോ അല്ലെങ്കിൽ രണ്ടാനച്ഛനോ രണ്ടാനമ്മയോ എന്നിവർ ഉൾപ്പെടുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള മാതാവ് / പിതാവ് എന്നിവർ മുതിർന്ന പൗരന്മാർ ആകണമെന്ന് നിർബന്ധമില്ല.

മുതിർന്ന പൗരൻ എന്നാൽ അറുപതു വയസ്സോ അതിനു മുകളിലോ പ്രായമുള്ള ഇന്ത്യൻ പൗരനായ വ്യക്തി എന്നാണ് അർത്ഥം. ബന്ധു എന്നാൽ മക്കളില്ലാത്ത മുതിർന്ന പൗരന്റെ മൈനറല്ലാത്തതും അയാളുടെ സ്വത്ത് കൈവശം വച്ചുകൊണ്ടിരിക്കുന്നവരും അയാളുടെ മരണശേഷം പിന്തുടർച്ചാവകാശം ലഭിക്കുന്നതുമായ ഏതെങ്കിലും നിയമാനുസൃത അവകാശി എന്നർത്ഥമാക്കുന്നു.

സംരക്ഷണം : എന്നാൽ ഭക്ഷണവും വസ്ത്രവും പാർപ്പിടവും വൈദ്യ പരിചരണവും ചികിത്സയും എല്ലാം ഉൾപ്പെടുന്നു. ക്ഷേമം എന്നാൽ ഭക്ഷണവും ആരോഗ്യസംരക്ഷണവും വിനോദകേന്ദ്രങ്ങളും മുതിർന്ന പൗരന്മാർക്ക് ആവശ്യമായ മറ്റ് സുഖസൗകര്യങ്ങൾ എന്നർത്ഥമാക്കുന്നു.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും നിഷേധിക്കപ്പെടുന്ന ക്ഷേമവും സംരക്ഷണവും ഇന്നു മുതിർന്ന പൗരന്മാർ നേരിടുന്ന വലിയ ഒരു സാമൂഹ്യ പ്രശ്നമാണല്ലോ.

തന്റെ സമ്പാദ്യം കൊണ്ടോ തന്റെ ഉടമസ്ഥതയിലുള്ള സ്വത്ത് കൊണ്ടോ സ്വയം സംരക്ഷിക്കാൻ കഴിയാതെ വരുന്ന മാതാവ് / പിതാവ് എന്നിവർക്ക് അയാളുടെ മൈനറല്ലാത്ത ഒന്നോ അതിലധികമോ മക്കൾക്കെതിരെയും, മക്കളില്ലാത്ത മുതിർന്ന പൗരന്റെ കാര്യത്തിൽ അയാളുടെ ബന്ധുവിൽ നിന്നും സംരക്ഷണം കിട്ടുവാൻ അർഹതയുണ്ടായിരിക്കും. ഇത്തരത്തിൽ മാതാപിതാക്കളെയും മുതിർന്ന പൗരന്മാരേയും സംരക്ഷിക്കാൻ ബാദ്ധ്യസ്ഥരായവർ അപ്രകാരം ചെയ്യുവാൻ വിമുഖത കാണിക്കുന്ന പക്ഷം അവർക്കെതിരെ നടപടിയെടുക്കുവാൻ ഈ നിയമപ്രകാരം സാധിക്കുന്നതാണ്.

മക്കളുടെ /ബന്ധുവിന്റെ ബാദ്ധ്യത ഒരു സാധാരണ ജീവിതം നയിക്കുവാൻ അത്തരത്തിലുള്ള മാതാവിനോ പിതാവിനോ അല്ലെങ്കിൽ മുതിർന്ന പൗരനോ എന്തെല്ലാം കാര്യങ്ങൾ ആവശ്യമാണോ അതെല്ലാം നൽകുക എന്നതാണ് . മക്കളില്ലാത്ത മുതിർന്ന പൗരന്റെ സ്വത്ത് കൈവശം വച്ച് കൊണ്ടിരിക്കുകയാണെങ്കിലോ, അങ്ങനെയുള്ള മുതിർന്ന പൗരന്റെ സ്വത്തിൽ പിന്തുടർച്ചാവകാശം ലഭിക്കുമെങ്കിലോ അയാൾ മുതിർന്ന പൗരനെ സംരക്ഷിക്കേണ്ടതാണ്.

ഇനി നടപടി ക്രമങ്ങളെ കുറിച്ച് പരിശോധിക്കാം.

സ്വയം സംരക്ഷിക്കാൻ പ്രാപ്തിയില്ലാത്ത മാതാവിനോ / പിതാവിനോ അല്ലെങ്കിൽ മുതിർന്ന പൗരനോ ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ നൽകാവുന്നതാണ്. കേരളത്തിൽ അപേക്ഷ റവന്യൂ ഡിവിഷനൽ ഓഫീസർ (RDO) മുമ്പാകെയാണ് നൽകേണ്ടത്. അപേക്ഷകന് അപേക്ഷ നൽകുവാൻ പ്രാപ്തിയില്ലെങ്കിൽ അയാൾ അധികാരപ്പെടുത്തിയ മറ്റൊരാൾക്കോ നിയമാനുസൃതം രജിസ്റ്റർ ചെയ്ത സംഘടനയ്ക്കോ ഇത്തരത്തിൽ അപേക്ഷ നൽകാവുന്നതാണ്. കൂടാതെ ട്രൈബ്യൂണലിനു സ്വമേധയാ നടപടിയെടുക്കുവാനും അധികാരമുണ്ടായിരിക്കും. സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ട്രൈബ്യൂണലിനു ലഭിച്ചു കഴിഞ്ഞാൽ, ട്രൈബ്യൂണൽ എതിർ കക്ഷിക്ക് നോട്ടീസ് നൽകുകയും തുടർന്ന് എതിർകക്ഷിക്ക് മറുപടി ബോധിപ്പിക്കുവാൻ അവസരം കൊടുക്കുന്നതുമാണ്. സംരക്ഷണത്തിനുള്ള അപേക്ഷ ഒന്നോ അതിലധികമോ മക്കൾക്കെതിരേയോ മക്കളില്ലാത്ത മുതിർന്ന പൗരന്മാരുടെ കാര്യത്തിൽ ബന്ധുക്കൾക്കെതിരെയോ നൽകാവുന്നതാണ്. പ്രധാന അപേക്ഷ നിലനിൽക്കെത്തന്നെ, താൽക്കാലിക പ്രതിമാസ ബത്ത നൽകുവാൻ എതിർകക്ഷിയോട് ഉത്തരവിടുവാനും ട്രൈബ്യൂണലിന് അധികാരമുണ്ടായിരിക്കും. ഏതെങ്കിലും മകൻ / മകൾ/ബന്ധുവിന് ഇത്തരത്തിൽ സംരക്ഷിക്കാൻ ബാദ്ധ്യതയുള്ള മറ്റുള്ളവരേയും ഈ അപേക്ഷയിൽ കക്ഷി ചേർക്കാവുന്നതാണ്. എതിർകക്ഷികൾക്ക് നോട്ടീസ് നൽകിയ ശേഷം ട്രൈബ്യൂണൽ ജീവനാംശ തുകയെ സംബന്ധിച്ചുള്ള അന്വേഷണം നടത്തുന്നതായിരിക്കും. ഇത്തരം അപേക്ഷ ലഭിക്കുകയും നോട്ടീസ് നൽകുകയും ചെയ്ത് തൊണ്ണൂറു ദിവസത്തിനകം, ട്രൈബ്യൂണൽ അപേക്ഷയിൽ തീർപ്പു കൽപ്പിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത കാലാവധിക്കുള്ളിൽ തീർപ്പ് കൽപ്പിക്കാൻ പറ്റാതെ വരികയാണെങ്കിൽ മതിയായ കാരണം രേഖപ്പെടുത്തി പരമാവധി 30 ദിവസത്തേക്ക് കാലയളവ് നീട്ടാവുന്നതാണ്.

സംരക്ഷണത്തിന് വേണ്ടിയുള്ള നടപടിയിൽ ട്രൈബ്യൂണലിന് പ്രസ്തുത എതിർകക്ഷിക്കെതിരെ, അപേക്ഷകന് ജീവനാംശ തുകയും നടപടി ചിലവുകളും നൽകുവാൻ കൽപ്പിക്കാവുന്നതാണ്. അപേക്ഷയിൽ വിധിയായ തീയതി മുതൽക്കോ അല്ലെങ്കിൽ ട്രൈബ്യൂണൽ പ്രത്യേകം ഉത്തരവിടുന്ന പക്ഷം അപേക്ഷ തീയതി മുതൽക്കോ പ്രസ്തുത ജീവാനാംശം കൊടുക്കുവാൻ എതിർകക്ഷികളോട് ഉത്തരവിടാവുന്നതാണ്. അപേക്ഷയിൽ അവസാന വിധി പുറപ്പെടുവിച്ചതിന് ശേഷവും എതിർകക്ഷി /കൾ മതിയായ കാരണം കൂടാതെ ഉത്തരവു ലംഘിക്കുന്ന പക്ഷം, അവർക്കെതിരെ വാറണ്ട് പുറപ്പെടുവിക്കാനും അയാളെ ഒരു മാസം വരെയോ വിധി അനുസരിച്ചുള്ള തുക നൽകുന്നതുവരെയോ അല്ലെങ്കിൽ അതിനുമുമ്പ് പണം കൊടുക്കുന്നതായാൽ അതുവരെയോ തടവിൽ പാർപ്പിക്കുവാൻ ഉത്തരവിടാവുന്നതാണ്. എന്നാൽ എതിർകക്ഷിയിൽ നിന്നും വസൂലാക്കുവാനുള്ള തുകയ്ക്കുള്ള അപേക്ഷ, തുക നൽകുവാൻ കൽപ്പിച്ചിട്ടുള്ള തീയ്യതി മുതൽ, 3 മാസത്തിനകം ട്രൈബ്യൂണലിനു സമർപ്പിച്ചിട്ടില്ലെങ്കിൽ പ്രസ്തുത തുക വസൂലാക്കുവാൻ വാറന്റ് പുറപ്പെടുവിക്കാനാവുന്നതല്ല.

ട്രൈബ്യൂണലിൽ മക്കൾക്കോ ബന്ധുവിനോ എതിരെ അപേക്ഷ ബോധിപ്പിക്കുവാൻ നിശ്ചിത അധികാരപരിധിയുണ്ട്. അതായത് അപേക്ഷകൻ താമസിക്കുന്നതോ അല്ലെങ്കിൽ ഒടുവിൽ താമസിച്ചതോ അല്ലെങ്കിൽ മക്കളോ ബന്ധുവോ താമസിക്കുന്ന ജില്ലയിലെ ട്രൈബ്യൂണലിലാണ് അപേക്ഷ ബോധിപ്പിക്കേണ്ടത്. മക്കളോ ബന്ധുവോ ഹാജരാവുന്നത് ഉറപ്പു വരുത്തുവാൻ ക്രിമിനൽ നടപടി നിയമസംഹിത പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ ട്രൈബ്യൂണലിനു ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അധികാരം ഉണ്ടായിരിക്കും. തെളിവുകൾ മക്കളുടെ /ബന്ധുവിന്റെ സാന്നിദ്ധ്യത്തിൽ എടുക്കുന്നതായിരിക്കും. എന്നാൽ എതിർകക്ഷികൾ മനപൂർവ്വം ഹാജരാവാതിരിക്കുകയോ ഉപേക്ഷ കാണിക്കുകയോ ചെയ്യുന്നുവെന്ന് ട്രൈബ്യൂ

ണലിനു ബോധ്യപ്പെട്ടാൽ കേസ് എക്സ്പാർട്ടിയായി വിധിക്കാവുന്നതാണ്. മക്കളോ ബന്ധുക്കളോ ഇന്ത്യയ്ക്കു പുറത്തു താമസിക്കുകയാണെങ്കിൽ അവർക്കെതിരെയുള്ള സമൻസ് കേന്ദ്രസർക്കാർ അധികാരികൾ മുഖേന അയച്ചു നടത്തുന്നതാണ്. ട്രൈബ്യൂണൽ സമ്മറിയായ നടപടിക്രമം പിന്തുടരുന്നതാണ്. കൂടാതെ തെളിവെടുക്കുവാനും സാക്ഷി സാന്നിദ്ധ്യം ഉറപ്പു വരുത്തുവാനും രേഖകളും വസ്തുക്കളും ഹാജരാക്കുന്നതിനുള്ള നടപടി എടുക്കുവാനും മറ്റും ട്രൈബ്യൂണലിനു സിവിൽ കോടതിയുടെ അധികാരമുണ്ടായിരിക്കും. ട്രൈബ്യൂണലിനു ഉത്തരവിടാവുന്ന പരമാവധി ജീവനാംശസംഖ്യ പ്രതിമാസം 10,000/- രൂപയാണ്. ഇത്തരത്തിലുള്ള പ്രതിമാസ സംഖ്യയ്ക്ക് പലിശ നൽകുവാൻ ഉത്തരവിടാനും ട്രൈബ്യൂണലിനു അധികാരമുണ്ട്. അപ്രകാരമുള്ള കുറഞ്ഞ പലിശ 5%ഉം കൂടിയ പലിശ 18 % ആകുന്നു. വിലക്കയറ്റം നാണയപപെരുപ്പം ഇതൊക്കെ കണക്കിലെടുത്ത് പരമാവധി നിശ്ചയിക്കപ്പെട്ടിട്ടുള്ള സംഖ്യ വർദ്ധിപ്പിക്കാൻ നിയമ ഭേദഗതി തന്നെ വേണ്ടി വരും.

ട്രൈബ്യൂണലിന്റെ ഉത്തരവിൽ അതൃപ്തിയുള്ള മാതാപിതാക്കൾക്ക് / മുതിർന്ന പൗരന് അപ്പലേറ്റ് ട്രിബ്യൂണലിൽ 60 ദിവസങ്ങൾക്കകം അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. യഥാസമയം അപ്പീൽ ബോധിപ്പിക്കുന്നതിൽ നിന്ന് മതിയായ കാരണത്താൽ അപ്പീല് വാദി തടയപ്പെട്ടുവെന്നു ട്രൈബ്യൂണലിനു ബോധ്യപ്പെട്ടാൽ 60 ദിവസങ്ങൾക്ക് ശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്. ട്രൈബ്യൂണൽ, അപ്പലേറ്റ് ട്രൈബ്യൂണൽ എന്നിവ മുമ്പാകെ അഭിഭാഷകന് കക്ഷിയെ പ്രതിനിധാനം ചെയ്യുവാൻ അവകാശമില്ല. എന്നാൽ ചില സാഹചര്യങ്ങളിൽ അഭിഭാഷകരുടെ സേവനം ഉപയോഗപ്പെടുത്താമെന്നു ബഹു: കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. അഭിഭാഷകന്റെ സേവനം വിലക്കുന്ന നിയമ വ്യവസ്ഥ ഒരർത്ഥത്തിൽ അഭിഭാഷകരോടുള്ള നിയമനിർമ്മാണ സഭയുടെ (ജനങ്ങളുടെ) അവിശ്വാസമാണ് പ്രകടമാകുന്നത്. അഭിഭാഷകർ കേസ് നീട്ടിക്കൊണ്ടു പോകും എന്ന ഭയമാണ് ഇതിനടിസ്ഥാനം. നടപടി ക്രമങ്ങളെക്കുറിച്ച് ഗ്രാഹ്യമില്ലാത്ത പരാതിക്കാരും, സർവ്വജ്ഞരെന്നു ഭാവിക്കുന്ന ഉദ്യോഗസ്ഥ ട്രൈബൂണലുകളും നീതി വൈകിക്കുകയേ ഉള്ളൂ. സാമൂഹ്യ പ്രതിബദ്ധതയും, നിയമപരിജ്ഞാനവുമുള്ള അഭിഭാഷകരുടെ സാന്നിദ്ധ്യം നീതി നിർവ്വഹണം ത്വരിതപ്പെടുത്തുകയേ ഉള്ളൂ. മൂന്നു മാസത്തിനകം അന്തിമ തീരുമാനമുണ്ടാകേണ്ട കേസ് മൂന്നു വർഷം കഴിഞ്ഞും തീരുമാനമാകാതെ ഫോർട്ടുകൊച്ചി ആർ.ഡി.ഒ മുമ്പാകെ കിടപ്പുണ്ട്. ഇതിനോടകം മൂന്നിലധികം ഓഫീസർമാർ ട്രൈബൂണലായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തും സംരക്ഷിക്കാൻ വ്യാപകമായ കർമ്മപദ്ധതി സംസ്ഥാന സർക്കാർ കൈക്കൊള്ളേണ്ടതാണ്. ഈ നിയമം പ്രാബല്യത്തിൽ വന്ന ശേഷം മുതിർന്ന പൗരനിൽ നിന്നു ചില സാഹചര്യങ്ങളിൽ ആർക്കെങ്കിലും സ്വത്തു കൊമാറിക്കിട്ടിയിട്ടുണ്ടെങ്കിൽ ആ കൈമാറ്റം അസാധുവാക്കി പ്രഖ്യാപിക്കാൻ ട്രൈബ്യൂണലിന് അധികാരമുണ്ട്. അതായത്, മുതിർന്ന പൗരന് അടിസ്ഥാന ഭൗതിക ആവശ്യങ്ങൾ നൽകികൊള്ളാമെന്ന വ്യവസ്ഥയിൽ അയാളുടെ സ്വത്തുക്കൾ സമ്മാനമായോ മറ്റു വിധത്തിലോ കൈമാറ്റം ചെയ്യുകയും കൈമാറിക്കിട്ടിയ ആൾ അങ്ങനെയുള്ള സുഖ സൗകര്യങ്ങളും ഭൗതിക ആവശ്യങ്ങളും നൽകുന്നത് നിരസിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്താലാണ്, സ്വത്തു കൈമാറ്റം വഞ്ചനാപൂർവ്വമോ ഭീഷണി മൂലമോ സ്വാധീനത്താലോ ഉണ്ടാക്കിയതായി കണക്കാക്കി നൽകിയയാളുടെ ഇച്ഛയനുസരിച്ച് ട്രൈബ്യൂണലിനു കൈമാറ്റം അസാധുവായി പ്രഖ്യാപിക്കാം. ഈ നിയമം കേരളത്തിൽ നടപ്പാക്കിയത് 24.8.2008 ആകയാൽ അതിനു മുമ്പേ നടന്ന ഇത്തരം കൈമാറ്റങ്ങളിൽ നടപടിയെടുക്കുവാൻ ട്രൈബ്യൂണലിന് അധികാരമില്ല. സ്വന്തം രക്തം വെള്ളമാക്കിയും, വിയർപ്പൊഴുക്കിയും മക്കൾക്ക് വേണ്ടി ധനസമ്പാദനം നടത്തുന്ന മാതാപിതാക്കൾ മക്കൾക്കെതിരെ കേസ് കൊടുക്കാൻ പോലും പൊതുവേ വിമുഖരാണ് എന്ന വസ്തുതയും അവശേഷിക്കുന്നു.

മുതിർന്ന പൗരനെ സംരക്ഷിക്കുവാൻ ഉത്തരവാദപ്പെട്ട ആരെങ്കിലും അങ്ങനെയുള്ള മുതിർന്ന പൗരനെ പൂർണ്ണമായി ഉപേക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഏതെങ്കിലും സ്ഥലത്ത് അയാളെ ഉപേക്ഷിച്ചു പോകുകയാണെങ്കിൽ അയാളെ മൂന്ന് മാസത്തോളം ദൈർഘ്യമാകാവുന്ന തടവു ശിക്ഷയ്ക്കോ അയ്യായിരം രൂപ വരെ പിഴയടക്കാനോ രണ്ടിനും കൂടിയോ ശിക്ഷിക്കാവുന്നതാണ്. ഇത്തരത്തിലുള്ള കുറ്റം പോലീസിന് നേരിട്ട് കേസെടുക്കാവുന്നതും ജാമ്യം ലഭിക്കാവുന്നതും ആണ്.

മുതിർന്ന പൗരന്മാരുടെ താമസത്തിനു വേണ്ടി ഒരു ജില്ലയിൽ കുറഞ്ഞത് ഒന്നെങ്കിലും (150 പേർക്ക്) വാസസൗകര്യം ഒരുക്കാൻ സംസ്ഥാന സർക്കാരിനു ബാദ്ധ്യതയുണ്ട്.

മുതിർന്ന പൗരന്മാർ ഒന്നിച്ചുകൂടി അഴിമതിക്കെതിരെയും നിയമവാഴ്ചയ്ക്ക് വേണ്ടിയും കക്ഷിരാഷ്ട്രീയത്തിന് അതീതമായി, ജാതി മത ചിന്തകൾക്ക് അടിമപ്പെടാതെ ചിന്തിക്കുക, പറയുക, നിസ്വാർത്ഥമായി പ്രവർത്തിക്കുക. കുടുംബത്തിലും സമൂഹത്തിലും നമ്മുടെ പ്രസക്തി നിലനിൽക്കണം. അത്രമാത്രമാണ് എനിക്കു പറയാനുള്ളത്. നമുക്ക് മാറ്റങ്ങൾ വരുത്താൻ കഴിയും.

# അവർ പറഞ്ഞു സിനിമ കുട്ടിക്കളിയല്ല

രവി കുറ്റിക്കാട്

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി നടത്തിയ ഒരാഴ്ച നീണ്ട ചലച്ചിത്ര ആസ്വാദന ക്യാമ്പ് വിദ്യാർത്ഥികളുടേയും ചലച്ചിത്ര മേഖലയിലെ പ്രശസ്തരുടെയും നിറസാന്നിദ്ധ്യത്താൽ പങ്കെടുത്തവർക്കെല്ലാം മറക്കാനാവാത്ത അനുഭവമായി. സിനിമ വിനോദോപാധിയേക്കാൾ ഉപരി ഗൗരവമായി കാണേണ്ട വിസ്മയ കലയും ജനമനസ്സുകളെ ഉത്തേജിപ്പിക്കുന്ന ദൃശ്യമാദ്ധ്യമവും കൂടിയാണെന്ന് പുതിയ തലമുറയെ പഠിപ്പിച്ച പഠനക്കളരി കൂടിയായിരുന്നു ഇത്. 8-ാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള കുട്ടികൾ പങ്കെടുത്ത ക്യാമ്പ്, സിനിമയിൽ മാറി മാറി വരുന്ന സാങ്കേതിക വിദ്യയെപ്പറ്റി അവരെ ധാരണയുള്ളവരാക്കി. ക്യാമറ എഴുത്തിനേക്കാളപ്പുറം കഥ പറയുന്നത് കണ്ടു. അഭിനയ മുഹൂർത്തങ്ങൾ വിസ്മയപ്പെടുത്തി, സിനിമയുടെ കാണാപ്പുറങ്ങൾ പഠിച്ചു. പേരെടുത്ത ക്ലാസിക്കൽ ചിത്രങ്ങൾ കണ്ടു, തങ്ങളുടെയത്ര പ്രായമുള്ളവർ ഷൂട്ട് ചെയ്ത ഷോർട്ട് ഫിലിമുകൾ കണ്ട് അവരുടെ പാടവം വിലയിരുത്തി. അതിരാവിലെ ക്ലാസ്സിൽ വന്ന് ഒരു നിമിഷം പോലും വെറുതെ കളയാതെ ചിത്രങ്ങൾ കണ്ട് വിലയിരുത്തിയും ക്ലാസ്സുകൾ സശ്രദ്ധം കേട്ടും, ക്യാമറക്കു മുന്നിൽ അഭിനയിച്ചും സംശയങ്ങൾ ചോദിച്ചും ദിവസങ്ങൾ രസപ്രദമാക്കിയും കുട്ടികൾക്ക് പിരിയാൻ നന്നേ മടിയായിരുന്നു. അനുഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ അതവരുടെ വാക്കുകളിൽ പ്രതിഫലിച്ചു. ഒരേ സ്വരത്തിലാണവർ പ്രതികരിച്ചത്. – 'ഞങ്ങൾ വരുമ്പോൾ കരുതിയ പോലെയല്ല; ഇതൊരു കുട്ടിക്കളിയല്ല, ഗൗരവമുള്ള പണിയാണ്. മുൻധാരണ തിരുത്തിയാണ് ഞങ്ങൾ പോകുന്നത്. സിനിമയെക്കുറിച്ച് കൂടുതൽ അറിയാൻ ഞങ്ങൾ ശ്രമിക്കും'.

ഇതെല്ലാം കേട്ടപ്പോൾ ഒരാഴ്ച്ച ഞങ്ങൾ നടത്തിയ ശ്രമങ്ങൾ പാഴായില്ലല്ലോ എന്നായിരുന്നു കരയോഗം ഫിലിം ക്ലബ്ബ് അംഗങ്ങളും, കരയോഗം പ്രസിഡന്റ് ശ്രീ. കെ.പി.കെ. മേനോനും, ജനറൽ സെക്രട്ടറി ശ്രീ പി.രാമചന്ദ്രനും (വേണു) പ്രതികരിച്ചത്.

ക്യാമ്പ് ഉദ്ഘാടനം ചെയ്തത് സീനിയർ ചലച്ചിത്രകാരൻ ആദം അയൂബായിരുന്നു. സിനിമയുടെ ചരിത്രം വിവരിച്ച ആ പ്രസംഗം ക്ലാസ്സായി മാറി. തുടർന്നുള്ള ദിവസങ്ങളിൽ വ്യത്യസ്ത വിഷയങ്ങളെക്കുറിച്ച് അർഫാസ് (Asst. Director, Mumbai) അനുഭാസ്ക്കർ (Cameraman), എൻ.പി.രഘുനാഥ് (Cameraman), അരുൺ ബോസ് (Director), സോഹൻ ബിനുലാൽ (ഡയറക്ടർ, നടൻ, തിരക്കഥാകൃത്ത്), സുജിത്ത് ശങ്കർ (Sound Engineer), പി.എഫ്. മാത്യൂസ് (തിരക്കഥാകൃത്ത്), അരുൺ കൃഷ്ണ (സിനിമാസ്വാദകൻ), ഡബിൻ ഉരുളിക്കണ്ടി (Cameraman) എന്നിവർ ക്ലാസെടുത്തു.

സമാപനയോഗത്തിൽ കരയോഗം വൈസ് പ്രസിഡന്റ് അഡ്വ .ടി. ശിവദാസൻ നായർ പങ്കെടുത്തു.

---

*(മിനിക്കഥ)*

# ഉപദേശങ്ങൾ

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

നിങ്ങൾക്ക് ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും അവൻ ഉപദേശിക്കും.

അവൻ ഇങ്ങനെയായിരുന്നില്ലല്ലോ ! അമിതമായി ആരോടും സംസാരിക്കാത്ത പ്രകൃതമായിരുന്നു. ഇപ്പോൾ എന്തുപറ്റി ? ചോദിച്ചപ്പോൾ അവൻ പറഞ്ഞു.

ഉപദേശങ്ങൾ കേട്ടു കേട്ടു മടുത്തു ഞാൻ. ഉപദേശങ്ങൾ എണ്ണിയെണ്ണി എനിക്ക് എണ്ണം തെറ്റി. ഇനി എണ്ണിയാലൊടുങ്ങാത്ത ഉപദേശങ്ങൾ എന്റെ വകയായിരിക്കട്ടെ.

എന്തായാലും ഉപദേശിക്കാൻ ആർക്കും കഴിയും. പക്ഷെ, അതിലെ തെറ്റും ശരിയും കണ്ടെത്താനാണ് ബുദ്ധിമുട്ട്. ഉപദേശങ്ങളെ മുഖവിലയ്ക്കെടുക്കാതിരിക്കുന്നതാണ് ബുദ്ധി.

പറയുമ്പോൾ ഇതും ഒരു ഉപദേശമാവില്ലേ ?

# വിരുദ്ധാഹാരങ്ങൾ

**യു. എസ്. രവീന്ദ്രൻ**

ചികിത്സയാണ് എന്റെ ജന്മനിയോഗം. ആയുർവേദചികിത്സ കുലപാരമ്പര്യത്തിൽപ്പെട്ട കുടുംബത്തിൽ വന്ന് പിറക്കാനും മുത്തച്ഛൻ അച്ഛൻ തുടങ്ങിയ ആ പിൻതുടർച്ചയുടെ നൂൽപൊട്ടിക്കാതെ പിടിച്ചു നിൽക്കാനും കഴിഞ്ഞത് എന്റെ അമ്മ അച്ഛൻ മുത്തച്ഛൻ തുടങ്ങിയ ഗുരുകാരണവൻമാരുടെ അനുഗ്രഹത്താലും ദൈവഹിതത്താലുമാണ് -

വൈദ്യമഠം ചെറിയനാരായണൻ നമ്പൂതിരി (10.04.1930 – 18.10.2013)

ഭട്ടവൃത്തിയും അഗ്നിഹോത്രവും വേദാധികാരവും നൽകി യാഗശാലയിലെ വൈദ്യനായി അവരോധിക്കപ്പെട്ട വൈദ്യവൃത്തി കുലധർമ്മമായി കൊണ്ടു നടന്ന കേരളത്തിലെ വൈദ്യകുടുംബത്തിലെ കാരണവരായിരുന്നു ചെറിയനാരായണൻ നമ്പൂതിരി.

പ്രകൃതിയോടുള്ള പുതിയ മനുഷ്യന്റെ സമീപനം മാറണമെന്ന് വൈദ്യമഠം എപ്പോഴും പറയാറുണ്ടായിരുന്നു. അന്നം തരുന്ന കാമധേനുവാണ് ഭൂമാതാവ്. കാമധേനുവിനെ കശാപ്പ് ചെയ്യരുത്. ആയുർവേദം പ്രകൃതിയുടെ വരദാനമാണ്. അവ രണ്ടും പരിപാലിക്കണമെങ്കിൽ പ്രകൃതിയുടെ പ്രസാദവും പ്രകൃതി ചുരത്തിത്തരുന്ന ഔഷധവീര്യങ്ങളുടെ സമ്പത്തും നിലനിർത്തൻ സാധിക്കണം.

2003 ൽ ഞാൻ കെ.എസ്.ഇ.ബി യിൽ ജോലിചെയ്യുമ്പോൾ ജോലിയുടെ ഭാഗമായി തൃത്താലയിലുള്ള അദ്ദേഹത്തിന്റെ ആയുർവേദാശുപത്രിയിൽ പോകേണ്ടിവന്നു. മാനേജരുമായി സംസാരിച്ചിരിക്കുന്നതിനിടയിൽ ഒരു രോഗി ഡിസ്ചാർജ്ജ് ചെയ്ത് പോകുന്നത് കാണാനിടയായി. ഗൾഫിൽ ജോലിയുള്ള ഒരു മുസ്ലീം യുവാവാണ്. ശരീരം മുഴുവനും ചൊറിഞ്ഞു തടിച്ച് സോറിയാസിസ് എന്ന രോഗവുമായി വന്ന രോഗിയായിരുന്നു. രോഗം പൂർണമായി ഭേദമായി, ഉടനെ ഗൾഫിലേക്ക് പോകുകയാണെന്നറിഞ്ഞു.

ഗൾഫിലെ മുഖ്യാഹാരം ചിക്കനും കുബ്ബൂസുമാണ്. ചിക്കൻ ഫ്രൈ ചെയ്യുമ്പോൾ ചേരുവകൾ നന്നായി പിടിക്കുവാനും, രുചികൂട്ടുവാനും തൈര്, വെണ്ണ, ചീസ്, എന്നിവ ചേർക്കാറുണ്ട്. തൈരും വെണ്ണയും ചീസ്സും ചിക്കനുമായി വിരുദ്ധങ്ങളാണ്. രണ്ടും കൂടിചേരുമ്പോൾ വിഷാഹാരമാണ് ഉണ്ടാകുന്നത്. ഈ വിഷാഹാരം അകത്തു ചെന്നാൽ പല രോഗങ്ങളും ഉണ്ടാകും. പലരേയും പല വിധത്തിലാണ് അത് ബാധിക്കുക. അങ്ങനെയുള്ള ഒരു രോഗമായിരുന്നു ആ മുസ്ലിം യുവാവിന്റേത്, മൂന്ന് മാസത്തെ കർശ്ശനമായ പഥ്യചികിത്സക്കുശേഷം രോഗം പൂർണ്ണമായും ഭേദമായി. ചിലർക്ക് ഇത് കുടലിൽ വ്രണങ്ങളും മുഴകളും ഉണ്ടാക്കിയേക്കാമത്രേ. വിരുദ്ധാഹാരങ്ങളെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ തുടങ്ങിയത് അന്നു മുതൽക്കാണ്.

പണ്ട് 'മോരും മുതിരയും' പോലെ എന്ന് ഒട്ടും ചേർച്ചയില്ലാത്തതിനെപ്പറ്റി പറഞ്ഞു കേട്ടിട്ടുണ്ടെങ്കിലും മോരും മുതിരയും ചേർത്താൽ അത് വിരുദ്ധാഹാരമാണെന്ന് പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞു. അവിടുത്തെ മാനേജർ തന്ന മൂന്ന് പുസ്തകങ്ങളിൽ നിന്നും വിരുദ്ധാഹാരങ്ങളെപ്പറ്റി കൂടുതൽ അറിയാൻ സാധിച്ചു.

അഷ്ടാംഗഹൃദയത്തിൽ ഉപേക്ഷിക്കേണ്ട ഭക്ഷണത്തെപ്പറ്റി ഇങ്ങനെ പറയുന്നു. ചോറ് വിഷസമസൃഷ്ടമാണെങ്കിൽ കിണുകിണുത്തിരിക്കും. വാർത്താൽ കഞ്ഞി വാരുകയില്ല. വളരെ സമയം കൊണ്ടേ വേകുകയുള്ളു.വെന്താൽ തന്നെ പഴഞ്ചോറ് പോലെയിരിക്കും. ആവിവരുന്നതിന് മയിൽ കഴുത്തിന്റെ ഛായയുണ്ടായിരിക്കും. ഈ ചോറ് കഴിച്ചാൽ തല ചുറ്റലും ബോധക്ഷയവും വായിൽ വെള്ളം വരികയും ചെയ്യും വർണഗന്ധാദികൾ ഹീനങ്ങളായിരിക്കും നൂലുമുണ്ടായിരിക്കും. ചന്ദ്രനേപ്പോലെ പ്രതിഫലനവും കാണാം. അങ്ങനെകാണുന്നത് വിഷ സംസൃഷ്ടമാണെന്ന് കരുതി ഉപേക്ഷിച്ചു കൊള്ളണം.

അഷ്ടാംഗഹൃദയത്തിൽ ഇങ്ങനെയും പറയുന്നു. മാംസരസത്തിൽ നീലരേഖയും പാലിൽ (വെള്ള) താമ്രരേഖയും, തൈരിൽ കറുത്ത രേഖയോ, വെളുത്ത രേഖയോ മോരിൽ കറുത്ത രേഖയും നെയ്യിൽ ജലരേഖയും മദ്യത്തിലും വെള്ളത്തിലും കറുത്ത രേഖയും തേനിൽ പച്ചരേഖയും എണ്ണയിൽ ചെമന്നരേഖയും കാണുന്നത് വിഷസംസൃഷ്ടമാണെതിന്റെ ലക്ഷണങ്ങളാണ് അവ ഉപയോഗിക്കരുത്.

വിരുദ്ധമായ ആഹാരങ്ങൾ വിഷത്തോടോ കൂട്ടുവിഷത്തോടെ തുല്ല്യമാകുന്നു. മാംസം ഉഴുന്നിനോടോ, പാലിനോടൊ മുളപ്പിച്ച വസ്തുക്കളോടൊ കൂടിയാൽ വിരുദ്ധമാണ്.

* പാലും മത്സ്യവും കൂടി ഉപയോഗിക്കരുത്
* ചില മത്സ്യങ്ങൾ പാലിനോട് കൂടി ഉപയോഗിച്ചാൽ അത്യന്തം വിഷകരമാണ്.
* പുളി പാലിനോട് കൂടി കഴിക്കരുത്. ഒരു വക ഫലങ്ങളും പാലിനോടു കൂടി കഴിക്കരുത്.

* മുതിര, വരക്, മങ്കുടപയറ് എന്നിവ പാലിനോട് കൂടി കഴിക്കരുത്.

* പന്നിമാംസവും മുള്ളൻ പന്നിയുടെ മാംസവും കൂടികഴിക്കരുത്

* മാനിറച്ചിയും കോഴിയിറച്ചിയും കൂടി കഴിക്കരുത്.

* അഷടാംഗ ഹൃദയത്തിൽ ഇങ്ങനെ പറയുന്നു തേൻ,നെയ്യ്, തൈലം, പാനീയങ്ങൾ ഇവ രണ്ടോ മൂന്നോ ദ്രവ്യങ്ങൾ സമാംശമായി ചേർത്താൽ പരസ്പരം വിരുദ്ധങ്ങളാകുന്നു.

* തേനും നെയ്യും ഭിന്നാംശത്തിലാണെങ്കിലും മഴവെള്ളം ചേർന്നാൽ വിരുദ്ധങ്ങളാകുന്നു.

* അത്രേയസത്തിൽ ഇങ്ങനെ പറയുന്നു വ്യായാമവും ഓട്ടവും, വെള്ളം കുടിയും, യുദ്ധവും

പാട്ടുപാടലും അദ്ധ്യാപനവും ഭക്ഷണം കഴിഞ്ഞ് ഒരു മുഹൂർത്തത്തിന് ഉപേക്ഷിക്കേണ്ടതാണ്.

* ആയുർവേദാചാര്യൻ നിർമ്മലാനന്ദഗിരിരാജ് ഇങ്ങനെ എഴുതിയിരിക്കുന്നു.

* പാൽ, തേൻ, ഉഴുന്ന്, മുളപ്പിച്ച ധാന്യങ്ങൾ, സസ്യങ്ങളുടെ മുളകൾ മുള്ളങ്കി, ശർക്കര എന്നിവ പോത്തിറച്ചിയോട് ചേർത്ത് കഴിക്കരുത്.

* മത്സ്യത്തിനോട് ചേർത്ത് പാല്, മോര്, തേൻ ഉഴുന്ന്, മുളപ്പിച്ച ധാന്യങ്ങൾ എന്നിവ വിരുദ്ധമാണ്.

* മിൽക്ക്ഷേക്ക് (പാലും മാമ്പഴവും) വിരുദ്ധമാണ്.

* പാലും ഉഴുന്ന് അമരക്ക, കൈതച്ചക്ക, ചക്കപ്പഴം വിരുദ്ധങ്ങളാണ്. വിരുദ്ധാഹാരങ്ങൾ വിഷമയമാണ്.

യോഗരത്നത്തിൽ ഇങ്ങനെ പറയുന്നു. സ്വർണ്ണം കൊണ്ടുള്ള പാത്രത്തിൽ ഭക്ഷണം കഴിക്കുന്നത് തൃദോഷഹരവും, കാഴ്ചക്ക് നല്ലതും, പത്ഥ്യവുമാകുന്നു. വെള്ളികൊണ്ടുള്ള പാത്രത്തിൽ ഭക്ഷണം കഴിക്കുന്നത് കണ്ണിനു നല്ലതും പിത്തഹരവും കഫങ്ങളെ വർദ്ധിപ്പിക്കുന്നതുമാകുന്നു. ഓട്ടുപാത്രത്തിലാണെങ്കിൽ ബുദ്ധിക്കു നല്ലതും രുചിയെ ഉണ്ടാക്കുന്നതും രക്തപിത്തത്തെ പ്രസാദിപ്പിക്കുന്നതും ആകുന്നു. പിച്ചള പാത്രത്തിലാണെങ്കിൽ വാതത്തെ വർദ്ധിപ്പിക്കുന്നതും രൂക്ഷവും ഉഷ്ണവും കൃമികഫങ്ങളെ വർദ്ധിപ്പിക്കുന്നതും ആകുന്നു. ഇരുമ്പ് കിണ്ണത്തിലും കാന്തകിണ്ണത്തിലും കഴിക്കുന്നത് കാര്യസിദ്ധിക്ക് വിശിഷ്ടവും നീര് പാണ്ട്രോഗം ഇവയെ ശമിപ്പിക്കുന്നതും ബലകരവും കാമിലാഹരവും ഉത്തമവും ആകുന്നു. കല്ലുകൊണ്ടോ മണ്ണുകൊണ്ടോ ഉണ്ടാക്കിയ പാത്രത്തിൽ കഴിക്കുന്നത് അശ്രീകരവും മരപാത്രത്തിൽ കഴിക്കുന്നത് ഉരുചികരവും കഫവർദ്ധകവും ആകുന്നു. ഇലയിൽ കഴിക്കുന്നത് ജരാഗ്നിവർദ്ധകവും വിഷം പാപം എന്നിവ ശമിപ്പിക്കുന്നതും ആകുന്നു.ഭഗവത്ഗീതയിൽ സ്വാതികം, രാജസം. താമസം എന്നീ ഗുണങ്ങൾക്ക് അനുസൃതമായ ഭക്ഷണങ്ങളെപ്പറ്റി പറയുന്നുണ്ട്. മനുസ്മൃതിയിലെ ഈ ശ്ലോകം ആഹാരത്തിന്റെ മഹിമയെപറ്റി പറയുന്നു.

പൂജയേദശനം നിത്യം അദ്യാൻചൈതദ കുത്സയൻ
ദൃഷ്ടംഹൃഷ്യേൻ പ്രസീദേച്ഛ പ്രതിനന്ദേച്ഛ സർവശ:

അശനത്തെ (ഭക്ഷണത്തെ) പൂജിക്കണം അതിനെ നിത്യവും നിന്ദിക്കാതെ കണ്ട് ഉപയോഗിക്കണം കണ്ടാൽ സന്തോഷിക്കണം പ്രശംസിക്കുകയും വേണം.


മാംഗല്യം

**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**
***രജിസ്ട്രേഷൻ ചാർജ്ജ് – 1000 രൂപ**
**ടി.ഡി.എം. ഹാൾ കോംപ്ലക്സ്**
**ഡി.എച്ച്.റോഡ്, കൊച്ചി 682 016**
**ഫോൺ: 0484 2361160 (Ext.32), 2369589**
**Web: www.karayogammangalyam.com/**
**www.karayogammangalyam.in**
**Email: ekmkgm@gmail.com**



**10-ാം ചരമവാർഷികം**

**26. 05 .2019**



**എഴുത്തുള്ളിൽ ജയലക്ഷ്മി**

*സ്നേഹസ്മരണകളോടെ*
**എസ്.ഡി. ഗോപാലകൃഷ്ണൻ**
**അനൂപ് രാധാകൃഷ്ണൻ**
**കീർത്തിപ്രിയ. ജി. മേനോൻ**

(തുടർച്ച)



# ജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ

എൻ. ഗോപിനാഥൻ നായർ. ഫോൺ : 9249205553

**ശങ്കരാചാര്യർ കാശിയിൽ**

മൂന്നു വയസ്സുള്ളപ്പോൾ ആരംഭിച്ച വിദ്യാഭ്യാസം ശ്രീശങ്കരൻ തന്റെ 15 ാം വയസ്സിൽ അവസാനി പ്പിച്ചുവെന്നു തന്നെ പറയാം. ശങ്കരാചാര്യരുടെ അവതാരലക്ഷ്യം നിറവേറ്റനായി അദ്ദേഹം ഇപ്പോൾ കർമ്മരംഗത്തേക്ക് പ്രവേശിക്കുകയാണ്. കൗമാരപ്രായം കഴിയാത്ത ശ്രീശങ്കരൻ ഇപ്പോൾ ഒരു പണ്ഡിതശ്രേഷ്ഠനാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഏതാനും കൃതികൾക്ക് ഭാഷ്യം രചിക്കുകയും മറ്റനേകം ഗ്രന്ഥങ്ങൾ രചിക്കുകയും ഉണ്ടായി. ഭാരതത്തിലെ ഏതൊരു പണ്ഡിതനോട് സംവദിക്കാനും എതിർപ്പുകളുണ്ടായാൽ അവയെ നേരിടുവാനും അദ്ദേഹം കെൽപ്പുള്ളവനായിത്തീർന്നു. ശിഷ്യരുടെ ഒരു ചെറിയ സമൂഹം തന്നെ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.

**എന്താണ് കാശിയുടെ പ്രത്യേകതകൾ:** അതിപുരാതനമായ കാശി വിശ്വനാഥക്ഷേത്രം ഇവിടെയാണ്. പവിത്രമായ ഗംഗാനദി, അതിന്റെ തീരത്ത് ഗംഗാ ആരതി നടത്തുന്ന ദശാശ്വമേധഘട്ടം ഇവിടെയാണ്. ഭാരതത്തിലെ പേരുകേട്ട ചക്രവർത്തിമാർ ഇവിടെ വച്ച് അശ്വമേധയാഗങ്ങൾ നടത്തിയിരുന്നു. അവ പത്തിൽ കൂടുതലുണ്ടായിരുന്നിരിക്കണം. രാജ്യനൈതികമായ ഏകത (ഏകരാഷ്ട്രം) നിലനിൽക്കണമെങ്കിൽ സാംസ്കാരികമായ ഏകത്വം (ഭാരതീയ സംസ്കാരം) ആവശ്യമാണ്. അങ്ങിനെയെങ്കിൽ രാഷ്ട്രത്തിന്റെ നിലനിൽപ്പിനുവേണ്ടി പൊരുതാൻ വീരന്മാർ ജന്മമെടുക്കും. യുഗയുഗങ്ങളായി കാശി ഭാരതത്തിന്റെ സാംസ്കാരിക കേന്ദ്രമെന്ന് പ്രസിദ്ധിയാർജിച്ചതാണ്. വിദൂരസ്ഥലങ്ങളിൽ നിന്നുപോലും പണ്ഡിതശ്രേഷ്ടന്മാരും വിദ്യാർത്ഥികളും ഇവിടുത്തെ വിദ്യാലയങ്ങളിൽ എത്തിയിരുന്നു. അവർ അവിടെയുള്ള ഗുരുകുലങ്ങളിൽ തങ്ങി 12 ഉം 15 ഉം വർഷങ്ങൾ വരെ വിദ്യാഭ്യാസം നിർവ്വഹിച്ച് തിരിച്ചു പോകുമായിരുന്നു. വന്നവരിൽ ചിലർ ദക്ഷിണഭാരതത്തിൽ നിന്നും വടക്ക് കാശ്മീരത്തിൽ നിന്നും കിഴക്ക് പ്രാഗ് ജോതിഷത്തിൽ (അസം) നിന്നുമായിരുന്നെങ്കിൽ മറ്റു ചിലർ പശ്ചിമദേശത്തെ താർ മരുഭൂമി താണ്ടി വന്നവരായിരുന്നു. ഇപ്രകാരം പല പല ദേശങ്ങളിൽ നിന്നും വന്നവർ ഏകോദര സഹോദരങ്ങളെപ്പോലെയാണ് ഗുരുകുല വാസവും പഠനവും നടത്തിയിരുന്നത്. അതായത് ജീവിതത്തിൽ അമൂല്യവും ഏറ്റവും സംസ്കാരപ്രദവുമായ ഒരു കാലഘട്ടമായിരുന്നു അവർ കാശിയിൽ ചിലവഴിച്ചിരുന്നത് എന്ന് സാരം. ബ്രഹ്മചാരി സമ്പ്രദായമാണ്, ഭാരതത്തിൽ ഏകരാഷ്ട്രിയത്വം നട്ടുവളർത്താൻ സഹായിച്ചത് എന്ന് പറയാം. ഈ സമ്പ്രദായം മൂലം ഒരേ ചിന്താഗതി , ഒരേ ആചാരം ഒരേ ഭാവന എന്നിവ ദൈനംദിന ജീവിതത്തിൽ പ്രകടമായിരുന്നു. എന്നാൽ ശങ്കരാചര്യരുടെ കാലമായപ്പോഴേക്കും ഈ പാരമ്പര്യത്തിന് കോട്ടം തട്ടിയിരുന്നു. അതിനു കാരണം അകത്ത് ഉത്ഭവിച്ചതും പുറത്തു നിന്നും കടന്നു വന്നതുമായ പുതിയ വിശ്വാസങ്ങളാണ്. ഇത് സമൂഹത്തിൽ അനാചാരങ്ങളും ദുരാചാരങ്ങളും സൃഷ്ടിക്കുകയുണ്ടായി. ആചാര്യർ തന്റെ പ്രവർത്തനം മൂലം ഈ കോട്ടം തീർക്കുവാൻ തീവ്രശ്രമം ആരംഭിച്ചു. ഇതിനായി തനിക്കു ചുറ്റും ഒരു ശിഷ്യസമൂഹത്തെ സൃഷ്ടിക്കുകയെന്നതാണ് ആദ്യപടിയായി ചെയ്യേണ്ടത് എന്ന് അദ്ദേഹം മനസ്സിലാക്കി. അവരിലൂടെ സമൂഹത്തിലേക്ക് കടന്നു ചെന്ന് ജനങ്ങളുമായി സംവദിക്കുകയെന്നതാണ് ഉചിതവും ലളിതവുമെന്ന് അദ്ദേഹത്തിന് ഉത്തമ ബോധ്യം ഉണ്ടായി. അദ്വൈത സിദ്ധാന്തത്തിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന അദ്ദേഹം 'നാനാത്വത്തിൽ ഏകത്വം' എന്ന ലളിതമായ തത്വം (ഏകം സത് വിപ്രാ ബഹുധാവദന്തി) തന്നെയാണ് ലോകത്തിന് ഉപദേശിക്കുവാൻ ആഗ്രഹിച്ചത്. അതേപോലെ ഹിന്ദുധർമ്മത്തിന്റെ സനാതനമായ നീരുറവ ഗംഗാ പ്രവാഹത്തെപ്പോലെ യാതൊരു തടസ്സവുമില്ലാതെ എന്നെന്നും ഒഴുകികൊണ്ടേയിരിക്കണം എന്നതായിരുന്നു ആചാര്യരുടെ ലക്ഷ്യം. സമൂഹത്തിൽ പരിവർത്തനങ്ങൾ സംഭവിച്ചു കൊണ്ടിരിക്കും. എന്നാൽ അവയെല്ലാം നന്മകൾ പ്രദാനം ചെയ്യുന്നതായിരിക്കണം. ഈ സന്ദർഭത്തിലാണ് ആചാര്യപാദർ 'ഗംഗാ സ്തോത്രം' രചിച്ചത്.

തന്നെപ്പോലെ ചിന്തിക്കുന്നവരും, ലക്ഷ്യപ്രാപ്തിക്ക് ഉതകുന്നവരുമായ ശിഷ്യന്മാരെ വാർത്തെടുക്കുകയെന്ന കാര്യം കാശിയിൽ നടന്നുകൊണ്ടിരുന്നു. അതിനാൽ ശിഷ്യവൃന്ദം വളർന്നു കൊണ്ടിരുന്നു. സനന്ദൻ എന്ന പ്രിയപ്പെട്ട ശിഷ്യന് 'പദ്മപാദർ' എന്ന

പേർ ലഭിക്കാൻ കാരണമായ ഒരു കഥ പറയുന്നത് ഇപ്രകാരമാണ്. ഒരിക്കൽ ആചാര്യൻ ഗംഗാനദിയുടെ മറുകരയിലായിരുന്ന ശിഷ്യനോട് തന്റെ സമീപത്തേക്ക് ഉടനെ വരുവാൻ കല്പിച്ചു. സനന്ദനാകട്ടെ ഗുരുവിനോടുള്ള അചഞ്ചലവും അന്ധവുമായ ഭക്തി മൂലം മറ്റൊന്നും ചിന്തിക്കാതെ പെട്ടെന്ന് മറുകരയിലെത്താനായി നദിയിലേക്ക് ഇറങ്ങി. അത്ഭുതമെന്ന് പറയട്ടെ നദിയിലേക്ക് ഇറങ്ങി ഓരോ അടിവയ്ക്കാനായി കാൽപാദം ഉയർത്തുമ്പോൾ വിരിഞ്ഞ ഒരു താമരപ്പൂവ് മുൻപിൽ പൊന്തി വന്നുകൊണ്ടിരുന്നു. അങ്ങിനെ താമരപൂക്കളുടെ സഹായത്താൽ മറുകരയിൽ ആചാര്യന്റെ സമീപം എത്തിചേർന്നു. ഈ സംഭവത്തിനുശേഷം സനന്ദൻ അറിയപ്പെടുന്നത് പത്മപാദർ എന്ന പേരിലാണ്.

താൻ ഒരു മഹാഗുരുവാണെന്നുള്ള അഹംഭാവം. അല്പംപോലും ആചാര്യർക്കുണ്ടായിരുന്നില്ല. സന്ദർഭം വന്നപ്പോഴെല്ലാം അവർക്കുവേണ്ട ശുശ്രൂഷയും സേവനവും ചെയ്യുവാൻ അദ്ദേഹത്തിന് മടിയുമുണ്ടായിരുന്നില്ല. ശങ്കരാചാര്യർ ആഗ്രഹിച്ചാൽ തങ്ങളുടെ പ്രാണൻ തന്നെ സമർപ്പിക്കാൻ തയ്യാറുള്ള അപാരഭക്തിയോടുകൂടിയ ആജ്ഞാനുവർത്തികളായ ശിഷ്യന്മാർ അദ്ദേഹത്തിന്റെ ശിഷ്യസമൂഹത്തിലുണ്ടായിരുന്നു. ആചാര്യനിൽ എത്രമാത്രം ആത്മീയ പ്രഭാവമാണുള്ളതെന്ന് ശിഷ്യർക്കെല്ലാം നല്ലവണ്ണം അറിയാമായിരുന്നു. ശിഷ്യഗണത്തെ അദ്ദേഹം എത്രമാത്രം സ്നേഹിച്ചിരുന്നു എന്നതിന്റെ തെളിവുകൾ ധാരാളമുണ്ട്. ആചാര്യർ പ്രയാഗയിൽ താമസിച്ചിരുന്ന കാലത്ത് ഉദങ്കൻ എന്ന പേരുള്ള ഒരു കുഷ്ഠരോഗിയെ ശുശ്രൂഷിച്ച് സുഖപ്പെടുത്തി തന്റെ ശിഷ്യനാക്കി സ്വീകരിച്ചു. ഇപ്രകാരമുള്ള ശിഷ്യസമ്പത്തിന്റെ ബലംകൊണ്ടാണ് തന്റെ പ്രചാരണം അനായസേന നിർവ്വഹിച്ചത്. കാശിയിലെ താമസക്കാലത്താണ് ശങ്കരാചാര്യർ, തന്റെ ഭക്തിരസപൂർണ്ണങ്ങളായ ചില ഗ്രന്ഥങ്ങൾ രചിച്ചത്. അവയിൽ ചിലതാണ് ഗംഗാസ്തോത്രം, മനീഷി പഞ്ചകം എന്നിവ.

**കാശിയിൽ ചണ്ഡാലസംഗമം**

ഒരു ദിവസം ശങ്കരാചാര്യർ ശിഷ്യരോടൊത്ത് ഗംഗാസ്നാനത്തിനായി നദിയിലേക്ക് പോകുകയായിരുന്നു. വഴിയിൽ ചണ്ഡാലസമുദായത്തിൽപ്പെട്ട ഒരാൾ എതിരെ വരുന്നതു കണ്ട ഒരു ശിഷ്യൻ അയാളോട് ദൂരെ മാറി നിൽക്കാൻ ആവശ്യപ്പെട്ടു. ഇതു കേട്ട ആ മനുഷ്യൻ ശാന്തനായി ശങ്കരാചാര്യരെ നോക്കി ഇപ്രകാരം ചോദിച്ചു. സ്വാമി അങ്ങയുടെ സന്യാസവും യോഗദണ്ഡും കമുണ്ഡലവുമെല്ലാം എന്തിന് വേണ്ടിയുള്ളതാണ്. അങ്ങ്, ആത്മാവിന്റെ ഐക്യത്തെപ്പറ്റിയും അദ്വൈത തത്വങ്ങളെയും മറ്റുള്ളവർക്കായി ഉപദേശം നൽകുന്നുണ്ടല്ലോ ? മാറി നിൽക്കാൻ കല്പിച്ചത് എന്റെ ശരീരത്തിനോടാണോ, അതോ ആത്മാവിനോടോ. നമ്മുടെ ശരീരങ്ങൾ തമ്മിൽ എന്താണ് വ്യത്യാസം? ഈശ്വരസൃഷ്ടിയായ നമ്മുടെ ഈ രണ്ടു ശരീരങ്ങളും ഒരുപോലെയാണ്, വ്യത്യാസമില്ല. ശരീരം നശ്വരമാണ്. അസത്യമാണ്, മായയാണ്. ശരീരത്തിന് രൂപഭേദമില്ല. അതല്ല ആത്മാവിനോടാണ് കൽപിച്ചതെങ്കിൽ എല്ലാ മനുഷ്യരിലുമുള്ള ജീവാത്മാവ്, പരമാത്മാവിന്റെ (ഈശ്വരൻ) അംശമാണ്. അത് അനശ്വരമാണ്. ഈ അവസ്ഥയിൽ ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ അയിത്തം കൽപിച്ചു മാറ്റി നിറുത്തുന്നത് എന്തിനാണ്?

ഒരു മഹാജ്ഞാനിയെപ്പോലുള്ള ചണ്ഡാലന്റെ സംസാരം ശ്രവിച്ച ശങ്കരാചാര്യർ അത്ഭുതപ്പെട്ടുപോയി. ഇയാൾ കേവലം ഒരു ചണ്ഡാലനല്ലെന്നും തന്നെ പരീക്ഷിക്കാനായി സാക്ഷാൽ ഭഗവാൻ ശങ്കരൻ ഇവിടെ എത്തിയതാണെന്നും അദ്ദേഹത്തിന് തോന്നി. പശ്ചാത്താപ വിവശനായ അദ്ദേഹം ചണ്ഡാലനെ വണങ്ങി ക്ഷമാപണം നടത്തി. ആ അവസരത്തിലാണ് ആചാര്യൻ പ്രസിദ്ധമായ മനീഷീ പഞ്ചകം എന്ന അഞ്ച് ശ്ലോകങ്ങൾ രചിച്ചത്.

കാശിയിലെ സർവ്വശ്രേഷ്ഠനായ പണ്ഡിതനാണെന്ന പ്രസിദ്ധി അദ്ദേഹം ആർജിച്ചു കഴിഞ്ഞിരുന്നു. കാശിയിലെ മഹാരാജാവകട്ടെ ആചാര്യരുടെ ശിഷ്യനായിത്തീർന്നു.

കാശിയിലെ തന്റെ ദൗത്യം ഏറെക്കുറെ പൂർത്തീകരിച്ചതായി ബോധ്യപ്പെട്ട ശങ്കരാചാര്യർ പ്രയാഗയെ ലക്ഷ്യമിട്ട് യാത്രക്ക് തയ്യാറായി.

**ശങ്കരാചാര്യർ പ്രയാഗയിൽ (അലഹബാദ്)**

പ്രയാഗയുടെ പ്രത്യേകതകളാണ് ത്രിവേണി സംഗമവും കുംഭമേളയും. കൂടാതെ അക്ഷയവടവൃക്ഷക്ഷേത്രവും ഇവിടെ സ്ഥിതി ചെയ്യുന്നു. പ്രയാഗ എന്ന പേര് ലഭിക്കുവാൻ കാരണം വളരെയേറെ യാഗങ്ങൾ നടന്ന, പ്രത്യേകിച്ചും പ്രജാപതിയായ ബ്രഹ്മാവ് യജ്ഞം നടത്തിയ പ്രദേശം എന്നതിനാലാണ്. ത്രി സ്രോതസ്സ് അഥവാ ത്രിവേണി സംഗമം എന്നത് ഗംഗയും യമുനയും അന്തർ വാഹിനിയായ സരസ്വതിയും ഇവിടെ സമ്മേളിക്കുന്നതിനാലാണ്. സരസ്വതി നദിയുടെ കാര്യം ഒരു വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. ത്രിവേണിയിൽ സ്നാനം ചെയ്യുന്നവർക്ക് അശ്വമേധം - രാജസൂയ യാഗങ്ങൾ നടത്തിയ ഫലം ലഭിക്കുമെന്ന് പുരാണ വചനവുമുണ്ട് . പ്രജാപതിയുടെ യാഗവേദികളിലൊന്ന് പ്രയാഗയത്രെ. യമുനാ നദിയുടെ ദക്ഷിണ തീരത്തായി ആദിമാധവക്ഷേത്രവും ഭരദ്വാജക്ഷേത്രവും കാണാം. ഇവിടെയാണ് ഭരദ്വാജമഹർഷിയുടെ ആശ്രമം സ്ഥിതി ചെയ്തിരുന്നതെന്ന് വിശ്വസിക്കുന്നു. പ്രയാഗയിൽ എല്ലാ വർഷവും മാഘമേള നടത്തി വരുന്നു.

മകരസംക്രാന്തി മുതൽ ഒരു മാസം നീണ്ടു നിൽക്കുന്ന ഉത്സവമാണിത്. 'ഗംഗാമായി കീ ജയ്' എന്ന് ഉച്ചത്തിൽ വിളിച്ചുകൊണ്ടുള്ള ഘോഷയാത്രയാണ് മുഖ്യചടങ്ങ്. 12 വർഷത്തിൽ ഒരിക്കൽ നടത്തുന്ന മഹാകുംഭമേള ലോകപ്രസിദ്ധമാണ്.

**മഹാകുംഭമേള**

മാഘമാസത്തിൽ എല്ലാ വർഷവും നടത്തുന്ന മേളയാണ് മാഘമേള. എന്നാൽ മഹാകുംഭമേളയാകട്ടെ 12 വർഷത്തിലൊരിക്കലാണ് നടത്തുന്നത്. ത്രിവേണിയിലെ സ്നാനം ഒരു പ്രധാന ചടങ്ങാണ്. 6 വർഷം കൂടുമ്പോൾ നടക്കുന്ന മേളയ്ക്ക് അർധ കുംഭമേളയെന്ന് അറിയപ്പെടുന്നു. പ്രയാഗ, നാസിക്, ഉജ്ജയിനി, ഹരിദ്വാർ എന്നീ നാലു സ്ഥലങ്ങളിലെ പുണ്യക്ഷേത്രങ്ങളിലാണ് കുംഭമേളകൾ നടത്തുന്നത്. ഹരിദ്വാറിൽ ഗംഗാതീരത്തും ഉജ്ജയിനിയിൽ 'ക്ഷിപ്രാ' നദീതീരത്തും നാസിക്കിൽ ഗോദാവരി തീരത്തുമാണ് കുംഭമേളകൾ നടത്തുന്നത്. ലക്ഷകണക്കിന് സ്ത്രീപുരുഷന്മാർ കുംഭമേളകളിൽ പങ്കെടുക്കുന്നു. കുംഭമേളയിൽ പങ്കെടുത്താൽ എല്ലാവിധ പാപങ്ങൾക്കും പരിഹാരമുണ്ടാകുമെന്നാണ് വിശ്വാസം. കഴിഞ്ഞുപോയ ചില കുംഭമേളകളിൽ ജനക്കൂട്ടത്തിൽ തിക്കിലും തിരക്കിലും പെട്ട നിരവധി പേർ മരണപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരായണത്തിലെ ആദ്യമാസമായ മാഘത്തിൽ (Jan-Feb) സൂര്യൻ മകരരാശിയിൽ നിൽക്കുമ്പോൾ ഗംഗയിൽ സ്നാനം നടത്തുന്നത് ഉത്തമമായി കരുതുന്നു.

**കുംഭമേളയുടെ ഐതിഹ്യം**

കുംഭ മേളയുമായി ബന്ധപ്പെട്ട പ്രസിദ്ധമായ ഒരു ഐതിഹ്യമുള്ളത് ഇപ്രകാരമാണ്. പാലാഴിമഥനം നടത്തിയപ്പോൾ ലഭിച്ച അമൃതകുംഭത്തിനുവേണ്ടി ദേവ - അസുരന്മാർ തമ്മിൽ 12 ദിവസം നീണ്ടു നിന്ന യുദ്ധം നടത്തിയെന്നും ആ സന്ദർഭത്തിൽ കുംഭത്തിൽ നിന്നും തെറിച്ചു വീണ് അമൃത ശകലങ്ങൾ പ്രയാഗ, ഹരിദ്വാർ, ഉജ്ജയിനി, നാസിക് എന്നീ നാലു പ്രദേശങ്ങളിലായി വീണുവെന്നും അങ്ങിനെ പരിശുദ്ധമാക്കപ്പെട്ട നാലിടത്ത് കുംഭമേളകൾ ആരംഭിച്ചുവെന്നുമാണ് ഐതിഹ്യം.

**അക്ഷയ വടം എന്ന ഹിന്ദുക്ഷേത്രം**

അക്ബർ ചക്രവർത്തി ഇലഹബാദിനെ, അലഹബാദാക്കി എന്നാൽ യോഗി ആദിത്യനാഥ് (മുഖ്യമന്ത്രി) അലഹബാദിനെ പുരാതന നാമമായ പ്രയാഗയിലേക്ക് മടക്കിയെത്തിച്ചു. അക്ബർ ചക്രവർത്തി കെട്ടിയ കോട്ടക്കുള്ളിലാണ് ഹിന്ദുക്ഷേത്രമായ അക്ക്ഷയ വടം ഇപ്പോൾ സ്ഥിതി ചെയ്യുന്നത്. ഭൂമിക്കടിയിലായി വിസ്തൃതമായ ഗുഹപോലുള്ള ഒരു സ്ഥലത്താണ് ക്ഷേത്രവും അക്ഷയവടവും ഉള്ളത്. പാതാള പുരി എന്നാണ് ഗുഹയുടെ പേര്. ശ്യാമവടം എന്ന് രാമായണത്തിൽ പരാമർശിക്കുന്ന സ്ഥലം ഇതായിരിക്കണമെന്ന് ഭക്തർ വിശ്വസിക്കുന്നു. പണ്ട് ഗുഹയിലുള്ള ജലാശയത്തിലേക്ക് ചാടി ആളുകൾ ആത്മഹത്യ ചെയ്തിരുന്നുവത്രെ. അവിടെ ജീവൻ വെടിയുന്നത് പുണ്യമാണെന്ന വിശ്വാസത്തെ തുടർന്നാണ് ഹിന്ദുക്കൾ അങ്ങിനെ ചെയ്തിരുന്നതെന്ന് പറയപ്പെടുന്നു. അപ്രകാരം ആത്മഹത്യകൾ നടത്തിയിരുന്നവരുടെ അസ്ഥികൂടങ്ങൾ കുന്നുകൂടി കിടന്നിരുന്നുവെന്ന് സഞ്ചാരിയായ ഹുയാൻ സാങ് രേഖപ്പെടുത്തിയിട്ടുണ്ട്.

ആ വടവൃക്ഷം സൃഷ്ടിയുടെ ഉത്ഭവം മുതൽ തന്നെ അവിടെ സ്ഥിരമായി വേരൂന്നി നിലനിൽക്കുന്നതാണത്രെ. പണ്ട് പ്രളയകാലത്ത് ലോകം മുഴുവൻ നശിച്ചിട്ടും വടവൃക്ഷത്തിന് ഒരു മാറ്റവുമുണ്ടായില്ല. ആ സമയത്താണ് മാർക്കണ്ഡേയ മഹർഷി ഈ വൃക്ഷത്തിൽ അഭയം പ്രാപിച്ചത്.

ശങ്കരാചാര്യർ പ്രയാഗയിൽ എത്തിയപ്പോൾ അവിടെ ഉത്സവം നടക്കുകയായിരുന്നു. അതായത് വർഷത്തിൽ ഒരിക്കൽ ആഘോഷിക്കുന്ന മാഘമേള. തൻമൂലം തന്റെ വരവ് ഒരു ധന്യമായ മുഹൂർത്തത്തിലാണെന്ന് ബോധ്യപ്പെട്ട അദ്ദേഹം പൂർവാധികം ഉന്മേഷവാനായി. (തുടരും)

# കരയോഗധനസഹായ പദ്ധതി - 2019

എറണാകുളം കരയോഗം 2019- ൽ സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ ഭാഗമായി നല്കുന്ന വൃക്കരോഗികൾക്ക് ഡയാലിസിസിനുള്ള ധനസഹായത്തിനുള്ള അപേക്ഷാഫോറങ്ങൾ കരയോഗം ഓഫീസിൽ നിന്നും ജൂലായ് 10-ാം തിയതി മുതൽ 16-ാം തീയതി വരെ ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ വിതരണം ചെയ്യുന്നതായിരിക്കും. പൂരിപ്പിച്ച അപേക്ഷകൾ നിബന്ധനകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം 18-ാം തീയതി മുതൽ 21-ാം തീയതി വരെ കരയോഗം ഓഫീസിൽ നേരിട്ട് നൽകി രസീത് കൈപ്പറ്റേണ്ടതാകുന്നു.

മുൻ വർഷങ്ങളിൽ വിദ്യാഭ്യാസ സഹായം നല്കിയവർക്ക് ഈ വർഷവും സഹായം തുടർന്നു നൽകുന്നതാണ്.

എന്ന് ജനറൽ സെക്രട്ടറി

# ചങ്ങമ്പുഴക്കവിത
## - ഒരവലോകനം

കല്പകം സോമരാജൻ ഫോൺ : 9895453072

മലയാള ഭാഷാസാഹിത്യ നഭസ്സിലെ എക്കാലത്തേയും പ്രേമഗായകനായ ശ്രീ ചങ്ങമ്പുഴ കൃഷ്ണപിള്ള മലയാള സാഹിത്യത്തിലെ കാല്പനിക പ്രസ്ഥാനത്തിന്റെ പ്രയുക്താവും പ്രചാരകനും ആയിരുന്നു എന്നത് സംശയലേശമെന്യേ ഉറപ്പിക്കാവുന്നതാണ്. ഭാഷാസാഹിത്യത്തിൽ ശ്രീചങ്ങമ്പുഴ കൈയാളാത്ത സൂക്ഷ്മാംശങ്ങൾപോലും ഇല്ലാതിരിക്കെ മിക്കവാറും കാല്പനിക പരിവേഷത്തിൽ പൊതിഞ്ഞ് അദ്ദേഹം തന്റെ കൃത്യം വളരെ സ്ഫുടമായി നിർവഹിച്ചിരുന്നു. മുൻകാല രചനകളുടെയൊന്നും പന്ഥാവിലൂടെ പോകാതെ, ഒരു പ്രത്യേക ജീവിതതത്ത്വശാസ്ത്രത്തിന്റെ സങ്കുചിത വൃത്തത്തിലകപ്പെടാതെ ഒരു പ്രത്യേക ചിന്താഗതിയുടെയും വക്താവാകാതെ, ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ പ്രത്യക്ഷപ്പെട്ട ഒരു ഉത്തിഷ്ഠ നക്ഷത്രമാണ് ശ്രീ.ചങ്ങമ്പുഴ കൃഷ്ണപിള്ള. സ്വതന്ത്രകൃതികൾ, ആശയാനുവാദങ്ങൾ, സ്വതന്ത്രവിവർത്തനങ്ങൾ എന്നിവ അടങ്ങിയ നാല്പതോളം കൃതികൾ അദ്ദേഹത്തിന്റേതായി പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട്. ബാഷ്പാഞ്ജലി, രമണൻ, മോഹിനി, തിലോത്തമ, സുധാംഗത, സങ്കല്പകാന്തി, ദേവത, പാടുന്ന പിശാച്, ദേവഗീത, യവനിക, സ്പന്ദിക്കുന്ന അസ്ഥിമാടം, നീറുന്ന തീച്ചൂള, സ്വരരാഗസുധ തുടങ്ങി ശ്രദ്ധേയമായ നിരവധി കൃതികൾ അദ്ദേഹത്തെ അനശ്വരനാക്കുന്നു.

അദ്ദേഹത്തിന്റെ ജീവിത കാലത്തെന്നപോലെ ഇന്നത്തെ സാമൂഹ്യ പശ്ചാത്തലത്തിലും ഒരു പരിധി വരെയും അല്ലെങ്കിൽ അതിനപ്പുറം തന്നെയും നിർണ്ണായക സ്വാധീനം ചെലുത്തുവാൻ പര്യാപ്തമാണ് ചങ്ങമ്പുഴയുടെ കൃതികൾ പലതും. ഇന്നു നാം കേൾക്കുകയും കാണുകയും അനുഭവിക്കുകയും ചെയ്യുന്ന നവോത്ഥാന ജല്പനങ്ങളുടെ അർത്ഥശൂന്യത മനസ്സിലാക്കുവാൻ അന്ന് നിലവിൽ വന്ന ഇത്തരം കൃതികളിലൂടെ ഒന്നു കണ്ണോടിച്ചാൽ മതിയാകും. ഉച്ചനീചത്വങ്ങൾക്കെതിരെ ജ്ഞാനാജ്ഞാനങ്ങൾക്കെതിരെ സമൂഹജനത്തെ പല തട്ടിൽ നിർത്തിയിരുന്ന തൊട്ടുകൂടായ്മക്കെതിരെ .......അങ്ങനെ സമൂഹത്തിൽ നടമാടിയിരുന്ന അനേകമനേകം ദുരാചാരങ്ങൾക്കെതിരെ അദ്ദേഹം തൂലിക ചലിപ്പിച്ചിട്ടുണ്ട്. അന്ന് ഒരു നിയമവ്യവസ്ഥയും അദ്ദേഹത്തെ ബന്ധിതനാക്കിയിരുന്നില്ല. ഈ പ്രത്യേക മാനസീക ഘടനയിൽ നിന്ന് ഉത്ഭൂതങ്ങളാകുന്ന കവിതകൾ അത്യന്തം സ്വതന്ത്രങ്ങളായിരുന്നു. അതിനാൽ തന്നെ ഈ കവിതകൾ സാമൂഹ്യ പരിഷ്കരോണോപാധികളും ആയിരുന്നു. അന്നത്തെ സമൂഹത്തിൽ നിലവിലുണ്ടായിരുന്ന പല അപചയങ്ങളേയും അദ്ദേഹം കവിതയിലൂടെ തുറന്ന് കാട്ടിയിട്ടുണ്ട്. ഇത് രൂക്ഷവിമർശനങ്ങൾക്കും സ്തുതി ഗീതങ്ങൾക്കും കാരണമായി തീർന്നിരുന്നു. നിർമ്മല മാനസനായ കവിയെ ഇതൊന്നും സ്പർശിച്ചിരുന്നില്ല എന്നു വേണം കരുതാൻ. അനന്തപ്രവാഹരൂപമായ ജീവിതത്തിലെ ഓരോ നിമിഷവും ഉണ്ടാകുന്ന ആത്മസംവേദനം കവിയുടെ വികാരവിചാരങ്ങളെ നിരന്തരം സ്വാധീനിച്ചിരുന്നു. വികാരവിക്ഷോഭങ്ങൾക്ക് നിഷ്കരുണം നിലം പരിശാക്കാവുന്ന തരത്തിൽ അത്ര ലോലഹൃദയ നായിരുന്നു കവി എന്ന് അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കൾ പറഞ്ഞിട്ടുണ്ട്. ഇക്കാരണത്താൽ ഓരോ സന്ദർഭങ്ങളിലും ഉണ്ടാകുന്ന വികാരവിക്ഷോഭങ്ങൾക്ക് കവി മനസ്സ് പൂർണ്ണമായും കീഴ്പ്പെടുന്നു. എണ്ണമറ്റ വൈരുദ്ധ്യങ്ങളുടെയും വൈവിധ്യങ്ങളുടെയും ആവർത്തനങ്ങളുടെയും ആകെ തുകയായ ജീവിതത്തിലെ ഓരോ അംശവും സർവോത്തമമായി കണക്കാക്കാനാണ് അദ്ദേഹം ശ്രമിച്ചിട്ടുള്ളത്. അങ്ങനെ വരുമ്പോൾ ജീവിത ദർശനങ്ങളെ സമഗ്രമായ വ്യവസ്ഥാപിതമായ ഒരു ബോധപഥത്തിൽ ദർശിക്കുവാനും രൂപപ്പെടുത്തുവാനും അദ്ദേഹം ശ്രദ്ധാലുവാകുന്നില്ല. ആയതിനാൽ സംജാതമാകുന്ന പൂർവാപരവൈരുദ്ധ്യങ്ങളും നിയതത്വത്തിന്റെ അഭാവവും ചങ്ങമ്പുഴ കവിതകളിൽ അങ്ങിങ്ങ് തല നീട്ടുന്നതായി കാണാം. ഇത്തരം അവബോധങ്ങളിലൊന്നും അദ്ദേഹം ശ്രദ്ധാലുവായിരുന്നില്ല എന്നു വേണം കരുതുവാൻ. സമൂഹാനുഭവങ്ങളെ അല്ലെങ്കിൽ സ്വാനുഭവങ്ങളെ തന്നെ ചൂടാറും മുൻപ് ആവിഷ്കരിക്കുന്നതു കൊണ്ട് കവിത അത്യന്തം സ്വച്ഛവും സത്യസന്ധവുമാണെങ്കിലും ഏകാഗ്രത പലപ്പോഴും അന്യമായി നില്ക്കുന്നത് ചില കവിതകളിൽ കാണാം. പക്ഷെ ഇതൊന്നും കവിയെ ഒരിക്കലും സ്പർശിച്ചു കാണുന്നില്ല. ഇത്തരം അസാധാരണത്വങ്ങൾ കവിയുടെ സ്വപ്രകൃതിയാണ് എന്ന് ഭാഷാ നിരൂപകർ അഭിപ്രായപ്പെടുന്നു. ഇത് അദ്ദേഹത്തിൽ കടന്നു കൂടുവാൻ ജീവിത പശ്ചാത്തലം തന്നെ കാരണമെന്നു പറയപ്പെടുന്നു. അന്നത്തെ സാ

മൂഹ്യപശ്ചാത്തലം പരിതാപകരമായിരുന്നു. ഉടയോൻ അടിയാൻ വ്യവസ്ഥകളും സമൂഹത്തിലെ നിമ്നോന്നതസ്ഥാനീയർ തമ്മിലുള്ള ഉച്ചനീചത്വങ്ങളുമെല്ലാം കവിയുടെ ലോലമനസ്സിനെ ഉലച്ചിരുന്നു. ഇത് പല കവിതകളിലും പ്രതിഫലിച്ചു കാണാം. പുച്ഛവും അനാദരവും നടമാടിയിരുന്ന അന്നത്തെ വിപ്രലംബ സമൂഹം അദ്ദേഹത്തിന്റെ ലോലമനസ്സിനെ പൊള്ളിച്ചു. ആ നീറുന്ന തീച്ചൂളയിൽ നിന്നാണ് ചങ്ങമ്പുഴക്കവിതകൾ വാർന്നു വീണത് എന്ന് സാഹിത്യനിരൂപകർ. 'അഴകിന്റെ തൂവെള്ളികിണ്ണമെല്ലാം അഴലു നിറഞ്ഞവയായിരുന്നു' എന്ന സത്യം കവിയെ അതീവ വ്യഥയിൽ ആഴ്ത്തുന്നു.

ഇങ്ങനെയൊക്കെ പറയുമ്പോഴും കവിത സാർവജനീനമായ ആസ്വാദനത്തിന് വക നൽകണം എന്ന സഹൃദയന്റെ അഭിലാഷത്തെ ചങ്ങമ്പുഴക്കവിത സാക്ഷാത്കരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ കവിതകൾ സാമാന്യജനങ്ങളുടെ അഭിരുചിക്കൊത്തവയായിരുന്നു. പൊതുജനപ്രീതി നേടുന്നതിൽ അദ്ദേഹം അസൂയാവഹമായ വിജയം കൈവരിച്ചിട്ടുണ്ട്. നൈസർഗ്ഗീകവും സംഗീതമധുരവുമായ ആ കാവ്യശൈലി അദ്ദേഹത്തിന്റെ കവിതകളെ സാധാരണ ജനത്തിനിടയിൽ പ്രചുരപ്രചാരങ്ങളാക്കി തീർത്തു. തികച്ചും സ്വന്തമായ ഒരു ശബ്ദം കേൾപ്പിച്ചുകൊണ്ട് അദ്ദേഹം മലയാള സാഹിത്യ നഭസ്സിൽ ചിറകടിച്ചുയർന്നു പറന്നു. അദ്ദേഹത്തിന്റെ അധൃഷ്യമായ വ്യക്തിമഹിമ ആരും അംഗീകരിക്കുന്ന തായിരുന്നു.

'മലയപ്പുലയനാ മാടത്തിൻ മുറ്റത്ത്

'മഴ വന്നനാളൊരു വാഴ നട്ടു.' എന്നത് അന്നത്തെ എല്ലാ മലയാളീ ഭവന മുറ്റത്തും നട്ട വാഴത്തൈപോലെ സഹൃദയമനസ്സുകൾ ഏറ്റെടുത്തതായി കാണാം. അതുപോലൊരു സരസസംഭാഷണ വേളയിൽ

'ആരുവാങ്ങുമിന്നാരു വാങ്ങുമീ –

'യാരാമത്തിന്റെ രോമാഞ്ചം' എന്ന് കവി പാടുമ്പോൾ അടുത്ത ആത്മസുഹൃത്ത് ശ്രീ ഇടപ്പിള്ളി രാഘവൻപിള്ള

'ആരു വാങ്ങുമിതാരു വാങ്ങുമീ–

'യാറു കാശിന്റെ കടലക്ക' എന്നു പാടിയതായും ശ്രീമതി ശ്രീദേവി ചങ്ങമ്പുഴ കുട്ടികളായ ഞങ്ങളോട് പറഞ്ഞത് എന്നും എന്റെ നല്ല സ്മരണകളിലൊന്നാണ്.

'കാല്പനികതയുടെ നിമ്നോന്നതകൾ ഒരുപോലെ സാക്ഷാത്കരിക്കുന്ന ഭാവപ്രപഞ്ചം ചങ്ങമ്പുഴക്കവിതയുടെ പ്രത്യേകതയാണ്. ജീവിതത്തിന്റെ പകൽക്കിനാവും രാക്കിനാവും പേടിസ്വപ്നവും മധുരസ്വപ്നവുമെല്ലാം ഒരേ രീതിയിൽ കാല്പനീകതയിൽ പ്രതിഫലിക്കുന്നു. കവിയുടെ പ്രണയകാവ്യലോകം വികലതകൾ നിറഞ്ഞ ജീവിതത്തിന്റെ സ്വപ്നങ്ങളാണ്. ആ സ്വപ്നങ്ങളാകട്ടെ ദ്വിമുഖങ്ങളാണ്. ഒന്ന് വൈകക്തികവും മറ്റൊന്ന് സാമൂഹികവും. കവിയുടെ അന്തരാത്മാവ് ഈ രണ്ട് ഭാവങ്ങളുടേയും സമുത്ഗ്രഥിത ഭാവമാണ് പ്രകടിപ്പിച്ചിരുന്നത്. എങ്കിലും സമൂഹാഭിമുഖസത്തയെ ആത്മാഭിമുഖ സത്ത സദാ കീഴടക്കുന്നു എന്ന സത്യം കൃതികളിൽ നിന്ന് വായിച്ചെടുക്കാം. പ്രേമം, മൈത്രി എന്നിവയെപ്പറ്റിയുള്ള ധന്യതകളും വ്യാമോഹങ്ങളും മോഹഭംഗങ്ങളും ഉത്കണ്ഠകളും നൈരാശ്യങ്ങളും പശ്ചാത്താപങ്ങളും നിറഞ്ഞ താരുണ്യത്തിന്റെ ഗായകനായിരുന്ന കവി ഒരു കാല്പനിക വ്യഥയുടെ തടവുകാരനായി സമർത്ഥിക്കപ്പെടുന്നു. ദു:ഖാധിക്യവും നൈമിഷികാവേശങ്ങളും പക്വതയില്ലാത്ത വികാരതീവ്രതയും അദ്ദേഹത്തിന്റെ കവിതകളിൽ കാണാം. ഒരു രീതിയിൽ ചിന്തിച്ചാൽ അദ്ദേഹത്തിന്റെ കവിതകളിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന വിഷാദം ആസ്വാദകനിലെ അന്തർ ഭാവത്തെ ഏതു കാലത്തും ഉണർത്തും എന്നതിനാൽ ഇദ്ദേഹത്തിന്റെ കവിതകൾക്ക് അന്തർദ്ധാനം എന്നൊന്നുണ്ടാവുകയില്ല. കവിയുടെ സമൂഹാഭിരതി സുശക്തമായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ ആത്മാഭിമുഖസത്ത അതിനെ കീഴ്പ്പെടുത്തിയിരുന്നതായി കവിതകളുടെ പഠനം തെളിയിക്കുന്നു.

പ്രണയലോലുപനായ കവിയുടെ കവനകലാവൈദഗ്ദ്ധ്യത്തിന്റെയും വ്യക്തിത്വത്തിന്റെയും ഭാസുരമുദ്രകൾ പ്രസരിക്കുന്നത് അദ്ദേഹത്തിന്റെ പ്രേമകാവ്യങ്ങളിലാണ്. ഖണ്ഡകാവ്യങ്ങളിലും ലഘുകവിതകളിലും മുന്നിട്ടു നില്ക്കുന്ന പ്രമേയം പ്രണയം തന്നെയാണ്. പ്രേമത്തിന്റെ സമസ്തഭാവങ്ങളും കാല്പനിക പരിവേഷവും ഇദ്ദേഹത്തിന്റെ കവിതകളിൽ തുടിച്ചു നില്ക്കുന്നു. യൗവ്വനസ്വപ്നങ്ങളുടെ കവിയായ ചങ്ങമ്പുഴ പ്രണയത്തെ സർവോത്തരമൂല്യമായി കണക്കാക്കുന്നു. ഏതു പരാജയത്തെയും അതിജീവിക്കാൻ കെല്പുള്ള പ്രേമസങ്കല്പമാണ് കവിയുടെ ചില കാവ്യങ്ങളിൽ കാണുന്നത്. അലൗകികദിവ്യാനുരാഗത്തെ വാഴ്ത്തുന്ന കവി ലൗകിക പ്രേമത്തിനെയും തത്ഭൂതമായ ആത്മബന്ധത്തേയും കുറിച്ചുള്ള കവിതകളും രചിച്ചിട്ടുണ്ട്. തീവ്രമായ ഹൃദയദാഹം തുളുമ്പുന്ന കവിതകളും പ്രണയഭംഗത്തെ ഹൃദയഭാഷയിൽ ആവിഷ്കരിച്ചിട്ടുള്ള കവിതകളും അദ്ദേഹത്തിന്റെ കവിതാശേഖരത്തിൽ കാണാം.

'രമണൻ' എന്ന ഒറ്റ കൃതികൊണ്ടു തന്നെ മലയാള ഭാഷ ഉള്ളിടത്തോളം കാലം ചങ്ങമ്പുഴ സ്മരിക്കപ്പെടും. സഫലീകരിക്കപ്പെടാത്ത പ്രേമമാണ് മിക്കവാറും ചങ്ങമ്പുഴ കവിതകളിൽ കാണുന്നത്. 'കണ്ടിട്ടില്ല ഞാനീവിധം മലർ ചെണ്ടു പോലൊരു മാനസം ' എന്ന് വളരെ ഹൃദയലോലുപതയോടെ മനോജ്ഞമായി പാടുന്ന കവി യവനികയിൽ 'മൺതരികളെ പുൽകുമത്തൃക്കാൽ ചെന്തളിരുകളന്തരംഗത്തിൽ ഭക്തിപൂർവ്വം പ്രതിഷ്ഠി

പ്പതേക്കാളിദ്ധരയിലെന്തുണ്ടൊരു ഭാഗ്യം' എന്നാണ് പാടുന്നത്. നായിക അജിതകുമാരി ശേഖരകവിയെ കാവ്യാന്ത്യത്തിൽ 'മംഗള ജയ മാല്യമണിയുവാൻ' തുനിയുന്നു. വൈകിയാണെങ്കിലും പ്രേമഭാജനത്തിന്റെ അംഗീകാരം സിദ്ധിച്ച മധുരചാരിതാർത്ഥ്യത്തോടെ ശേഖരകവി പോകുന്നു. ഇവിടെ പ്രേമസാഫല്യം ഉണ്ടായോ? അതോ പ്രേമഭയമോ? ചിന്തനീയമായ ഇതിവൃത്തം.

ചങ്ങമ്പുഴ കവിതയിലെ സംഗീതാംശമാണ് മറ്റേതു ഗുണത്തേക്കാളും കവിയെ വിശാലമായ ജനതതിയുമായി ബന്ധിപ്പിക്കുന്നത്. കവിതയുടെ പോരായ്മകളെ വിസ്മരിച്ച് പണ്ഡിതന്മാരും എല്ലാം ഗുണമയം എന്നു ചിന്തിച്ച് സാധാരണക്കാരും ചങ്ങമ്പുഴ കവിതകളെ നെഞ്ചിലേറ്റി പാടി നടന്നതിന് പ്രധാന കാരണം സരസലളിതമായ അദ്ദേഹത്തിന്റെ രചനാശൈലിയും കവിതയിൽ തുളുമ്പി നില്ക്കുന്ന സംഗീതാത്മകത്വവും ആണെന്ന് കാവ്യനിരൂപകൻ അഭിപ്രായപ്പെടുന്നു. കവിതയിൽ കാണുന്ന പദഘടനാവൈലക്ഷ്യങ്ങളും പ്രയോഗവൈകല്യങ്ങളും നിരർത്ഥകപദപ്രയോഗങ്ങളും മറന്ന കവിതാസ്വാദനത്തിൽ നിന്ന് സമഗ്രമായൊരാനന്ദാനുഭൂതി അനുഭവിക്കുവാൻ ആസ്വാദകനെ സഹായിക്കുന്നത് ഈ ഗാനാത്മകത്വം തന്നെയാണ്.

'മലരണിക്കാടുകൾ തിങ്ങി വിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസഗ്രാമഭംഗി' എന്ന് മനോജ്ഞമായി പാടി പോകുമ്പോൾ നാം മറ്റൊന്നും ചിന്തിക്കുന്നില്ല. 'കനകചിലങ്ക കിലുങ്ങാത്ത' ഒരൊറ്റ മലയാളി ഭവനം പോലും ഉണ്ടാകുകയില്ല. സർവ്വാലങ്കാരാഭരണ വിഭൂഷിതയായി കനകചിലങ്ക കിലുക്കി നൃത്തം ചെയ്ത് കാവ്യദേവത കവിക്കു മുന്നിൽ പ്രത്യക്ഷീഭൂതയാകുന്നു. പൂത്തുലഞ്ഞ മഞ്ഞക്കണിക്കൊന്നയോടാണ് അദ്ദേഹം ആ ദേവതയെ ഉപമിക്കുന്നത്. ഹാ! എന്തൊരു സൗന്ദര്യപൂരം എന്ന് അനുവാചകൻ തന്നെ പറഞ്ഞു പോകുന്നു. നടനം നിർത്തി പോകല്ലേ പോകല്ലേ എന്ന് കവി യാചിക്കുകയാണ് ചെയ്യുന്നത്. ഇത്തരമൊരനുഭൂതി വിശേഷം തുളുമ്പുന്ന മറ്റൊരു കവിത ഭാഷയിൽ വേറെ ഉണ്ടോ എന്നത് സംശയമാണ്.

ഗ്രീക്ക് പുരാണത്തിലെ 'ഓർഫ്യൂസ്' തന്റെ പ്രിയ പത്നിയെ മരണാനന്തര ലോകത്തു നിന്ന് തിരിയെ കൊണ്ടു വരുവാനായി പോകുന്നു. വഴിമദ്ധ്യേ നിരവധി തടസ്സങ്ങൾ ഉണ്ടാകുന്നു. ഇവയെല്ലാം തന്റെ മധുരഗാനാലാപത്താൽ അദ്ദേഹം അതിജീവിക്കുന്നു. ഹിംസ്രജന്തുക്കളെപ്പോലും സ്തംബധരാക്കിയാണ് അദ്ദേഹത്തിന്റെ യാത്ര. അതുപോലെ ചങ്ങമ്പുഴയും ഗാനാത്മികയായ കാവ്യദേവതയെ പുനരാവാഹിക്കുവാൻ ശ്രമിച്ചതിനാൽ അദ്ദേഹത്തെ മലയാളത്തിലെ 'ഓർഫ്യൂസ്' എന്നാണ് എന്റെ ഗുരുനാഥ പ്രൊ. എം ലീലാവതി ഓമന പേരിട്ട് വിളിച്ചത്. ആദ്യന്തം ഒരു സ്വരരാഗ സുധാപ്രവാഹമാണ് ചങ്ങമ്പുഴ കവിത. വാഗ്മിത്വരഹിതവും വികാര സമ്പൂർണ്ണവുമായ സംഗീതമാണ്. ചങ്ങമ്പുഴയുടേത്. വികാരങ്ങളുടെ സംശുദ്ധമായ പകർപ്പാണ് ഇദ്ദേഹത്തിന്റെ കൃതികൾ. വികാരാത്മഗതമായ ഹൃദയസംഗീതത്തെ പൂർണ്ണമായി വാക്കുകളിലൂടെ അനുസ്യൂതം പ്രകടിപ്പിക്കുകയാണ് കവി ചെയ്യുന്നത്. വികാരാംശത്തിന്റെയും സംഗീതാംശത്തിന്റെയും ലാളിത്യവും ഹൃദയഹാരിതയും ആസ്വാദകനെ മറ്റൊരു ലോകത്തേയ്ക്ക് കൈപിടിച്ചുയർത്തുവാൻ പര്യാപ്തമാണ് അദ്ദേഹത്തിന്റെ കൃതികൾ. അദ്ദേഹത്തിൽ അന്തർലീനമായിരുന്ന ഈ സംഗീതാംശമാണ് കുടിൽ തൊട്ട് കൊട്ടാരം വരെ തടസ്സലേശമെന്യേ അദ്ദേഹത്തിന്റെ കൃതികളേയും തദ്വാരാ അദ്ദേഹത്തിന്റെ യശസ്സിനേയും പ്രസരിപ്പിച്ചത്. ഏതു മരുഭൂമിയിലും വസന്തം ചമക്കാനുള്ള കഴിവ് ഗാനമാധുരിക്കുണ്ട്. ഏതു കരിംപാറയേയും ദ്രവീകരിക്കുവാനുള്ള കഴിവ് ഗാനമാധുരിക്കുണ്ട്. ഏതോ മാസ്മരികശക്തിയിലെന്നപോലെ മനുഷ്യമനസ്സിനെ ആനന്ദാനുഭൂതിയിൽ വിലയം പ്രാപിപ്പിക്കുവാനുള്ള അത്ഭുതസിദ്ധി ഗാനമാധുരിക്കുണ്ട്. അങ്ങനെയുള്ള സംഗീതധാരയുടെ അദമ്യമായ അവ്യാഖ്യേയ ആനന്ദാനുഭൂതിയിൽ ആസ്വാദകനെ ആറാടിക്കുവാൻ പര്യാപ്തമായവയാണ് ചങ്ങമ്പുഴക്കവിതകൾ.

ഭാഷ പൂത്തും വികാരം തളിർത്തും
ഭാവനക്ക് പുളകം കിളിർത്തും
ചോരയിൽ ചേർന്നലിഞ്ഞുപോം ഗാന-
ധാരകളേ ! ജയ ! ജയ ! നിങ്ങൾ !!!


# കലാസാംസ്കാരിക ക്ലാസ്സുകൾ

എറണാകുളം കരയോഗത്തിന്റെ കലാസാംസ്കാരിക വിഭാഗം ഭരതനാട്യം, വയലിൻ, യോഗ, കരാട്ടേ ക്ലാസ്സുകൾ നടത്തി വരുന്നു. താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക

വിളിക്കേണ്ട നമ്പർ 0484 2361160 (Extn : 35,38)

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

# കുട്ടികൾക്കുള്ള പ്രഥമശുശ്രൂഷ

ഡോ. പാർവ്വതി കെ. എസ്.

കുട്ടികൾ അപകടത്തിൽ പെടുന്നത് സാധാരണമാണ്. പക്ഷേ ആ സമയത്ത് നമ്മൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. പെട്ടെന്ന് എന്ത് ചെയ്യണമെന്ന് അറിയാതെ വരുന്ന അവസ്ഥ, ചലനങ്ങളിലെ അപക്വത, തിടുക്കം, അപകടങ്ങളുടെ വരുംവരായ്കകളെക്കുറിച്ചുള്ള അറിവില്ലായ്മ, അപകടങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറാനുള്ള അറിവുകളുടെ അപര്യാപ്തത തുടങ്ങി ധാരാളം ഘടകങ്ങൾ കുട്ടികളുടെ സുരക്ഷയ്ക്ക് നിതാന്ത ഭീഷണിയായി ഒളിഞ്ഞിരിപ്പുണ്ട്. കളിച്ചുകൊണ്ടിരുന്ന കുട്ടി തലയടിച്ചു വീണ് ചോരയൊലിപ്പിച്ച് നിശ്ചലനാവുന്നു. അപ്രതീക്ഷിതമായ അപകടങ്ങളിൽ നമ്മുടെ കുട്ടികൾ ചെന്നു ചാടുമ്പോൾ ചെയ്യേണ്ട പ്രഥമ ശുശ്രൂഷകളും ചികിത്സകളുമാണ് ചുവടെ :-

## കുട്ടി വെള്ളത്തിൽ മുങ്ങിയാൽ

വെള്ളത്തിൽ മുങ്ങിപ്പോകുന്ന കുട്ടിക്ക് ശ്വാസോച്ഛ്വാസം ചെയ്യാനാവാത്തതിനാൽ തലച്ചോറിലേക്കുള്ള ഓക്സിജൻ പ്രസരണം നിലച്ചു പോവുന്നു. അതുകൊണ്ടു തന്നെ പ്രഥമ ശുശ്രൂഷകന്റെ പ്രധാന കർത്തവ്യം കുട്ടിയുടെ ശ്വാസോച്ഛ്വാസം ക്രമീകരിക്കലാണ്. കുട്ടിയെ തുറസ്സായ സ്ഥലത്ത് ഉറപ്പുള്ള തറയിൽ കിടത്തി നനഞ്ഞ തുണികൾ മാറ്റുക. മൂക്കിൽ നിന്നും വായയിൽ നിന്നും ചളി, മണ്ണ് മറ്റു വസ്തുക്കൾ എന്നിവ നീക്കം ചെയ്യണം. ശുശ്രൂഷകൻ കുട്ടിയുടെ ഇടതുവശത്ത് മുട്ടുകുത്തിനിന്ന് ശരീരഭാരം കൈകളിലാവാഹിച്ച് വലതുകൈപ്പത്തി ഇടതുകൈപ്പത്തിയുടെ മുകളിൽ വെച്ച് നെഞ്ചിന്റെ നടുവിൽ ശക്തിയായി അമർത്തുകയും വിടുകയും വേണം. ഇതാണ് ഹൃദയ – ശ്വാസകോശപുനരുജ്ജീവനം (CPR- Cardio Pulmonary Resuscitation)

ഓരോ 20 പ്രാവശ്യം ഇങ്ങനെ ചെയ്യുമ്പോഴും ഒരു തവണ കൃത്രിമ ശ്വാസോച്ഛ്വാസം നൽകണം. (മൗത്ത് ടു മൗത്ത് ബ്രീത്തിങ്) ശ്വാസോച്ഛ്വാസവും ഹൃദയമിടിപ്പും നന്നായി വരുന്നു എന്നു തിരിച്ചറിയുന്നതു വരെ ഇത് തുടരണം. ആസ്പത്രിയിലേക്ക് കൊണ്ടുപോവുന്നതു വരെ ശുശ്രൂഷകൻ ഈ പ്രവൃത്തികൾ തുടരുക. മൗത്ത് ടു മൗത്ത് ബ്രീത്തിങ് നൽകി തുടങ്ങുന്നതിനു മുമ്പായി കുട്ടിയുടെ മൂക്കും വായും വൃത്തിയാക്കേണ്ടതാണ്. കുട്ടിയുടെ വായ അൽപം പിളർത്തി വച്ച് അതിന്മേൽ നേരിയ വൃത്തിയുള്ള ഒരു തുണികഷ്ണം വെച്ചതിനു ശേഷം മുഴുവൻ ശ്വാസവും ഉള്ളിലേക്ക് ഊതുകയാണ് ചെയ്യേണ്ടത്.

## തലയടിച്ചു വീണാൽ

കുട്ടികൾക്കുണ്ടാകുന്ന അപകടങ്ങളിൽ പ്രഥമ സ്ഥാനത്തുള്ളത് വീഴ്ച തന്നെയാണ്. ചലനങ്ങളിൽ കുട്ടികൾക്കു സ്വാഭാവികമായ നിയന്ത്രണമില്ലായ്മ, സാഹസിക പ്രവർത്തനങ്ങൾക്കുള്ള ത്വര, അപകട സാധ്യതകളെക്കുറിച്ചുള്ള അറിവില്ലായ്മ എന്നിവയൊക്കെ അതിന്റെ കാരണങ്ങളാണ്.

തല തടിച്ചു വീങ്ങുക, മുറിവുണ്ടാകുക, തലയോട്ടിക്ക് ക്ഷതമേൽക്കുക, തലച്ചോറിനുള്ളിൽ രക്തസ്രാവമുണ്ടാകുക, എന്നിങ്ങനെ പല തരത്തിലുള്ള ഗുരുതരാവസ്ഥകൾക്ക് വീഴ്ച കാരണമാകാറുണ്ട്. കുട്ടിക്ക് ബോധക്ഷയമുണ്ടാകുകയാണെങ്കിൽ കൃത്രിമ ശ്വാസോച്ഛ്വാസവും പുനരുജ്ജീവന പ്രവൃത്തികളും തുടങ്ങണം.

വീണതിനുശേഷം കുട്ടി ഛർദ്ദിക്കുകയാണെങ്കിൽ തലച്ചോറിന് ക്ഷതം പറ്റിയിട്ടില്ലെന്നുറപ്പാക്കണം. സാധാരണ ഗതിയിൽ 24 മണിക്കൂർ കുട്ടിയെ ആശുപത്രിയിൽ കിടത്തി സൂക്ഷ്മനിരീക്ഷണം ഏർപ്പെടുത്താറാണ് പതിവ്. തലയ്ക്ക് മുറിവുണ്ടെങ്കിൽ അഞ്ചു മിനിട്ട് അമർത്തി പിടിക്കുകയോ രക്തസ്രാവം തടയുന്ന രീതിയിൽ തുണികൊണ്ടോ മറ്റോ കെട്ടുകയും ചെയ്യണം. തലയോട് പൊട്ടിയാൽ എത്രയും പെട്ടെന്ന് ന്യൂറോസർജനുള്ള ഒരു ആശുപത്രിയിൽ എത്തിക്കുന്നതാവും ഉത്തമം.

## വീണ് എല്ലു പൊട്ടിയാൽ

രക്തസ്രാവം നിയന്ത്രിക്കലാണ് ഈ അവസ്ഥയിൽ ശുശ്രൂഷകന്റെ പ്രഥമ പരിഗണന. മുറിവിൽ മണ്ണോ ചളിയോ ഉണ്ടെങ്കിൽ അവ നീക്കണം. മുറിവ് ശുദ്ധജലം കൊണ്ട് കഴുകി മുറിവിൽ അമർത്തിപ്പിടിച്ചോ മുറിവ് കെട്ടിയോ രക്തസ്രാവം നിയന്ത്രിക്കുവാൻ ശ്രമിക്കണം. കൈയിലേയോ കാലി ലേയോ എല്ലുക

ളാണ് പൊട്ടിയതെങ്കിൽ എല്ലുകൾ കഴിയുന്നത്ര യഥാസ്ഥാനത്തു വെച്ചതിനുശേഷം പൊട്ടിയ ഭാഗത്തിന്റെ താഴെയും മേലെയും മരത്തിന്റെ സ്കെയിലോ മറ്റോ വെച്ച് അതിനു മുകളിലൂടെ അമർത്തി തുണി ചുറ്റണം. എല്ലുകൾ സ്ഥാനത്തു വെയ്ക്കാൻ ഒരിക്കലും ബലം പ്രയോഗിക്കരുത്.

### മുറിവേറ്റാൽ

മുറിവ് വൃത്തിയാക്കി അഞ്ചു മിനിട്ടു വിടാതെ അമർത്തി പിടിക്കണം. മുഖ്യധമനിയിൽ നിന്നല്ലെങ്കിൽ രക്തസ്രാവം ഒരു പരിധിവരെ നില്ക്കും. നിന്നില്ലെങ്കിൽ നന്നായി കെട്ടി മുറിവേറ്റ ഭാഗം ഉയർത്തി വെച്ച് ആശുപത്രിയിൽ എത്തിക്കണം.

### പുളിങ്കുരു, മഞ്ചാടി, മിഠായി, കടല തുടങ്ങിയവ തൊണ്ടയിൽ കുടുങ്ങിയാൽ

വളരെ ഗുരുതരമായ അവസ്ഥാവിശേഷമാണിത്. പ്രഥമ ശുശ്രൂഷകൻ കൃത്യമായും സംയമനത്തോടെയും ഉടൻ പ്രവർത്തിച്ചാൽ മാത്രമേ കുട്ടിയുടെ ജീവൻ രക്ഷിക്കുവാൻ കഴിയൂ. ശ്വാസം കിട്ടാതെ കുട്ടി മരണവെപ്രാളത്തോടെ പിടഞ്ഞുകൊണ്ടിരിക്കും. ചെറിയ കുട്ടിയാണെങ്കിൽ മടിയിൽ കമഴ്ത്തി കിടത്തി വലതു കൈകൊണ്ട് കൈപ്പലകകകൾക്കു നടുവിൽ (Shoulder Blades Scapula) ശക്തിയായി അടിക്കണം. ഒരു കാരണവശാലും തൊണ്ടയിൽ തടഞ്ഞു നിൽക്കുന്ന വസ്തു കൈവിരൽ കടത്തി എടുക്കുവാൻ ശ്രമിക്കരുത്. 4-10 വയസ്സുള്ള കുട്ടികളെ നിലത്ത് കാലുകൾ അകത്തി വെച്ച് നിർത്തിയശേഷം പ്രഥമ ശുശ്രൂഷകൻ അവന്റെ പിറകിൽ നിലത്ത് മുട്ടുകുത്തി നിന്ന് രണ്ടു കൈകളും കുട്ടിയുടെ വയറിന്റെ മധ്യഭാഗത്ത് കോർത്തു പിടിച്ച് വളരെ ശക്തിയായി പിന്നോട്ട് അമർത്തണം. നാലോ അഞ്ചോ പ്രാവശ്യം ഇങ്ങനെ ചെയ്താൽ മിക്കവാറും വസ്തുക്കൾ പുറത്തോട്ട് ചാടും.

### പ്രാണികൾ കടിച്ചാൽ

ജീവികളുടെ മുള്ളുകൾ കടിവായിൽ ഉണ്ടെങ്കിൽ വളരെ സൂക്ഷ്മതയോടെ അവ എടുത്തു കളയണം. ഐസ് വെച്ച് തണുപ്പിക്കുന്നത് വളരെ ആശ്വാസപ്രദമാണ്. തേനീച്ച കുത്തിയ ഭാഗത്ത് ചെറിയ ഉള്ളി അരച്ച് തേച്ച് , കെട്ടി വെയ്ക്കുക. ഉള്ളിയുടെ ക്ഷാരസ്വഭാവമാണ് ഇവിടെ തേനീച്ചയുടെ അമ്ലസ്വാഭാവമുള്ള സ്രവത്തിനെതിരെ ഉപയോഗിക്കപ്പെടുന്നത്. പച്ചമഞ്ഞൾ അരച്ചു തേക്കുന്നതും നല്ലതാണ്. തണുത്ത വെള്ളമുപയോഗിച്ച് നന്നായി കഴുകയും ചെയ്യാം. ഹോമിയോയിൽ ഇതിനു പറ്റിയ ഫലപ്രദമായ മുരന്നുകൾ ലഭ്യമാണ്.

### പാമ്പ് കടിച്ചാൽ

ഏറ്റവും പ്രധാനം കുട്ടിക്ക് ആത്മവിശ്വാസം നൽകുകയാണ്. മുറിവിനു മുകളിൽ തുണിവെച്ച് മുറുക്കി കെട്ടുക, മുറിവ് വലുതാക്കാനോ, രക്തം ചോർത്തി കളയാനോ ശ്രമിക്കരുത്. കടിച്ച ഭാഗം കഴിവതും ഇളക്കാതിരിക്കുക. കടിച്ച പാമ്പിനെ തിരിച്ചറിഞ്ഞാൽ ആശുപത്രിയിൽ ചികിത്സ എളുപ്പമായിരിക്കും.

### പാറ്റ ഗുളിക കഴിച്ചാൽ

രണ്ട് ഗ്രാം നാഫ്തലീൻ കഴിച്ചാൽ തന്നെ വളരെ ഗുരുതരമാകും കുട്ടിയുടെ അവസ്ഥ. കരളിനേയും കിഡ്നിയേയുമാണ് ഇതു തകരാറിലാക്കുക. കുട്ടിയെ ഒരിക്കലും പാൽ കുടിപ്പിക്കരുത്. ഉപ്പു വെള്ളവും മറ്റും നൽകി ഛർദ്ദിപ്പിക്കാൻ ശ്രമിക്കണം. ഉടനെ ആശുപത്രിയിൽ എത്തിക്കുവാൻ ശ്രമിക്കുക.

### പൊള്ളലേറ്റാൽ

ഈർപ്പരഹിതമായ ചൂടുകൊണ്ടുള്ള പൊള്ളലുകളുടെ ബേൺസ് (Burns) എന്നും ഈർപ്പമുള്ള പൊള്ളലുകളെ സ്കാൽഡ്സ് (Scalds) എന്നുമാണ് പറയുന്നത്. കാഠിന്യമനുസരിച്ച് പൊള്ളലിനെ മൂന്നായി തിരിക്കാറുണ്ടെങ്കിലും പ്രഥമ ശുശ്രൂഷ ഏകദേശം ഒരു പോലെയാണ്. തീകൊണ്ടുള്ള പൊള്ളലേറ്റാൽ എത്രയും വേഗം തീ അണച്ച് കുട്ടിയെ സുരക്ഷിതമായ സ്ഥാനത്തേയ്ക്ക് മാറ്റണം. തണുത്ത വെള്ളം ധാരയായി ഒഴിക്കുന്നത് ആശ്വാസകരമാണ്. തൊലി അടർന്നു പോകാത്ത വിധത്തിലെ പൊള്ളലുകളിൽ ഐസ് വെച്ച് തണുപ്പിക്കാവൂ. കുമിളകൾ പൊട്ടിക്കരുത്. വെള്ളം കുടിക്കാൻ കൊടുക്കുക.


**എറണാകുളം കരയോഗാംഗത്വം എടുക്കൂ**

**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**94 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**

**ഈ അവസരം പ്രയോജനപ്പെടുത്തുക.**

***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***

Email: ekmkgm@gmail.com

(തുടർച്ച)

# മിഴി രണ്ടിലും

പത്മജ മേനോൻ. ഫോൺ : 8289887472

പുറത്തേക്കു കടന്ന താൻ ഒരു ടാക്സിയിൽ തന്റെ ഗ്രാമത്തിലേക്ക് പുറപ്പെട്ടു മുപ്പതു വർഷങ്ങൾക്കുശേഷം ഗൃഹാതുരത്വചിന്തകളുമായി താൻ തന്റെ ജന്മനാട്ടിൽ...... ഗ്രാമത്തിന്റെ പരിഛേദം, താൻ അത് കണ്ടു കൊണ്ടിരുന്നു.....നാഗരീകത ഗ്രാമീണതയിലേക്ക് ലയിച്ച് ചേർന്നിരിക്കുന്നു. പണ്ട് നെൽപാടങ്ങളായിരുന്നിടത്തെല്ലാം ഇപ്പോഴിതാ ഉയർന്ന കെട്ടിടങ്ങൾ തലയുയർത്തി നില്ക്കുന്നു. ഇന്ന് ഗ്രാമങ്ങൾ അന്യമായിക്കൊണ്ടിരിക്കുകയാണ്. യാന്ത്രിക സംസ്കാരത്തിന്റെ ഈടുവെയ്പ്പുകളായി മാറി എല്ലാം. സാർ എങ്ങോട്ടാ തിരിയേണ്ടത് എന്ന ചോദ്യം കേട്ട് അയാൾ പറഞ്ഞു വലത്തോട്ട്..... ദേവീക്ഷേത്രത്തിനും ആൽത്തറയ്ക്കും ഒന്നും ഒരു മാറ്റവുമില്ല. താൻ നീന്തിക്കളിച്ചിരുന്ന അമ്പലക്കുളം വലിയ മതിൽ കെട്ടി മറച്ചിരിക്കുന്നു. കുമാരേട്ടന്റെ സ്റ്റേഷനറി കട പൊളിച്ച് അവിടെ സൂപ്പർ മാർക്കറ്റ് വന്നിരിക്കുന്നു. അടുത്തു തന്നെ വലിയൊരു മൊബൈൽ ടവർ വന്നിട്ടുണ്ട്. ഇവിടെ നിർത്തിക്കൊള്ളൂ എന്നു പറഞ്ഞ് താൻ ഇറങ്ങി കാറ് തിരിച്ചയച്ചു.

താൻ പിറന്നു വീണ വീട്. മുന്നിലുള്ള ഗേറ്റ് ഇപ്പോഴും മരം കൊണ്ടുള്ളതു തന്നെയാണ്. അത് ജീർണ്ണിച്ച് തുടങ്ങിയിരിക്കുന്നു. ഗേറ്റിൽ പിടിച്ച് താൻ നോക്കി നിന്നു. താൻ വെള്ളം ഒഴിച്ച് വളർത്തിയ തെങ്ങുകൾ വലുതായി കായ്ച്ചു നില്ക്കുന്നുണ്ട്. ഊഞ്ഞാൽ ഇട്ട് ആടിയ മൂവാണ്ടൻ മാവ് തന്നെ കണ്ട് ഇലകൾ ഇളക്കി തനിക്ക് സ്വാഗതമോതുന്നതുപോലെ തോന്നി. മുറ്റം ചാണകം മെഴുകി വൃത്തിയാക്കി ഇട്ടിട്ടുണ്ട്....യാത്രക്കിടയിൽ ഒരു ഓടിട്ട വീട് കണ്ടത് തന്റെ വീട് മാത്രമാണ്. വൈരുദ്ധ്യാത്മക ഭൗതിക വാദത്തിൽ ഗ്രാമം അമർന്നു പോയിരിക്കുന്നു. നിറം മങ്ങിയ ചുമരുകളുമായി നില്ക്കുന്ന വീട് ഒരു പുത്തൻ ഉണർവിനായി കാത്തിരിക്കുന്നതുപോലെ.......

ദീപം.... ദീപം എന്ന ശബ്ദം കേട്ട് അയാൾക്ക് സ്ഥലകാലബോധമുണ്ടായി.....ഒട്ടും പരിചയം തോന്നാത്ത ഒരു സ്ത്രീ വിളക്കുമായി വരുന്നു. പിന്നാലെ തൊഴുകൈകളോടെ മറ്റൊരാൾ. താൻ വീഴാതെയിരിക്കാൻ ജീർണ്ണിച്ച ഗേറ്റിൽ മുറുകെ പിടിച്ചു. തുളസിത്തറയിൽ വിളക്ക് വെച്ച് അവർ തിരിഞ്ഞ് നടക്കുന്നു. അമ്മ....അതെ അമ്മ തന്നെ എത്രക്കാലം കഴിഞ്ഞാലും.... ഏത് കൂരിരുട്ടിലും തനിക്ക് തന്റെ അമമയെ തിരിച്ചറിയാം, അമ്മ മരിച്ചിട്ടില്ല. താൻ വിറയലോടെ നീട്ടി വിളിച്ചു അമ്മേ.....എന്ന്. അടുത്ത ക്ഷണം മോനെ നന്ദു എന്ന് പറഞ്ഞ് അമ്മ തിരിഞ്ഞ് നിന്നു. ആ നിമിഷം താൻ ഓടിപ്പോയി അമ്മയെ കെട്ടിപ്പിടിച്ചു. അമ്മ തന്റെ നെഞ്ചിൽ തലവെച്ചുകൊണ്ട് ഏങ്ങിക്കരഞ്ഞു. എവിടെയായിരുന്നു നീ ഇത്ര നാളും. എന്റെ പൊന്നുമോൻ അമ്മേയോട് ക്ഷമിക്ക്. ഞാൻ ഒരിക്കലും കല്യാണം കഴിക്കാൻ പാടില്ലായിരുന്നു. എന്നിട്ട് എന്തുണ്ടായി. എല്ലാവരും എനിക്ക് നഷ്ടപ്പെട്ടില്ലേ....കരയരുത് എന്നു പറഞ്ഞ് താൻ അമ്മയെ ആശ്വസിപ്പിക്കുമ്പോഴും തന്റെ കണ്ണുകൾ നിറഞ്ഞ് ഒഴുകുകയായിരുന്നു. വർഷങ്ങൾ പിന്നിട്ടിട്ടും അമ്മയുടെ ശ്രവണേന്ദ്രിയങ്ങളിൽ അന്തർലീനമായിരിക്കുന്ന മകന്റെ ശബ്ദം തിരിച്ചറിഞ്ഞ അമ്മയെന്ന സത്യം. ആ ബന്ധത്തിനു മുന്നിൽ പ്രകൃതി പോലും കോരിത്തരിച്ചു നിന്നു പോയി. ഈ അമ്മക്കാണല്ലോ താൻ ഗയയിൽ പോയി ബലിതർപ്പണം നടത്തിയത് എന്നോർത്തു നിന്നപ്പോൾ അമ്മ പറഞ്ഞു, വാ ഇതാണ് നിന്റെ അനുജത്തി എന്നു പറഞ്ഞ് അവളെ പരിചയപ്പെടുത്തിയപ്പോഴേക്കും അവൾ ചിരപരിചയക്കാരെപ്പോലെ ഓടി വന്ന് വർത്തമാനം പറയാൻ തുടങ്ങി. എന്നെ ഓർമ്മയുണ്ടോ? .....പിന്നെ ഓർമ്മയില്ലാതെ .....മാലതി മാലൂ. ഞാൻ പോകുമ്പോൾ എനിക്ക് 15 വയസ്സായിരുന്നു. നിനക്ക് അഞ്ചും. ഉമ്മറത്തെ ഒഴിഞ്ഞ് കിടക്കുന്ന ചാരുകസേരയെ നോക്കി നിന്ന തന്നോട് അമ്മ പറഞ്ഞു. അച്ചു ഏട്ടൻ പോയി അമ്മയുടെ കണ്ണുകളിൽ നിർവികാരതയായിരുന്നു. ഷോക്ക് ഏറ്റ ഞാൻ മരിച്ചെന്ന് കരുതി നീ ഓടിപ്പോയപ്പോൾ എല്ലാവരും പറഞ്ഞു. നീ പുഴയിൽ ചാടി മരിച്ചെന്ന്. പുഴയിൽ തിരഞ്ഞ് നോക്കി. പലരും പറഞ്ഞു ഒഴുകി പോയിട്ടുണ്ടാവും കണ്ടു കിട്ടില്ലെന്ന്. ഒന്നും ഞാൻ വിശ്വസിച്ചില്ല. എനിക്ക് വിശ്വാസം ഉണ്ടായിരുന്നു. എന്റെ മകൻ തിരിച്ച് വരുമെന്ന വിവരമെല്ലാം അറിഞ്ഞ് അച്ചു ഏട്ടൻ ഇങ്ങോട്ട് വരുന്ന വഴിയിൽ ഒരു അപകടത്തിൽ പെട്ട് എന്നെ വിട്ടുപോയി. പിന്നെയും ഈ വീട്ടിൽ മൂന്നു പേർ മാത്രമായി നിനക്ക് പകരം മാലതി എന്നു മാത്രം. നിന്റെ തിരോധാനത്തെക്കാൾ വലുതായിരുന്നില്ല എനിക്ക് അച്ചു ഏട്ടന്റെ മരണം. താമസിയാതെ മുത്തശ്ശിയും യാത്രയായി. ഇപ്പോൾ ഞാനും, മാലുവും മാത്രം. ഏട്ടനുള്ള ഭക്ഷണം റെഡിയാക്ക് എന്നു പറഞ്ഞ് മാലതിയെ അടുക്കളയിലേക്ക് വിട്ടിട്ട്..... അമ്മ പറഞ്ഞു ... എനിക്ക് മോനോട് ഒരു

കാര്യം പറയാനുണ്ട് മോൻ അത് അറിഞ്ഞിരിക്കണം. നീ ഒരിക്കൽ ചോദിച്ചില്ലേ നിന്റെ അച്ഛൻ ആരാണെന്ന് നിനക്ക് അത് അറിയണ്ടേ.....നന്ദു വേഗം അമ്മയുടെ വാ പൊത്തിപ്പിടിച്ചു വേണ്ട...... എനിക്കറിയണ്ട നാല് പത്തിയഞ്ചു വർഷം അച്ഛൻ ആരാണെന്ന് അറിയാതെ ഞാൻ ജീവിച്ചു. അച്ഛനെന്ന് വിളിപ്പിച്ച ആൾ അച്ഛൻ ആയതുമില്ല......ദേശവും ഭാഷയും മാറിയ ഒരാൾ ഒരച്ഛന്റെ സ്നേഹം നൽകി ഇന്ന് എന്റെ മനസ്സിൽ എന്റെ അച്ഛന്റെ സ്ഥാനം അദ്ദേഹത്തിനാണ്. ഈ ജന്മം എനിക്ക് അത് മതി.

വിധി എപ്പോഴും എനിക്ക് ചുറ്റും കൊടിയ വിഷം തുപ്പുന്ന സർപ്പത്തെപ്പോലെ വിഷം തുപ്പിക്കൊണ്ടിരിക്കുകയാണ്. അമ്മ മുഖം പൊത്തിക്കരഞ്ഞു. സുന്ദരിയായ തന്റെ അമ്മയിൽ കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ല. വെള്ളിരേഖകൾ പ്രത്യക്ഷപ്പെട്ടുണ്ടെങ്കിലും അമ്മ ഇന്നും എന്ത് സുന്ദരിയാണ്. ഈ ശാരീരിക സൗന്ദര്യം അമ്മയുടെ ജീവിതത്തിന് ഉണ്ടായില്ല. മോന്റെ വിശേഷങ്ങൾ പറയൂ എന്ന അമ്മയുടെ ചോദ്യത്തിന് ഇതുവരെയുണ്ടായ എല്ലാ സംഭവങ്ങളും താൻ പറഞ്ഞു . അമ്മ ഒരു സിനിമാക്കഥ കേൾക്കുന്നപോലെ കേട്ട് കൊണ്ടിരുന്നു. ഊണ് കാലമായി എന്നു പറഞ്ഞുകൊണ്ട് മാലതിയും അരികിൽ വന്നിരുന്നു. അമ്മ മുത്തശ്ശിയായി....ട്ടോ. രണ്ടു കുട്ടികളാണെനിക്ക്. വേദ് എന്ന ആൺകുട്ടിയും, ഋഷിക എന്ന പെൺകുട്ടിയും. മാലതിയുടെ കല്യാണം ഒന്നും ശരിയായില്ലേ എന്ന ചോദ്യത്തിന് ഇല്ല അവളുടെ ദോഷജാതകമാണ്. പിന്നെ സാമ്പത്തികം, ഒരു പ്രൈവറ്റ് സ്കൂളിലെ ടീച്ചറാണ് അവൾ. അച്ചുഏട്ടന്റെ ഛായയാണവൾക്ക്. എല്ലാംകൊണ്ടും വിവാഹം നീണ്ടു പോയി. വരുന്ന കന്നിയിൽ അവൾക്ക് മുപ്പത്തഞ്ച് തികയും. ഇപ്പോൾ അവളുടെ സ്കൂളിന്റെ അടുത്തുള്ള കോപ്പറേറ്റീവ് ബാങ്കിൽ ജോലി ചെയ്യുന്ന ഒരാൾ അവളെ വിവാഹം കഴിക്കാൻ തയ്യാറാണത്രെ. അത് കേട്ട ഉടൻ അവൾ വാചാലയായി. അതെ ഏട്ടാ.......ആദിത്യൻ. കാണാൻ, ഏട്ടന്റെ കൂട്ട് ഇരിക്കും. എന്നെപ്പോലെ ഇരുണ്ടിട്ടല്ല. ആദിത്യന് അമ്മയും, അനുജത്തിയും ഉണ്ട്. കവലയിൽ നിന്ന് കിഴക്കോട്ടുള്ള വഴിയിൽ നാലാമത്തെ വീടാണ് ആദിത്യന്റേത്...... ഞങ്ങൾ എന്നും പാർക്കിൽ പോയിരിക്കും. അമ്മ പറഞ്ഞു.......വേഗം കല്യാണം നടത്തണം. വിവാഹം കഴിയാതെ ഇങ്ങനെ കറങ്ങി നടക്കുന്നത് അത്ര ശരിയല്ല. എല്ലാം വേണ്ടപോലെ ചെയ്യാം. അതിനു മുമ്പ് ഈ വീട് ഒന്നു പുതുക്കിപ്പണിയണമെന്ന് താൻ പറഞ്ഞു, അമ്മ അതു ശരിവച്ചു. മാലതി വീണ്ടും തുടങ്ങി. കല്യാണം ദേവീക്ഷേത്രത്തിൽ മതി എന്ന് ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. മഞ്ഞ കളർ സാരിയാണെനിക്ക് ഇഷ്ടം. കല്യാണം കഴിഞ്ഞാൽ ഞങ്ങൾ ഒരു ഫ്ളാറ്റ് എടുത്ത് താമസിക്കും. അമ്മ പറഞ്ഞു മതി മാലതി ആദ്യം വിവാഹം കഴിയട്ടെ.......... അവൾ അതൊന്നും ചെവിക്കൊള്ളുന്നില്ല..... ഏട്ടാ..... അറിയോ, ഞങ്ങൾക്കുണ്ടാവുന്ന കുട്ടികൾക്ക് പേര് കണ്ടുപിടിച്ചു. അതുൽ അനന്യ എന്ന് പറഞ്ഞ് അവൾ പൊട്ടിച്ചിരിക്കുന്നു. അവളുടെ മിഴി രണ്ടിലും എന്തൊക്കെയോ വെട്ടിപ്പിടിക്കാനുള്ള വ്യഗ്രത താൻ കണ്ടു എന്ത് ആവേശമാണവൾക്ക് . താൻ മിഴിച്ചിരുന്നു പോയി.

പിറ്റേന്ന് ആദിത്യനെ അന്വേഷിക്കുവാനായി ടൗണിലേക്ക് ചെന്നു. തേടിയ വള്ളി കാലിൽ ചുറ്റിയപോലെ ബാങ്കിൽ രാമദാസ് നില്ക്കുന്നു. കണ്ട മാത്രയിൽ ഞങ്ങൾ കെട്ടിപ്പിടിച്ചു. അവന് വലിയ മാറ്റമൊന്നുമില്ല. അല്പം കഷണ്ടി കയറിയിട്ടുണ്ട്. പരസ്പരം സംസാരിച്ച് അവർ കുറെ സമയം ചെലവഴിച്ചു. എന്തായാലും നീ വന്നുവല്ലോ, എനിക്ക് സംശയം ഉണ്ടായിരുന്നു. അതുകൊണ്ട് ഞാൻ നിന്റെ അമ്മയോട് ഒന്നും പറഞ്ഞില്ല. വെറുതെ അവരെ വേദനിപ്പിക്കണ്ടല്ലോ........ എനിക്ക് പിന്നെ അമ്മയുടെ അസുഖം കാരണം ഒന്നിനും സമയമില്ല. അതാ എന്നെ ഇപ്പോൾ ഫെയ്സ് ബുക്കിൽ കാണാത്തത് അനുജത്തിക്ക് ഒരു വിവാഹാലോചനയുമായി വന്നതാണ് ഞാൻ ബാങ്കിൽ എന്ന് നന്ദൻ പറഞ്ഞ്, ആദിത്യൻ എന്ന ആളെ കാണണം എന്ന് മുൻവശത്ത് ഇരിക്കുന്ന പെൺകുട്ടിയോട് പറഞ്ഞു. ആദിത്യൻ എന്ന പേരുച്ചരിച്ചുകൊണ്ട് അവൾ പറഞ്ഞു അങ്ങനെയുള്ള ഒരാൾ ഈ ബാങ്കിലില്ലായെന്ന്. ഇനി നിങ്ങളുടെ മറ്റു ബ്രാഞ്ചിൽ മറ്റോ കാണുമോ......? ഇല്ല ഈ ടൗണിൽ ഇതൊരു ബാങ്ക് മാത്രമേയുള്ളൂ എന്ന മറുപടി കേട്ട് നന്ദൻ നിരാശനായി. രാമദാസ് പറഞ്ഞു – അയാളുടെ വീട് അടുത്താണെന്നല്ലേ പറഞ്ഞത് എന്ന മറുപടി കേട്ട് നന്ദൻ നിരാശനായി. രാമദാസ് പറഞ്ഞു – അയാളുടെ വീട് അടുത്താണെന്നല്ലേ പറഞ്ഞത്? എന്നു പറഞ്ഞ് അവർ രണ്ടുപേരും കൂടി വീട് അന്വേഷിച്ച് നടന്നു. കവലയിൽ നിന്ന് കിഴക്കോട്ടുള്ള വഴിയിൽ നാലാമത്തെ വീട് എന്ന് അവൾ പറഞ്ഞത് ഓർത്തുകൊണ്ട് കിഴക്കോട്ട് തിരിഞ്ഞു അവിടം മുഴുവനും കടകളാണ് ഒരറ്റ വീടുപോലും കാണുന്നില്ല. ഒടുവിൽ ഒരു കടക്കാരനോട് ചോദിച്ചു അയാൾ പറഞ്ഞു ഇവിടെ വീടുകൾ ഇല്ല കടകളും, കുറച്ചു നടന്നാൽ മാർക്കറ്റും ആയി അനുജത്തി പറഞ്ഞത് എല്ലാം ശരിയല്ലേ എന്ന രാമദാസിന്റെ ചോദ്യത്തിന് നന്ദൻ പറഞ്ഞു. അതെ അതെ ഇതെല്ലാം അവൾ വ്യക്തമായി പറഞ്ഞിരുന്നു. എന്നാൽ പാർക്കിൽ പോയി നോക്കാം എന്നു പറഞ്ഞ് അവർ പാർക്കിനെ ലക്ഷ്യമാക്കി നടന്നു, പാർക്കിലെ സെക്യൂരിറ്റിയോട് വെറുതെ ഒന്ന് അന്വേഷിക്കാം എന്ന്

കരുതി താൻ ഇന്നലെ തന്റെ മൊബൈലിൽ എടുത്ത മാലതിയുടെ ഫോട്ടോ കാണിച്ചുകൊണ്ട് ചോദിച്ചു ഈ സ്ത്രീയെ കണ്ടിട്ടുണ്ടോ എന്ന്. കണ്ട മാത്രയിൽ അയാൾ പറഞ്ഞു ഉവ്വ് , ഞാൻ ഡ്യൂട്ടിയിലുള്ള ദിവസങ്ങളിലെല്ലാം ഇവർ വൈകുന്നേരങ്ങളിൽ ഇവിടെ വന്ന് ഇരിക്കാറുണ്ട്. കൂടെ ആരെങ്കിലും ഉണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നും തനിച്ചാണ് വരാറുള്ളത്, കുറച്ചു സമയം ഇരുന്ന് തിരികെ പോകുന്നത് കാണാം എന്നും, നന്ദന് ഒരു എത്തും പിടിയും കിട്ടിയില്ല ആകെ പ്രശ്നമായി ഇനി എവിടെ പോയി അന്വേഷിക്കാൻ. അവസാനം വീട്ടിൽ പോയി ഒന്നു കൂടെ വിശദമായി അന്വേഷിച്ചിട്ട് വരൂ, എന്നിട്ട് നാളെ നമുക്ക് കണ്ടു പിടിക്കാം എന്നു പറഞ്ഞ് രാമദാസ് പോയി. വീട്ടിൽ തിരിച്ചെത്തിയ നന്ദൻ നടന്ന കാര്യങ്ങൾ പറഞ്ഞു. പക്ഷേ മാലതി പറഞ്ഞ കാര്യങ്ങൾ ആവർത്തിച്ച് പറഞ്ഞു കൊണ്ടിരുന്നു. ആദിത്യൻ നല്ലവനാണ്...... ആദിത്യന് എന്നെ ഒരുപാട് ഇഷ്ടമാണ് എന്നൊക്കെ പറഞ്ഞ് അവൾ പറയുന്നതിൽ ഉറച്ചു നിന്നു. എന്തൊക്കെയോ അക്ഷരതെറ്റുകൾ ഉണ്ടല്ലോ എന്ന ചിന്തയിൽ അയാൾ ഉറങ്ങി. രാവിലെ തന്നെ മാലതിയോട് പറഞ്ഞു ആദിത്യന്റെ ഫോട്ടോ ഉണ്ടോ എന്ന് ചോദിച്ചപ്പോൾ അവൾ ഓടിപോയി ഫോട്ടോ കൊണ്ടു വന്ന് കാണിച്ചിട്ട് പറഞ്ഞു ഞാൻ വരച്ചതാണ് ഏട്ടാ.... കണ്ടോ .... എന്ത് യോഗ്യനാണെന്ന് . അവൾക്ക് അയാളോടുള്ള പ്രതിബദ്ധത കണ്ട് താൻ നിശ്ചലനായി നിന്നു. ആദിത്യൻ എന്ന വ്യക്തിയുടെ വാഗ്ദാനത്തിലും, പ്രലോഭനങ്ങളിലും അവൾ മതിമറന്നിരിക്കുന്നു. അവളുടെ മിഴി രണ്ടും ആയിരം ചിരാത് കത്തിച്ച പ്രകാശം.... എന്തായാലും ഫോട്ടോ കിട്ടിയല്ലോ എന്ന ആശ്വാസത്തിൽ വീണ്ടും പഴയ ഇടത്തു തന്നെ ബാങ്കിൽ പോയി ഫോട്ടോ കാണിച്ചു. അതു കണ്ട അവർ പറഞ്ഞു. ഇങ്ങനെയൊരാളെ ഞങ്ങൾക്ക് പരിചയമില്ല, ഇയാൾ ഞങ്ങളുടെ ഒരു ബ്രാഞ്ചിലും ഇല്ലായെന്നും..... മറുപടി കേട്ട് മടങ്ങുന്ന വഴി രാമദാസും വന്നെത്തി. വിവരങ്ങൾ അറിഞ്ഞ രാമദാസ് പറഞ്ഞു എന്റെ ഒരു ബന്ധു ഇവിടത്തെ മന:ശാസ്ത്ര വിദഗ്ദ്ധനാണ് അദ്ദേഹത്തെ ഒന്നു കാണാം. നന്ദൻ പറഞ്ഞു അതിന് മന:ശാസ്ത്രജ്ഞന് എന്ത് ചെയ്യാൻ കഴിയും. അദ്ദേഹം നമുക്ക് ഒരു മാർഗ്ഗനിർദ്ദേശം നൽകിയാലോ വെറുതെ കാണുന്നതിൽ എന്താ കുഴപ്പം എന്ന് പറഞ്ഞ് അവർ മന : ശാസ്ത്രജ്ഞന്റെ അടുത്തെത്തി.

വിവരങ്ങൾ എല്ലാം കേട്ട ഡോക്ടർ പറഞ്ഞു. ശൂന്യതയിലും എന്തെല്ലാമോ ഉണ്ടെന്ന തോന്നൽ..... ഇല്ലാത്ത ആൾ ഉണ്ടെന്നും......പെൺക്കുട്ടി വിവാഹവും, വിവാഹാനന്തര ജീവിതവും എല്ലാം ആദമ്യമായി ആഗ്രഹിക്കുന്നുണ്ട്. അത് നടക്കാതെ വരുമ്പോൾ ഉപബോധ മനസ്സിന്റെ ഭ്രമം ഒരു സ്വപ്നാടനം പോലെ എല്ലാം കാണുകയാണ് പെൺകുട്ടി. ഇവർ യാഥാർത്ഥ്യത്തെ ഒരിക്കലും അംഗീകരിക്കില്ല ഈ വിഷയത്തെപ്പറ്റി സംസാരിക്കുമ്പോൾ അവരിൽ അലയടിച്ച ആവേശമായിരിക്കും. ഒരിക്കലും ഈ വിഷയത്തെ പറ്റി എതിർത്ത് സംസാരിക്കരുത്. അവർ വയലെന്റ് ആകുവാനും രോഗം മൂർച്ഛിക്കുവാനും ഇടയുണ്ടാവും. നന്ദൻ ഓർത്തു– അതെ ആദിത്യനെ പറ്റി പറയുമ്പോൾ അവൾ മറ്റൊരാളായി മാറുന്നതും താൻ അത്ഭുതപരതന്ത്രനായി അവളെ വീക്ഷിച്ചതുമെല്ലാം.

ഡോക്ടർ പറഞ്ഞു വിഷമിക്കരുത്. ഈ രോഗം പൂർണ്ണമായും മാറിയ രോഗികൾ നന്നേ കുറവാണ്. ശ്രമിക്കാം എന്നു മാത്രം. അവളുടെ ഭാവനയിലെ ഏറ്റവും സുന്ദരനായ പുരുഷനെയാണ് വരച്ചിരിക്കുന്നത് കണ്ടോ......... ഇതുപോലുള്ള ഒരാൾ ഈ ലോകത്ത് തന്നെയുണ്ടാവില്ല. ഒരു ഡോക്ടറുടെ ആത്മകഥയിൽ ഒരു സംഭവം എഴുതിയിട്ടുണ്ട്. ഒരമ്മയും, മകനും കൂടെ ഒരു മന:ശാസ്ത്രജ്ഞനെ കാണാൻ എത്തി. അമ്മയ്ക്ക് വയറ്റിൽ പാമ്പ് ഉണ്ടെന്ന തോന്നൽ. ഒരുപാട് പരിശോധനകൾ നടത്തി. വയറ്റിൽ പാമ്പില്ലാ എന്ന വിവരം എത്ര പറഞ്ഞിട്ടും അവർ ഉൾക്കൊള്ളുന്നില്ല. സഹികെട്ട ഡോക്ടർ അവരുടെ വിശ്വാസത്തിനായ് രോഗിക്ക് മയക്കു മരുന്ന് കൊടുത്ത് ഒരു കണ്ണാടി കൂട്ടിൽ ഒരു പാമ്പിനെ ഇട്ട് അവർ ഉണർന്നപ്പോൾ കാണിച്ചു കൊടുത്തു. ഇതാ വയറ്റിലെ പാമ്പ് ഇനി സുഖമായി വീട്ടിലേക്ക് പൊയ്ക്കൊള്ളൂ എന്ന്. പാമ്പിനെ കണ്ട രോഗി ഡോക്ടറോട് കൈയ്യിൽ പിടിച്ച് നന്ദി എല്ലാം പറഞ്ഞു. പിറ്റേന്ന് രോഗിയുടെ അടുത്തെത്തിയ ഡോക്ടറോട് അവർ പറഞ്ഞു ഡോക്ടറെ..... ഡോക്ടർ പാമ്പിനെ എന്റെ വയറ്റിൽ നിന്ന് എടുത്തു. ഇപ്പോൾ വയറ്റിൽ പാമ്പിന്റെ രണ്ടു കുട്ടികൾ ഉണ്ട്. അതിനെ ഡോക്ടർ എടുത്തിട്ടില്ലായെന്ന്. അതുകേട്ട ഡോക്ടർ സഹാനുഭൂതിയോടെ രോഗിയെ നോക്കി നിന്നു. മിസ്റ്റർ നന്ദനോട് ഒന്നേ എനിക്ക് പറയാനുള്ളൂ. ഒരിക്കലും രോഗി താനൊരു രോഗിയാണെന്ന് അറിയരുത്. വളരെ സാവകാശത്തോടെ മാത്രമേ ചികിത്സ പറ്റൂ. നന്ദൻ പറഞ്ഞു. എനിക്ക് തിരിച്ച് പോകണം. പെട്ടെന്ന് ഇറങ്ങി പുറപ്പെട്ടതാണ്. ഞാൻ വീണ്ടും ലീവിൽ എത്താം. ശരി ഈ കുറച്ചു ഗുളികകൾ അനുജത്തിക്ക് കൊടുക്കൂ. മനസ്സ് റിലാക്സ് ആകുവാൻ ഈ ഗുളികകൾ സഹായിക്കും. ഡോക്ടറോട് നന്ദി പറഞ്ഞ് അവർ അവിടെ നിന്നിറങ്ങി. രാമദാസിനോട് അടുത്ത ലീവിൽ കാണാം എന്നു പറഞ്ഞ് നന്ദൻ വേഗം വീട്ടിലേക്ക് തിരിച്ചു.

അമ്മ ജീവിച്ചിരിക്കുന്നു എന്നു സന്തോഷമത്രയും ഇപ്പോൾ കെട്ടടങ്ങിയിരിക്കുന്നു. വിധി എന്ന രണ്ടക്ഷരം അമ്മയെ കോമാളി വേഷം കെട്ടി

ച്ച് മറഞ്ഞ് നിന്ന് ചിരിക്കുകയാണ്. പാവം അമ്മ.... ഒന്നുമറിയാതെ .......ദുരനുഭവങ്ങൾ അമ്മയെ മൂകയാക്കിയിരിക്കുന്നു. മൗനത്തിന്റെ തേങ്ങലുകൾ ക്കിടയിലും മകളുടെ ഭാവിയെ പറ്റിയുള്ള പ്രത്യാശയുടെ തിരയിളക്കം. അമ്മയുടെ മിഴി രണ്ടിലും പ്രതിഫലിച്ചു കാണാം. ചിന്നിച്ചിതറിയ ചിന്തകളുമായി വീട് എത്തിയത് അറിഞ്ഞതേയില്ല. ......അമ്മയും മാലതിയും ഉമ്മറത്ത് തന്നെ കാത്തിരിക്കുന്നു. ആത്മനിയന്ത്രണം കൈവരിച്ചുകൊണ്ട് അയാൾ കസേരയിൽ കയറിയിരുന്നു. മാലതി ഓടി എത്തി കണ്ടോ ഏട്ടാ എന്ന് ചോദിച്ചുകൊണ്ട് .....ഉവ്വ്..... കണ്ടു എന്ന് മറുപടി നൽകി എന്നാണ് കല്യാണം നടത്തുന്നത്.... മാലതി ചോദ്യങ്ങളുടെ കടന്നൽകൂട് അഴിച്ച് വിട്ടു. ധൈര്യം സമാർജിച്ചുകൊണ്ട് താൻ പറഞ്ഞു കല്യാണം ഇപ്പോൾ നടക്കില്ല. അതെന്താ..... എന്ന് ചോദിച്ചുകൊണ്ട് അവൾ ചാടി എഴുന്നേറ്റു. അവളുടെ കണ്ണുകൾ ചുവന്നു തുടുത്തു....... എന്താ കാര്യം എന്ന് ചോദിച്ച് തന്റെ തോളിൽ പിടിച്ച് കുലുക്കി....നന്ദൻ പറഞ്ഞു സമാധാനപ്പെടൂ മാലതി...... ആദിത്യന്റെ പെങ്ങളുടെ വിവാഹം കഴിഞ്ഞാൽ പിന്നെ നിങ്ങളുടെ വിവാഹം തന്നെ. അവൾ കുറച്ചു സമയം മിണ്ടാതെയിരുന്നശേഷം തലകുലുക്കി സമ്മതിച്ചു. അമ്മ പറഞ്ഞു ചേട്ടൻ എത്തിയില്ലേ, ഇനി ചേട്ടൻ എല്ലാം നോക്കും. എന്റെ കുട്ടി ഭാഗ്യമുള്ള പെണ്ണാ..... എന്നു പറഞ്ഞ് അവളുടെ തലയിൽ തലോടുന്നു....കണ്ണുകൾ നിറഞ്ഞത് കാണാതെയിരിക്കാൻ അയാൾ വേഗം എഴുന്നേറ്റ് ഞാൻ നാളെ തിരിച്ച് പോകും.... അടുത്ത ലീവിന് കല്യാണം എന്നു പറഞ്ഞ് അകത്തേക്ക് പോയി.

പിറ്റേന്ന് അമ്മയോടും അനുജത്തിയോടും യാത്ര പറഞ്ഞ് നില്ക്കുമ്പോൾ അമ്മയുടെ മിഴി രണ്ടിലും പെയ്ത് ഒഴിഞ്ഞ മാനത്തിലെ വെൺമേഘതുണ്ടുകൾ ഒഴുകി നടക്കുന്നതുപോലെ.....മാലൂ അവൾ ആകെ ആകാശപ്പന്തൽ കെട്ടിക്കൊണ്ട് നില്ക്കുന്നു. അവളുടെ മിഴി രണ്ടിലും പ്രതീക്ഷയുടെ പ്രണയവർണ്ണങ്ങൾ തുളുമ്പുന്നുണ്ടായിരുന്നു. ഗദ്ഗദം ഉള്ളിൽ അമർത്തിയെങ്കിലും വിറപൂണ്ട ചുണ്ടുകളും നിറഞ്ഞു ഒഴുകുന്ന കണ്ണുകളും അവർ കാണാതെ ഇരിക്കുവാനായി അയാൾ തൂവാല എടുത്ത് മുഖം മറച്ചുകൊണ്ട് ഇറങ്ങി നടന്നു. തിരിഞ്ഞ് നോക്കാതെ തന്നെ കൈ വീശി കാണിച്ച് നടന്നു നീങ്ങുന്ന നന്ദനെ നോക്കി നില്ക്കുന്ന അവരുടെ അരികിൽ വിധി കൊഞ്ഞനം കുത്തി ചടുലനൃത്തമാടുന്നത് നന്ദന് ഉൾക്കണ്ണിൽ കാണാമായിരുന്നു....

## എറണാകുളം കരയോഗം
## 19.06.2019 മുതൽ 14.07.2019 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 19.6.2019 ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 20.6.2019 വ്യാഴം | 4.00 p.m. | : | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 22.6.2019 ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 23.6.2019 ഞായർ | 5.00 p.m. | : | കരയോഗം ഫിലിംക്ലബ്ബ് -സിനിമ പ്രദർശനം-കള്ളൻ പവിത്രൻ |
| 24.6.2019 തിങ്കൾ | 6.00 a.m. | : | കരയോഗം വിഘ്നേശ്വര ക്ഷേത്രം- ഗണപതി ഹോമം |
| 25.6.2019 ചൊവ്വ | 6.30 p.m. | : | എറണാകുളം കരയോഗം കഥകളി ക്ലബ്ബ്-കഥകളി നളചരിതം ഒന്നാം ദിവസം (ഹംസം വരെ) |
| 26.6.2019 ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| | 4.00 p.m. | : | വിമൻസ് ഫോറം യോഗം |
| 27.6.2019 വ്യാഴം | 4.00 p.m. | : | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | 6.30 p.m. | : | ബീം പ്രതിമാസ പരിപാടി- 'ലയതരംഗ്' |
| 29.6.2019 ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 30.6.2019 ഞായർ | 10.00 a.m. | : | 94-ാമത് വാർഷിക പൊതുയോഗം |
| 3.7.2019 ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 4.7.2019 വ്യാഴം | 4.00 p.m. | : | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 6.7.2019 ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 10.7.2019 ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 11.7.2019 വ്യാഴം | 4.00 p.m. | : | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 13.7.2019 ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 14.7.2019 ഞായർ | 10.00 a.m. | : | പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |

# ജാതി സംവരണം
## ഇനിയും എത്ര കാലത്തേക്ക് ?

ടി. രവീന്ദ്രൻ. ഫോൺ : 9847194211

സംവരണവുമായി ബന്ധപ്പെട്ട് ചില ലേഖനങ്ങൾ അടുത്ത കാലത്ത് കരയോഗ സൗഹൃദത്തിൽ പ്രസിദ്ധീകരിച്ചതിൽ സന്തോഷമുണ്ട്. ജാതീയമായി ചിന്തിക്കുന്നതും, സംസാരിക്കുന്നതും ഇനിയങ്ങോട്ടു നാണക്കേടായി നാം കരുതുന്നില്ലെന്ന തിരിച്ചറിവാണ് അതിന്റെ കാരണമെന്നു കരുതുന്നു.

നായന്മാർ ഉൾപ്പടെയുള്ള 'മുന്നോക്ക'മെന്നു മുദ്രകുത്തപ്പെട്ട സമുദായങ്ങൾ ഇന്നു നേരിടുന്ന ജീവൽ പ്രശ്നം ജാതിയുടെ പേരിലുള്ള വിവേചനം തന്നെയാണ്. നായർ ജാതി നമ്മളാരും തന്നെ സ്വമേധയാ തിരഞ്ഞെടുത്തതല്ല. എന്നാലത് ജന്മം കൊണ്ടു സംഭവിച്ചുപോയ ഒരത്യാഹിതം മാത്രമാണെന്നതാണല്ലോ യാഥാർത്ഥ്യം. ഞാനും , മക്കളും അവരുടെ മക്കളും - മൂന്നു തലമുറ - ജന്മം കൊണ്ടു ഗ്രസിച്ച ശാപഫലം വേണ്ടതിലധികം അനുഭവിച്ചു കഴിഞ്ഞു. വിദ്യാഭ്യാസ, തൊഴിൽ രംഗങ്ങളിൽ പ്രമോഷൻ ഘട്ടത്തിൽ എന്തിനേറെ, ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഇടതുകയ്യിന്റെ പുറകുവശം കൊണ്ടാണ് പിൻതള്ളപ്പെടുന്നത്.

മെഡിക്കൽ എൻട്രൻസിൽ 773-ാം റാങ്കു നേടിയ മകനു കിട്ടാതെ പോയ മെഡിക്കൽ, ഡെന്റൽ സീറ്റുകൾ 16412-ാം റാങ്കുകാരനായ പട്ടികജാതിക്കാരൻ നേടിയെടുത്തു. മറ്റൊരർത്ഥത്തിൽ മെറിറ്റുള്ളവന് നേടാൻ കഴിയാത്തത് മെറിറ്റ് തൊട്ടുതീണ്ടിയിട്ടില്ലാത്തവൻ ജാതി പരിഗണനകൊണ്ടു മാത്രം തട്ടിയെടുത്തു. വിദ്യാഭ്യാസ രംഗത്തു നടമാടുന്ന നെറികെട്ട വിവേചനങ്ങളുടെ ചെറിയൊരുദാഹരണം മാത്രമാണിത്.

